നേതൃസ്മൃതി

മൗലവി കാടേരി മുഹമ്മദ് അബുൽ കമാൽ

ഡോ. കെ.എം. ബഹാഉദ്ദീൻ ഹുദവി

മൗലാനാ അബുസ്സുബാഹ് അഹ്മദ് അലി

(രണ്ടാം പതിപ്പ്)

പി.മുഹമ്മദ് കുട്ടശ്ശേരി

പ്രസാധനം:
ഗ്രെയ്സ് എജ്യുക്കേഷണൽ അസോസിയേഷൻ

Malayalam
Nethrusmrithi - 5

MOULANA ABUSSABAH AHMAD ALI

(Biography)

by

P.Mohammed Kuttassery

General Editor
P.A.Rasheed

All rights reserved
First Edition : March 2012
Second Edition : May 2014

Published by
Grace Educational Association
PB No. 3, Malappuram Dist. 676 317

DTP : Appletalk, Kozhikode
Cover : enteradvt, Calicut
Printed at Red Star,Kozhikode

Distributers
Grace Books
Camp Sayyid, PB No. 3
Malappuram Dist. 676317
9895114673

₹ 80


പ്രസാധകക്കുറിപ്പ്

മൗലാനാ അബുസ്സബാഹ് അഹമ്മദ് അലി(1906-1971) കേരളത്തിന്റെ വിദ്യാഭ്യാസചരിത്രത്തിൽ ഒരിക്കലും മറക്കാൻ പാടില്ലാത്ത നാമധേയമാണ്. പള്ളിദർസുകളിൽ പ്രാഥമികപഠനം പൂർത്തിയാക്കി, അൽഅസ്ഹർ സർവ്വകലാശാലയിൽ നിന്നു ബിരുദം നേടി, ദീർഘമായ ലോകസഞ്ചാരം നടത്തി, ഒടുവിൽ ഫറോക്കിൽ റൗളത്തുൽ ഉലൂമിന്റെയും ഫാറൂഖ് കോളേജിന്റെയും ഉദയത്തിനു കർമ്മസാക്ഷ്യം വഹിച്ച അബുസബാഹ് മൗലവി അക്ഷരാർത്ഥത്തിൽ വിഭാതത്തിന്റെ വിധാതാവായി. കേരളമുസ്ലിംകളുടെ പുരോഗതിയുടെ പാതയിൽ അബുസബാഹ് ഒരു വിളക്കുമരമായി നിൽക്കുന്നു.

അദ്ദേഹത്തിന്റെ പ്രിയശിഷ്യനും സന്തതസഹചാരിയുമായിരുന്ന റൗളത്തുൽ ഉലൂം അറബികോളേജ് മുൻ പ്രിൻസിപ്പൽ പി. മുഹമ്മദ് കുട്ടശ്ശേരിയാണ് ഈ ലഘുഗ്രന്ഥത്തിന്റെ രചന നിർവഹിച്ചിരിക്കുന്നത്. വിദ്യാഭ്യാസസാംസ്ക്കാരിക രംഗത്ത് ഒരു ദശാബ്ദമായി പ്രവർത്തിക്കുന്ന ഗ്രെയ്സ് എജുക്കേഷണൽ അസോസിയേഷൻ പാരമ്പര്യപഠനത്തിന്റെ ഭാഗമായി ഏറ്റെടുത്ത പ്രൊജക്ടുകളിൽ ഒന്നാണ് 'നേതൃസ്മൃതി'. ഈ പരമ്പരയിലെ അഞ്ചാമത്തെ പുസ്തകമാണിത്.

'നേതൃസ്മൃതി' പരമ്പര മലയാളിവായനക്കാർ താല്പര്യപൂർവ്വം സ്വീകരിക്കുന്നു എന്നത് ചാരിതാർത്ഥ്യജനകമാണ്. ദീർഘകാല പ്രസക്തിയുള്ള മൂല്യങ്ങളുടെ ജീവൽമാതൃകകൾ പുതുതലമുറയ്ക്കു കൈമാറാനുള്ള ഈ എളിയ ശ്രമത്തെ പ്രോത്സാഹിപ്പിക്കുമെന്നു പ്രതീക്ഷിക്കുന്നു.

ഗ്രെയ്സ് എജുക്കേഷണൽ അസോസിയേഷൻ



പ്രൊഫ.മുഹമ്മദ് കുട്ടശ്ശേരി

1936 ജൂലായ് ഒന്നിന് മലപ്പുറം ജില്ലയിൽ മഞ്ചേരിക്കടുത്ത് എളംകൂർ അംശത്തിലെ കുട്ടശ്ശേരിയിൽ ജനിച്ചു. പിതാവ് പുത്തൂക്കര കമ്മുണ്ണി മൗലവി, മാതാവ് സി.ബീയ്യക്കുട്ടി ഉമ്മ.

റൗളത്തുൽ ഉലൂമിൽ നിന്ന് അഫ്സലുൽ ഉലമാ പാസ്സായി. 1963 ൽ അവിടെ അധ്യാപകനായി. 1979 മുതൽ 1996ൽ വിരമിക്കുന്നത് വരെ പ്രിൻസിപ്പാൾ. യൂനിവേഴ്സിറ്റി സെനറ്റ്, ബോർഡ് ഓഫ് സ്റ്റഡീസ് എന്നിവയിലും വിവിധ വിദ്യാഭ്യാസ സമിതികളിലും അംഗമായിരുന്നു.

15 ഗ്രന്ഥങ്ങളുടെ കർത്താവ്. 45 വർഷമായി റേഡിയോ പ്രഭാഷകൻ. വിവിധ ദേശീയ അന്തർദേശീയ സെമിനാറുകളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. അക്കാദമി ഫോർ സ്റ്റഡീസ് ആൻഡ് റിസർച്ച് ചെയർമാൻ, റൗളത്തുൽ ഉലൂം അസോസിയേഷൻ നിർവാഹക സമിതി അംഗം, ഇസ്‌ലാമിക വിജ്ഞാന കോശം ഉപദേശക സമിതി അംഗം തുടങ്ങി നിരവധി സ്ഥാനങ്ങൾ വഹിക്കുന്നു.

പ്രശസ്ത പണ്ഡിതൻ അരീക്കോട് എൻ.വി.അബ്ദുസ്സലാം മൗലവിയുടെ മകൾ എൻ.വി.ആസിയ (റിട്ട. അറബി അധ്യാപിക) യാണ് ഭാര്യ. മക്കൾ അയ്മൻ ശൗഖി, അദീബ് ഫർഹാൻ, ബാസിമ, ഡോ. നജ്‌വ. മരുമക്കൾ : സനിയ്യ മുട്ടിൽ, തസ്‌ലിയ അരീക്കോട്, അബ്ദുസ്സലാം മോങ്ങം, ഡോ.റുക്നുദ്ദീൻ ഖമറുല്ലൈസ് മൊറയൂർ.

വിലാസം:
കുട്ടശ്ശേരി ഹൗസ്
ഫാറൂഖ് കോളേജ് പി.ഒ
പിൻ: 673632 ഫോൺ: 0495 2440782

ആമുഖം

ഉമ്മ അല്ലെങ്കിൽ അമ്മ എന്ന് പറയുമ്പോൾ ഉള്ളിൽ നിറഞ്ഞു നിൽക്കുന്ന വികാരങ്ങളെ വാക്കുകളിലൂടെ പ്രകടിപ്പിക്കാൻ കഴിയുമോ? ഗുരുവിനെ ഓർക്കുമ്പോഴും ഇതേ അനുഭവം തന്നെയാണ് മനസ്സിൽ. മൗലാനാ അബുസ്സബാഹ് അഹ്മദ് അലി എന്ന ഗുരുവിനോടൊപ്പം 14 വർഷം കഴിച്ചു കൂടിയ ഒരു ശിഷ്യന്റെ ഉള്ളിൽ പതിഞ്ഞ ചിത്രങ്ങളാണ് ഈ പുസ്തകത്തിൽ. ആ മഹാശയന്റെ സംഭവബഹുലമായ ജീവിതം പൂർണമായി അനാവരണം ചെയ്യാൻ ഒരു ബൃഹത് ഗ്രന്ഥം തന്നെ വേണ്ടി വരും. ഈ കൊച്ചു പുസ്തകം അതിലേക്കുള്ള ഒരു ജാലകം മാത്രം. അദ്ദേഹത്തിന്റെ മുപ്പത് വർഷത്തെ അധ്യാപക ജീവിതം വാർത്തുവിട്ട നൂറുക്കണക്കിൽ ശിഷ്യന്മാരിൽ ഒരാൾ മാത്രമാണ് ഞാൻ. എന്നാൽ വിശ്വസ്തനായ പ്രൈവറ്റ് സെക്രട്ടറിയെപ്പോലെ അദ്ദേഹത്തെ അനുഗമിക്കാൻ എനിക്ക് അവസരം ലഭിച്ചു. എന്റെ വ്യക്തിത്വത്തെയും ചിന്താഗതിയെയും രൂപപ്പെടുത്തുന്നതിൽ ഏറ്റവും അധികം സ്വാധീനിച്ച മഹാപണ്ഡിതൻ.

അബുസ്സബാഹ്! പേര് അന്വർത്ഥമാക്കും വിധം കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് ഒരു പുതിയ പ്രഭാതം സൃഷ്ടിച്ച ഉദയസൂര്യൻ. തികഞ്ഞ മതപാണ്ഡിത്യവും വിദ്യാഭ്യാസ പരിഷ്ക്കരണ പ്രവർത്തനവും സമന്വയിപ്പിച്ച അപൂർവ്വ വ്യക്തിത്വം. മതപരമായ തർക്കങ്ങളിൽ നിന്നെല്ലാം അകന്ന് നിന്ന് സേവനത്തിന് ജീവിതം ഉഴിഞ്ഞുവെച്ച കർമയോഗി. അദ്ദേഹം വിതറിയ വെളിച്ചത്തിൽ വഴി കണ്ടെത്തി എത്രയോ പേർ ഉന്നതിയുടെ പടവുകൾ കയറി- മതസമുദായ ഭേദമന്യേ. കേരളത്തിലെ സർ സയ്യിദായി ചരിത്രം അദ്ദേഹത്തെ രേഖപ്പെടുത്തി. പക്ഷേ, അബുസ്സബാഹ് ചരിത്രത്തിൽ അധികമൊന്നും ചർച്ച ചെയ്യപ്പെട്ടില്ല എന്നത് ഒരു ദുഃഖസത്യം. സംഘടനകൾക്കതീതനായി നിലകൊണ്ടത് ഒരു കാരണമാകാം. തന്റെ കാലഘട്ടത്തിലെ സമുന്നതരായ നേതാക്കളുടെയും പ്രഗത്ഭമതികളുടെയും ആദരവും സ്നേഹവും സമ്പാദിക്കാൻ കഴിഞ്ഞ അദ്ദേഹം അവരുടെ ചരിത്രത്തിന്റെ ഒരു ഭാഗമായി. റൗസത്തുൽ ഉലൂം അറബിക്കോളേജും ഫാറൂഖ് കോളേജും കാമ്പസിലെ മറ്റു മഹത്തായ വിദ്യാഭ്യാസ സ്ഥാപനങ്ങളും മസ്ജിദുൽ അസ്ഹറുമെല്ലാം എന്നും അദ്ദേ

ഹത്തിന്റെ മഹത്വം വിളിച്ചോതിക്കൊണ്ടിരിക്കും.

മൗലാനായുടെ ജീവചരിത്രം സമൂഹത്തിന് സമർപ്പിക്കാൻ മുന്നോട്ട് വന്ന ഗ്രെയ്സിനെ അനുമോദിക്കുന്നു. അതിന്റെ ജനറൽ സെക്രട്ടറി സയ്യിദ് അശ്റഫ് തങ്ങളുടെയും കാലിക്കറ്റ് യൂനിവേഴ്സിറ്റി സി.എച്ച്.മുഹമ്മദ് കോയ ചെയർ ഡയറക്ടർ പി.എ.റഷീദിന്റെയും സ്നേഹപൂർണമായ നിർബന്ധത്തിന് ഞാൻ വഴങ്ങുകയായിരുന്നു. മൗലാനാ അബുസ്സബാഹിന്റെ വിയോഗം സംഭവിച്ച് നാൽപത്തി ഒന്ന് വർഷമായി തുടരുന്ന ഒരു ശൂന്യത നികത്താൻ ഇവർ നിമിത്തമായത് ഒരു നിയോഗം. ചരിത്ര രേഖകൾ സൂക്ഷിക്കുന്ന അബ്ദുറഹ്മാൻ മങ്ങാടിന്റെ സഹായം ഇവിടെ നന്ദിപൂർവം സ്മരിക്കുന്നു.

അബുസ്സബാഹിനെ മാതൃകയാക്കി പുതിയ പ്രഭാതങ്ങൾ സൃഷ്ടിക്കാൻ ഈ പുസ്തകം തലമുറക്ക് പ്രചോദനമേകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പ്രൊഫ.മുഹമ്മദ് കുട്ടശ്ശേരി

ഫാറൂഖ് കോളേജ്
1.3.2012

അവതാരിക

മലബാറിന്റെ വിദ്യാഭ്യാസചരിത്രത്തിൽ ഒരു നാഴികക്കല്ലാണ് 1948 ൽ ഫാറൂഖ് കോളേജിന്റെ പിറവി. എന്റെ അഭിവന്ദ്യനായ നേതാവ് കെ. എം. സീതിസാഹിബ് ഇതിന്റെ തുടക്കം മുതൽ 1961 ൽ മരണപ്പെടുന്നത് വരെ ഫാറൂഖ് കോളേജ് മാനേജിംഗ് കമ്മിറ്റിയുടെ സെക്രട്ടറിയായിരുന്നു. അദ്ദേഹം ആദരവോടെ എപ്പോഴും പറയാറുള്ള വ്യക്തിയാണ് അബുസ്സബാഹ് അഹമ്മദലി മൗലവി. വ്യക്തിപരമായി എനിക്കു അബുസ്സബാഹുമായി അടുത്ത ബന്ധമുണ്ടായിരുന്നില്ലെങ്കിലും കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിയുമായി ബന്ധപ്പെട്ട് അദ്ദേഹം ചെയ്ത വിലപ്പെട്ട സേവനങ്ങളെ അടുത്ത് നിന്ന് കാണാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്.

അബുസ്സബാഹിന്റെ ജീവചരിത്രം കുറച്ചു വൈകിയാണെങ്കിലും പുറത്ത് വരികയാണ്. അദ്ദേഹത്തിന്റെ പ്രിയങ്കരനായ ശിഷ്യനും പ്രശസ്ത പണ്ഡിതനുമായ പി. മുഹമ്മദ് കുട്ടശ്ശേരിയുടെ അനുഗൃഹീതതൂലികയിൽ നിന്നാണ് ഈ കൃതി നമുക്കു ലഭിക്കുന്നത്. ഫാറൂഖ് കോളേജിന്റേയും അതിന്റെ പിറവിക്ക് കാരണമായ റൗളത്തുൽ ഉലൂമിന്റേയും പ്രചോദനബിന്ദുവായ അബുസ്സബാഹ് അഹമ്മദലി മൗലവി അനുസ്മരിക്കപ്പെടുന്നത് ഏറ്റവും ആഹ്ലാദകരമാണ്.

സ്വാതന്ത്ര്യപൂർവ്വകാലഘട്ടത്തിലും തുടർന്നും പ്രമുഖ മുസ്ലിം നേതാക്കളുമായി അബുസ്സാഹാബിനു അടുത്ത ബന്ധമുണ്ടായിരുന്നു. മൗലാനാ മുഹമ്മദലിയുടെ ഉപദേശം സ്വീകരിച്ചുകൊണ്ട് മലബാർ പ്രവർത്തന കേന്ദ്രമായി തെരഞ്ഞെടുത്ത അബുസ്സാഹാബ് മൗലവി ആ കാലത്ത് അസാധ്യമായിരുന്ന ദൗത്യം സാധ്യമാക്കിയ ധിഷണാശാലിയാണ്. കറകളഞ്ഞ മതഭക്തിയും വിദ്യാഭ്യാസചിന്തയും പാണ്ഡിത്യവും ഒത്തിണങ്ങിയ അസുലഭവ്യക്തിത്വമാണ് അബുസ്സബാഹിന്റേത്. മുസ്ലിം സമുദായത്തിന്റെ പുരോഗതിക്കു വഴികാട്ടിയായിത്തീർന്ന അബുസ്സബാഹിന്റെ ജീവിതം പുതിയതലമുറ തീർച്ചയായും പഠിക്കണം. ബഹുമാന്യനായ കുട്ടശ്ശേരി ഒരു മഹദ്കർമ്മമാണ് നിർവഹിച്ചിരിക്കുന്നത്.

ഇന്നു ആധുനിക വിദ്യാഭ്യാസം അനുക്ഷണ വികാസത്തിന്റെ പാതയിലാണ്. പുതിയ ലോകസാഹചര്യങ്ങളിൽ ശാസ്ത്ര-സാങ്കേതിക വിദ്യ

യുടെ പ്രചാരം അറിവിനും അതിന്റെ പ്രയോഗത്തിനും പുതിയ മാനങ്ങൾ നൽകുന്നു. അറിവ് ഉപയോഗപ്പെടുത്തുന്നതിലെ മൂല്യബോധത്തിന്റെ അനിവാര്യതയിലേക്കാണ് കാര്യങ്ങൾ നീങ്ങുന്നത്. ശരിയായ മതധാർമ്മികബോധത്തിന്റെ അടിത്തറയിൽ മാത്രമേ സാമൂഹികജീവിതത്തിനു നിലനിൽക്കാൻ കഴിയൂ. മതകലാലയം ആരംഭിക്കുകയും അതിനെ തുടർന്നു ഫസ്റ്റ് ഗ്രേഡ് കോളേജ് ഉയർത്തുകയും ചെയ്ത അബൂസ്സബാഹിന്റെ മാതൃക ഏറ്റവും വിലപ്പെട്ടതാണ്. 'വിജ്ഞാനത്തിന്റെ പൂങ്കാവനം' എന്നാണ് അദ്ദേഹം സ്ഥാപനത്തിനു പേരിട്ടത്. ആധുനിക കലാലയമുയർന്നപ്പോൾ അതിനു 'ഫാറൂഖ്' എന്നു നാമകരണം ചെയ്തു. അത്യുന്നതമായ ചരിത്രബോധവും ജ്ഞാനോപാസനയും ഇതിൽ തുടിക്കുന്നത് കാണാം.

വിദ്യാഭ്യാസചിന്തകരിൽ ലോകോത്തര വ്യക്തികളോടൊപ്പം സ്ഥാനമുള്ള പ്രതിഭാസമ്പന്നനാണ് അബൂസബാഹ്. റൗളത്തുൽഉലൂമും ഫാറൂഖ് കോളേജും അതിന്റെ ജീവിക്കുന്ന നിദർശനങ്ങളാണ്. പ്രഗത്ഭരായ അനേകം ശിഷ്യന്മാരുള്ള അബൂസബാഹിന്റെ കർമ്മമണ്ഡലം ഇന്നു ലോകത്തെവിടെയും നിറഞ്ഞുനിൽക്കുന്നു. മലയാളത്തിന്റെ മഹാനായ ഈ മനീഷിയെ പരിചയപ്പെടുത്തുന്ന ഈ ഗ്രന്ഥം അവതരിപ്പിക്കുന്നതിൽ എനിക്കു അതിയായ ചാരിതാർത്ഥ്യമുണ്ട്.

ഇ. അഹമ്മദ

ന്യൂഡൽഹി
28.2.2012

ഉള്ളടക്കം

1. പ്രഭാതപ്പിറവിക്ക് മുമ്പ് 11
2. അബുസ്സബാഹ്: കേരളം മുതൽ കൈറോ വരെ 20
3. ഇന്ത്യയിൽ ചുറ്റിക്കറങ്ങി കാട്ടിലെ ഗുഹയിൽ 26
4. വിദ്യാദീപവുമായി മലപ്പുറം മണ്ണിൽ 32
5. ടിപ്പുവിന്റെ ഫാറൂഖാബാദിൽ വിജ്ഞാന പൂങ്കാവനം 37
6. ഫാറൂഖ് കോളേജ് : സമുദായത്തിന്റെ പ്രകാശഗോപുരം 41
7. വിജ്ഞാനപ്പൂങ്കാവനത്തിന്റെ വിസ്മയകരമായ വളർച്ച 47
8. അബുസ്സബാഹിന്റെ വ്യക്തിത്വ വിശേഷങ്ങൾ 53
9. ഈ പ്രഭാതത്തിന് അസ്തമയമില്ല 62

അനുബന്ധം

ഇസ്‌ലാമിലെ നമസ്ക്കാരം 67

റൗസത്തുൽ ഉലും പൂർവ്വവിദ്യാർത്ഥികളോട് ഒരുപദേശം 84

1.
പ്രഭാതപ്പിറവിക്ക് മുമ്പ്

അബുസ്സബാഹ്
പ്രഭാതത്തിന്റെ വിധാതാവ്

കേരളത്തിൽ വിജ്ഞാനത്തിന്റെ പുതിയ പ്രഭാതം സൃഷ്ടിച്ച പണ്ഡിത സൂര്യനത്രേ മൗലാനാ അബുസ്സബാഹ് അഹ്മദ് അലി. അദ്ദേഹം എത്ര യായിരം മനസ്സുകളിൽ അറിവിന്റെ ദീപ്തി പകർന്നു. അബുസ്സബാഹ് നട്ടു വളർത്തിയ 'പൂങ്കാവനം' ഇന്ന് കൗതുകപുഷ്പങ്ങളും ചെടികളും നിറഞ്ഞ് വിസ്മയകാഴ്ചയായി മാറിയിരിക്കുന്നു. തലമുറകൾക്ക് വെളിച്ചമേകി കാലാ തീതമായി നിലകൊള്ളുന്ന പ്രകാശഗോപുരമാണദ്ദേഹം. വിദ്യാഭ്യാസ നവോ ത്ഥാനനായകൻ.

പ്രഭാതം വരിക ഇരുട്ടിന് ശേഷമാണ്. പുലരിയുടെ തുടിപ്പും സൗന്ദര്യവും അറിയണമെങ്കിൽ അത് പിറക്കും മുമ്പത്തെ ഇരുണ്ട അന്തരീക്ഷം കാണ ണം. അബുസ്സബാഹിന്റെ ആഗമനം വരെയുള്ള കേരളത്തിലെ മുസ്‌ലിം സമൂ ഹത്തിന്റെ ഒരു ചിത്രം ഇവിടെ അവതരിപ്പിക്കുകയാണ്.

കേരളത്തിൽ ഇസ്‌ലാമിന്റെ ആവിർഭാവം

കേരളത്തിൽ ഇസ്‌ലാമിന്റെ ആവിർഭാവം മുതൽ ഇവിടെ ആരംഭിക്കട്ടെ: മുഹമ്മദ് നബിയുടെ കാലത്ത് തന്നെ ഇവിടെ ഇസ്‌ലാം പ്രചരിച്ചു എന്ന താണ് പ്രബലമായ ചരിത്രം. അറബികൾ പണ്ട് കാലം മുതൽക്ക് തന്നെ വാണിജ്യാവശ്യങ്ങൾക്കായി കേരളത്തിൽ വരാറുണ്ടായിരുന്നു. കൊടുങ്ങ ല്ലൂരിൽ വന്നിറങ്ങിയ ഒരു അറബി കച്ചവട സംഘത്തിൽ നിന്ന് അന്നത്തെ രാജാവായ ചേരമാൻ പെരുമാൾ ചക്രവർത്തി നബിയെപ്പറ്റി കേട്ടറിഞ്ഞ് അദ്ദേ ഹത്തിൽ വിശ്വസിച്ചു. സംഘം തിരിച്ചു പോകുമ്പോൾ നബിയെ കാണാൻ വേണ്ടി മക്കയിലേക്ക് അവരെ അനുഗമിച്ചു. നബിയെ ദർശിച്ച് മാലികുബ്നു ദീനാറിന്റെ നേതൃത്വത്തിലുള്ള 44 അംഗ പ്രബോധന സംഘത്തോടൊപ്പം

മടങ്ങവേ വഴി മദ്ധ്യേ നിര്യാതനായി. കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങിയ സംഘം പെരുമാളുടെ കത്ത് ഭരണാധികാരിക്ക് നൽകി. അദ്ദേഹം അവർക്ക് അവിടെ പള്ളി പണിയാൻ ഭൂമിയും വസ്തുക്കളും നൽകി. മിഷനറിമാരായി വന്ന അറബികൾ മതപ്രബോധനത്തിൽ ഏർപ്പെട്ടു. കൊടുങ്ങല്ലൂർ, കൊല്ലം, ചാലിയം, പന്തലായിനി, ധർമടം, ശ്രീകണ്ഠപുരം ഏഴിമല, കാസർഗോഡ്, മംഗലാപുരം എന്നീ പ്രദേശങ്ങളിൽ പള്ളികൾ പണിതു. അവരുടെ പ്രവർത്ത നഫലമായി ധാരാളം പേർ ഇസ്ലാം മതം സ്വീകരിച്ചു. അവരുടെ സത്യസ ന്ധതയിലുള്ള വിശ്വാസവും പെരുമാറ്റത്തിന്റെ ആകർഷണീയതയും ജന ങ്ങളിൽ അവർക്ക് സ്വീകാര്യത ലഭിക്കാൻ കാരണമായി. പുറമെ അറബിക ളുമായി വാണിജ്യബന്ധമുണ്ടായിരുന്ന കേരളീയർക്ക് അവരുടെ സാന്നിധ്യം അനിവാര്യമായിരുന്നു. രാജകുടുംബങ്ങളിൽ നിന്ന് പോലും മതപരിവർത്തനം നടന്നു. അറബികളുടെ മതം സ്വീകരിക്കുന്നതോടൊപ്പം അവർക്ക് തങ്ങളുടെ പെൺകുട്ടികളെ വിവാഹം ചെയ്തു കൊടുക്കുന്നതിലും കേരളീയർ തൽപ രരായിരുന്നു. ഉച്ചനീചത്വം നിലവിലുണ്ടായിരുന്ന അക്കാലത്ത് മതം മാറി യാൽ അയിത്തമില്ലാതെ മാന്യമായി ജീവിക്കാമെന്ന അവസ്ഥയും ധാരാള ക്കണക്കിൽ മതപരിവർത്തനം നടക്കാൻ കാരണമായി.

കോട്ടക്കലോമന കുഞ്ഞാലിക്ക്
തിയ്യരും നായരും ഒന്നുപോലെ.

എന്ന നാടൻ പാട്ടിന്റെ വരികൾ ഈ സമത്വഭാവമാണ് സൂചിപ്പിക്കുന്നത്.

കേരളത്തിലെ നാട്ടുരാജാക്കന്മാരുടെ കൊട്ടാരത്തിൽ മുസ്ലിംകൾക്ക് വലിയ സ്ഥാനമാണുണ്ടായിരുന്നത്. മുസ്ലിംകളുടെ സഹായത്തോടെയാണ് കോഴിക്കോട്ടെ സാമൂതിരി രാജാവ് ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ സൈനിക ശക്തിയായി വളർന്നത്. അറബിക്കപ്പലുകളിൽ ജീവനക്കാരെ നിയ മിക്കുമ്പോൾ അവർക്ക് മതപരിവർത്തനത്തിനുള്ള സ്വാതന്ത്ര്യവും നൽകി യിരുന്നു. ഒരു മുസ്ലിമിന് സാമൂതിരിയോടൊപ്പം ഇരിക്കുന്നതിന് ഒരു തട സ്സവുമുണ്ടായിരുന്നില്ല. നായർക്കോ കീഴ്ജാതിക്കാർക്കോ അത് അനുവദി ച്ചിരുന്നില്ല. പൊന്നാനിയിലെ മഖ്ദൂമുകൾ സാമൂതിരിയുടെ ഉപദേഷ്ടാക്ക ളായിരുന്നു. മുസ്ലിംകളുടെ ശക്തിയുടെ തെളിവാണ് അറക്കൽ രാജവംശ ത്തിന്റെ പിറവി തന്നെ.

വിദ്യാഭ്യാസരംഗത്തെ മുന്നേറ്റം

കേരളത്തിൽ മുസ്ലിംകളുടെ വളർച്ചക്കനുസരിച്ച് അവർക്ക് വിദ്യാഭ്യാ സരംഗത്തും മുന്നേറ്റമുണ്ടായി. പള്ളികളോടനുബന്ധിച്ച ദർസുകളായിരുന്നു ആദ്യകാലത്തെ വിദ്യാപീഠങ്ങൾ. പതിനഞ്ചാം നൂറ്റാണ്ടിൽ മലബാറിൽ സന്ദർശനം നടത്തിയ പ്രസിദ്ധ ചരിത്രകാരൻ ഇബ്നു ബതൂത ഏഴിമല യിൽ കണ്ട ഒരു ദർസിനെപ്പറ്റി ഇങ്ങനെ വിവരിക്കുന്നു. "ഈ പള്ളിയിൽ വിജ്ഞാനസമ്പാദനത്തിൽ ഏർപ്പെട്ട ഒരു കൂട്ടം വിദ്യാർത്ഥികളുണ്ട്. അവർക്ക് പള്ളി സ്വത്തിൽ നിന്ന് വേതനം നൽകുന്നു. പള്ളിയോടനുബന്ധിച്ച് ഒരു

അടുക്കളയുണ്ട്. അവിടെ വരുന്നവർക്കും പോകുന്നവർക്കുമെല്ലാം വേണ്ടിയും മുസ്‌ലിം സാധുക്കളുടെ പട്ടിണി തീർക്കാനും ഭക്ഷണം പാകം ചെയ്യുന്നു.” പൊന്നാനിയിലെ ദർസിന് ഒരു സർവകലാശാലയുടെ സ്ഥാനമാണുണ്ടായിരുന്നത്. അവിടന്നു പഠനം പൂർത്തിയാക്കി പുറത്തു വരുന്നവരായിരുന്നു വിവിധ പള്ളികളിൽ അധ്യാപകരായി വർത്തിച്ചിരുന്നത്. ചാലിയമായിരുന്നു തുടക്കത്തിൽ വൈജ്ഞാനിക പ്രവർത്തനത്തിന്റെ കേന്ദ്രം. ചാലിയത്തെ പ്രഥമ ഖാളി മാലിക് ഇബ്നു ദീനാറിന്റെ പൗത്രൻ മുഹമ്മദ് ഇബ്നു മാലിക് ആയിരുന്നു. 1871 ൽ വാഴക്കാട്ട് ആരംഭിച്ച ദർസ് പിൽക്കാലത്ത് ഒരു നവോത്ഥാന കേന്ദ്രമായി വികസിച്ചു എന്ന് പറയാം. കൊടങ്ങല്ലൂർ, തെക്കൻ കൊല്ലം, കോഴിക്കോട്, ചാലിയം, പൊന്നാനി, പന്തലായിനി കൊല്ലം, ധർമടം, വടകര, കണ്ണൂർ, വളപട്ടണം, മാടായി, ഏഴിമല, ശ്രീകണ്ഠപുരം, കാസർഗോഡ്, മംഗലാപുരം എന്നിവയായിരുന്നുവല്ലോ പ്രാചീന മുസ്‌ലിം കേന്ദ്രങ്ങൾ. ഇവയുമായി ബന്ധപ്പെട്ട പല പള്ളികളിലും ഉന്നത നിലവാരത്തിലുള്ള ദർസുകളുണ്ടായിരുന്നു. ഇത്തരം ദർസുകളിൽ ശരീഅത്ത് വിജ്ഞാനങ്ങൾക്ക് പുറമെ ഭൂമിശാസ്ത്രം, ഗോളശാസ്ത്രം, തർക്കശാസ്ത്രം, വൈദ്യശാസ്ത്രം തുടങ്ങിയവയും അഭ്യസിച്ചിരുന്നു. ചില പ്രദേശങ്ങളിൽ വൈദ്യൻ എന്നാൽ മുസ്‌ലിം എന്നാണ് അർത്ഥമാക്കിയിരുന്നതത്രെ.

അറബി സാഹിത്യം

അറബി സാഹിത്യരംഗത്തും മുസ്‌ലിംകൾ മികച്ച പുരോഗതി നേടി. പതിനാലാം നൂറ്റാണ്ടിൽ ജീവിച്ച ചാലിയത്തെ ഖാളി സൈനുദ്ദീൻ റമദാൻ തസവ്വുഫിൽ രചിച്ച ഗ്രന്ഥമാണ് ആദ്യത്തെ അറബി ഗ്രന്ഥമെന്ന് പറയപ്പെടുന്നു. ഹിജ്റ 1159 ൽ കോഴിക്കോട്ടെത്തിയ ശൈഖുബ്നു മുഹമ്മദുൽ ജിഫ്രിയുടെ പ്രധാനകൃതിയാണ് കൻസുൽ ബറാഹീൻ. സയ്യിദ് ഫദ്‌ലുൽ ജിഫ്രി ബ്രിട്ടീഷുകാർക്കെതിരിൽ പൊരുതാൻ ആഹ്വാനം ചെയ്ത് കൊണ്ട് ‘അസ്സൈഫുൽ ബത്താർ’ രചിച്ചു. ഹി.1025-ൽ അന്തരിച്ച ഖാളി മുഹമ്മദ് രചിച്ച ‘മുഹ്യിദ്ദീൻ മാല’ ഭാഷാപിതാവായ തുഞ്ചത്തെഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണത്തേക്കാൾ അഞ്ചു വർഷം പഴക്കമുള്ള കൃതിയാണ്. അദ്ദേഹത്തിന്റെ അറബികാവ്യമായ ‘ഫത്ഹുൽ മുബീൻ’ പറങ്കികൾക്കെതിരിൽ മുസ്‌ലിംകളെ സഹായിച്ച സാമൂതിരിപ്പാടിന്റെ അപദാനങ്ങളെ വർണിക്കുന്നതും സമുദായ സൗഹാർദത്തിന്റെ സന്ദേശം ജ്വലിപ്പിക്കുന്നതുമാണ്. വേറെയും മുപ്പതോളം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. മഖ്ദും അഹ്മദ് സൈനുദ്ദീൻ (ഹി.1028) രചിച്ച തുഹ്ഫത്തുൽ മുജാഹിദീൻ ലോകപ്രസിദ്ധവും ലോകഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടതുമായ കൃതിയാണ്. പൊന്നാനി നിരവധി അറബി ഗ്രന്ഥകാരന്മാരെ സംഭാവന ചെയ്തിട്ടുണ്ട്. കേരളത്തിലെ അറിയപ്പെടുന്ന പുരാതന അറബി കവിയാണ് അബൂബകർ ഇബ്നു റമദാൻ ചാലിയാതീ (ക്രി.1521). വലിയ സൈനുദ്ദീൻ എന്ന പേരിലറിയപ്പെടുന്ന സൈനുദ്ദീൻ ഇബ്നു അലിയും വിലപ്പെട്ട പല ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്. ഇങ്ങനെ കേര

ളത്തിൽ ഗ്രന്ഥ രചനനടത്തിയ നിരവധി പണ്ഡിതന്മാരുണ്ട്. അവരിൽ ചിലർ മക്കയിലും ഈജിപ്തിലും ഉപരിപഠനം നടത്തിയിരുന്നു.

പോർച്ചുഗീസ് ആക്രമണം

ഏഴുനൂറ്റണ്ടുകൾ ഇങ്ങനെ കേരളത്തിലെ മുസ്ലിംകൾ വൈജ്ഞാനിക -സാമ്പത്തിക രംഗങ്ങളിൽ മികവ് പുലർത്തി കഴിഞ്ഞു. ഇതര ജനവിഭാഗങ്ങളുമായി സൗഹൃദം പുലർത്തിയും ഭരണാധികാരികളുടെ മതിപ്പ് ആർജിച്ചും ജീവിച്ചു. അങ്ങനെ അന്തസ്സിലും സമാധാനത്തിലും കഴിയുമ്പോഴാണ് 1498-ൽ വാസ്കോഡിഗാമ കോഴിക്കോട്ടെ കാപ്പാട് കപ്പലിറങ്ങുന്നത്. മുസ്ലിം സ്പെയിൻ തകർത്ത് കടുത്ത മുസ്ലിം വിരോധവുമായി വന്ന പോർച്ചുഗീസുകാർക്ക് മുസ്ലിംകളിൽ നിന്ന് സമുദ്ര വ്യാപാരം പിടിച്ചെടുത്ത് അവരെ നശിപ്പിക്കുകയായിരുന്നു ലക്ഷ്യം. 240 ഹാജിമാരെയും കൊണ്ട് മക്കയിൽ നിന്ന് തിരിച്ചുവരികയായിരുന്ന കപ്പലിന് തീ കൊടുത്ത് അതിലുള്ള മുഴുവൻ ഹാജിമാരെയും ചുട്ടെരിച്ചു. പോർച്ചുഗീസുകാർ മുസ്ലിംകളോട് ചെയ്ത ക്രൂരതകൾ ശൈഖ് സൈനുദ്ദീൻ കരൾ മുറിഞ്ഞ് കണ്ണീരായി ഒഴുകും വിധം തന്റെ തൂലിക കൊണ്ട് ഇങ്ങനെ ചിത്രീകരിക്കുന്നു: "എത്ര യെത്ര ഉന്നത കുലജാതരായ സ്ത്രീകളെയാണ് അവർ തടവുകാരാക്കി മാനഭംഗപ്പെടുത്തിയത്- ക്രിസ്ത്യൻ കുഞ്ഞുങ്ങൾക്ക് ജന്മം നൽകാൻ. എത്ര യെത്ര സയ്യിദുമാരെയും പണ്ഡിതന്മാരെയും അവർ ക്രൂരപീഡനങ്ങൾക്കിരയാക്കി." ഒന്നര നൂറ്റാണ്ട് കാലം സാമൂതിരിയുടെ നാവികപ്പടയുടെ നായകത്വം വഹിക്കുകയും പോർച്ചുഗീസുകാരോട് പടപൊരുതുകയും ചെയ്ത കുഞ്ഞാലിമരക്കാർക്കെതിരിൽ സാമൂതിരിയിൽ വിരോധം വളർത്താൻ പോർച്ചുഗീസുകാർക്ക് കഴിഞ്ഞു. കുഞ്ഞാലി നാലാമനെയും കൂട്ടുകാരെയും ഗോവയിലേക്ക് കൊണ്ടുപോയി വധിച്ചു. മൃതദേഹം കഷ്ണങ്ങളാക്കി പല സ്ഥലങ്ങളിലും പ്രദർശിപ്പിച്ചു.

അധഃപതനത്തിന്റെ തുടക്കം

ഇവിടന്നങ്ങോട്ട് മുസ്ലിംകളുടെ അധഃപതനം ആരംഭിച്ചു. അവരുടെ കച്ചവടക്കുത്തക നഷ്ടപ്പെട്ടു. ഉപജീവനമാർഗം തേടി ഗ്രാമങ്ങളിലേക്ക് നീങ്ങിയ അവർ ചെറിയ കച്ചവടക്കാരും കർഷകരുമായി. ബ്രിട്ടീഷ് ആധിപത്യം ആരംഭിച്ചതോടെ അവരുടെ പുരോഗതിക്ക് വേണ്ടി ബ്രിട്ടീഷുകാർ ഒന്നും ചെയ്തില്ല. ഭരണത്തിന്റെ തണലിൽ ക്രൈസ്തവ സമൂഹം അനുദിനം ഉയർന്നു കൊണ്ടിരുന്നു. മുസ്ലിംകൾ സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കമായി. എന്നാൽ ജാതി വ്യവസ്ഥയുടെ പീഡനത്തിൽ നിന്ന് രക്ഷപ്പെടാൻ താഴ്ന്ന ജാതിക്കാർ കൂട്ടത്തോടെ ഇസ്ലാമിലേക്ക് വന്നു. പക്ഷേ അവർക്ക് ആവശ്യമായ ശിക്ഷണം നൽകാൻ മുസ്ലിംകൾ ശ്രമിച്ചില്ല. അതിനാൽ ഹിന്ദു മതത്തിലെ പല പഴയ ആചാരങ്ങളും മുസ്ലിംകൾ ആയതിന് ശേഷവും അവർ നിലനിർത്തി. ഇത് വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥക്ക് പുറമെ

അവർക്കിടയിൽ അന്ധവിശ്വാസങ്ങൾ പ്രചരിക്കുന്നതിനും കാരണമായി.

വിദ്യ നേടുന്നതിൽ നിന്ന് മുസ്‌ലിംകൾ ബഹുദൂരം അകന്നു. വിശേഷിച്ചും സ്കൂൾ, കോളേജ് വിദ്യാഭ്യാസം. ഇംഗ്ലീഷിനോട് കടുത്ത വിരോധം പുലർത്തി. ഇംഗ്ലീഷ് സ്കൂളിൽ കുട്ടിയെ ചേർത്ത മായൻ എന്ന് പേരുള്ള ആളെ 'കാഫർ മായൻ' എന്ന് വിളിച്ചിരുന്നു പോൽ. അന്നത്തെ മുസ്‌ലിം പിന്നോക്കാവസ്ഥയെപ്പറ്റി ലോഗൻ മലബാർ മാന്വലിൽ പറയുന്നു: "ഒരു സമുദായമെന്ന നിലയിൽ അവർ, മുഴുവനുമല്ലെങ്കിലും മിക്കവാറും എല്ലാവരും തന്നെ നിരക്ഷരരാണ്. അവർക്ക് കിട്ടുന്ന ഒരേ ഒരു വിദ്യാഭ്യാസം അറബി ഭാഷയിലുള്ള ഖുർആനിലെ ചില വചനങ്ങൾ ചൊല്ലി കേൾക്കുന്നത് തത്തയെപ്പോലെ ഉരുവിടുന്നത് മാത്രമാണ്. ഹിന്ദുക്കളുടെ പള്ളിക്കൂടങ്ങളിൽ ചെന്ന് മുസ്‌ലിംകൾ പഠിക്കുന്നതിനെ മുസ്‌ലിം രക്ഷിതാക്കൾ അനുവദിക്കുകയില്ല."

പിന്നോക്ക സമുദായം

ലോകം പുരോഗമിക്കുകയും ചുറ്റുമുള്ള ഹിന്ദു, ക്രിസ്ത്യൻ സമൂഹങ്ങൾ വിദ്യാഭ്യാസപരമായി ഉയരുകയും ചെയ്യുന്ന സന്ദർഭത്തിൽ വിജ്ഞാന-ശാസ്ത്ര രംഗത്ത് ലോകത്തിന് തന്നെ വെളിച്ചം നൽകിയ മുസ്‌ലിംകളുടെ പിൻഗാമികൾ കേരളത്തിൽ വിദ്യാഭ്യാസത്തോടും ശാസ്ത്രപഠനത്തോടും ഏറ്റവും പുരോഗമിച്ച ഭാഷയായ ഇംഗ്ലീഷിനോടും മുഖം തിരിച്ചു നിന്നു എന്നത് ചരിത്രത്തിലെ ഏറ്റവും വലിയ വിരോധാഭാസമായിരുന്നു. സമുദായത്തെ ഉൽബുദ്ധത പ്രാപിക്കാൻ പ്രേരിപ്പിക്കേണ്ട മതപണ്ഡിതന്മാർ അവരെ വിദ്യാഭ്യാസം നേടുന്നതിൽ നിന്ന് പിന്തിരിപ്പിക്കുകയായിരുന്നു. ഇംഗ്ലീഷ് നരകത്തിലെ ഭാഷയാണെന്ന് അവർ ജനങ്ങളെ ധരിപ്പിച്ചു. മുസ്‌ലിം പെൺകുട്ടികൾക്ക് കയ്യെഴുത്ത് പഠിപ്പിക്കൽ ഹറാം ആണെന്ന് ഫത്‌വാ നൽകി. ഇതിനെയെല്ലാം മറികടന്ന് സ്കൂളിൽ പഠിച്ച് ഒരു പെൺകുട്ടി ടീച്ചറായതിന് ശേഷം അവരുടെ പൂർവാനുഭവം ഇങ്ങനെ രേഖപ്പെടുത്തുന്നു:

"എന്റെ ബാപ്പ ഖത്തീബും ഇമാമുമായിരുന്നു. വീട്ടിനടുത്തുള്ള ഒരു ഹിന്ദു സ്കൂളിൽ അദ്ദേഹം എന്നെ ചേർത്തു. ഖത്തീബിന്റെ മകൾ സ്കൂളിൽ പഠിക്കുന്നതിൽ ശക്തമായ എതിർപ്പ് വന്നു. ഞാൻ പഠനം നിറുത്തി. പിന്നെ ഒളിഞ്ഞും മറിഞ്ഞും സ്കൂളിൽ പോക്ക് പുനരാരംഭിച്ചു. സ്കൂൾ വീടിനടുത്തായിരുന്നുവെങ്കിലും ആരും കാണാതിരിക്കാൻ വളഞ്ഞ വഴിയിലൂടെ ഒരു പുഴ കടന്ന് രണ്ടു മൂന്ന് ഫർലോങ്ങ് യാത്ര ചെയ്ത് സ്കൂളിന്റെ പിന്നിലെത്തും. അതിലിടക്ക് സ്കൂളിന്റെ വാർഷികം വന്നു. ഞാൻ ഒരു ഇംഗ്ലീഷ് പ്രസംഗം നടത്തി. എതിർപ്പ് അതിരൂക്ഷമായി. അവസാനം ഒരു പണ്ഡിതന്റെ ഫത്‌വാ വാങ്ങി. "നമസ്കാരത്തിൽ വെളിവാകുന്ന ഭാഗങ്ങളെല്ലാം വെളിവാക്കി സ്കൂളിൽ പോകുമ്പോൾ 'കോത്തായി' (ചെകുത്താൻ) എന്ന് വിളിച്ചു കുട്ടികൾ കളിയാക്കും. അന്നു മുതൽ എന്റെ ബാപ്പയെ പള്ളിയിൽ നിന്ന് പുറത്താക്കി..."

അന്നത്തെ അവസ്ഥ ഇങ്ങനെ:
"അടുക്കള വിട്ട് പോയില്ല
അറിവുള്ളോരെ കണ്ടില്ല
അറിവുകളൊന്നും പഠിച്ചില്ല
ഫത്വാക്കൊട്ടും മുട്ടില്ല"

നവോത്ഥാന പ്രവർത്തനം

എങ്കിലും മുസ്‌ലിം ലോകത്ത് ആരംഭിച്ച മുസ്‌ലിം നവോത്ഥാന ചലനത്തിന്റെ കിരണങ്ങൾ കേരളത്തിലും ചില ഭാഗങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നു. അതിൽ ആകൃഷ്ടനായി രംഗത്ത് വന്ന ആദ്യത്തെ പണ്ഡിതനത്രെ വെളിയങ്കോട് ജനിച്ച മക്തി തങ്ങൾ (1847-1912). അദ്ദേഹം ഇംഗ്ലീഷ് പഠിക്കാനും ബ്രിട്ടീഷ് ഗവർമെന്റിന്റെ കീഴിൽ ഉദ്യോഗങ്ങൾ വഹിക്കാനും ആഹ്വാനം ചെയ്തു. സ്ത്രീ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയും പെൺകുട്ടികൾക്ക് പ്രത്യേക വിദ്യാലയങ്ങൾ സ്ഥാപിക്കേണമെന്ന് ആഹ്വാനം നൽകുകയും ചെയ്തു. തെക്കൻ കേരളത്തിൽ വടുതലയിൽ ജനിച്ച ഹമദാനി തങ്ങൾ (മ.1922) അറബി-സംസ്കൃത-മലയാള നിഘണ്ടു രചിച്ച പണ്ഡിതനാണ്. അദ്ദേഹത്തിന് സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർമിക്കാൻ 8 ഏക്കർ സ്ഥലം അനുവദിച്ചുവെങ്കിലും സമുദായത്തിൽ നിന്ന് സഹകരണം ലഭിക്കായ്ക കാരണം അത് പരാജയപ്പെടുകയാണുണ്ടായത്. മത-വിദ്യാഭ്യാസ-സാഹിത്യ-സാംസ്കാരിക രംഗത്ത് പല പരിഷ്കരണ പ്രവർത്തനങ്ങളും നടത്തിയ നവോത്ഥാന നായകനത്രെ വക്കം അബ്ദുൽ ഖാദർ മൗലവി (1873-1932) അദ്ദേഹം 1907-ൽ രാമകൃഷ്ണപിള്ളയെ പത്രാധിപരായി നിയമിച്ച് ആരംഭിച്ച സ്വദേശാഭിമാനി പത്രം നവോത്ഥാനത്തിന്റെ ശബ്ദമായിരുന്നു. മുസ്‌ലിം പിന്നോക്കാവസ്ഥക്ക് പ്രധാന കാരണം വിദ്യാഭ്യാസത്തിന്റെ കുറവാണെന്ന് കണ്ടെത്തിയ അദ്ദേഹം മുസ്‌ലിംകളെ ഉൽബുദ്ധരാക്കാനും അവരിൽ വിജ്ഞാനം വളർത്താനും ഉദ്ദേശിച്ച് മുസ്‌ലിം, അൽ ഇസ്‌ലാം, ദീപിക എന്നീ പത്രങ്ങൾ പ്രസിദ്ധീകരിച്ചു. 1918-ൽ അദ്ദേഹം എഴുതിയ ലേഖനത്തിൽ മുസ്‌ലിംകളുടെ സാക്ഷരതാ നിരക്ക് ഒരു ശതമാനമാണെന്ന് സമർത്ഥിക്കുന്നുണ്ട്. മുസ്‌ലിം നവോത്ഥാന രംഗത്ത് പ്രവർത്തിച്ച മറ്റൊരു മഹാവ്യക്തിത്വമത്രെ കെ.എം.മൗലവി (1886-1964). നാടിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി സധീരം പ്രവർത്തിച്ച മൗലവിയെ ബ്രിട്ടീഷുകാർ തൂക്കിക്കൊല്ലാൻ വിധിച്ചു. അദ്ദേഹം കൊടുങ്ങല്ലൂരിലേക്ക് ഒളിച്ചോടി. സീതി സാഹിബിന്റെ വീട്ടിലാണ് കുറേകാലം താമസിച്ചത്. കൊടുങ്ങല്ലൂരിൽ നവോത്ഥാന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കെ വർഷങ്ങൾക്ക് ശേഷം ബ്രിട്ടീഷുകാർ അദ്ദേഹത്തിന്റെ പേരിൽ ചുമത്തിയ കുറ്റം പിൻവലിച്ചപ്പോൾ തിരൂരങ്ങാടിയിലേക്ക് മടങ്ങി. പല പത്രമാസികകളും ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കുകയും വിദ്യാഭ്യാസ സമുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. തിരൂരങ്ങാടി യതീം ഖാന സ്ഥാപിക്കുന്നതിൽ എം.കെ.ഹാജിയോ

ടൊപ്പമുള്ള അദ്ദേഹത്തിന്റെ പങ്ക് സുവിദിതമാണ്. തലശ്ശേരിയിൽ ഭൂജാതനായ ഇ.കെ.മൗലവി വാഴക്കാട് ചാലിലകത്തിന്റെ ദർസിൽ നിന്ന് വിരമിച്ച ശേഷം കൊടുങ്ങല്ലൂരിൽ അധ്യാപകനായി വരികയും സർക്കാർ സർവീസിൽ പ്രവേശിച്ച് 1944-ൽ എറണാകുളം മഹാരാജാസ് കോളേജിൽ അധ്യാപകനായി നിയമിക്കപ്പെടുകയും ചെയ്തു. കൊച്ചി മുസ്‌ലിംകളുടെ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി പ്രവർത്തിച്ച മൗലവി 1947-ൽ ജന്മനാട്ടിലേക്ക് മടങ്ങി അവിടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലേർപ്പെട്ടു. പിന്നെ തിരൂരങ്ങാടി യതീംഖാനയുടെ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തു.

കേരളത്തിൽ മുസ്‌ലിം സമുദായത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ഒരു സുവർണാദ്ധ്യായം രചിച്ച നേതാവത്രെ കൊടുങ്ങല്ലൂരിൽ ഭൂജാതനായ കെ. എം.സീതിസാഹിബ് (1899-1961). അദ്ദേഹം നിയമബിരുദം നേടി പുറത്തു വന്നപ്പോൾ നാട്ടിൽ സംഘടിപ്പിക്കപ്പെട്ട വലിയ സ്വീകരണം ബിരുദം നേടുന്നത് മുസ്‌ലിം സമുദായത്തിൽ അന്ന് ഒരു അപൂർവ സംഭവമായിരുന്നു എന്ന് വ്യക്തമാക്കുന്നു. സീതിസാഹിബിന്റെ നേതൃത്വത്തിൽ മണപ്പാട്ട് പി.കുഞ്ഞിമുഹമ്മദ് ഹാജി, കെ.എം.മൗലവി, ഇ.കെ.മൗലവി തുടങ്ങിയവർ ചേർന്ന് 1922-ൽ കൊടുങ്ങല്ലൂരിൽ ആരംഭിച്ച മുസ്‌ലിം ഐക്യസംഘം കേരളീയരുടെ വിദ്യാഭ്യാസ പുരോഗതിക്കും നവോത്ഥാനത്തിനും നൽകിയ സംഭാവനകൾ മികച്ചതായിരുന്നു. മുസ്‌ലിംലീഗ് നേതാവ്, നിയമസഭാംഗം, സ്പീക്കർ, ചന്ദ്രിക പത്രത്തിന്റെ സ്ഥാപകൻ, ഗ്രന്ഥകർത്താവ്, ഉജ്ജ്വലനായ വാഗ്മി എന്നീ നിലക്കെല്ലാം സീതിസാഹിബ് പ്രസിദ്ധനായി.

മതവിദ്യാഭ്യാസ രംഗത്ത്

മദ്രസാ വിദ്യാഭ്യാസ രംഗത്തും ഉന്നത അറബി പഠനരംഗത്തും പല പരിഷ്കരണങ്ങളും നടപ്പിലാക്കിയ, ഇംഗ്ലീഷ് അടക്കം അഞ്ച് ഭാഷകൾ കൈകാര്യം ചെയ്യാൻ കഴിവുണ്ടായിരുന്ന പണ്ഡിതനത്രെ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി (1866-1919). അദ്ദേഹം രംഗത്ത് വരുന്ന കാലത്തെ മദ്രസാ പഠനത്തിന്റെ രീതി ഇങ്ങനെ: "അഞ്ചാറ് കാലുകളിൽ നിർത്തിയ മറയില്ലാത്ത ഒരു ചെറ്റപ്പുര. കല്ലുകളിൽ മരപ്പലക നിരത്തിയ ബെഞ്ച്. ചേടിമണ്ണ് തേച്ചുണക്കിയ എഴുത്ത് പലക. 'അലിഫിന് പുള്ളിയില്ല. ബാക്ക് ഒരു പുള്ളി തഴെ...' ഇങ്ങനെയുള്ള അക്ഷരപഠനം." ബോർഡ്, ഡെസ്ക്, ബെഞ്ച്, ബെല്ല് എന്നിവ ഉപയോഗിച്ചും പിരിയേഡുകൾ കണക്കാക്കിയുമുള്ള മദ്രസാരീതി ചാലിലകത്ത് നടപ്പാക്കിയപ്പോൾ അതിന് വലിയ എതിർപ്പ് വന്നു. വഖ്ഫ് സ്വത്ത് ഇതിന് ഉപയോഗിക്കാൻ പാടില്ലെന്ന് ഒരു വിഭാഗം വാദിച്ചു. ബോർഡിൽ ഖുർആൻ എഴുതിയാൽ അതിന്റെ ചോക്ക് പൊടി നിലത്ത് വീവുന്നത് ഖുർആനെ അപമാനിക്കലാണെന്ന് എതിർ വിഭാഗം പണ്ഡിതന്മാർ ആരോപിച്ചു. എങ്കിലും ജനങ്ങളിൽ നിന്ന് കുഞ്ഞഹമ്മദ് ഹാജിയുടെ പദ്ധതിക്ക് വമ്പിച്ച സ്വീകാര്യത ലഭിച്ചു. അപ്പോൾ മറ്റൊരു ഫത്വായുമായി ഒരു വിഭാഗം പണ്ഡിതന്മാർ അദ്ദേഹത്തെ നേരിട്ടു. "സ്ത്രീകൾക്ക് കയ്യെഴുത്ത്

പഠിപ്പിക്കൽ കറാഹത്ത് ആണെന്നും ഹറാമാണെന്നും രണ്ട് ഖൗൽ ഉള്ളത് കൊണ്ട് അത് മതത്തിൽ നിരോധിക്കപ്പെട്ടതാണ്." എന്നാൽ അദ്ദേഹം തന്റെ രണ്ട് പെൺമക്കളെ സ്കൂളിലേക്കയച്ച് മാതൃക സൃഷ്ടിച്ചു.

പള്ളി ദർസിലും അദ്ദേഹം സമൂലമായ പരിഷ്കരണം വരുത്തി. തന്റെ ശിഷ്യന്മാർക്ക് ഭൗതിക വിദ്യാഭ്യാസം കുറവാണെന്ന് കണ്ട മൗലാന ഗണിതം, മലയാളം, പൊതുവിജ്ഞാനം എന്നിവ സിലബസിൽ ഉൾപ്പെടുത്തി. വലിയ പണ്ഡിതന്മാർ സ്ലേറ്റും പിടിച്ച് കണക്ക് ചെയ്യുന്നത് കാണാമായിരുന്നു എന്ന് അന്നത്തെ ഒരു ദൃക്സാക്ഷി പറയുന്നു. അങ്ങനെ വാഴക്കാട് ദാറുൽ ഉലൂം നവോത്ഥാന നായകന്മാരെ വാർത്തെടുക്കുന്ന സ്ഥാപനമായി.

സ്കൂൾ കോളേജ് വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് മുസ്ലിം സമുദായത്തിൽ പതുക്കെ ഉണർവ് ഉടലെടുത്തുവെങ്കിലും അവർക്ക് സ്കൂളുകളൊന്നുമുണ്ടായില്ല. 1912-ൽ ആണ് കോഴിക്കോട് ഹിമായതുൽ ഇസ്ലാം സഭയുടെ കീഴിൽ ഒരു സ്കൂൾ സ്ഥാപിതമായത്. കേരളത്തിലെ ആദ്യ മുസ്ലിം വിദ്യാഭ്യാസ സ്ഥാപനം. 1918-ൽ മദ്റസത്തുൽ മുഹമ്മദിയ്യ എന്ന പേരിൽ കോഴിക്കോട് മറ്റൊരു സ്കൂളും ആരംഭിച്ചു. 1910-ൽ തന്നെ മലപ്പുറത്ത് മാപ്പിളമാരുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യം വെച്ച് ഒരു ട്രെയിനിംഗ് സ്കൂൾ സ്ഥാപിതമായിരുന്നു. എന്നാൽ മുസ്ലിംകൾക്ക് ഒരു ഹൈസ്കൂൾ വേണമെന്ന ചിന്ത ശക്തിപ്പെട്ടതിനാൽ 1935-ൽ മലബാർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഖാൻ ബഹദൂർ കെ.മുഹമ്മദിന്റെ നേതൃത്വത്തിൽ തലശ്ശേരിയിൽ ഒരു സ്കൂൾ കമ്മറ്റി രൂപീകൃതമായി. 1936-ൽ മലപ്പുറത്ത് ആദ്യത്തെ മുസ്ലിം ഹൈസ്കൂൾ നിലവിൽ വന്നു.

അലിഗർ മുസ്ലിം യൂനിവേഴ്സിറ്റി സ്ഥാപിതമായപ്പോൾ അത് മുസ്ലിംകളിൽ വലിയൊരു വിദ്യാഭ്യാസാവേശം സൃഷ്ടിച്ചു. എന്നാൽ മുസ്ലിംകൾക്ക് അങ്ങിങ്ങായി സ്കൂളുകൾ നിലവിൽ വന്നുവെങ്കിലും 'മുസ്ലിംകൾക്ക് ഒരു ആർട്സ് & സയൻസ് കോളേജ്' എന്ന സ്വപ്നം സാക്ഷാൽകൃതമായില്ല. ഇരുപതാം നൂറ്റാണ്ടിന്റെ പിറവി മുതൽ ഇതിനായി പല ഘട്ടങ്ങളിലായി നടന്ന ഒറ്റപ്പെട്ട ശ്രമങ്ങൾ ഒന്നും തന്നെ വിജയം കണ്ടില്ല. 1921 ലെ മലബാർ കലാപം യഥാർത്ഥത്തിൽ മുസ്ലിം സമുദായത്തിന്റെ ഉണർവിനും മുന്നോട്ടുള്ള ഗമനത്തിനും വലിയൊരു തിരിച്ചടിയായിരുന്നു. 1923-ൽ സീതി സാഹിബിന്റെ നേതൃത്വത്തിൽ നിലവിൽ വന്ന മുസ്ലിം ഐക്യസംഘം 'കേരള മുസ്ലിം കോളേജ് കമ്മറ്റി' എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ച് കോളേജിനാവശ്യമായ സ്ഥലം പഴയ തിരുവിതാംകൂർ ഗവൺമെന്റിൽ നിന്ന് സമ്പാദിച്ച് ശ്രമം ആരംഭിച്ചുവെങ്കിലും വിജയിച്ചില്ല. മുസ്ലിംകൾക്ക് കേരളത്തിൽ നിലവിലുണ്ടായിരുന്ന ഹിന്ദു-ക്രിസ്ത്യൻ കോളേജുകളിൽ അഡ്മിഷൻ ലഭിക്കാൻ വളരെ പ്രയാസം അനുഭവപ്പെട്ടിരുന്നു. അറബി ഉന്നതവിദ്യാഭ്യാസരംഗത്താണെങ്കിൽ ചാലിലകത്തിന്റെ വാഴക്കാട് ദാറുൽ ഉലൂമിന്റെ പരിഷ്കരണത്തിനപ്പുറം മുന്നോട്ട് പോകാൻ

മുസ്‌ലിംകൾക്കായില്ല.

ആകെകൂടി ഇരുൾ മുറ്റിയ നിരാശാജനകമായ ഈ അന്തരീക്ഷത്തിലേക്കാണ് ആയിരം വർഷം പഴക്കമുള്ള ഈജിപ്തിലെ ലോക പ്രസിദ്ധമായ അൽ അസ്ഹർ സർവകലാശാലയിൽ നിന്ന് കൊളുത്തിയെടുത്ത പ്രകാശ നാളവുമായി വിദ്യാഭ്യാസ നവോത്ഥാന നായകനായ ഒരു മതപണ്ഡിതൻ കടന്നു വരുന്നത്- അതെ, ഒരു പുതിയ പ്രഭാതത്തിന് ജന്മമേകിയ മൗലാനാ അബുസ്സബാഹ് അഹ്മദ് അലി.

2.

അബുസ്സബാഹ്:
കേരളം മുതൽ കൈറോ വരെ

ജനനം-വിദ്യാഭ്യാസം

തൃശൂർ ജില്ലയിലെ ചാവക്കാട്ടെ വെമ്പേനാട്ട് ഒരു ഇടത്തരം കുടുംബത്തിൽ 1906-ൽ ജനിച്ച അഹ്മദ് അലി എന്ന അനാഥ ശിശു വളർന്നു വലുതായി ഭാവിയിൽ നിരവധി പേർക്ക് വിജ്ഞാന വെളിച്ചം പകർന്നു കൊടുക്കുന്ന ഒരു ചരിത്ര പുരുഷനായി ഉയരുമെന്ന് അന്ന് ആരറിഞ്ഞു. മഹാന്മാരായ പലരുടെയും ജീവിതകഥ പരിശോധിച്ചാൽ പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ഉയരങ്ങൾ പ്രാപിച്ച അത്ഭുതം അവരിൽ കണ്ടെത്താൻ കഴിയും. വിദ്യാഭ്യാസ സൗകര്യം വളരെ പരിമിതമായിരുന്ന അക്കാലത്ത് പ്രാഥമിക സ്കൂൾ വിദ്യാഭ്യാസം നേടാൻ മാത്രമേ അഹ്മദ് അലിക്ക് അവസരം ലഭിച്ചുള്ളു. അന്നത്തെ ഓത്തുപള്ളിമതപഠനം പൂർത്തിയാക്കിയശേഷം നാട്ടിലെ സമ്പ്രദായമനുസരിച്ച് തുടർ മതപഠനത്തിനായി മലപ്പുറം ജില്ലയിലെ കോക്കൂർ പള്ളി ദർസിൽ ചേർന്നു. പക്ഷേ, ചെറുപ്പം മുതലേ അദമ്യമായ വിജ്ഞാന തൃഷ്ണയും ഉയർന്ന് പഠിക്കാനുള്ള അഭിവാഞ്ഛയും അദ്ദേഹത്തിൽ നാമ്പെടുത്തിരുന്നു. അത് കാരണം ഉയർന്ന പണ്ഡിതന്മാരുടെ ശിഷ്യത്വം സ്വീകരിക്കാൻ അദ്ദേഹം കൊതിച്ചു. അറബി വ്യാകരണ ശാസ്ത്രത്തിൽ വ്യുൽപത്തി നേടിയ ഒരു പണ്ഡിതൻ മയ്യഴിയിൽ ക്ലാസ്സ് നടത്തുന്നുണ്ടെന്നറിഞ്ഞ് അവിടെ പോയി അദ്ദേഹത്തിന്റെ ദർസിൽ ചേർന്നു. അതിൽ വെച്ച് പല വിഷയങ്ങളും പഠിച്ചതോടൊപ്പം ധാരാളം സുഹൃത്തുക്കളെയും സമ്പാദിച്ചു. പള്ളി ദർസിലെ പഠനം ഒരു നിലവാരത്തിലെത്തിയാൽ പിന്നെ ഉന്നത പഠനത്തിന് അന്ന് വെല്ലൂർ ബാഖിയാത്തുസ്സാലിഹാത്ത് അറബി കോളേജിനെ ആശ്രയിക്കുകയായിരുന്നു പതിവ്. പൂർവ കാലത്തെ പണ്ഡിതന്മാരുടെ പേരിനോടൊപ്പം ചേർത്തിരുന്ന ബിരുദം എം.എഫ്.ബി (മൗലവി ഫാസിൽ ബാഖവി) എന്നായിരുന്നു. അഹ്മദ് അലി ബാഖിയാത്തിനെ ഉദ്ദേശിച്ച് ചെന്നെങ്കിലും പ്രായക്കുറവ് കാരണം പറഞ്ഞ് അദ്ദേഹത്തിന് പ്രവേശനം നിഷേധിക്കപ്പെട്ടു. പ്രായത്തെ കവച്ചുവെക്കുന്ന ബുദ്ധിപരവും

വൈജ്ഞാനികവുമായ കഴിവ് അദ്ദേഹത്തിന് വിനയായി. നിരാശനാകാതെ അദ്ദേഹം മദ്രാസ് ജമാലിയ്യ കോളേജിന്റെ കവാടവും മുട്ടിനോക്കി.

അൽ അസ്ഹർ സർവകലാശാലയിലേക്ക്

പതിനെട്ടുകാരനായ ഈ യുവാവ് മയ്യഴിയിലെ പഠനകാലത്ത് സമ്പാദിച്ച സുഹൃത്തുക്കളിലും സഹപാഠികളിലും പെട്ട ചിലർ കൊളംബോയിൽ ബിസിനസ് നടത്തുന്നുണ്ടായിരുന്നു. അവരുടെ ക്ഷണപ്രകാരം അവിടെയെത്തിയ അഹ്മദ് അലിക്ക് ഈജിപ്തിലെ അൽ അസ്ഹർ സർവകലാശാലയിൽ നിന്ന് ബിരുദം നേടിയ ചില പണ്ഡിതന്മാരുമായി പരിചയപ്പെടുവാൻ അവസരം ലഭിച്ചു. ലോകത്തിലെ ഏറ്റവും അധികം പഴക്കമുള്ള പ്രൗഢിനിറഞ്ഞ ഈ വിജ്ഞാന കേന്ദ്രത്തിൽ ചേർന്ന് പഠിക്കാനുള്ള താൽപര്യം അദ്ദേഹത്തിൽ ഒരാവേശമായി വളർന്നു. കൊളൊംബോയിൽ നിന്ന് നാട്ടിൽ തിരിച്ചെത്തിയ ശേഷം പിന്നെ അൽ അസ്ഹർ മാത്രമായി അദ്ദേഹത്തിന്റെ ചിന്ത. പ്രതിബന്ധങ്ങളുടെ പ്രവാഹം തന്നെ മുന്നിലേക്ക് ഒഴുകി വന്നെങ്കിലും അവയെല്ലാം തട്ടിയകറ്റി അദ്ദേഹം ലക്ഷ്യത്തിലേക്ക് പ്രയാണം നടത്തി. സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വന്തം പേരിലുണ്ടായിരുന്ന ഭൂമി വിറ്റു പണമുണ്ടാക്കി. ബോംബെയിലെത്തിയെങ്കിലും വിസ ശരിപ്പെടാൻ ദിവസങ്ങൾ കാത്തുനിൽക്കേണ്ടി വന്നു. ഈ ഇടവേള ഉർദു പഠിക്കാൻ ഉപയോഗപ്പെടുത്തി. 1924-ൽ ഒരു പുതിയ വിദ്യാർത്ഥി ജീവിതം ആരംഭിക്കാൻ അദ്ദേഹം ഈജിപ്തിലേക്ക് കപ്പൽ കയറി.

അൽ അസ്ഹറിന്റെ ചരിത്രം

ചരിത്ര പ്രസിദ്ധമായ അൽ അസ്ഹർ സർവകലാശാല ക്രി.968-ൽ ഈജിപ്ത് ഭരിച്ച ഫാത്വിമി ഭരണത്തിലെ സേനാനായകനായിരുന്ന ജൗഹറുസ്സിഖ്ലി കൈറോവിൽ നിർമിച്ച പള്ളിയിൽ നിന്നാണ് ആരംഭിക്കുന്നത്. അതിന് അദ്ദേഹം പ്രവാചക പുത്രിയായ ഫാത്വിമ ബീവിക്ക് നൽകാറുള്ള 'അൽസഹ്റാഅ്' എന്ന വിശേഷണത്തെ സൂചിപ്പിച്ചു കൊണ്ട് അൽ അസ്ഹർ എന്ന് പേരിട്ടു. ഫാത്വിമി ഖലീഫ അസീസ് ബില്ലായുടെ മന്ത്രിയായിരുന്ന യഅ്ഖുബുബ്നു കിൽസ് ആദ്യമായി അതിൽ പഠന സമ്പ്രദായം ഏർപ്പെടുത്തി മതപണ്ഡിതന്മാരെ നിയമിച്ചു. അതോടെ 'അൽ മസ്ജിദുൽ ജാമിഅ്' ഒരു 'ജാമിഅ' (സർവകലാശാല) ആയി ഭാവിയിൽ രൂപാന്തരപ്പെട്ടു. പിന്നീട് പള്ളിയോടനുബന്ധിച്ച് ഒരു ലൈബ്രറി സ്ഥാപിക്കപ്പെട്ടു. ഭരണകക്ഷിയായ ഫാത്വിമികൾ ശീഅമദ്ഹബ് അനുസരിച്ചാണ് പള്ളിയിൽ ചടങ്ങുകൾ നടത്തിയിരുന്നത്. എങ്കിലും പള്ളിയിലെ ദർസിൽ ശാഫിഈ, മാലികീ മദ്ഹബുകൾ പഠിപ്പിച്ചിരുന്നു. ക്രി.1171-ൽ ഫാത്വിമി ഭരണം അവസാനിച്ച ശേഷം സുന്നി ആശയക്കാരായ അയ്യൂബികൾ അധികാരത്തിൽ വന്നപ്പോൾ മുൻ ഭരണാധികാരികളുടെ എല്ലാ നടപടികളും നിർത്തിവെച്ചു. പിന്നെ അധികാരത്തിൽ വന്ന മംലൂകുകൾ ഇടിഞ്ഞു പൊളിഞ്ഞ പള്ളി

പുതുക്കി പണിതു. ക്രി.1303-ൽ ഒരു ഭൂമി കുലുക്കത്തെ തുടർന്ന് അൽ അസ്ഹറിന് നാശനഷ്ടങ്ങൾ സംഭവിച്ചപ്പോൾ അമീർ സല്ലാൽ അത് പുതുക്കി പണിതു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് അൽ അസ്ഹറിൽ പഠിക്കാൻ വിദ്യാർത്ഥികൾ വന്നു കൊണ്ടിരുന്നു. മഹാപണ്ഡിതന്മാരായ ഇബ്നുമൻദൂർ, ഖൽഖശന്തി, ഇബ്നു ഹജറുൽ അസ്ഖലാനി, സുയൂത്വി തുടങ്ങിയവരെല്ലാം ആ കാലഘട്ടത്തിൽ അൽ അസ്ഹറിൽ പഠിച്ചവരാണ്. പ്രസിദ്ധ ചരിത്രകാരൻ ഇബ്നു ഖൽദുൻ ഈജിപ്തിൽ വന്നപ്പോൾ അൽ അസഹറിൽ ക്ലാസ്സ് എടുത്തിരുന്നു.

1798-ൽ നെപ്പോളിയൻ ഈജിപ്തിൽ അധിനിവേശം നടത്തിയതിനെ തുടർന്ന് അൽ അസ്ഹർ ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ സിരാകേന്ദ്രമായി മാറി. അൽ അസ്ഹറിൽ വിപ്ലവകാരികൾ തടിച്ചു കൂടി. ഫ്രഞ്ച് സൈനിക മേധാവിയെ കുത്തിക്കൊന്നു. തുടർന്ന് അൽ അസ്ഹർ തകർക്കാൻ ഫ്രഞ്ച് സൈന്യം ഉത്തരവിട്ടു. പള്ളിയുടെ അകത്തേക്ക് കുതിരകളെ കയറ്റി. വിളക്കുകൾ തല്ലിയുടച്ചു. വിദ്യാർത്ഥികളുടെ പാഠപുസ്തകങ്ങൾ വലിച്ചു കീറി. വിപ്ലവത്തിൽ പങ്കെടുത്ത മുഴുവൻ പേരെയും വധിക്കാൻ നെപ്പോളിയൻ ഉത്തരവിട്ടു. നാലായിരം ഈജിപ്തുകാർ കൊല്ലപ്പെട്ടു. വീണ്ടും അൽ അസ്ഹർ വിപ്ലവം പുനരാരംഭിച്ചു. അൽ അസ്ഹർ വിദ്യാർത്ഥിയായ സുലൈമാൻ ഹലബി ഫ്രഞ്ച് സേനാനായകനായ ക്ലേബറെ പതിയിരുന്നു ആക്രമിച്ചു കൊലപ്പെടുത്തി. സുലൈമാനും നാല് അൽ അസ്ഹർ വിദ്യാർത്ഥികൾക്കും ഭരണകൂടം വധശിക്ഷ വിധിച്ചു. 1919-ൽ അൽ അസ്ഹർ ബിരുദധാരിയായ സഅദ് സഗലൂലിന്റെ നേതൃത്വത്തിൽ ബ്രിട്ടനെതിരിൽ ഒരു വലിയ വിപ്ലവം നടന്നു.

മുസ്ലിം ലോകത്തിലെ ഏറ്റവും വലിയ പരിഷ്കർത്താവായി ഗണിക്കപ്പെടുന്ന മുഹമ്മദ് അബ്ദു (1845-1905) അൽ അസ്ഹറിൽ അധ്യാപകനായി നിയമിതനായശേഷം അദ്ദേഹം അവിടത്തെ പഠന രീതിയിൽ വമ്പിച്ച പരിഷ്ക്കാരങ്ങൾ വരുത്തി.

വിപ്ലവകാരിയായ വിദ്യാർത്ഥി

ലോകപ്രശസ്ത പണ്ഡിതന്മാരും സാഹിത്യകാരന്മാരുമായ ഡോ.ത്വാഹാ ഹുസൈൻ, രിഫാ അത്വഹ്ത്വാവി, അബ്ദുള്ള ഫിക്രീ, അഹ്മദ് അമീൻ തുടങ്ങിയവരെയെല്ലാം വാർത്തെടുത്ത ഈ മഹത്തായ വിദ്യാപീഠത്തിലേക്കാണ് 19 വയസ്സുകാരനായ അഹ്മദ് അലി അറബി രീതിയനുസരിച്ച് 'അബുസ്സബാഹ്' (പ്രഭാതത്തിന്റെ പിതാവ്) എന്ന ബഹുമതിപ്പേര് സ്വീകരിച്ചു കൊണ്ട് കടന്നു വന്നത്. വിദേശ വിദ്യാർത്ഥികളുടെ അഡ്മിഷൻ ചുമതല അന്ന് മാൽദ്വീപുകാരനായ ശൈഖ് റുവാഖിനായിരുന്നു. പ്രായമായിട്ടില്ലെന്ന കാരണം പറഞ്ഞ് അദ്ദേഹം അബുസ്സബാഹിന് അഡ്മിഷൻ നിഷേധിച്ചു. എങ്കിലും സാമർത്ഥ്യം പ്രയോഗിച്ച് ആറു മാസത്തിന് ശേഷം അദ്ദേഹം അംഗീകൃത പദവിയുള്ള വിദ്യാർത്ഥിയായി. അതോടെ അദ്ദേഹം അൽ

അസ്ഹറിൽ ചേർന്ന രണ്ടാമത്തെ മലയാളിയായി. ഒന്നാമത്തെ മലയാളി വക്കം മൗലവിയുടെ അളിയനും അലിഗർ മുസ്‌ലിം സർവകലാശ ബിരുദ ധാരി, ഗ്രന്ഥകർത്താവ്, മദിരാശി മുഹമ്മദൻ കോളേജ് അറബി അധ്യാപ കൻ എന്നീ നിലക്കെല്ലാം പ്രസിദ്ധനായ എം.എം.അബ്ദുൽ ഖാദർ മൗലവി (1890-1951) ആണ്. ശാന്തനായി ഒരു മുറിയിൽ പുസ്തകപ്പുഴുവായി ചടഞ്ഞു കൂടുന്ന പ്രകൃതക്കാരനായിരുന്നില്ല അബുസ്സബാഹ്. മറിച്ച് തിന്മകളോട് ശക്തമായി പ്രതികരിക്കുകയും വിദ്യാർത്ഥി പ്രശ്നങ്ങളിൽ സജീവമായി ഇട പെടുകയും ചെയ്യുന്ന വിപ്ലവകാരിയായിരുന്നു സർവകലാശാലയിൽ അന്ന് വിദേശ വിദ്യാർത്ഥികളോടുള്ള സമീപനം വിവേചനപരമായിരുന്നു. അവർക്ക് ലഭിക്കുന്ന താമസ സൗകര്യങ്ങൾ തൃപ്തികരമായിരുന്നില്ല. ഇത് പോലെ അൽ അസ്ഹറിലെ അന്നത്തെ പഠന സമ്പ്രദായം കുത്തഴിഞ്ഞതും പഴഞ്ച നുമായിരുന്നു. അബുസ്സബാഹ് 'അൽ റാബിതതുശ്ശർഖിയ്യ' എന്ന പേരിൽ ഒരു വിദ്യാർത്ഥി സംഘടന രൂപീകരിച്ച് തങ്ങളുടെ ആവശ്യങ്ങൾ അടങ്ങിയ മെമ്മോറാണ്ടം തയ്യാറാക്കി അന്നത്തെ അൽ അസ്ഹർ മേധാവി (ശൈഖുൽ അസ്ഹർ)യായിരുന്ന ശൈഖ് മുസ്തഫാ മറാഗിക്കും അംഗങ്ങൾക്കും അയച്ചു കൊടുത്തു. മെമ്മോറാണ്ടത്തിലെ മുഴുവൻ ആവശ്യങ്ങളും ഉടൻ പരിഹരി ക്കപ്പെട്ടു.

ചന്ദനത്തിരി വിൽപ്പനക്കാരൻ

അൽ അസ്ഹറിലെ വിദ്യാർത്ഥി ജീവിതകാലത്ത് സാമ്പത്തിക പ്രയാ സങ്ങൾ അബുസ്സബാഹിനെ വല്ലാതെ ഞെരുക്കിയിരുന്നു. പക്ഷേ അഭിമാന ബോധം തന്റെ സ്വകാര്യദുഃഖം ആരെയെങ്കിലും അറിയിക്കുന്നതിൽ നിന്ന് അദ്ദേഹത്തെ തടഞ്ഞു. സൂട്ടും കോട്ടും ധരിച്ച് അന്തസ്സിൽ നടക്കുമ്പോൾ ഭേദപ്പെട്ടവനാണെന്നേ തോന്നുകയുള്ളൂ. അത്കൊണ്ട് തന്നെ 'സയ്യിദ് അമീർ' എന്ന പേരിലാണ് വിദ്യാർത്ഥികൾക്കിടയിൽ അദ്ദേഹം അറിയപ്പെട്ടിരുന്നത്. കോട്ടിന് കറുത്ത നിറം തെരഞ്ഞെടുക്കുന്നതിൽ ഒരു രഹസ്യമുണ്ടായിരു ന്നു. വേഗം മുഷിയില്ല. അലക്കും സോപ്പും ലാഭിക്കാം. ആവശ്യത്തിന് പണ മുണ്ടാക്കാൻ അദ്ദേഹം ലളിതമായ ചില സമ്പാദനമാർഗങ്ങൾ സ്വീകരിച്ചു. യഹൂദർക്ക് ഏറ്റവും പ്രിയപ്പെട്ട വസ്തുവാണ് ചന്ദനത്തിരി. അദ്ദേഹം അതിന്റെ നിർമാണം പഠിച്ചു. പ്രത്യേക ലാബുണ്ടാക്കി അത് വിൽപ്പന നട ത്തി. ആവശ്യത്തിന് പണം ലഭിച്ചു തുടങ്ങി. പത്രവായന ആ വിദ്യാർത്ഥിക്ക് ഒഴിച്ചു കൂടാത്ത ദിനചര്യയായിരുന്നു. രാത്രിയാണ് പത്രങ്ങൾ വാങ്ങുക. കാരണം രാവിലെ ബാക്കി വരുന്ന പത്രങ്ങൾ രാത്രി ചുരുങ്ങിയ വിലക്ക് കിട്ടും. വായന അബുസ്സബാഹിന് എന്നും ഭക്ഷണം പോലെ ജീവിതത്തിന്റെ അഭിവാജ്യഘടകമായിരുന്നു.

റശീദ് രിദായുമായി ഏറ്റുമുട്ടി

അൽ അസ്ഹറിൽ കഴിച്ചു കൂട്ടിയ വർഷങ്ങളത്രയും അദ്ദേഹം ചലനാ

ത്മക ജീവിതം നയിച്ചു. തഫ്സീറുൽ മനാർ എന്ന ലോകപ്രസിദ്ധമായ ഖുർ ആൻ വ്യാഖ്യാന ഗ്രന്ഥത്തിന്റെ കർത്താവ്, അൽമനാർ അറബി മാസിക യുടെ പത്രാധിപർ, അറിയപ്പെട്ട അറബി എഴുത്തുകാരൻ, മുഫ്തി, പരി ഷ്കർത്താവ് എന്നീ നിലക്കെല്ലാം പ്രസിദ്ധനായ സയ്യിദ് മുഹമ്മദ് റശീദ് രിദാ (1865-1935) യുമായി അദ്ദേഹം ഏറ്റുമുട്ടിയ ഒരു സന്ദർഭമുണ്ടായി. സുഊ ദികൾ ഹിജാസ് കീഴടക്കിയ ശേഷം വിവിധ രാഷ്ട്രങ്ങളിലെ മുസ്ലിം നേതാ ക്കളെയും പണ്ഡിതന്മാരെയും വിളിച്ചു ചേർത്ത് ഒരു സമ്മേളനം സംഘടി പ്പിച്ചു വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു. ഇന്ത്യയിൽ നിന്ന് മൗലാനാ മുഹമ്മദലിയും (1878-1931) ഈജിപ്തിൽ നിന്ന് സയ്യിദ് റശീദ് രിദായുമാണ് പങ്കെടുത്തത്. സുഊദിയിലെ ഭരണക്രമം എങ്ങനെയായിരിക്കേണമെന്ന ചർച്ച വന്നപ്പോൾ മൗലാനാ മുഹമ്മദലി ജനാധിപത്യം വേണമെന്ന് വാദി ച്ചു. സുഊദി രാജാവിന്റെ മുമ്പിൽ ഇങ്ങനെ പറഞ്ഞത് റശീദ് രിദായെ ചൊടി പ്പിച്ചു.

"താങ്കൾ എന്ത്കൊണ്ട് രാജാവിനെ ഭയപ്പെടുന്നില്ല?" എന്ന റശീദ് രിദാ യുടെ ചോദ്യത്തിന് മൗലാനാ നൽകിയ മറുപടി ഈ ഖുർആൻ വാക്യം (3:97) ആയിരുന്നു: "ആർ അവിടെ (മക്കയിലെ അനുഗൃഹീത ഭവനം) പ്രവേ ശിച്ചുവോ അവൻ നിർഭയനാണ്." സമ്മേളനം കഴിഞ്ഞ് ഈജിപ്തിൽ തിരി ച്ചെത്തിയ ഉടനെ മൗലാനയെ വിമർശിച്ചു കൊണ്ട് റശീദ് രിദാ പത്രങ്ങളിൽ എഴുതി.

മൗലാനാ മുഹമ്മദലിയോടൊപ്പം

മൗലാനാ മുഹമ്മദലി കണ്ണ് ഓപ്പറേഷനു വേണ്ടി യൂറോപ്പിലേക്ക് പോകു മ്പോൾ ഈജിപ്തിൽ ഇറങ്ങി. ജംഇയ്യത്തുശ്ശുബ്ബാൻ എന്ന യുവജന സംഘ ടന അദ്ദേഹത്തിന് ഗംഭീരമായ സ്വീകരണം നൽകി. ഇതിനോടനുബന്ധിച്ച് ചേർന്ന യോഗത്തിൽ സുഊദി സമ്മേളനത്തിൽ താൻ എടുത്ത നിലപാട് ന്യായീകരിച്ചു കൊണ്ട് അദ്ദേഹം സംസാരിച്ചു. അടുത്ത ദിവസം തന്നെ റശീദ് രിദാ ഈജിപ്തിലെ പ്രസിദ്ധമായ അൽ അഹ്റാം പത്രത്തിൽ മൗലാ നയെ രൂക്ഷമായി വിമർശിച്ചുകൊണ്ട് സുദീർഘമായ ഒരു ലേഖനമെഴുതി. ഇന്ത്യയിൽ ബ്രിട്ടീഷുകാർക്കെതിരിൽ നടക്കുന്ന സ്വാതന്ത്ര്യസമരത്തെയും അദ്ദേഹം അപലപിച്ചു ഇത് വായിച്ചപ്പോൾ അബുസ്സബാഹിന്റെ ദേശീയബോധം തിളച്ചു മറിഞ്ഞു താൻ വെറുമൊരു വിദ്യാർത്ഥി; റശീദ് രിദാ ലോകമെങ്ങും അറിയപ്പെടുന്ന മഹാനായ പണ്ഡിതൻ- ഈ ചെറുപ്പവലിപ്പം പരിഗണിക്കാതെ ഈജിപ്തിലെ 'അക്ബാറുൽ യൗം' ദിന പത്രത്തിൽ നാലു ലക്കങ്ങളിലായി അദ്ദേഹം ഒരു നീണ്ട ലേഖനമെഴുതി. റശീദ് രിദായുടെ ബ്രിട്ടീഷ് അനുകൂല നിലപാട് പല സംഭവങ്ങളും എടുത്തുദ്ധരിച്ച് അദ്ദേഹം തുറന്നുകാട്ടി. ഈജിപ്തിലെ തലമുതിർന്ന പണ്ഡി തനെ അൽ അസ്ഹറിലെ ഒരു വിദ്യാർത്ഥി എതിർക്കുക മഹാസംഭവമായി രുന്നു.

അൽ അസ്ഹറിൽ അബുസ്സബാഹ് വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമെല്ലാം സുപരിചിതനും പ്രിയങ്കരനുമായിരുന്നു. അധ്യാപകരുടെ വീടുകൾ സന്ദർശിച്ച് പ്രത്യേക വിഷയങ്ങൾ ചർച്ച ചെയ്യുക അദ്ദേഹത്തിന്റെ സമ്പ്രദായമായിരുന്നു. അവരുടെ പ്രിയപ്പെട്ട വിദ്യാർത്ഥിയെ 'യ ബ്നീ' (എന്റെ മകനേ) എന്നാണ് അവർ അഭിസംബോധന ചെയ്തിരുന്നത്. പിന്നീട് അൽ അസ്ഹർ മേധാവിയായി അവരോധിതനായ, പുരോഗമനാശയങ്ങളുടെ വക്താവായ അഹ്മദ് ശൽ തൂതുമായി അദ്ദേഹത്തിന് പ്രത്യേക ബന്ധമാണുണ്ടായിരുന്നത്.

അൽ അസ്ഹർ വിട്ട് ഇന്ത്യയിലേക്ക്

അന്നത്തെ ഈജിപ്ഷ്യൻ ഭരണാധികാരി ഫുആദ് രാജാവ് അൽ അസ്ഹർ സന്ദർശിക്കുമ്പോൾ പലപ്പോഴും വിദ്യാർത്ഥികളെ പ്രതിനിധീകരിച്ച് അദ്ദേഹമാണ് അനുമോദന പ്രസംഗം നടത്താറുണ്ടായിരുന്നത്. ഇന്ത്യയിൽ നിന്ന് വരുന്ന അതിഥികൾക്ക് സ്വീകരണം നൽകുന്നതിലും അദ്ദേഹം നേതൃത്വം വഹിക്കും. പ്രസിദ്ധ കവി അല്ലാമ ഇഖ്ബാലിനെ പരിചയപ്പെട്ടത് അൽ അസ്ഹറിൽ വെച്ചാണ്. അദ്ദേഹം ഫലസ്തീൻ സമ്മേളനത്തിന് പോകുമ്പോഴായിരുന്നു കൂടിക്കാഴ്ച. കുറച്ചു ദിവസങ്ങൾ ഇഖ്ബാലുമൊന്നിച്ചു കഴിച്ചു കൂട്ടാനും അവസരം ലഭിച്ചു.

പത്തു വർഷത്തെ സംഭവ ബഹുലമായ അൽ അസ്ഹർ ജീവിതം അവസാനിക്കുകയാണ്. മുസ്ലിം നവോത്ഥാന ചിന്തയുടെ പ്രഭവകേന്ദ്രമായിരുന്നു അന്ന് അൽ അസ്ഹർ. വിപ്ലവാശയങ്ങളുടെ വക്താവും മുഫ്തിയുമായിരുന്ന മുഹമ്മദ് അബ്ദു അൽ അസ്ഹറിൽ അധ്യാപകനായിരിക്കെ അവിടെ വിതറിയ നൂതന ചിന്തയുടെ സ്ഫുരണങ്ങൾ വിദ്യാർത്ഥികളിലും അധ്യാപകരിലും ഭരണാധികാരികളിലുമെല്ലാം ഒരു പുത്തനുണർവ് സൃഷ്ടിച്ചിരുന്നു. അനുദിനം വളരുന്ന കാലത്തിന്റെ തുടിപ്പുകൾ മനസ്സിലാക്കി മതതത്വങ്ങൾക്ക് പുനർവായന നടത്തുന്ന ഒരു ആധുനിക പണ്ഡിതൻ അബുസ്സബാഹിൽ വാർത്തെടുക്കപ്പെട്ടു കഴിഞ്ഞിരുന്നു.

അൽ അസ്ഹറിലെ കോഴ്സ് അവസാനിച്ചു കഴിഞ്ഞു. ഇനി എന്ത്? ഈജിപ്തിൽ ഒരു വക്കീൽ ജോലിയാണ് മനസ്സിൽ ആദ്യമായി ഉദിച്ചു വന്ന ആശയം. പക്ഷേ, അപ്പോഴേക്കും മൗലാനാ മുഹമ്മദലി നൽകിയ ഒരു ഉപദേശം ഓർമയിൽ വന്നു; "ഇവിടെ എത്രയോ പണ്ഡിതന്മാരുണ്ട്. പഠനം കഴിഞ്ഞാൽ ഇന്ത്യയിലേക്ക് തിരിച്ചു പോകണം. നിങ്ങളെപ്പോലുള്ളവരുടെ സേവനമാണ് ഇന്ത്യക്കാവശ്യം." തന്റെ ദൗത്യം ജോലിയല്ല, സേവനമാണ് എന്ന ചിന്ത അദ്ദേഹത്തിൽ ശക്തിപ്പെട്ടു. അൽ അസ്ഹറിലെ പണ്ഡിതന്മാരും സഹപാഠികളും അദ്ദേഹത്തിന് യാത്രയയപ്പ് നൽകി. ഫലസ്തീനും ഇറാഖും ഇറാനും സന്ദർശിച്ചശേഷം 1935-ൽ ബസറയിൽ നിന്ന് അദ്ദേഹം കറാച്ചിയിലേക്ക് കപ്പൽ കയറി.

3.
ഇന്ത്യയിൽ ചുറ്റിക്കറങ്ങി കാട്ടിലെ ഗുഹയിൽ

പത്തുവർഷത്തെ വിദ്യാർത്ഥി ജീവിതം അവസാനിച്ച് സേവന ലക്ഷ്യം മുന്നിൽ കണ്ട് ജന്മദേശമായ ഇന്ത്യയിലേക്ക് തിരിച്ച അബുസ്സബാഹ് കറാച്ചിയിൽ കപ്പലിറങ്ങി അവിടെ കുറച്ചുകാലം കഴിച്ചു കൂട്ടി. പല ഉയർന്ന വ്യക്തികളുമായും അവിടെ സമ്പർക്കം പുലർത്തിയ ശേഷം ലാഹോറിലേക്ക് പോയി. അവിടത്തെ ഹിമായത്തുൽ ഇസ്ലാം കോളേജ് അദ്ദേഹത്തിന്റെ സേവനം ആവശ്യപ്പെട്ടു. അടുക്കും ചിട്ടയുമില്ലാത്ത ഒരു സ്ഥാപനം. അദ്ദേഹം പഠന ക്രമത്തിന് ആകെ ഒരു മാറ്റം വരുത്തി. എന്നാൽ ലാഹോറിലെ അന്തരീക്ഷം അദ്ദേഹത്തിന് ഒട്ടും തൃപ്തികരമായില്ല. അവിടത്തെ ദൗത്യം അവസാനിപ്പിക്കാൻ അദ്ദേഹം തീരുമാനിച്ചു. എങ്കിലും ഇതിനകം പല മുസ്ലിം നേതാക്കളുമായും അദ്ദേഹത്തിന് സമ്പർക്കം പുലർത്താൻ അവസരം ലഭിച്ചു കഴിഞ്ഞിരുന്നു.

ബീഹാറിൽ

തുടർന്ന് അബുസ്സബാഹ് ബീഹാറിലെത്തിയപ്പോൾ അവിടത്തെ പഴക്കം ചെന്ന ഒരു കോളേജ് അദ്ദേഹത്തിന്റെ സേവനം ഉപയോഗപ്പെടുത്താൻ തീരുമാനിച്ചു. സ്ഥാപനത്തിലെ അറബി-ഇസ്ലാമിക് വകുപ്പിന്റെ തലവൻ എന്ന ഉത്തരവാദിത്വം അദ്ദേഹത്തെ ഏൽപിച്ചു. എന്നാൽ കോളേജിലെ അധ്യാപകരെല്ലാം പ്രായം ചെന്നവരും ദീർഘകാലത്തെ സർവീസുള്ളവരുമായിരുന്നു. അവരുടെയെല്ലാം മേധാവിയായി ഒരു ചെറുപ്പക്കാരനെ നിയമിച്ചത് പ്രതിഷേധത്തിനിടയാക്കി. സമാധാന പ്രേമിയായ അബുസ്സബാഹ് പ്രശ്നങ്ങൾ സൃഷ്ടിച്ച് സ്ഥാപനത്തെ പ്രതിസന്ധിയിലാക്കാതെ വേഗം രാജിവെച്ചൊഴിഞ്ഞു.

കൽക്കത്തയിൽ

പിന്നെ അദ്ദേഹം എത്തിച്ചേർന്നത് കൽക്കത്തയിലാണ്. ആദ്യമായി

മൗലാനാ ആസാദുമായി പരിചയപ്പെട്ടു. ആസാദിന്റെ ഖുർആൻ പരിഭാഷയോട് അബുസ്സബാഹിന് വലിയ മതിപ്പായിരുന്നു. ഒരു കച്ചവടക്കാരനായാൽ ജനങ്ങളുമായി കൂടുതൽ സമ്പർക്കം പുലർത്താനും അതിലൂടെ സേവന മേഖല കൂടുതൽ വികസിപ്പിക്കാനും കഴിയുമോ എന്ന ചിന്ത അദ്ദേഹത്തിൽ ഉടലെടുത്തു. പരീക്ഷണം എന്ന നിലക്ക് കറുകപ്പട്ട, ചായപ്പൊടി, പുളി തുടങ്ങിയവ വിൽക്കുന്നതിൽ ഏർപ്പെട്ടു. പക്ഷേ, സത്യസന്ധത പുലർത്തി കച്ചവടത്തിൽ വിജയിക്കാൻ കഴിയില്ലെന്ന് അദ്ദേഹത്തിന് അനുഭവത്തിലൂടെ ബോധ്യമായി. എവിടെയും മായം ചേർത്ത വസ്തുക്കൾ. ആ ഉദ്യമം ഉപേക്ഷിച്ച് പിന്നെ മദ്രാസിലേക്ക് യാത്ര തിരിച്ചു.

മദ്രാസിൽ

മദ്രാസിൽ എത്തിയ മൗലവി ആദ്യം ചെയ്തത് മുഹമ്മദൻ കോളേജിൽ പ്രൊഫസറായിരുന്ന പ്രഥമ അൽ അസ്ഹർ ബിരുദധാരിയായ കേരളീയ പണ്ഡിതൻ അബ്ദുൽ ഖാദർ മൗലവിയുമായി ബന്ധപ്പെടുകയായിരുന്നു. തുടർന്ന് മദ്രാസ് ജമാലിയ കോളേജിന്റെ പ്രിൻസിപ്പൽ ആയിരുന്ന സയ്യിദ് അബ്ദുൽ വഹാബ് ബുഖാരി സാഹിബുമായി സമ്പർക്കം പുലർത്തി. അബുസ്സബാഹിനെ കോളേജിൽ അധ്യാപകനായി നിയമിക്കാൻ എല്ലാവരും താൽപര്യം കാണിച്ചു. അവിടെ അധ്യാപനം ഭംഗിയായി നിർവഹിച്ചു കൊണ്ടിരിക്കെ ഒരു യാദൃച്ഛിക സംഭവമുണ്ടായി: അവിടത്തെ പ്രധാനാദ്ധ്യാപകന്റെ വീടിന്റെ കുറ്റിയടിക്കൽ കർമത്തിൽ മറ്റു അധ്യാപകരോടൊപ്പം അബുസ്സബാഹും പങ്കെടുത്തു. മദ്രാസിൽ ആ കർമത്തോടനുബന്ധിച്ച് മഞ്ഞൾ കൊണ്ട് ഒരു മനുഷ്യരൂപമുണ്ടാക്കി ഒരു ദീപത്തിന്റെ അകമ്പടിയോടെ പ്രദക്ഷിണം വെക്കുന്ന ഒരു ചടങ്ങുണ്ട്.അന്ധവിശ്വാസങ്ങളുടെ അടിസ്ഥാനത്തിലുള്ള ശിർക്ക്പരമായ ഈ കർമത്തിനു മുമ്പിൽ നിശബ്ദനായിരിക്കാൻ തിന്മക്കെതിരിൽ തീവ്രവികാരമുള്ള ധീരനായ അബുസ്സബാഹിന് കഴിഞ്ഞില്ല. തെറ്റ് ആര് എവിടെ വെച്ച് ചെയ്യുന്നത് കണ്ടാലും അതിനെ എതിർക്കേണ്ടത് മുസ്ലിമിന്റെ ബാധ്യതയാണെന്ന വിശ്വാസം ഇതിനെതിരിൽ ശബ്ദമുയർത്താൻ ആ ആദർശവാദിയെ പ്രേരിപ്പിച്ചു. സദസ്സിൽ വെച്ച് തന്നെ അദ്ദേഹം തന്റെ പ്രതിഷേധം അറിയിച്ചു. ചടങ്ങ് നടക്കുമ്പോൾ പൂർണമായ നിശ്ശബ്ദത പാലിക്കേണമെന്നാണ് ചട്ടം. പ്രധാനാദ്ധ്യാപകനുമായി വാക്കേറ്റമായി. അബുസ്സബാഹ് സദസ്സ് വിട്ട് ഇറങ്ങിപ്പോയി.

അപമാനിതനായ അധ്യാപകന്റെ പക അബുസ്സബാഹിനെതിരെ പ്രവർത്തിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. അപവാദങ്ങൾ പറഞ്ഞു പരത്തി. ആ ആദർശശാലി കോളേജ് വിടാൻ തന്നെ തീരുമാനിച്ചു. കോളേജിന്റെ ഭരണാധികാരിയായിരുന്ന ജമാൽ മുഹമ്മദ് സാഹിബിന് അദ്ദേഹത്തോട് പ്രത്യേക താൽപര്യമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സേവനത്തോട് ആദരവുമായിരുന്നു. അദ്ദേഹത്തെ പിന്തിരിപ്പിക്കാൻ നടത്തിയ ശ്രമങ്ങളൊന്നും വിജയിച്ചില്ല.

ബനിയൻ കമ്പനിയിൽ തൊഴിലാളി

മദ്രാസ് വിട്ട മൗലാനാ കൽക്കത്തയിലെത്തി കുറച്ച് ദിവസങ്ങൾ അവിടെ കഴിച്ചു കൂട്ടി വീണ്ടും ബീഹാറിലേക്ക് യാത്രയായി. അവിടെ ഒരു ബനിയൻ കമ്പനിയിൽ നൂൽ മുറിക്കുന്ന ജോലിയിൽ ഏർപ്പെട്ടു. അവിടന്ന് കിട്ടുന്ന വേതനം തന്റെ അത്യാവശ്യങ്ങൾക്ക് മതിയായിരുന്നു. പണി കഴിഞ്ഞു ഒഴിവുള്ള സമയങ്ങളിൽ തൊഴിലാളികൾക്ക് ഖുർആൻ ക്ലാസ്സെടുക്കും. തന്റെ യഥാർത്ഥ സ്ഥിതികളൊന്നും ആരെയും പറഞ്ഞറിയിച്ചിരുന്നില്ല. ലോകത്തിലെ ഏറ്റവും പഴക്കമുള്ള സർവകലാശാലയിൽ നിന്ന് ബിരുദമെടുത്ത മഹാപണ്ഡിതനാണ് നൂൽ മുറിക്കുന്ന ജോലി ചെയ്യുന്നതെന്ന രഹസ്യമൊന്നും ആരും അറിയുമായിരുന്നില്ല. ഒരിക്കൽ കമ്പനി മാനേജർ എന്തോ പ്രശ്നത്തിൽ അബുസ്സബാഹിനോട് അധികാരസ്വരത്തിൽ സംസാരിച്ചു. മൗലാനക്ക് അത് ഒട്ടും രസിച്ചില്ല. "താങ്കൾ ചെയ്തത് ഇസ്ലാമിന് വിരുദ്ധമായ നടപടിയാണ്"- അബുസ്സബാഹ് ഒട്ടും ഭയപ്പെടാതെ അയാളുടെ മുഖത്ത് നോക്കി പറഞ്ഞു. മുതലാളിത്തത്തിന് വഴങ്ങി ജീവിക്കാൻ അദ്ദേഹം ഇഷ്ടപ്പെട്ടില്ല. ഈ പുതിയ തൊഴിലാളി ആരെന്ന് മുതലാളി അന്വേഷിച്ചറിഞ്ഞപ്പോഴേക്കും കമ്പനി വിടാൻ അദ്ദേഹം ഉറച്ച തീരുമാനമെടുത്തു കഴിഞ്ഞിരുന്നു.

കാട്ടിലേക്ക്

അൽ അസ്ഹറിലെ വിജ്ഞാന ലോകത്തിലെ സ്വർഗീയ വാസം അവസാനിപ്പിച്ച് സേവനത്തിന്റെ മരുപ്പച്ച തേടി ജന്മനാട്ടിൽ എത്തി ഇത്രയും വർഷത്തെ അനുഭവങ്ങൾ അദ്ദേഹത്തിന്റെ മനസ്സിനെ ഉലച്ചു. ഏത് രംഗത്തു ചെന്നു നോക്കിയാലും കൊള്ളരുതായ്മകൾ കൊടി കുത്തി വാഴുന്നു. മത സ്ഥാപനങ്ങൾക്ക് പോലും പൂർണമായും പരിശുദ്ധത പാലിക്കാൻ കഴിയുന്നില്ല. പത്തുവർഷം തികച്ചും വൈജ്ഞാനികമായ അന്തരീക്ഷത്തിൽ ജീവിച്ച ഒരു യുവാവിന് നാട്ടിലെ വിഷകലുഷിതമായ അന്തരീക്ഷത്തിൽ ശ്വാസംമുട്ട് അനുഭവപ്പെടുക സ്വാഭാവികം. അബുസ്സബാഹിന്റെ മനസ്സ് സംഘർഷഭരിതമായി. ഉള്ളിലെ പിരിമുറുക്കത്തിന് അയവ് കിട്ടാനും പ്രാതികൂല്യങ്ങളെ തരണം ചെയ്യാനുള്ള കരുത്ത് ആർജിക്കാനും വേണ്ടി നാട്ടിൽ നിന്ന് മാറി കാട്ടിൽ ഏകാന്തതയിൽ കുറച്ചുകാലം കഴിച്ചു കൂട്ടിയാലോ എന്ന ചിന്ത അദ്ദേഹത്തിൽ ശക്തിപ്പെട്ടു. തിബത്തിലും മറ്റുമുള്ള സന്യാസിമാരെപ്പറ്റി അറബി ഗ്രന്ഥങ്ങളിൽ അദ്ദേഹം ധാരാളം വായിച്ചിരുന്നു. അവസാനം ഈ ചിന്ത ഒരു തീരുമാനമായി മാറി. ബീഹാറിലെ സന്യാസിമാരുടെ സങ്കേതത്തിലേക്ക് കയറി ചെന്നു. കാട്ടിലും നാട്ടിലുമായി കുറച്ചുകാലം കഴിച്ചു കൂട്ടി.

ഗുഹയിൽ ഏകാന്തനായി

സന്യാസിമാരിൽ നിന്ന് മൈസൂരിലെ ഒരു പ്രത്യേക മലയെപ്പറ്റി കേട്ടറി

ഞ്ഞു. അത് പുണ്യമുള്ള ഒരു വിശിഷ്ട മലയാണെന്നാണ് അവരുടെ വിശ്വാസം. ആ മല സന്ദർശിക്കാൻ അദ്ദേഹത്തിൽ മോഹമുദിച്ചു. അബുസ്സബാഹ് ബീഹാറിൽ നിന്ന് മൈസൂരിലെത്തി അവിടെ ഒരു മുസ്‌ലിം ഹോട്ടലിൽ താമസിച്ചു. സന്യാസിമാരുടെ പുണ്യമലയുടെ സ്ഥാനം ചോദിച്ചറിഞ്ഞു. വളരെ ഉയരത്തിലും അകലത്തിലുമാണത്. എത്തിച്ചേരാൻ ഒരു സാഹസയാത്ര തന്നെ നടത്തണം. ചില മലവാസികളുടെ സഹായത്തോടെ കുന്നും കുഴിയും കാടുകളും താണ്ടി മലമുകളിലെത്തി. വിശാലമായ നിരപ്പ് നിലങ്ങളും ഗുഹകളും നിറഞ്ഞ ഒരു വലിയ മല. അബുസ്സബാഹ് ഒരു ഗുഹ തെരഞ്ഞെടുത്ത് അതിൽ താമസമാക്കി. മലയുടെ അടിഭാഗത്തു കൂടെ ഒരു ചോല ഒഴുകുന്നുണ്ട്. കുടിക്കാനും വുദു എടുക്കാനുമെല്ലാം അത് ഉപയോഗപ്പെടുത്തി.

പ്രജ്ഞയറ്റ അജ്ഞാത മനുഷ്യൻ

മഹാനായ ഒരു പണ്ഡിതൻ ഭൗതികമായ എല്ലാ സുഖസൗകര്യങ്ങളും ത്യജിച്ച് വനാന്തരത്തിൽ ഒരു ഗുഹക്കുള്ളിൽ ഏകാന്തചിത്തനായി കഴിയുന്നു. അന്ധകാര നിബിഡമായ രാത്രി. വന്യമൃഗങ്ങളുടെ ഭയാനകമായ അലർച്ച കേൾക്കുന്നു. പക്ഷേ, അബുസ്സബാഹ് ഒന്നും അറിയാതെ ഏതോ ഒരാത്മീയ ലോകത്ത് സുഖസുഷുപ്തിയിൽ ലയിച്ച് കഴിയുന്നു. ഇത് ആരും അദ്ദേഹത്തിൽ അടിച്ചേൽപിച്ചതല്ല. സ്വയം തെരഞ്ഞെടുത്ത മാർഗം. ക്രൂര ജന്തുക്കൾ കൊലവിളിയുമായി പലപ്പോഴും ഗുഹാമുഖത്ത് വന്ന് എത്തിനോക്കാറുണ്ട്. ചിലപ്പോൾ കനത്ത ഒരാക്രമണത്തിനായി മുന്നോട്ട് ആഞ്ഞ് കുതിക്കാറുണ്ട്. എന്നാൽ ഗുഹക്കുള്ളിലെ ആ മനുഷ്യന്റെ ധീരമായ നിൽപ് കണ്ടിട്ടോ എന്തോ അവ പിൻവാങ്ങുകയാണ് പതിവ്. എന്നാൽ ഒരിക്കൽ മരണത്തിന്റെ വായ്ത്തലപ്പിൽ അകപ്പെട്ട് കഴിഞ്ഞു എന്ന് ഉറപ്പിക്കാൻ പോന്ന ഒരു സംഭവമുണ്ടായി. കുറേ ദിവസത്തെ ഗുഹാവാസം കാരണം ക്ഷീണം ബാധിച്ച അദ്ദേഹത്തെ രോഗം പിടികൂടി. ആരും അറിയുകയോ കാണുകയോ ചെയ്യാത്ത ഗുഹാന്തർഭാഗം. സഹായത്തിന് ഒരു മനുഷ്യനുമില്ല. നടക്കാൻ തന്നെ വയ്യാതായി. ഊരയിൽ ഒരു കമ്പിളിചുറ്റി വനത്തിലൂടെ നിരങ്ങി നീങ്ങിയാണ് ചോലയിലെത്തിയിരുന്നത്. പക്ഷേ, പിന്നെ അതിനും വയ്യാതായി. രോഗം അത്ര കണ്ട് മൂർഛിച്ചു. ശക്തമായ പനി. പിന്നെ എന്ത് സംഭവിച്ചു എന്ന് അദ്ദേഹത്തിനറിഞ്ഞു കൂടാ. ഓർമ തിരിച്ചു കിട്ടുമ്പോൾ മുഹമ്മദ് സുൽത്താൻ എന്ന ഒരാളുടെ വീട്ടിലാണ്. മലവാസികൾക്ക് അങ്ങാടി സാധനങ്ങൾ വിൽക്കുന്ന ഒരു കച്ചവടക്കാരനാണ് അദ്ദേഹം. കാട്ടിനുള്ളിൽ ഒരു ഗുഹക്കകത്ത് പ്രജ്ഞയറ്റു കിടക്കുന്ന ഒരു മനുഷ്യനെ കണ്ടപ്പോൾ മലവാസികൾ അദ്ദേഹത്തെ താങ്ങിയെടുത്ത് കച്ചവടക്കാരന്റെ അടുത്തെത്തിച്ചതാണ്.

മുഹമ്മദ് സുൽത്താന്റെ വീട്ടിൽ രോഗശയ്യയിൽ കിടക്കുന്ന ഈ അജ്ഞാത വ്യക്തി ആർ? ജനങ്ങൾ എന്തൊക്കെയോ ധരിച്ചു. അത്ഭുത

സിദ്ധികളുള്ള ഏതോ ദിവ്യനാണെന്ന വിശ്വാസത്തിൽ പുണ്യം നേടാനും രോഗ വിമുക്തി തേടാനും വരുന്നവരുടെ ശല്യം അസഹനീയമായി. വിജന മായ ഒരു സ്ഥലത്തേക്ക് മാറി താമസിക്കാൻ അബുസ്സബാഹ് ആഗ്രഹം പ്രകടിപ്പിച്ചു. പല സ്ഥലങ്ങളും അന്വേഷിച്ച മുഹമ്മദ് സുൽത്താൻ ഒടുവിൽ ഗുണ്ടൽ പേട്ട എന്ന സ്ഥലത്ത് ഇടിഞ്ഞു പൊളിഞ്ഞ, ജനസമ്പർക്കമില്ലാത്ത ഒരു നമസ്കാരപള്ളി കണ്ടുപിടിച്ചു. അടുത്തൊന്നും ആൾ താമസമില്ല. ജിന്നു കളുടെ സങ്കേതമാണെന്നാണ് ജനവിശ്വാസം. അവിടെ കയറാൻ പോലും ആളുകൾ ഭയക്കും. അബുസ്സബാഹിന് സ്ഥലം നന്നേ പിടിച്ചു. പായകൊണ്ട് ഒരു മറയുണ്ടാക്കി താമസം ആരംഭിച്ചു. അകത്ത് കല്ലുകൾക്കിടയിലൂടെ ഭീകര സർപ്പങ്ങൾ തലയിട്ട് നോക്കുന്നു. പക്ഷേ ഈ ഭക്തന് ഒരു ഞെട്ടലുമുണ്ടാ യില്ല.

കുഞ്ഞാലിക്കുട്ടി ഹാജി കണ്ടെത്തി

പള്ളിയിലേക്ക് നിലക്കാത്ത ജനപ്രവാഹം. രോഗവിമുക്തി തേടുന്നവർ; ദർശനം ലഭിച്ച് സായൂജ്യമടയുന്നവർ- ഇങ്ങനെ പലരും. മുഹമ്മദ് സുൽത്താൻ ഇടക്കിടെ വന്ന് സുഖാന്വേഷണം നടത്തുന്നു. ഒരിക്കൽ കുഞ്ഞാ ലിക്കുട്ടി ഹാജി എന്നൊരാൾക്ക് കാണാൻ അനുമതി നൽകണമെന്ന മുഹ മ്മദ് സുൽത്താൻ അപേക്ഷിക്കുന്നു. മലപ്പുറം ജില്ലയിലെ ആനക്കയം സ്വദേ ശിയായ ആ കർഷകന് അവിടെ മലയും കൃഷിയുമുണ്ട്. നിരന്തരമായ സമ്മർദത്തെ തുടർന്ന് അദ്ദേഹത്തിന് കാണാൻ അനുമതി നൽകി. തുടർന്ന് സന്ദർശന സന്ദർഭങ്ങൾ വർധിച്ചു. ഒരിക്കൽ അബുസ്സബാഹ് നമസ്കരിക്കു മ്പോഴാണ് ഹാജിയുടെ വരവ്. നമസ്കാരത്തിലെ ഏകാന്തതക്ക് ഭംഗം വരു ത്തുന്ന എന്തിനോടും അബുസ്സബാഹിന് കടുത്ത വിരോധമായിരുന്നു. ഹാജിക്ക് കണക്കിന് ശകാരം കിട്ടി. ആ സാധു മനുഷ്യൻ പൊട്ടിക്കരഞ്ഞു. ഇത് കണ്ടപ്പോൾ അബുസ്സബാഹിന്റെ മനസ്സ് ആർദ്രമായി. ഈ സംഭവം അവർ തമ്മിലുള്ള ബന്ധത്തിന് പുതിയൊരു മാനമുണ്ടാക്കി. ഹാജി അദ്ദേ ഹത്തിന്റെ വീട് സന്ദർശിക്കാൻ ഇടക്കിടെ വന്ന് നിർബന്ധിച്ചു കൊണ്ടിരു ന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ ആഗ്രഹം നിറവേറ്റാമെന്ന് വാക്ക് കൊടുത്തു.

വധഭീഷണി

മൈസൂരിലെ താമസം മതിയാക്കി വീണ്ടും കറാച്ചിയിലേക്ക് പോയി. അവിടെ ഒരു ഖുർആൻ ക്ലാസ്സ് ആരംഭിച്ചു. അതിനെ തുടർന്ന് അദ്ദേഹത്തിന് ഒരു കൊലപാതക ഭീഷണിയുണ്ടായി. ഖുർആനിലെ പല ഭാഗങ്ങളും വ്യാഖ്യാനിച്ച് ബദർ യുദ്ധത്തെ സംബന്ധിച്ച വാക്യങ്ങൾ വരെയെത്തി. ബദ റിൽ ഇറങ്ങിയ മലക്കുകൾ സംബന്ധിച്ച് സാധാരണ കേൾക്കാറുള്ള വ്യാഖ്യാ നത്തിൽ നിന്ന് വ്യത്യസ്തമായ ഒരാശയം അദ്ദേഹം അവതരിപ്പിച്ചു. അന്ധ വിശ്വാസികളും യാഥാസ്ഥികരുമായിരുന്ന അവിടത്തെ മുസ്ലിംകൾക്ക് ഇത് ദഹിച്ചില്ല. അവർ രോഷാകുലരായി. അബുസ്സബാഹ് പുരാതന ഖുർആൻ

വ്യാഖ്യാന ഗ്രന്ഥങ്ങളിൽ നിന്ന് തന്റെ വാദഗതികൾക്ക് ഉപോൽബലകമായ തെളിവുകൾ നിരത്തി. പക്ഷേ, ഇത് കൊണ്ടൊന്നും ഫലമുണ്ടായില്ല. അദ്ദേഹത്തെ വധിക്കാനുള്ള തീരുമാനത്തിൽ അവർ ഉറച്ചുനിന്നു. കാരണം അവരുടെ ദൃഷ്ടിയിൽ ഈ വ്യാഖ്യാനം വലിയൊരു പാതകമായിരുന്നു. റോഡ് വക്കിൽ പീടിക മുറിയിലാണ് അദ്ദേഹത്തിന്റെ താമസം. വധിക്കാൻ തീരുമാനിച്ച് ജനം തടിച്ചു കൂടി. അബുസ്സബാഹ് ഉറച്ച ഭാഷയിൽ അവരുമായി ഒരു വാഗ്വാദം നടത്തി ഇപ്രകാരം പ്രഖ്യാപനം നടത്തി. "കൊന്നോളൂ എന്നെ" ഇതും പറഞ്ഞു മുറിയിൽ നിന്ന് തല പുറത്തേക്കിട്ടു. ജനങ്ങളുടെ ഉള്ളിൽ എന്തോ ഒരു ഭീതി കടന്നു കൂടി. അവർ പിൻവാങ്ങി. പിന്നെ പോലീസ് അവരെ അറസ്റ്റ് ചെയ്തു.

മലപ്പുറത്ത് പ്രത്യക്ഷപ്പെട്ടു

കറാച്ചിയിൽ നിന്ന് ബോംബെയിലേക്കാണ് യാത്ര തിരിച്ചത്. ഈജിപ്തിൽ വെച്ച് പരിചയപ്പെട്ട അബ്ദുസ്സമദ് മൗലവിയെ സന്ദർശിച്ച ശേഷം മലബാറിലേക്ക് തിരിച്ചു. കുഞ്ഞാലിക്കുട്ടി ഹാജിക്ക് അദ്ദേഹത്തിന്റെ വസതി സന്ദർശിക്കാമെന്ന് വാക്ക് കൊടുത്തതാണല്ലോ. അത് പാലിക്കാൻ പന്തലൂരിലെത്തി അവിടെ നിന്ന് അദ്ദേഹത്തിന്റെ ജന്മസ്ഥലമായ മലപ്പുറത്തിനടുത്ത് ആനക്കയത്ത് വന്നു. പിറ്റേന്ന് തന്നെ തിരിച്ചു പോകാനായിരുന്നു തീരുമാനമെങ്കിലും ഹാജിയുടെ നിർബന്ധപ്രകാരം കുറച്ച് ദിവസം കൂടി താമസിച്ചു. തനിക്ക് വിജനമായ ഒരു സ്ഥലത്ത് താമസിക്കണമെന്ന ആവശ്യം അബുസ്സബാഹ് ആവർത്തിച്ചു. ആൾതാമസമില്ലാത്തതും പാർക്കാൻ കൊള്ളാത്തതെന്ന് വിശ്വസിക്കപ്പെടുന്നതുമായ ഒരു വീട് ഹാജി കാണിച്ചു കൊടുത്തു. മൗലാനക്ക് അത് ഇഷ്ടമായി. 1941-ൽ അദ്ദേഹം അവിടെ താമസം ആരംഭിച്ചു.

4.

വിദ്യാദീപവുമായി മലപ്പുറം മണ്ണിൽ

'ആനക്കയത്ത് ഒരു അജ്ഞാതവ്യക്തി പ്രത്യക്ഷപ്പെട്ടിട്ടുണ്ട്'-നാട്ടിലാകെ ശ്രുതിയായി. ജനങ്ങൾ അവരുടെ ഭാവനയ്ക്കൊത്ത് ഊരും പേരും നൽകി വ്യക്തിനിർണയം നടത്തി. രണ്ടാം ലോകമഹായുദ്ധം നടക്കുന്ന കാലമായിരുന്നു. ജർമൻ ചാരനാണെന്ന് ഒരു വിഭാഗം തറപ്പിച്ച് പറഞ്ഞു. അല്ല, കൃത്രിമ പൊന്നുണ്ടാക്കുന്ന പുള്ളിയാണെന്നായി മറ്റൊരു വിഭാഗത്തിന്റെ കണ്ടുപിടുത്തം. എന്തോ അസാധാരണ കഴിവുകളുള്ള ഒരു 'ഔലിയാ' ആണെന്നായി മൂന്നാമതൊരു കൂട്ടർ. കേരളത്തിലെ ചില മതപണ്ഡിതന്മാർ അദ്ദേഹത്തെ സമീപിച്ചു ചില ചോദ്യങ്ങൾ ഉന്നയിച്ചു. പ്രസിദ്ധ അറബി സാഹിത്യകാരനായിരുന്ന ഡോ.ത്വാഹാഹുസൈനെപ്പറ്റിയുള്ള അഭിപ്രായമാരാഞ്ഞു. ത്വാഹയുടെ കഴിവുകളെയും പ്രശസ്തിയെയും അംഗീകരിക്കുന്ന പരാമർശം നടത്തിയതോടെ പണ്ഡിതന്മാരുടെ ദൃഷ്ടിയിൽ അദ്ദേഹം നിരീശ്വരവാദിയായി. അബുസ്സബാഹ് സർക്കാറിന്റെ നോട്ടപ്പുള്ളിയായി. പോലീസുദ്യോഗസ്ഥന്മാരുടെ നിരന്തരമായ അന്വേഷണവും ചോദ്യം ചെയ്യലും. വീടും സാധന സാമഗ്രികളും സൂക്ഷ്മമായ പരിശോധനക്ക് വിധേയമാക്കി. പക്ഷേ, ചില ഊഹങ്ങളല്ലാതെ ഉറപ്പുവരുത്താൻ ഉതകുന്ന ഒരു രേഖയും കണ്ടെടുക്കാൻ കഴിഞ്ഞില്ല. അബുസ്സബാഹ് തന്റെ ജീവിതകഥ അവരോട് തുറന്നു പറഞ്ഞതുമില്ല. അവസാനമായി അന്വേഷണം നടത്തിയ പോലീസ് പാർട്ടിയുടെ തലവൻ ഒരു അമുസ്ലിം ആയിരുന്നു. അദ്ദേഹം തന്റെ മുഴുവൻ കഴിവും സമയവും ഉപയോഗിച്ച് ചോദ്യം ചെയ്യലും പരിശോധനയും നടത്തി. ദുരൂഹത നീക്കാവുന്ന ഒരു തെളിവും ലഭിച്ചില്ല. മൗലാനയാകട്ടെ മനസ്സ് തുറന്നതുമില്ല. അവസാനം പോലീസ് മേധാവി കൂടെയുള്ളവരെയെല്ലാം പുറത്തേക്ക് മാറ്റി അബുസ്സബാഹിനോട് ഇങ്ങനെ പറഞ്ഞു: "ഞാൻ പോയാലും ഈ അന്വേഷണം തുടരും അതിനാൽ യഥാർത്ഥ നില എന്നോട് തുറന്നു പറയണം"- ഇത് അധികാരത്തിന്റെ സ്വരമായിരുന്നില്ല. സൗഹൃദ ഭാവത്തിലുള്ള ഒരു യാചനയായിരുന്നു. ഇതിന് അബുസ്സബാഹ് ഇങ്ങനെ പ്രതികരിച്ചു. "എന്നെപ്പറ്റി കൂടുതൽ അറിയാൻ മദ്രാസ് മുഹമ്മദൻ കോളേജ്

പ്രിൻസിപ്പാൾ ഡോ.അബ്ദുൽ ഹഖ്, ജമാലിയ കോളേജ് പ്രിൻസിപ്പാൾ മൗലാനാ അബ്ദുൽ വഹാബ് ബുഖാരി, സയ്യിദ് മുഹ്യദ്ദീൻഷാ എന്നിവരോട് അന്വേഷിച്ചാൽ മതി." ഈ അന്വേഷണം പൂർത്തിയായതോടെ തെറ്റിദ്ധാരണകളും സംശയങ്ങളും നീങ്ങി. പോലീസ് പരിശോധനയും നിലച്ചു.

ആനക്കായത്തെ ഔലിയാ

എന്നാൽ ഔദ്യോഗിക തലത്തിലുള്ള അന്വേഷണം നിലച്ചുവെങ്കിലും പൊതുജനങ്ങളിൽ എന്തോ ദിവ്യശക്തിയുള്ള ഒരു സിദ്ധനാണെന്ന ധാരണക്ക് മാറ്റമുണ്ടായില്ല. രോഗശമനവും മനഃശാന്തിയും തേടിയെത്തുന്നവർ വർധിച്ചു. അതോടൊപ്പം ഒരു മഹാപണ്ഡിതൻ എന്ന നിലക്ക് അദ്ദേഹത്തെ കാണാനും പരിചയപ്പെടാനും സന്ദർശനം നടത്തുന്ന പ്രമുഖ വ്യക്തികളുമുണ്ടായിരുന്നു. സെയ്ത് മുഹ്യദ്ദീൻ ഷായും സി.എൻ.അഹ്മദ് മൗലവിയും മലപ്പുറം ഗവ.ഹൈസ്കൂളിൽ അധ്യാപകരായിരിക്കുമ്പോഴാണ് കുട്ടികളിൽ നിന്ന് ആനക്കയത്ത് താമസമാക്കിയ 'ഔലിയാ' യെപ്പറ്റി അറിയുന്നത്. നേരത്തെ മദ്രാസിൽ നിന്ന് പ്രൊഫ.അബ്ദുൽ ഖാദർ മൗലവി അബുസ്സബാഹ് മലബാറിൽ എവിടെയാണെന്ന് കണ്ടുപിടിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഈ രണ്ടുപേരും അബുസ്സബാഹിനെ ഒന്നിലധികം തവണ സന്ദർശിച്ചു.

ഇങ്ങനെ പുറം ലോകവുമായി അധികം ബന്ധമൊന്നുമില്ലാതെ അബുസ്സബാഹ് ഒരു വർഷം കഴിച്ചു കൂട്ടി. ഇടക്ക് ചില സന്ദർശകന്മാർക്ക് അദ്ദേഹം അനുമതി നൽകും. എന്നാൽ ഇതിനകം തന്റെ ജീവിതദൗത്യം നിർവഹിക്കാനുള്ള പാതയിലേക്ക് നീങ്ങാൻ അദ്ദേഹത്തിന്റെ മനസ്സ് പാകപ്പെട്ടിരുന്നു. കേരളത്തിലെ മുസ്ലിംകൾക്ക് അൽ അസ്ഹറിന്റെ മുഖമുള്ള മതവിദ്യാഭ്യാസം അനിവാര്യമാണെന്ന ചിന്ത അദ്ദേഹത്തിന്റെ ഉള്ളിൽ ശക്തിപ്പെട്ടു. തന്നെ സന്ദർശിക്കാനെത്തുന്ന പ്രമുഖ വ്യക്തികളുടെ മുമ്പിൽ അദ്ദേഹം ഈ ആശയം അവതരിപ്പിച്ചു. തനിക്ക് ആതിഥ്യം നൽകിയ കുഞ്ഞാലിക്കുട്ടി ഹാജി ഈ ആശയത്തെ സർവാത്മനാ സ്വാഗതം ചെയ്തു. അറബി-മതവിദ്യാഭ്യാസം പള്ളി ദർസുകളിൽ നിന്ന് കരസ്ഥമാക്കി ഉന്നത പഠനം ആഗ്രഹിക്കുന്ന നിശ്ചിത യോഗ്യതയുള്ള ആറ് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകാനാണ് തീരുമാനിച്ചത്. ഭക്ഷണവും താമസവും സൗജന്യമായി നൽകാനുള്ള സന്നദ്ധത കുഞ്ഞാലിക്കുട്ടി ഹാജി പ്രകടിപ്പിക്കുകയും ചെയ്തു. വിദ്യാർത്ഥികളെ സെലക്ട് ചെയ്യാൻ സെയ്ത് മുഹ്യദ്ദീൻ ഷാ, സി.എൻ. അഹ്മദ് മൗലവി, ഫലക്കി മുഹമ്മദ് മൗലവി എന്നീ മൂന്ന് പേരെ ചുമതലപ്പെടുത്തി.

അറബി കോളേജ് തുടങ്ങുന്നു

1942 ജനുവരി 5-ാം തിയ്യതി കേരളത്തിലെ വിജ്ഞാന ചക്രവാളം പുതിയൊരു സൂര്യോദയത്തിന് സാക്ഷ്യം വഹിച്ചു 'വിജ്ഞാനപ്പൂങ്കാവനം'

എന്നർത്ഥമുള്ള റൗസത്തുൽ ഉലൂം എന്ന പേരിൽ ഒരു അറബികോളേജിന് തുടക്കം കുറിക്കപ്പെട്ടു. കുഞ്ഞാലിക്കുട്ടി ഹാജിയുടെ വസതിയിൽ തന്നെയായിരുന്നു ക്ലാസ്സും വിദ്യാർത്ഥികളുടെ താമസവുമെല്ലാം. പിന്നീട് മതരംഗത്ത് പ്രസിദ്ധരായിത്തീർന്ന സി.പി.അബൂബക്കർ മൗലവി, എടവണ്ണ എ.അലവി മൗലവി തുടങ്ങിയവർ ഉൾക്കൊള്ളുന്നതായിരുന്നു ഒന്നാമത്തെ ബാച്ച്. ശുദ്ധമായ അറബിയിൽ മാത്രമായിരുന്നു മൗലാനയുടെ ക്ലാസ്സ്. സിലബസും പിരിയേഡുമെല്ലാം ക്രമീകരിച്ചിരുന്നു. എന്നാൽ ഏതോ അപകടകാരിയാണ് ഈ മൗലവി എന്ന ധാരണ വെച്ചു പുലർത്തുന്ന ചിലരും നാട്ടിലുണ്ടായിരുന്നു. അവർ ക്ലാസ്സിൽ വന്നിരുന്ന് മൗലവി പറയുന്നത് ശ്രദ്ധിക്കാൻ തുനിഞ്ഞു. പക്ഷേ അബുസ്സബാഹ് അത് അനുവദിച്ചില്ല. ഖുർആൻ വുദു ഇല്ലാതെ തൊടുന്നു എന്നായി പിന്നെ ആരോപണം. വിചാരണക്ക് വിധേയമായപ്പോൾ കുട്ടികൾ തൊടുന്നതായി അവർ കണ്ടത് ഖുർആൻ അല്ല, അറബി ഡിക്ഷണറിയാണ്!

ഒരു സന്ദർശകന്റെ അനുഭവം

ഈ നവാഗതനായ പണ്ഡിതനെ സന്ദർശിക്കാൻ വിവിധ ഭാഗങ്ങളിൽ നിന്ന് പ്രമുഖ വ്യക്തികൾ ആനക്കയത്തേക്ക് വരികയായി. കോഴിക്കോട് നിന്ന് അദ്ദേഹത്തെ സന്ദർശിക്കാനെത്തിയ എം.കുഞ്ഞായി വൈദ്യർ അദ്ദേഹത്തിന്റെ അനുഭവം ഇങ്ങനെ വിവരിക്കുന്നു:

"ഒരു സുഹൃത്ത് 'നമസ്ക്കാരം' എന്ന ഒരു പുസ്തകം എനിക്ക് സമ്മാനിച്ചു. അത് വായിച്ചപ്പോൾ വളരെ ആകർഷകമായി തോന്നി. ഗ്രന്ഥകർത്താവിന്റെ പേര് നോക്കി- അബുസ്സബാഹ് അഹ്മദ് അലി. ഈ പുസ്തകത്തിന്റെ കുറച്ചു കോപ്പികൾ അയച്ചു തരാനും ഇല്ലെങ്കിൽ ആയിരം കോപ്പി എന്റെ സ്വന്തം ചെലവിൽ അച്ചടിച്ചു വിതരണം ചെയ്യാൻ അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ഞാൻ അദ്ദേഹത്തിന് കത്തെഴുതി. കോപ്പികൾ തീർന്നപോയെന്നും സൗജന്യമായി വിതരണം ചെയ്യേണമെന്ന നിബന്ധനയിൽ ആയിരം കോപ്പി അടിക്കാൻ അനുമതി നൽകുന്നുവെന്നും അറിയിച്ചു കൊണ്ടുള്ള മറുപടി കിട്ടി. ഞാൻ അപ്രകാരം ചെയ്തു."

തുടർന്ന് അദ്ദേഹത്തെ സന്ദർശിച്ച രംഗം ഇങ്ങനെ വിവരിക്കുന്നു: "എന്നെ കണ്ട മാത്രയിൽ അദ്ദേഹം എഴുന്നേറ്റു വന്ന് എന്നെ ആദരിച്ചിരുത്തി. ഞാൻ വളരെ നിസ്സാരനായ മനുഷ്യൻ. സാധാരണമതപണ്ഡിതന്മാരിൽ കാണാത്ത സ്വഭാവം. ഞങ്ങൾ ദീനി ആയ പല കാര്യങ്ങളും സംസാരിച്ചു. എന്നെ ആദരവോടെ സൽക്കരിച്ചു. തൊട്ടടുത്ത മുറിയിലാണ് ഞാൻ രാത്രി കിടന്നത്. ഉറക്കം വരുന്നില്ല. അടുത്ത മുറിയിൽ നിന്ന് ഖുർആൻ പാരായണത്തിന്റെയും നമസ്കാരത്തിന്റെയും ശബ്ദം. കൂടെ കരച്ചിലും. വളരെ വൈകി ഞാൻ ഉറങ്ങി. നേരം പുലർന്നതറിഞ്ഞില്ല. കാൽ പെരുമാറ്റം കേട്ടു ഉണർന്നു. സുബ്ഹ് 'ഖദാ' ആകാൻ ഇനി 15 മിനുട്ട് മാത്രം ബാക്കിയുള്ളു. അദ്ദേഹം എന്നെ ഉണർത്തി. എനിക്ക് വേണ്ടി തയ്യാറാക്കിയ ചൂടുവെള്ളത്തിൽ വേഗം വുദു

ചെയ്ത് നമസ്കരിച്ചു... ഈ മനുഷ്യൻ നിരീശ്വരവാദിയാണെന്ന് പ്രചരിപ്പിച്ച പണ്ഡിതന്മാരെപ്പറ്റി എനിക്ക് ആശ്ചര്യം തോന്നി." അബുസ്സബാഹിന്റെ ആദർശ വിശുദ്ധി നേരിട്ട് കണ്ടറിഞ്ഞ ഈ വ്യക്തി പിന്നെ അദ്ദേഹത്തെ നിഴൽ പോലെ പിന്തുടർന്നു. എല്ലാ പ്രവർത്തനങ്ങളിലും സഹായിച്ചു. അദ്ദേഹത്തിന്റെ സ്ഥാപനത്തിന്റെ നെടും തൂണായി മാറി.

ഹൈദ്രോസ് വക്കീൽ

കോഴിക്കോട്ടെ പ്രമുഖ അഭിഭാഷകൻ, മുസ്‌ലിം ലീഗ് ടിക്കറ്റിൽ വിജയിച്ച മദ്രാസ് നിയമസഭാംഗം, കോഴിക്കോട് മുൻസിപ്പൽ കൗൺസിൽ മെമ്പർ എന്നീ നിലക്കെല്ലാം പ്രസിദ്ധനായ അഡ്വ.എം.വി.ഹൈദ്രോസ് അബുസ്സബാഹുമായി ബന്ധപ്പെട്ടതിന്റെ ചരിത്രം ഇങ്ങനെ: "1945 ലെ കോഴിക്കോട് ഹിമായത്തുൽ ഇസ്‌ലാം സ്കൂളിന്റെ വാർഷിക യോഗത്തിൽ അബുസ്സബാഹ് അഹ്മദ് അലി സാഹിബ് ആദ്ധ്യക്ഷം വഹിക്കുമെന്ന് കാണിക്കുന്ന ക്ഷണക്കത്ത് എനിക്ക് കിട്ടിയപ്പോൾ ആ അവസരം ഞാൻ പാഴാക്കിയില്ല. തുർക്കി തൊപ്പിയും പൈജാമയും ഷർവാണിയും ധരിച്ച ചെറിയ താടിയുള്ള ഒരു കൊച്ചു മനുഷ്യനുമായാണ് ഞാൻ അന്ന് പരിചയപ്പെട്ടത്. സ്വൽപനേരത്തെ സംസാരവും പെരുമാറ്റവും ദീർഘകാലത്തേക്കുള്ള ബന്ധത്തിന് വഴി തെളിയിച്ചു അടുത്ത ദിവസം, ഞായറാഴ്ച ഞാൻ അദ്ദേഹത്തെ സന്ദർശിക്കാമെന്ന് വാക്ക് കൊടുത്തു.

മൗലവി സാഹിബിന്റെ പരിപാടികളും വിദ്യാഭ്യാസ തൽപരതയും അന്നത്തെ മതപണ്ഡിതന്മാരിൽ നിന്ന് വ്യത്യസ്തനായ വ്യക്തിയായി അദ്ദേഹത്തെ കാണാൻ എന്നെ പ്രേരിപ്പിച്ചു. അനാവശ്യമായ തർക്കങ്ങളിൽ സമയം പാഴാക്കാതെ സൃഷ്ടിപരമായി അദ്ദേഹം ആശിച്ച പരിപാടികളിൽ ഒരു ചെറിയ പങ്ക് വഹിക്കാമെന്ന് ഞാനും ഏറ്റു."

കോളേജ് മഞ്ചേരിയിലേക്ക്

ആനക്കയത്ത് തുടങ്ങിയ അറബിക്കോളേജിൽ വിദ്യാർത്ഥികളുടെ എണ്ണം വർധിച്ചു. സൗകര്യങ്ങളുടെ അപര്യാപ്തതകാരണം വിപുലീകരണം ലക്ഷ്യം വെച്ച് കോളേജ് അധികം ദൂരെയല്ലാത്ത മഞ്ചേരിയിലേക്ക് മാറ്റാൻ തീരുമാനിച്ചു. കിളിയമണ്ണിൽ ഉണ്ണീൻ സാഹിബിന്റെ കൂലിക്ക് വാങ്ങിയ ഒരു കെട്ടിടത്തിൽ 1944-ൽ ക്ലാസ്സ് ആരംഭിച്ചു. ആ വർഷം മദ്രാസ് യൂനിവേഴ്സിറ്റിയിൽ വിദ്യാർത്ഥികൾ അഫ്സലുൽ ഉലമാ പരീക്ഷക്കെഴുതുകയും എല്ലാവരും പാസ്സാവുകയും ചെയ്തു. 1945-ൽ മദ്രാസ് യൂനിവേഴ്സിറ്റി കമ്മീഷണറായി നിയമിച്ച ഡോ.അബ്ദുൽ ഹഖ് കോളേജ് പരിശോധിച്ച് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ കോളേജിന് അഫിലിയേഷൻ ലഭിച്ചു. ഇതോടെ കേരളത്തിൽ യൂനിവേഴ്സിറ്റി അംഗീകാരമുള്ള ആദ്യത്തെ അറബിക്കോളേജ് എന്ന ചരിത്രപരമായ പദവിയിലേക്ക് റൗസത്തുൽ ഉലും അറബിക്കോളേജ് ഉയർന്നു. 1946 ജനുവരി ആറാം തിയ്യതി കെ.എം.സീതി സാഹിബിന്റെ അദ്ധ്യ

ക്ഷതയിൽ കോളേജിന്റെ വാർഷികം സമുചിതമായി ആഘോഷിക്കപ്പെട്ടു. അവിഭക്ത ഇന്ത്യയിലെ മുസ്‌ലിം ലീഗ് നേതാവും മുൻ പാക് പ്രധാന മന്ത്രിയുമായിരുന്ന ലിയാഖത്ത് അലിഖാൻ മലബാർ പര്യടനത്തിനിടയിൽ കോളേജ് സന്ദർശിച്ചത് കോളേജിന് വലിയ പ്രശസ്തിയും അംഗീകാരവും നേടിക്കൊടുത്തു.

റൗസത്തുൽ ഉലൂം അസോസിയേഷൻ

കുഞ്ഞാലിക്കുട്ടി ഹാജിയുടെ നേതൃത്വത്തിലുള്ള ഒരു ചെറിയ കമ്മറ്റിയാണ് ഇത് വരെ കോളേജിന്റെ കാര്യങ്ങൾ നിർവഹിച്ചു പോന്നിരുന്നത്. എന്നാൽ കോളേജിന്റെ വിപുലീകരണം അനിവാര്യമായി വന്നതിനാൽ കേരളത്തിലെ പ്രമുഖ വ്യക്തികൾ ഉൾക്കൊള്ളുന്ന ഒരു വലിയ കമ്മറ്റി രൂപീകരിക്കണമെന്ന ചിന്ത ശക്തമായി. 1946 ജനുവരി 6ന് മൗലവി അബുസ്സബാഹിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം അദ്ദേഹം പ്രസിഡണ്ടും അഡ്വ. എം.വി.ഹൈദ്രോസ് സെക്രട്ടറിയും എം.കുഞ്ഞായി വൈദ്യർ, കെ.വി.ചേക്കുട്ടി ഹാജി എന്നിവർ അസി.സെക്രട്ടറിമാരും കെ.എം.സീതിസാഹിബ്, കെ.എം.മൗലവി, ഹാജിഅബ്ദുസ്സത്താർ ഹാജി ഇസ്ഹാഖ് സേട്ട്, എ.അബ്ദുൾഖാദർ ഹാജി (രാജ), പുനത്തിൽ അബൂബക്കർ സാഹിബ്, എസ്.എം. സെയ്ത് മുഹമ്മദ് സാഹിബ് എന്നിവർ മെമ്പർമാരുമായി റൗസത്തുൽ ഉലൂം അസോസിയേഷൻ എന്ന പേരിൽ കമ്മറ്റി രൂപീകരിച്ചു. 1946 മെയ് 28ന് സൊസൈറ്റീസ് ആക്ട് പ്രകാരം അസോസിയേഷൻ രജിസ്തർ ചെയ്യപ്പെട്ടു.

5.

ടിപ്പുവിന്റെ ഫാറൂഖാബാദിൽ വിജ്ഞാന പൂങ്കാവനം

കേരളത്തിൽ ഒരു മിനി അസ്ഹർ എന്ന സ്വപ്നം വിദ്യാഭ്യാസപ്രേമിയായ അബുസ്സബാഹിന്റെ മനസ്സിൽ നാമ്പെടുക്കുക സ്വാഭാവികമാണ്. പക്ഷേ, മഞ്ചേരിയിലെ ഈ കൊച്ചു കെട്ടിടത്തിൽ അറബിക്കോളേജ് പ്രവർത്തിക്കുന്നേടത്തോളം കാലം അതിന്റെ വികസനമോ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിർമാണമോ ഒരിക്കലും സാധ്യമാകുമായിരുന്നില്ല. കൂടുതൽ വിശാലമായ ഒരു സ്ഥലത്തേക്ക് കോളേജ് മാറ്റുക എന്ന ചിന്ത അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നു. പറ്റിയ സ്ഥലം കണ്ടെത്താൻ അഡ്വ. എം.വി. ഹൈദ്രോസ്, എം.കുഞ്ഞോയി വൈദ്യർ എന്നിവരെ ചുമതലപ്പെടുത്തി. ഏറനാട്ടിൽ തന്നെ കോഴിക്കോടിന്റെ പരിസരത്ത് റയിൽവേ സൗകര്യമുള്ള സ്ഥലമായിരിക്കണമെന്ന തന്റെ ആഗ്രഹവും അദ്ദേഹം പ്രകടിപ്പിച്ചു. നിയോഗിക്കപ്പെട്ട രണ്ടു പേരും പല സ്ഥലങ്ങളും അന്വേഷിച്ചെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല. അബുസ്സബാഹിനാകട്ടെ ഉറക്കിലും ഉണർച്ചയിലുമെല്ലാം ഈ ചിന്ത തന്നെ. ഒരിക്കൽ അദ്ദേഹം വിദ്യാർത്ഥികളോട് ക്ലാസിനിടയിൽ ചോദിച്ചു. "കേരളത്തിൽ ഒരു മുസ്‌ലിം ഖലീഫയുടെ പേരുള്ള സ്ഥലമേത്?" ആർക്കും ഉത്തരം പറയാൻ കഴിഞ്ഞില്ല. അവസാനം ഉത്തരം അദ്ദേഹം തന്നെ വ്യക്തമാക്കി "ഫാറൂഖ്!"

മമ്മിളി ദേശം ഫാറൂഖ് ആക്കിയ ടിപ്പു

ഫറോക്കിന്റെ ചരിത്രം ഇങ്ങനെ: ഈ പ്രദേശത്തിന്റെ പണ്ടത്തെ പേര് മമ്മിളി ദേശം എന്നായിരുന്നു ചാലിയാറിന്റെ തീരത്ത് അപ്രശസ്തമായ ഈ പ്രദേശത്ത് കൃഷിയും കാലി വളർത്തലുമായി കഴിഞ്ഞിരുന്ന ഒരു വിഭാഗം ആളുകളാണ് താമസിച്ചിരുന്നത്. നാടുവാഴികളായ മൂസ്സത്മാരായിരുന്നു ഭരണം നടത്തിയിരുന്നത്. ടിപ്പു സുൽത്താന്റെ ആഗമനത്തിന് മുമ്പ് ഇവിടെ മുസ്‌ലിംകൾ ഉള്ളതായി അറിവില്ല. അദ്ദേഹം വന്നതോടെ പുരാതനവാസികളായ പൂതേരികളടക്കം ഇല്ലങ്ങളിലുള്ളവർ അന്യദേശങ്ങളിലേക്ക് കുടി

യേറിപ്പാർത്തു എന്നാണ് അനുമാനിക്കപ്പെടുന്നത്. ടിപ്പു മമ്മിളി ദേശത്തേക്ക് വന്നത് മലബാറിൽ തന്റെ ഭരണം സ്ഥാപിക്കാൻ വേണ്ടിയായിരുന്നില്ല. മറിച്ച് പാലക്കാട് രാജാവ് കോഴിക്കോട്ടെ സാമൂതിരിയുടെ ആക്രമണത്തിൽ നിന്ന് രക്ഷകിട്ടാനായി മൈസൂരിൽ ചെന്ന് ഹൈദരലിയോട് സഹായം തേടുകയായിരുന്നു. സൈന്യസമേതം 1755-ൽ മലബാറിലെത്തിയ ഹൈദരലി 1782-ൽ നിര്യാതനായ ശേഷം 1788 ഫിബ്രവരി 11-ാം തിയ്യതിയാണ് പിതാവിന്റെ ദൗത്യം ഏറ്റെടുത്ത് ടിപ്പു കോഴിക്കോട്ടെത്തുന്നത്. അദ്ദേഹം തനിക്ക് താവളമുണ്ടാക്കാൻ തെരഞ്ഞെടുത്തത് കോഴിക്കോട് നിന്ന് 8 മൈൽ അകലെ സ്ഥിതി ചെയ്യുന്നതും കോട്ട കെട്ടാൻ പറ്റിയ കുന്നുകളും താഴ്വരകളുമടങ്ങിയതുമായ മമ്മിളി പ്രദേശമാണ്. അദ്ദേഹം അതിന് ധീരനായ ഖലീഫ ഉമറിനെ അനുസ്മരിപ്പിക്കും വിധം 'ഫാറൂഖാബാദ്' എന്ന് പേരിടുകയും ചെയ്തു.

മമ്മിളി പ്രദേശത്തെ 105 അടി ഉയരമുള്ള കുന്നിൻ മുകളിൽ നിന്ന് നോക്കിയാൽ തുറമുഖങ്ങളും നദികളും വീക്ഷിക്കാം. ഇവിടെ ടിപ്പു നിർമിച്ച നാലു ഭാഗങ്ങളും കൂറ്റൻ കിടങ്ങുകളാൽ ചുറ്റപ്പെട്ട കോട്ടയിൽ പാറ തുരന്നുണ്ടാക്കിയ വെടിമരുന്നറകൾ, ഇരുനൂറോളം പേർക്കിരിക്കാവുന്ന ഹാൾ, നിലവറകൾ, നാണയക്കമ്മട്ടങ്ങൾ എല്ലാം ഉണ്ടായിരുന്നുവത്രെ. കോട്ടയിൽ നിന്ന് പുഴയിലേക്കുള്ള തുരങ്കം, കനാൽ എന്നിവയുമുണ്ടായിരുന്നു. 685 മീറ്റർ ചുറ്റളവിൽ, 217 മീറ്റർ വ്യാസത്തിൽ ഒമ്പത് ഏക്കർ സ്ഥലത്തായിരുന്നു ഈ കോട്ട. ഓരോ ഭാഗത്തും എട്ടോളം പീരങ്കി തറകളുമുണ്ടായിരുന്നു.

കോട്ടയിൽ നിന്ന് കിഴക്ക് മാറിയായിരുന്നു അന്നത്തെ അങ്ങാടിയും കടവും. ഇതിനടുത്താണ് ചന്തക്കുന്നും ചുങ്കവും. പേട്ടക്ക് സമീപമുള്ള ജീവഹാനി പറമ്പിലാണ് കുറ്റവാളികളെ തൂക്കികൊന്നിരുന്നത്. അവിടെ ഒരു ചെറിയ പള്ളിയുമുണ്ടായിരുന്നു. ഈ പള്ളിയിൽ വെച്ചാണ് ടിപ്പു അദ്ദേഹത്തെ കാണാൻ വന്ന കൊണ്ടോട്ടി തങ്ങളെ സ്വീകരിച്ചതെന്ന് പറയപ്പെടുന്നു. ഏതാണ്ട് മൂന്ന് വർഷമേ കോട്ടയുമായി ബന്ധപ്പെട്ട് ടിപ്പുവിന് കോഴിക്കോട് തങ്ങാൻ കഴിഞ്ഞുള്ളു. 1790 ൽ ആദ്യത്തിൽ കാലാവസ്ഥ മോശമായതിനാൽ കോട്ടയും മറ്റു കാര്യങ്ങളും മർത്താബ് ഖാനെ ഏൽപിച്ചു ടിപ്പു മൈസൂരിലേക്ക് തിരിച്ചുപോയി.

ടിപ്പുവിന്റെ സേനാനായകൻ ഹുസൈൻ അലിഖാൻ പരപ്പനങ്ങാടിയിൽ ബ്രിട്ടീഷുകാരോട് തോറ്റതിനെ തുടർന്ന് ബ്രിട്ടീഷ് പട്ടാളം കോട്ട പിടച്ചെടുക്കുകയും 1792-93 ൽ അവരുടെ താവളമാക്കുകയും ചെയ്തു. ഇംഗ്ലീഷുകാർക്ക് ഫാറൂഖാബാദ് ഫറോക്ക് ആയിമാറി.

അബുസ്സബാഹിന്റെ സ്വപ്ന ഭൂമി കണ്ടെത്തി

അബുസ്സബാഹിന്റെ സ്വപ്നഭൂമി കണ്ടെത്താൻ അഡ്വ.എം.വി.ഹൈദ്രോസും കുഞ്ഞോയി വൈദ്യരും നടത്തിയ ശ്രമത്തിന്റെ ഭാഗമായി ഫറോക്കിലെ പൗരപ്രധാനിയായ പുളിയാളി അബ്ദുള്ളക്കുട്ടി ഹാജിയെ സമീപി

ച്ചു. അദ്ദേഹം നിർദ്ദേശിച്ചതനുസരിച്ച് അവർ രണ്ടുപേരും ഇപ്പോൾ കോളേജ് നില കൊള്ളുന്ന 28 ഏക്കർ വരുന്ന സ്ഥലം പരിശോധിച്ചു. മുള്ളും കാടും ഉരുളൻ കല്ലുകളും നിറഞ്ഞ വിജനമായ പ്രദേശം. എത്തിച്ചേരാൻ വഴിയില്ല. താമസിക്കാൻ കൊള്ളുകയില്ലെന്നും പിശാചുക്കളുടെ ആവാസ കേന്ദ്രമാണെന്നും സ്ഥലപരിചയമുള്ള ചിലർ പറഞ്ഞു. എന്നാൽ അവർക്കു സ്ഥലം നന്നേ ഇഷ്ടപ്പെട്ടു. അബുസ്സുബാഹിനെ വിവരമറിയിച്ചു.

രാജാ അബ്ദുൽഖാദർ ഹാജിയുടെ ഔദാര്യം

അതിലിടക്ക് കോളേജിന്റെ പ്രചാരണാർത്ഥം മൗലാനാ മാഹിയിലുള്ള അദ്ദേഹത്തിന്റെ ഒരു സുഹൃത്തിനോടൊപ്പം സിലോണിലേക്ക് പോയിരുന്നു. എന്നാൽ പനി പിടിപെട്ട് പെട്ടെന്ന് മടങ്ങി. സുഖമില്ലാതെ കിടക്കുകയായിരുന്ന അദ്ദേഹത്തെ സന്ദർശിക്കാൻ ചാവക്കാട്ടെ രാജാ അബ്ദുൽ ഖാദർ ഹാജി താമസസ്ഥലത്തെത്തി. കോളേജിന്റെ വിപുലീകരണം ഉദ്ദേശിച്ച് സ്ഥലം വാങ്ങുന്നതിന്റെയും കൂടുതൽ സ്ഥാപനങ്ങൾ നിർമിക്കുന്നതിന്റെയും ആവശ്യകതയെല്ലാം മൗലാനാ അദ്ദേഹത്തെ ധരിപ്പിച്ചു. ഹാജിയുടെ പ്രതികരണം ഇങ്ങനെയായിരുന്നു: "മൗലവീ, സ്ഥാപനത്തെ ചൊല്ലി നിങ്ങൾ വിഷമിക്കേണ്ട. നമുക്ക് വഴിയുണ്ടാക്കാം." ഒരു ദൃക്സാക്ഷി വിവരണം: ഹാജി അദ്ദേഹത്തിന്റെ കമ്പനിയിലെ കാര്യസ്ഥനോട് അബുസ്സുബാഹിന് കത്തെഴുതാനുള്ള വാചകം പറഞ്ഞു കൊടുത്തു. കാര്യസ്ഥൻ: "മുതലാളീ പതിനായിരം ഉറുപ്പിക കൊടുത്താൽ നമ്മുടെ കച്ചവടം പിന്നെ എങ്ങനെ നടക്കും?" ഹാജി: "നമുക്ക് അല്ലാഹു തരും!" അന്നത്തെ പതിനായിരം ഉറുപ്പികയുടെ വില ഇന്നത്തെ നിലവാരത്തിൽ എത്ര വരുമെന്ന് മനസ്സിലാക്കണം. അല്ലാഹുവിലുള്ള ദൃഢവിശ്വാസവും ശുഭപ്രതീക്ഷയും!

28 ഏക്കർ നൽകിയ അബ്ദുള്ളക്കുട്ടി ഹാജി

ഫറോക്കിൽ സ്ഥലം നോക്കാൻ നിയോഗിക്കപ്പെട്ട രണ്ടുപേരും കണ്ടെത്തിയ അനുയോജ്യമായ സ്ഥലം വാങ്ങാൻ തന്നെ അബുസ്സുബാഹ് തീരുമാനിച്ചു. വില നിജപ്പെടുത്താൻ ഇവർ രണ്ടുപേരെ തന്നെ ചുമതലപ്പെടുത്തി. അബുസ്സുബാഹിന്റെ കൈവശമുള്ള പതിനായിരം രൂപ കൊണ്ട് സ്ഥലം വാങ്ങലും കെട്ടിട നിർമാണവും രണ്ടും കൂടി എങ്ങനെ സാധ്യമാകും എന്ന ആശങ്കയിലായിരുന്നു അവർ. എങ്കിലും ഹാജിയോട് വിട്ടുവീഴ്ച ചെയ്യാൻ അപേക്ഷിക്കാമെന്ന പ്രതീക്ഷയിൽ അദ്ദേഹത്തെ സമീപിച്ചു. സ്ഥലം വാങ്ങുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ അദ്ദേഹം ചോദിച്ചറിഞ്ഞു. അബുസ്സുബാഹിനെ അവർ അദ്ദേഹത്തിന് പരിചയപ്പെടുത്തി കൊടുത്തു. മുസ്ലിം സമുദായത്തിന്റെ അഭിവൃദ്ധിക്ക് ആവശ്യമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർമിക്കുകയാണ് ലക്ഷ്യമെന്ന് ബോധ്യപ്പെടുത്തി. അപ്പോൾ ഹാജിയുടെ പ്രതികരണം : "എന്നാൽ ഞാൻ ഈ സ്വത്ത് ഒരു പ്രതിഫലവും കൂടാതെ വഖ്ഫ് ചെയ്താലോ?" എത്ര സംശുദ്ധമായ മനസ്സ്! എന്തൊരു ഭക്തി. ഈ പുണ്യ

കർമം കാരണം അദ്ദേഹം കേരള മുസ്‌ലിംകളുടെ വിദ്യാഭ്യാസ ചരിത്രത്തിലെ ഒരു സുപ്രധാന സംഭവമായി മാറി. സന്തോഷഭരിതരായ അബുസ്സബാഹിന്റെ പ്രതിനിധികൾ പറഞ്ഞു: "അൽഹംദുലില്ലാ..!" വിവരം മൗലാനയെ അറിയിച്ചു. പത്രദ്വാരാ പൊതുജനങ്ങളെയും.

അക്ഷരവൈരികളുടെ എതിർപ്പ്

ഈ വാർത്ത മുസ്‌ലിം സമുദായത്തിൽ പൊതുവെ ആഹ്ലാദം ജനിപ്പിച്ച പ്പോൾ മറ്റൊരു വിഭാഗത്തിന് ഞെട്ടലുണ്ടാക്കി. നാട്ടിൽ വലിയൊരപകടം സംഭവിക്കാൻ പോവുകയാണെന്ന വിധത്തിലായിരുന്നു അവരുടെ സമീപ നം. ഹാജിയെ ഈ ഉദ്യമത്തിൽ നിന്ന് പിന്തിരിപ്പിക്കാനായി അവരുടെ ശ്രമം. നാട്ടിൽ നിലവിലുള്ള സമ്പ്രദായത്തിൽ നിന്നുള്ള ഒരു മാറ്റവും അംഗീകരി ക്കാത്ത ഒരു വിഭാഗം അന്ന് സജീവമായിരുന്നു. മുസ്‌ലിം സമുദായത്തിന്റെ വിദ്യാഭ്യാസ മുന്നേറ്റത്തിനുള്ള തടസ്സവും പിന്നോക്കാവസ്ഥക്കുള്ള കാര ണവും ഈ വിഭാഗത്തിന്റെ സമീപനം തന്നെയായിരുന്നു. അടുത്തൊരു ദിവസം വക്കീലും വൈദ്യരും റജിസ്ട്രേഷൻ തിയ്യതി നിർണയിക്കാൻ ഹാജി യുടെ വസതിയിലെത്തി. അപ്പോൾ അവിടെ ചില മതപണ്ഡിതന്മാരും പ്രമു ഖവ്യക്തികളുമുണ്ട്. ഇവർ ഇരുവരെയും കണ്ടമാത്രയിൽ ഹാജി: "ഹേ, വക്കീ ലേ, ആധാരം വേഗം റജിസ്ട്രാക്കൂ. എന്നാൽ ഇവർക്ക് വേറെ പണി നോക്കാ മല്ലോ." പറഞ്ഞ വാക്ക് മാറ്റിപ്പറയാത്ത മാന്യനും നിഷ്കളങ്കനുമായ ഈ മനുഷ്യന്റെ പ്രഖ്യാപനം അദ്ദേഹത്തെ പിന്തിരിപ്പിക്കാൻ വന്നവരെ ഇളിഭ്യ രാക്കി. അടുത്ത ദിവസം തന്നെ ജുമുഅക്ക് ശേഷം റൗസത്തുൽ ഉലും അസോസിയേഷന്റെ പ്രസിഡണ്ട് എന്ന നിലക്ക് അബുസ്സബാഹിന്റെ പേരിൽ സ്ഥലം റജിസ്ടർ ചെയ്തു. 'മുസ്‌ലിം സമുദായത്തിന്റെ അഭിവൃദ്ധിക്കും എന്റെ പരലോകഗുണത്തിനും വേണ്ടി' എന്നാണ് ആധാരത്തിൽ ഹാജി പ്രസ്താവിച്ചിട്ടുള്ളത്. 1947-ൽ അറബിക്കോളേജിനുള്ള കെട്ടിടത്തിന്റെ പണി ആരംഭിച്ചു.

6.
ഫാറൂഖ് കോളേജ് :
സമുദായത്തിന്റെ പ്രകാശഗോപുരം

അലിഗർ മുസ്‌ലിം യൂനിവേഴ്സിറ്റിയുടെ സ്ഥാപനം മുസ്‌ലിം ഇന്ത്യയുടെ ചരിത്രത്തിലെ മഹാസംഭവമായിരുന്നു. കേരളീയ മുസ്‌ലിം സമൂഹത്തിൽ ഇത് വിദ്യാഭ്യാസപരമായ പുതിയ അവബോധം സൃഷ്ടിച്ചു എന്നത് ശരി തന്നെ. ഇരുപതാം നൂറ്റാണ്ടിന്റെ നാലാം ദശകത്തിന്റെ അവസാനത്തിലെത്തിയിട്ടും അവർക്ക് സ്വന്തമായി ഒരു ആർട്സ് & സയൻസ് കോളേജ് സ്ഥാപിക്കാൻ കഴിഞ്ഞില്ല എന്ന ദുഃഖസത്യം അവശേഷിച്ചു. അതിനുള്ള ശ്രമം ചർച്ചകൾക്കും തീരുമാനങ്ങൾക്കും കമ്മറ്റി രൂപീകരണത്തിനുമപ്പുറം മുന്നോട്ട് കൊണ്ട് പോകാൻ കഴിഞ്ഞില്ല. മലബാറിന്റെ അന്നത്തെ ആസ്ഥാനമായ മദ്രാസിലാകട്ടെ മുഹമ്മദൻ കോളേജ് പോലുള്ള സ്ഥാപനങ്ങൾ നിലവിൽ വന്നിട്ട് വർഷങ്ങളായിരുന്നു. മുസ്‌ലിംകൾ അറബി-മത വിജ്ഞാനങ്ങളിൽ മാത്രമല്ല, ആധുനിക വിദ്യാഭ്യാസത്തിലും പുരോഗതി പ്രാപിക്കണമെന്ന ആശയം അബുസ്സബാഹ് മനസ്സിൽ പേറിക്കൊണ്ട് നടന്നു. താൻ ബന്ധപ്പെട്ട മുസ്‌ലിം നേതാക്കളും ധനാഢ്യരും വ്യക്തിപ്രമുഖരുമായി ഈ ആശയം അദ്ദേഹം പങ്ക് വെക്കുകയും ചെയ്തു. അഡ്വക്കറ്റ് എം.വി.ഹൈദ്രോസ് എഴുതുന്നു: "അബ്ദുൽ ഖാദർ ഹാജി വാഗ്ദത്തം ചെയ്ത 10000 ക കൊണ്ട് അറബിക്കോളേജിന് വേണ്ടി നിർമിക്കുന്ന കെട്ടിടത്തിന്റെ തറപ്പണി ഏതാണ്ട് തീർന്നപ്പോൾ ഹാജി പണിക്ക് മേൽനോട്ടം വഹിക്കാൻ നിയോഗിച്ചിരുന്ന മേസ്ത്രി മൊയ്തീൻ കുട്ടി എനിക്ക് എഴുതി: പൊന്നു വക്കീലേ, ആകെ കുഴപ്പത്തിലായല്ലോ. എടുത്ത പണി പൂർത്തിയാക്കാൻ ഇനി എന്ത് മാർഗം?" എന്നാൽ ഈ അവസരത്തിലും മൗലവി സാഹിബിന്റെ ആശ മുന്നോട്ട് തന്നെയായിരുന്നു. നമുക്ക് ഒരു ബി.എ.കോളേജ് തുടങ്ങണം എന്ന് ഇതിലിടക്ക് പലപ്പോഴും അദ്ദേഹം സഹപ്രവർത്തകരോട് പറയാറുണ്ട്."

മുസ്‌ലിംകൾക്ക് ഒരു ഫസ്റ്റ് ഗ്രേഡ് കോളേജ്

1947 മെയ് 17-ന് അബുസ്സബാഹിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന റൗസ

ത്തുൽ ഉലൂം അസോസിയേഷന്റെ യോഗത്തിൽ അസോസിയേഷന്റെ കീഴിൽ ഒരു ഫസ്റ്റ് ഗ്രേഡ് കോളേജിന് അംഗീകാരത്തിന് അപേക്ഷിക്കാൻ തീരുമാനിച്ചു. അഡ്വ.എം.വി.ഹൈദ്രോസ് എഴുതുന്നു: "ഇതിന്റെ വിജയത്തെപ്പറ്റി ചിലർക്ക് സംശയവും മറ്റു ചിലർക്ക് പരിഹാസവുമായിരുന്നു. അന്നു കെ. എം.സീതിസാഹിബും റൗസത്തുൽ ഉലൂം അസോസിയേഷൻ സെക്രട്ടറി അഡ്വ.എം.വി.ഹൈദ്രോസ് സാഹിബും മദ്രാസ് ലെജി. അസംബ്ലി മെമ്പർമാരായിരുന്നു. അബുസ്സബാഹ് ഉടനെ മദ്രാസിലേക്ക് പുറപ്പെട്ടു. ഇവരുമായും ഇന്ത്യൻ യൂനിയൻ മുസ്ലിംലീഗ് പ്രസിഡണ്ട് മുഹമ്മദ് ഇസ്മാഈൽ സാഹിബ്, ബി.പോക്കർ സാഹിബ് എന്നിവരുമായും ചർച്ച ചെയ്ത് കോളേജിന് അപേക്ഷ നൽകാൻ തീരുമാനിച്ചു. 1947 സപ്തംബർ 17ന് അബുസ്സബാഹ് അസോസിയേഷൻ പ്രസിഡണ്ട് എന്ന നിലക്ക് കോളേജിന് യൂനിവേഴ്സിറ്റിയിൽ അപേക്ഷ നൽകി. അപേക്ഷയോടൊപ്പം അടക്കേണ്ട 600 ക മദ്രാസിലെ ഒരു കച്ചവടക്കാരനിൽ നിന്ന് വായ്പ വാങ്ങുകയാണുണ്ടായത്. സാമ്പത്തികമായി അത്രയും വിഷമാവസ്ഥയായിരുന്നു അന്ന്. മദ്രാസ് യൂനിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ.എ.ലക്ഷ്മണ സ്വാമി മുതലിയാർ ഈ ഉദ്യമത്തിന് എല്ലാവിധ പ്രോത്സാഹനവും നൽകി. ഡോ.അബ്ദുൽ ഹഖ്, മൗലാനാ അബ്ദുൽ വഹാബ് ബുഖാരി എന്നിവർ ആവശ്യമായ എല്ലാ സഹായങ്ങളും നൽകി. അപേക്ഷ കൊടുത്ത ഉടനെത്തന്നെ മുഹമ്മദ് ഇസ്മാഈൽ സാഹിബിന്റെ നേതൃത്വത്തിൽ ഒരു യോഗം ചേർന്ന് അദ്ദേഹം ചെയർമാനും അഡ്വ.എം.വി.ഹൈദ്രോസ് കൺവീനറുമായി ഇരുപതംഗ കമ്മറ്റി കോളേജ് തുടങ്ങാനാവശ്യമായ ഫണ്ട് ശേഖരണത്തിനായി രൂപീകരിച്ചു. പൊതുജനങ്ങളോട് സഹായം നൽകാനുള്ള ഒരു അഭ്യർത്ഥനയും പുറപ്പെടുവിച്ചു. കെ. എം.സീതിസാഹിബ്, പോക്കർ സാഹിബ്, രാജാ അബ്ദുൽഖാദർ ഹാജി, കൊയപ്പത്തൊടി അഹ്മദ് കുട്ടി, പി.പി.ഹസൻ കോയ തുടങ്ങിയവരുടെ നേതൃത്വത്തിലാണ് ധനസമാഹരണ പ്രവർത്തനം നടന്നത്. കോളേജിന്റെ അംഗീകാരത്തിനുള്ള സാധ്യത പരിശോധിക്കാൻ പാലക്കാട് വിക്ടോറിയ കോളേജ് പ്രിൻസിപ്പാൾ കെ.എസ്.യു.നായർ നിയോഗിക്കപ്പെട്ടു.

സംഭാവനകളുടെ പ്രവാഹം

1948 ഏപ്രിൽ 9, 10 തിയ്യതികളിൽ മദ്രാസ് സർവകലാശാല കമ്മീഷനായി നിയോഗിച്ച പ്രൊഫ.അയ്യപ്പൻ പിള്ള (പ്രസിഡൻസി കോളേജ്) കോളേജിന്റെ നിർദിഷ്ട സ്ഥലം സന്ദർശിച്ചു. കെട്ടിടം പണിയാൻ ഉദ്ദേശിച്ച് പൂർത്തിയായ ഒരു തറ മാത്രമേ ഉണ്ടായിരുന്നുള്ളു. എങ്കിലും അവിടെ കൂടിയ സമുദായ സ്നേഹികളുടെ ആവേശവും നിശ്ചയ ദാർഢ്യവും കണ്ടപ്പോൾ സാങ്കേതിക പ്രതിബന്ധങ്ങളെയെല്ലാം മറികടന്ന് കമ്മീഷൻ അനുകൂല നിലപാടെടുക്കുകയാണുണ്ടായത്. കോളേജിനാവശ്യമായ സൗകര്യങ്ങളൊരുക്കാൻ സാവകാശം നൽകണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിരുന്നു. അതോടൊപ്പം യൂനിവേഴ്സിറ്റിയിൽ എൻഡോവ്മെന്റ് ഫണ്ടായി 5 ലക്ഷം രൂപ

കെട്ടിവെക്കാനും നിർദ്ദേശിച്ചിരുന്നു. നാട്ടിൽ ക്ഷാമം നിലനിൽക്കുന്ന സമയ മായതിനാൽ ഇതിലേക്ക് 1,70,000 ക മാത്രമേ പിരിച്ചെടുക്കാൻ കഴിഞ്ഞു ള്ളു. ഇനി എന്ത് ചെയ്യേണമെന്നാലോചിക്കാൻ അബുസ്സബാഹിന്റെ അദ്ധ്യ ക്ഷതയിൽ യോഗം ചേർന്നു. പണം ലഭിക്കാത്ത വിവരം യോഗത്തെ അറി യിച്ചപ്പോൾ അഡ്വ.ഹൈദ്രോസ് കരയുകയായിരുന്നു. തന്റെ വീടും പറമ്പും പണയപ്പെടുത്താൻ തയ്യാറാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. വാതരോഗം പിടി പെട്ട് അവശനായി യോഗത്തിൽ പങ്കെടുത്ത പി.എം.ആറ്റക്കോയ തങ്ങൾ ഈ രംഗം കണ്ട് ഇപ്രകാരം പറഞ്ഞു: "എനിക്ക് നടക്കാൻ വയ്യ. എന്നെ നിങ്ങൾ ചുമലിലേറ്റിക്കൊണ്ട് നടക്കുകയാണെങ്കിൽ പണം ഞാൻ പിരിച്ചു കൊള്ളാം." ഈ വാക്കുകൾ അവിടെ കൂടിയവരിൽ ആവേശം പകർന്നു. തുടർന്നുള്ള ശ്രമത്തിന്റെ ഫലമായി സംഭാവനകളുടെ പ്രവാഹമായി. കൊടി ത്തൊടി അഹ്മദ് കുട്ടി സാഹിബ് കൊണ്ടോട്ടിയിലെ എക്കാപറമ്പിൽ 15 ഏക്കർ ഭൂമി, കെ.എം.സീതി സാഹിബ് സഭാ പറമ്പ് എന്ന തെങ്ങിൻ തോട്ടം, സിദ്ദീഖ് സേട്ട് സാഹിബ് 404 ഏക്കർ വരുന്ന പള്ളിപ്പുറം മുനമ്പം എസ്റ്റേറ്റ്, മണപ്പാട് കുഞ്ഞിമുഹമ്മദ് ഹാജി വൈക്കം മുണ്ടാർ എസ്റ്റേറ്റ് എന്നിവയെല്ലാം സംഭാവനയായി നൽകി. അറബിക്കോളേജിന്റെ പരിസരത്ത് ഭൂമി നൽകിയ വരിൽ വടക്കേ വീട്ടിൽ മൊയ്തീൻ കുട്ടി ഹാജി, വടക്കേ വീട്ടിൽ മമ്മു എന്നി വർ ഉൾപ്പെടുന്നു. അങ്ങനെ മാസം തോറും 2000 രൂപയുടെ ആദായം കിട്ടാ വുന്ന ഏകദേശം ഒരു ലക്ഷം രൂപയുടെ ആസ്തി വേണമെന്ന യൂനിവേ ഴ്സിറ്റി നിർദേശവും പൂർത്തീകരിക്കപ്പെട്ടു.

കോളേജിന് അപേക്ഷ സമർപ്പിച്ചത് റൗസത്തുൽ ഉലൂം ഫസ്റ്റ് ഗ്രേഡ് കേളേജ് എന്ന പേരിലായിരുന്നു. എന്നാൽ പിന്നീട് വൈസ് ചാൻസലർ ലക്ഷ്മണ സ്വാമി മുതലിയാരുടെ അഭിപ്രായം മാനിച്ച്, സയ്യിദ് അബ്ദുൽ വഹാബ് ബുഖാരി സാഹിബിന്റെ ഉപദേശപ്രകാരം കോളേജിന്റെ പേര് സ്ഥല നാമത്തോടൊപ്പിച്ച് ഫാറൂഖ് എന്നാക്കി മാറ്റുകയാണുണ്ടായത്. 1948 ജൂൺ 12 ന് ആറ്റക്കോയ തങ്ങളുടെ വീട്ടിൽ വെച്ച് ചേർന്ന അസോസിയേഷൻ യോഗത്തിൽ വെച്ചാണ് ഈ പേര് മാറ്റത്തിന് അംഗീകാരം നൽകിയത്. അതേ യോഗത്തിൽ വെച്ച് തന്നെ അസോസിയേഷന്റെ കീഴിൽ ഫാറൂഖ് കോളേ ജിനും അറബിക്കോളേജിനും രണ്ട് വ്യത്യസ്ത കമ്മറ്റികൾ രൂപീകരിക്കാനും തീരുമാനമായി. കെ.എം.സീതിസാഹിബ് സെക്രട്ടറിയായി തെരഞ്ഞെടുക്ക പ്പെട്ട ഫാറൂഖ് കോളേജ് കമ്മറ്റിയുടെ പ്രസിഡണ്ട് ഖാൻ ബഹദൂർ വി.കെ.ഉ ണ്ണിക്കമ്മു സാഹിബും വൈ.പ്രസിഡണ്ട് ഖാൻ ബഹദൂർ പി.എം.ആറ്റക്കോയ തങ്ങളുമായിരുന്നു. പി.ഐ.കുഞ്ഞഹമ്മദ് കുട്ടി ഹാജി ജോ.സെക്രട്ടറിയും കെ.ഇസ്മാഈൽ സാഹിബ് ട്രഷറും മൗലവി അബുസ്സബാഹ് അഹ്മദ് അലി യും എ.കെ.ഖാദർ കുട്ടി സാഹിബും അംഗങ്ങളുമായിരുന്നു. മൗലവി അബു സ്സബാഹ് പ്രസിഡണ്ടായി അറബിക്കോളേജിന് മറ്റൊരു കമ്മറ്റിയും നില വിൽ വന്നു. അസോസിയേഷന്റെ കീഴിലുള്ള സ്വത്തുക്കളും രണ്ടു കമ്മറ്റി

കൾക്കുമായി വിഭജിക്കപ്പെട്ടു. അറബിക്കോളേജിന് വേണ്ടി നിർമാണം നടന്നു കൊണ്ടിരിക്കുന്ന ഒരു ഹാളും നാലു ക്ലാസ്സ് മുറികളുമുള്ള കെട്ടിടം ഫാറൂഖ് കോളേജിന് അംഗീകാരം ലഭിക്കുമ്പോൾ അതിന് വിട്ടുകൊടുക്കാൻ തീരുമാനിച്ചു. അറബിക്കോളേജ് മഞ്ചേരിയിൽ നിന്ന് ഫറോക്കിലേക്ക് ഷിഫ്റ്റ് ചെയ്തപ്പോൾ തൽക്കാലം ക്ലാസ്സുകൾ ആരംഭിച്ചത് ആശാരിപ്പണിക്ക് വേണ്ടി ഉപയോഗിച്ചിരുന്ന ഷെഡ്ഡിലാണ്. എന്നാൽ പിന്നെ ഫറോക്കിലെ മരവ്യവസായിയും ഉദാരമതിയുമായ കെ.അവറാൻകുട്ടി ഹാജി മുൻ കൈയ്യെടുത്ത് അറബിക്കോളേജിന് സ്വന്തമായി ഇടച്ചുമരുകളൊന്നുമില്ലാത്ത ഒരു ഹാൾ നിർമിച്ചു കൊടുത്തു. അദ്ദേഹം സ്വന്തം നിലക്കാണ് ഫാറൂഖ് കോളേജ് കാമ്പസിലെ മസ്ജിദുൽ അസ്ഹർ നിർമിച്ചതും. അറബിക്കോളേജ് കെട്ടിടത്തിൽ സ്ക്രീനുകൾ വെച്ച് ക്ലാസ്സുകൾ ആരംഭിച്ചു.

പ്രഥമ പ്രിൻസിപ്പാൾ

ഫാറൂഖ് കോളേജിന്റെ പ്രഥമ പ്രിൻസിപ്പാൾ ആയി സെയ്ത് മുഹ്യദ്ദീൻ ഷായെ നിയമിക്കാൻ തീരുമാനിച്ചു. അബുസ്സബാഹിനെ ഏറ്റവും അധികം ആദരിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്ന അദ്ദേഹം മദ്രാസ് ഗവ. സർവീസിൽ നിന്ന് ലീവെടുത്ത് വന്ന് ഫാറൂഖ് കോളേജിന്റെ സ്ഥാപനത്തിന് വേണ്ടി കഠിന യത്നം നടത്തുകയായിരുന്നു. ഫറോക്കിനെപ്പറ്റി ഷാ സാഹിബ് മഞ്ചേരിയിൽ വെച്ച് അബുസ്സബാഹുമായുണ്ടായ ഒരനുഭവം ഇങ്ങനെ വിവരിക്കുന്നു: "ഒരു ദിവസം പ്രാർത്ഥനക്കിടയിൽ അബുസ്സബാഹ് മൗലവി എന്നോട് പറഞ്ഞു: "ഫാറൂഖ്! ഫാറൂഖ്! എന്നൊരു ശബ്ദം സ്വപ്നത്തിൽ. എന്താണീ ഫാറൂഖ്." ഞാൻ പറഞ്ഞു: കോഴിക്കോടിനടുത്ത ഒരു സ്ഥലമാണത്. അതിന്റെ ശരിയായ പേര് ഫാറൂഖാബാദ് എന്നാണ്. ടിപ്പുസുൽത്താൻ കേരളത്തിന്റെ തലസ്ഥാനമാക്കാൻ ഒരുക്കിയിരുന്ന സ്ഥലമാണത്. 'ഫാറൂഖ്' എന്ന സ്ഥലത്ത് വല്ല സ്ഥാപനവും നിർമിക്കാമോ എന്നാലോചിക്കണം- അബുസ്സബാഹ് പറഞ്ഞു.' ഗവ.മുഹമ്മദൻ കോളേജ് പ്രൊഫസറായിരുന്ന ഷാ സാഹിബിനോട് ഫാറൂഖ് കോളേജിന്റെ പ്രിൻസിപ്പാൾ സ്ഥാനം ഏറ്റെടുക്കാൻ മുഹമ്മദ് ഇസ്മാഈൽ സാഹിബും പോക്കർ സാഹിബും നിർദ്ദേശിച്ചു.

കോളേജ് ആരംഭിക്കുന്നതിന് സർവകലാശാലയുടെ അംഗീകാരം ലഭിച്ചു. 1948 ജൂൺ 12 ന് 1 മണിക്ക് ഖാൻ ബഹദൂർ പി.എം.ആറ്റക്കോയ തങ്ങളുടെ വസതിയിൽ വെച്ച് കോളേജ് ആരംഭിച്ചതായി പ്രഖ്യാപിക്കപ്പെട്ടു. കെട്ടിടത്തിന്റെ പണി പൂർത്തിയാകാത്തതിനാൽ ഫറോക്ക് ചുങ്കത്തിനടുത്ത കളത്തിങ്ങൽ ഇസ്മാഈൽ സാഹിബിന്റെ വസതിയിലാണ് കോളേജ് ആരംഭിച്ചത്. ഇന്റർ മീഡിയറ്റ്, ബി.എ.ക്ലാസ്സുകളും 32 വിദ്യാർത്ഥികളുമാണുണ്ടായിരുന്നത്. പിന്നീട് കെട്ടിടത്തിന്റെ പണി പൂർത്തിയായപ്പോൾ അതിലേക്ക് മാറ്റി. ആസാദ് ഹോസ്റ്റൽ നിലവിൽ വരുന്നത് വരെയും ഇസ്മാഈൽ സാഹിബിന്റെ കെട്ടിടത്തിൽ തന്നെയാണ് വിദ്യാർത്ഥികൾ താമസിച്ചിരുന്നതും.

വി.മുഹമ്മദ് സാഹിബ് ഫാറൂഖ് കോളേജ് ആരംഭിച്ച ആദ്യ ദിവസം തന്നെ സ്ഥാപനത്തിൽ അദ്ധ്യാപകനായി സേവനമാരംഭിച്ചു. അദ്ദേഹം അബുസ്സ ബാഹിനെ 1944 മുതൽക്കേ കാണാറുണ്ടായിരുന്നു. വി.മുഹമ്മദ് സാഹിബ് എഴുതുന്നു: "1944-48 കാലത്ത് മൗലവി സാഹിബ് ഇടക്കിടെ മദിരാശിയിൽ വരാറുണ്ടായിരുന്നു. അപ്പോൾ ട്രഫ്ളിക്കയിൽ ഹൈറോഡിൽ തുറാബ് ഹുസൈൻ സാഹിബ് താമസിച്ചിരുന്ന വീട്ടിൽ അതിഥിയായിട്ടാണ് അദ്ദേഹം താമസിച്ചിരുന്നത്. ആ റോഡിൽ നിന്ന് അധികം അകലെയല്ലായിരുന്നു ഞാനും ഗവ.മുഹമ്മദൻ കോളേജിലെ ചില കേരളീയ വിദ്യാർത്ഥികളും താമ സിച്ചിരുന്ന ട്രൈനിംഗ് സ്കൂൾ ഹോസ്റ്റൽ. മൗലവി സാഹിബ് വന്നാൽ ചില കേരളക്കാരായ വിദ്യാർത്ഥികൾ ആ വീട്ടിൽ പോയി കുറച്ചു സമയം അദ്ദേ ഹത്തിന്റെ കൂടെ ചെലവഴിക്കാറുണ്ട്. തുറാബ് ഹുസൈൻ സാഹിബും അവിടെ ഉണ്ടാകും."

മുസ്ലിംലീഗും ഫാറൂഖ് കോളേജും

ഫാറൂഖ് കോളേജ് സ്ഥാപിക്കുന്നതിൽ മുസ്ലിം ലീഗും അതിന്റെ മുഖ പത്രമായ ചന്ദ്രികയും വഹിച്ച പങ്ക് അനിഷേധ്യമത്രെ. സി.എഛ്.മുഹമ്മദ് കോയ എഴുതുന്നു. "കോളേജിനെ സംബന്ധിച്ച ഒരാവേശം സമുദായ മധ്യ ത്തിൽ പരത്തുന്നതിനും കോളേജിന് ലഭിച്ച സംഭാവനകൾക്ക് പ്രസിദ്ധീക രണം നൽകുക വഴി കൂടുതൽ ഉദാരതക്ക് പ്രചോദനം നൽകുന്നതിനും ചന്ദ്രിക വഹിച്ച പങ്ക് അന്ന് ആ പത്രത്തിലെ ഒരു പ്രവർത്തകനായിരുന്ന ഞാൻ അഭിമാന പൂർവം സ്മരിക്കുന്നു. കുറേകാലം ചന്ദ്രികയുടെ കോള ങ്ങളിലാണ് കോളേജ് ജീവിച്ചത്. സമുദായം പൊതുവെ ആവേശം കാണി ച്ചുവെങ്കിലും സാമ്പത്തികമായ ബാലാരിഷ്ടുകൾ സ്ഥാപനം മുതലേ കോളേ ജിനെ ഞെക്കിക്കൊണ്ടിരുന്നു. അന്ന് കെ.എം.സീതി സാഹിബ് മലബാർ ജില്ലാ മുസ്ലിം ലീഗിന്റെ സെക്രട്ടറിയായിരുന്നു. അദ്ദേഹത്തിന്റെയും ഖജാഞ്ചി എ.കെ.ഖാദർകുട്ടി സാഹിബിന്റെയും പരിശ്രമഫലമായി ജില്ലാ ലീഗ് ഫണ്ടിൽ നിന്ന് 25000 ക ഫാറൂഖ് കോളേജ് ഫണ്ടിലേക്ക് നൽകാൻ ജില്ലാ ലീഗ് സമ്മതിച്ചു. അന്നത്തെ നിലക്ക് അതൊരു വലിയ സംഭാവനയാ യിരുന്നു. അതിന് പുറമെ ഒരു കാറും കോളേജിന് വേണ്ടി നൽകിയിരുന്നു." ആ കാലഘട്ടത്തിൽ മലബാർ മുസ്ലിം ലീഗിന്റെ അദ്ധ്യക്ഷനായിരുന്ന സയ്യിദ് അബ്ദുറഹ്മാൻ ബാഫക്കി തങ്ങൾ കോളേജിന്റെ ഫൈനാൻസ് കമ്മറ്റി മെമ്പറായിരുന്നു. മുസ്ലിം ലീഗ് നേതാവായ സീതി സാഹിബ് കോളേ ജിന് വേണ്ടി ചെയ്ത സേവനങ്ങൾ ആർക്കും വിസ്മരിക്കാൻ കഴിയാത്ത ചരിത്ര രേഖയാണ്. ഒന്നാം ഗ്രേഡ് കോളേജ് ആരംഭിക്കുന്നതിനുള്ള ഫണ്ട് പിരിച്ചുണ്ടാക്കുന്നതിൽ അദ്ദേഹം നിർണായകമായ പങ്ക് വഹിച്ചു. അദ്ദേഹ ത്തിന്റെ പിതാവ് ലജ്നത്തുൽ ഹമദാനിയ സംഘത്തിന് സംഭാവന ചെയ്തി രുന്ന സ്വത്ത് അദ്ദേഹം ഫാറൂഖ് കോളേജിന് നൽകി. 1947 ൽ കോളേജിന്റെ ആദ്യത്തെ ഭരണ സമിതി രൂപീകരിച്ചത് മുതൽ മരണം വരെ സീതിസാ

ഹിബ് അതിന്റെ സെക്രട്ടറിയായി തുടർന്നു.

മുസ്‌ലിം സമുദായത്തിന്റെ ആവേശം

ഫാറൂഖ് കോളേജിന്റെ സ്ഥാപനം കേരളത്തിലെ മുസ്‌ലിം വിദ്യാഭ്യാസ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായത്തിന്റെ തുടക്കമായിരുന്നു. അരനൂറ്റാണ്ടിനിടക്ക് പലരും പല സന്ദർഭങ്ങളിലായി മുസ്‌ലിംകൾക്ക് ഒരു കോളേജ് സ്ഥാപിക്കാൻ ശ്രമിച്ചു പരാജയപ്പെട്ടേടത്താണ് ഒരു മതപണ്ഡിതനായ അബു സ്സബാഹ് വിജയം നേടുന്നത്. ഇതിലൂടെ അദ്ദേഹം മനസ്സിൽ രണ്ടുവർഷമായി താലോലിച്ചു കൊണ്ട് നടന്ന സ്വപ്നം സാക്ഷാത്ക്കരിക്കപ്പെട്ടു. അബു സ്സബാഹിന് എങ്ങനെ ഇത് സാധിച്ചു? അക്കാലത്തെ സമുദായ നേതാക്കളുടെയും ധനാഢ്യന്മാരുടെയും പ്രമുഖ വ്യക്തികളുടെയുമെല്ലാം പിന്തുണ എന്ത്കൊണ്ട് അദ്ദേഹത്തിന് ലഭിച്ചു? അദ്ദേഹത്തിന്റെ നിസ്വാർത്ഥതയിലും സമുദായ പുരോഗതിയിലുള്ള താത്പര്യത്തിലും സമൂഹത്തിന് പൂർണവിശ്വാസമായിരുന്നു. അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസം, അവന്റെ സഹായം ലഭിക്കുമെന്ന ഉറപ്പ്, പ്രതിബന്ധങ്ങളെ അതിജയിക്കാനുള്ള കരുത്ത്, ആത്മവിശ്വാസം, ശുഭ പ്രതീക്ഷ- ഇവയൊക്കെയായിരുന്നു ആ വിദ്യാഭ്യാസപ്രവർത്തകന്റെ കൈമുതൽ. ഒരു ലക്ഷ്യം മുമ്പിൽ കണ്ടാൽ അതിന് തടസ്സമായി നിൽക്കുന്ന ഏത് പ്രതിബന്ധത്തെയും തട്ടിയകറ്റാനുള്ള നിശ്ചയദാർഢ്യം അബുസ്സബാഹിന്റെ മുഖമുദ്രയായിരുന്നു. അറബിക്കോളേജിന്റെ ആവശ്യാർത്ഥം വഖ്ഫ് ചെയ്യപ്പെട്ട 28 ഏക്കർ ഭൂമിയിൽ 17 ഏക്കറും നിർമാണത്തിലിരിക്കുന്ന കെട്ടിടവും അദ്ദേഹം ഫാറൂഖ് കോളേജിന് വിട്ടു കൊടുത്തു. മുസ്‌ലിം സമുദായം മത ധാർമിക വിദ്യാഭ്യാസത്തിലും ആധുനിക വിദ്യാഭ്യാസത്തിലും ഒരേ അവസരം പുരോഗതിയാർജിക്കേണമെന്ന ചിന്തയാണ് ആ പരിഷ്കർത്താവിനെ നയിച്ചിരുന്നത്.

7.

വിജ്ഞാനപ്പൂങ്കാവനത്തിന്റെ വിസ്മയകരമായ വളർച്ച

അബുസ്സബാഹ് ആരംഭിച്ച ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനത്തിനും വിദ്യാഭ്യാസ പ്രവർത്തനം നടത്താനുള്ള സംഘടനയ്ക്കും 'വിജ്ഞാനങ്ങളുടെ മലർവാടി' എന്നർത്ഥമുള്ള റൗസത്തുൽ ഉലൂം എന്ന് പേര് നൽകിയപ്പോൾ അദ്ദേഹത്തിന്റെ മനസ്സിലെ സങ്കൽപം വിവിധ സ്ഥാപനങ്ങൾ തല ഉയർത്തി നിൽക്കുന്ന മഹാ വിജ്ഞാന സമുച്ചയമാണ്. കാട് മൂടിക്കിടന്ന, കുറുക്കന്മാരുടെയും പാമ്പുകളുടെയും ആവാസ കേന്ദ്രമായിരുന്ന ഇരുമൂളിപ്പറമ്പിനെ തന്റെ മനസ്സിലെ പൂങ്കാവനമാക്കി മാറ്റാൻ അദ്ദേഹം കഠിനയത്നം നടത്തുകയായിരുന്നു. പണക്കാരും പണ്ഡിതന്മാരും രാഷ്ട്രീയ നേതാക്കളും വിദ്യാസമ്പന്നരുമെല്ലാം അദ്ദേഹത്തിന്റെ കരങ്ങൾക്ക് ശക്തി പകർന്നു. അറബിക്കോളേജിന്റെയും ഫാറൂഖ് കോളേജിന്റെയും രണ്ടിന്റെയും പുരോഗതിക്കും കൂടുതൽ സ്ഥാപനങ്ങൾ പടുത്തുയർത്തുന്നതിനും അദ്ദേഹം ശ്രമം നടത്തിക്കൊണ്ടിരുന്നു.

അറബിക്കോളേജിന് പുതിയ കെട്ടിടം

അറബിക്കോളേജിന് വിപുലമായ സൗകര്യങ്ങൾ അടങ്ങിയ ക്ലാസ്സ് മുറികൾ ഉൾക്കൊള്ളുന്ന പുതിയ കെട്ടിടം. അതിന്റെ മുൻവശത്ത് ഈജിപ്ഷ്യൻ കലാകാരന്മാർ തയ്യാറാക്കിയ ഖുർആൻ വാക്യങ്ങൾ കൊത്തിവെച്ചു. വിദ്യാർത്ഥികൾക്ക് താമസിക്കാൻ ഹോസ്റ്റൽ നിർമിച്ചു. ഭക്ഷണവും താമസവും അവർക്ക് സൗജന്യമായി നൽകി. സമൂഹത്തിന് വിജ്ഞാനം പകർന്നു കൊടുക്കുകയും അവർക്ക് മാർഗദർശനം നൽകുകയും ചെയ്യുന്ന ഒരു മത പണ്ഡിതനുണ്ടായിരിക്കേണ്ട കഴിവുകളെയും ഗുണവിശേഷങ്ങളെയും സംബന്ധിച്ചു അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. ഈജിപ്തിലെ സുപ്രസിദ്ധമായ അൽ അസ്ഹർ സർവകലാശാലയിൽ നിന്ന് പുറത്ത് വരുന്ന പ്രഗത്ഭരായ പണ്ഡിതന്മാരുടെ ചിത്രമാണ് അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നത്. അറബി ഭാഷയിലും മതവിജ്ഞാനങ്ങളിലും നല്ല കഴിവും

ആധുനിക ചിന്തയും സേവന പ്രതിബദ്ധതയുമുള്ളവരായിരിക്കണം തന്റെ ശിഷ്യന്മാരെന്ന് ലക്ഷ്യം വെച്ച് അദ്ദേഹം പ്രവർത്തിച്ചു. പക്ഷേ, വിദ്യാർത്ഥികളുടെ ചെലവിനും അധ്യാപകർക്ക് ശമ്പളം കൊടുക്കുന്നതിനും പ്രതിമാസം നല്ലൊരു സംഖ്യ ആവശ്യമായിരുന്നു. വികസന പ്രവർത്തനങ്ങൾക്ക് വേറെയും പണം കണ്ടെത്തണം. അന്നത്തെ അവസ്ഥ അറബിക്കോളേജ് സീനിയർ അദ്ധ്യാപകനായിരുന്ന എം.മുഹമ്മദ് അബുസ്സലാഹ് മൗലവി ഇങ്ങനെ വിവരിക്കുന്നു:

"സ്വന്തം വീടിനേക്കാൾ മൗലവി സ്നേഹിച്ചിരുന്നത് കോളേജിനെയായിരുന്നു. വിദ്യാർത്ഥികൾക്ക് ഒരു ദിവസം പട്ടിണിയാണെന്ന് കണ്ടാൽ എവിടെയെങ്കിലും പോയി കടമായിട്ടെങ്കിലും അരിയും സാധനങ്ങളും വാങ്ങിക്കൊണ്ടു വരും." അദ്ധ്യാപകരുടെ അവസ്ഥ ഇങ്ങനെയായിരുന്നു: "അദ്ധ്യാപകരായി അന്ന് ഞങ്ങൾ ആറ് പേരുണ്ടായിരുന്നു. ഞങ്ങൾക്ക് ശമ്പളമില്ല. സംഭാവന കിട്ടുന്നതിൽ നിന്ന് വല്ലതും തരും. വളരെ ചെറിയ തുക അതും സ്ഥിരമായി കിട്ടുകയില്ല. അങ്ങനെയൊക്കെയാണെങ്കിലും ആത്മാർത്ഥത കൊണ്ടാവണം ഞങ്ങൾ സംതൃപ്തരായിരുന്നു". മുസ്ലിം സമുദായത്തിന്റെ സാമ്പത്തിക നില ഒട്ടും മെച്ചമല്ലാത്ത ഒരു കാലമായിരുന്നു അത്. ഇങ്ങനെയൊക്കെയാണെങ്കിലും അല്ലാഹു സഹായിക്കുമെന്ന ശുഭാപ്തി വിശ്വാസം കൈമുതലാക്കി അബുസ്സബാഹ് മുന്നോട്ട് നീങ്ങി. അഭിവൃദ്ധി പദ്ധതികൾ അദ്ദേഹം തുടർന്നു കൊണ്ടിരുന്നു.

ഫാറൂഖ് ഹൈസ്കൂൾ

താൻ വിഭാവനം ചെയ്യുന്ന വിജ്ഞാന മലർവാടിയിൽ പ്രാഥമിക വിദ്യാഭ്യാസം മുതൽ ബിരുദാനന്തര ബിരുദം വരെയുള്ള കോഴ്സുകളും അധ്യാപകരെ വാർത്തെടുക്കാനുള്ള സ്ഥാപനവും വേണമെന്ന് അബുസ്സബാഹ് വിഭാവനം ചെയ്തിരുന്നു. 1954-ൽ അറബി ഭാഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന 'ഫാറൂഖ് ഓറിയന്റൽ ഹൈസ്കൂൾ' എന്ന സ്ഥാപനം അറബിക്കോളേജ് മാനേജിംഗ് കമ്മറ്റിയുടെ കീഴിൽ അദ്ദേഹം സ്ഥാപിച്ചു. എന്നാൽ പിന്നെ സ്കൂളിന്റെ പുരോഗതിയും ജാതിമതഭേദമന്യേ കൂടുതൽ പേർക്ക് പഠിക്കാനുള്ള സൗകര്യവും മുൻനിറുത്തി 1957-ൽ അത് ഒരു സാധാരണ ഹൈസ്കൂളാക്കി മാറ്റി. സ്കൂളിനോടനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തിയതിനാൽ കേരളത്തിന്റെ നാനാഭാഗത്തു നിന്നുമുള്ള മുസ്ലിം വിദ്യാർത്ഥികൾ സ്കൂളിൽ പഠിക്കാൻ എത്തിയിരുന്നു. അവർക്കെല്ലാം പ്രത്യേക മതപഠന ക്ലാസ്സുകളും ഏർപ്പെടുത്തി. വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ നിർമിച്ചു സംഭാവന ചെയ്തത് രാജാ അബ്ദുൽ ഖാദർ ഹാജിയായിരുന്നു. 1960-ൽ ഹൈസ്കൂളിനോടനുബന്ധിച്ച് ലോവർ പ്രൈമറി സ്കൂളും സ്ഥാപിച്ചു. ഈ സ്ഥാപനങ്ങളുടെയെല്ലാം മാനേജർ അബുസ്സബാഹ് മൗലവി തന്നെയായിരുന്നു.

ഷാ സാഹിബിനു ശേഷം

കാട്ടിൽ നിന്ന് നാട്ടിൽ വന്ന അബുസ്സബാഹിന് എന്തൊക്കെയോ സിദ്ധികളുണ്ടെന്ന വിശ്വാസക്കാരനായിരുന്നു ഫാറൂഖ് കോളേജിന്റെ പ്രഥമ പ്രിൻസിപ്പാൾ ആയ സെയ്ത് മുഹ്യദ്ദീൻഷാ. മൗലവിയോടൊപ്പം അദ്ദേഹം ഫാറൂഖ് കോളേജിനെ ശൂന്യതയിൽ നിന്ന് പടുത്തുയർത്തുകയായിരുന്നു. കെട്ടിടങ്ങൾക്കാവശ്യമായ പണം ശേഖരിക്കാനായി അദ്ദേഹം വിശ്രമമില്ലാതെ ഓടി നടന്നു. വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും കണ്ടെത്തുക അതിനേക്കാൾ പ്രയാസകരമായിരുന്നു. "അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കാൻ പണമുണ്ടായിരുന്നില്ല. പലരോടും വ്യക്തിപരമായി കടം വാങ്ങി ശമ്പളം കൊടുത്തു. എന്നാൽ പലപ്പോഴും എനിക്ക് ശമ്പളമുണ്ടായിരുന്നില്ല." -ഷാ സാഹിബ് എഴുതുന്നു. ഹൈദ്രാബാദിൽ ഒരു കോളേജിന്റെ പ്രിൻസിപ്പാൾ ആയിരുന്ന അമ്മാവന്റെ സ്വന്തം പുസ്തക ശേഖരത്തിൽ നിന്ന് 1000 പുസ്തകങ്ങൾ സമ്പാദിച്ച് ആദ്യമായി ഷാ സാഹിബ് ഫാറൂഖ് കോളേജ് ലൈബ്രറിക്ക് തുടക്കം കുറിച്ചു. അക്കാലത്ത് കോളേജിന് നേരെ പൊതുജനങ്ങൾക്കുണ്ടായിരുന്ന വികാരം മനസ്സിലാക്കാൻ ഉതകുന്ന ഒരു സംഭവം: ഷാ സാഹിബ് ഫറോക്ക് ചുങ്കത്ത് റോഡിലൂടെ നടന്നു പോവുകയാണ്. ഒരു തൊഴിലാളി അദ്ദേഹത്തെ സമീപിച്ചു. ഒരു ഉറുപ്പിക കോളേജിന് സംഭാവനയായി നൽകി. എന്തൊരാവേശം! കോളേജിന് പണം പിരിക്കുന്നതോടൊപ്പം പുതിയ കോഴ്സുകളും ഫാക്കൽറ്റികളും സ്ഥാപിച്ചു അക്കാഡമിക് നില അഭിവൃദ്ധിപ്പെടുത്താനും അദ്ദേഹം യത്നിച്ചു. അങ്ങനെ സമുദായ മദ്ധ്യത്തിലും യൂനിവേഴ്സിറ്റി തലത്തിലും തുടക്കം തൊട്ടേ കോളേജിന് നല്ലൊരു പേര് നേടിക്കൊടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

എന്നാൽ ഷാ സാഹിബ് മദ്രാസ് സർക്കാർ സർവീസിൽ നിന്ന് അഞ്ചു വർഷത്തെ ഡെപ്യൂട്ടേഷനിൽ വന്നതായിരുന്നുവല്ലോ. ഫാറൂഖ് കോളേജ് മാനേജിംഗ് കമ്മറ്റി പ്രസിഡണ്ടായിരുന്ന എ.കെ.കുഞ്ഞിമായൻ ഹാജിയുടെ ആവശ്യ പ്രകാരം അദ്ദേഹം ഒരു വർഷം കൂടി തുടർന്നു. 1955-ൽ സർവീസിലേക്ക് തിരിച്ചു പോയി. മറ്റൊരു പ്രിൻസിപ്പാൾ നിയമിതനാകുന്നത് വരെ ഗണിത ശാസ്ത്ര വിഭാഗം പ്രൊഫസറായിരുന്ന എൻ.വി.ബീരാൻ സാഹീബ് ആസ്ഥാനം വഹിച്ചു 1957-ൽ ആണ് ഇംഗ്ലീഷ് പ്രൊഫസർ ആയിരുന്ന കെ. എ.ജലീൽ സാഹിബ് പ്രിൻസിപ്പാൾ ആയി നിയമിതനാകുന്നത്. അദ്ദേഹം വാണിയമ്പാടി ഇസ്ലാമിയ കോളേജിൽ ലക്ചറർ ആയിരിക്കുമ്പോഴാണ് ഫാറൂഖ് കോളേജിന്റെ പരസ്യം കാണുന്നത്. പ്രൊഫ. ജലീൽ എഴുതുന്നു: "ഉൽസാഹത്തോടും പ്രതീക്ഷയോടും 1948 ജൂണിൽ ഞാൻ ഫറോക്ക് റെയിൽവെ സ്റ്റേഷനിൽ വണ്ടിയിറങ്ങി. പലരോടും അന്വേഷിച്ചിട്ടും കോളേജിനെക്കുറിച്ച് ആർക്കും അറിയില്ലായിരുന്നു. സ്റ്റേഷനു മുമ്പിൽ സംശയിച്ചു നിൽക്കുമ്പോൾ ഒരു ജീപ്പ് മുമ്പിൽ വന്നു നിന്നു. മൗലവി അബുസ്സബാഹ് അഹ്മദ് അലി സാഹിബാണ് ജീപ്പിലുണ്ടായിരുന്നത്. എന്റെ പ്രത്യേക വേഷം

കണ്ട് സംശയിച്ച് നിർത്തിയതായിരിക്കണം. ഞങ്ങൾ ഒരുമിച്ച് കോഴിക്കോട് ഹൈദ്രോസ് വക്കീലിന്റെ വീട്ടിൽ പോയി. അന്നു രാത്രി തന്നെ കോളേജ് മാനേജിംഗ് കമ്മറ്റിയോഗം കോഴിക്കോട് നടക്കുന്നുണ്ടെന്നും അതിൽ പങ്കെടുത്ത ശേഷം തിരിച്ചു പോകാമെന്നും അവർ പറഞ്ഞു. ഞാൻ താജ്മഹൽ ഹോട്ടലിൽ മുറിയെടുത്തു. നേരാംവണ്ണം കുളിക്കാൻ പോലും സൗകര്യമില്ലാത്ത ആ ഹോട്ടലിലെ താമസം ഇപ്പോഴും ഓർമയിലുണ്ട്. ആറ്റക്കോയ തങ്ങളുടെ വീട്ടിലാണ് കമ്മറ്റി യോഗം. ഞാൻ എത്തിച്ചേർന്ന ഉടനെ തലശ്ശേരിയിൽ നിന്ന് സീതി സാഹിബും എത്തിച്ചേർന്നു. ഞങ്ങൾ ഏറെ നേരം സംസാരിച്ചു. യോഗത്തിൽ വെച്ചുണ്ടായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇസ്ലാമിയ കോളേജിൽ നിന്ന് രാജി വെച്ച് ഫാറൂഖ് കോളേജിൽ ലക്ചറർ ആയി ചേർന്നു.

പ്രൊഫ: ജലീൽ പ്രിൻസിപ്പാൾ

പ്രൊഫസർ ജലീൽ അബുസ്സബാഹുമായി കൂടിയാലോചിച്ചും സഹകരിച്ചും പ്രവർത്തിക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. കോളേജിന് അൽഭുതകരമായ വളർച്ചയാണ് അദ്ദേഹത്തിന്റെ കാലത്തുണ്ടായത്. നേരത്തെ കെ. ഇസ്മാഈൽ സാഹിബ് നിർമിച്ച 40 മുറികളുള്ള ആസാദ് ഹോസ്റ്റലും അബ്ദുള്ളക്കുട്ടി ഹാജി നിർമിച്ച ന്യൂഹോസ്റ്റലും അവറാൻ കുട്ടിഹാജി നിർമിച്ച നോർത്ത് ഈസ്റ്റ് ഹോസ്റ്റലുമാണ് കോളേജിനുണ്ടായിരുന്നത്. എന്നാൽ ജലീൽ സാഹിബ് എ.ലക്ഷ്മണ സ്വാമി മുതലിയാരുടെ നാമധേയത്തിൽ എ.എൽ.എം.ഹോസ്റ്റലും, യു.ജി.സി. ഫണ്ട് ഉപയോഗിച്ച് സർ സയ്യിദ് ഹോസ്റ്റലും, മാനേജിംഗ് കമ്മറ്റി പ്രസിഡണ്ടായിരുന്ന എ.കെ.കുഞ്ഞിമായൻ ഹാജിയുടെ സംഭാവനയായ പ്രസിഡൻസ് ഹോസ്റ്റലും നിർമിച്ചു. ഇൻഡോ-സാരസൻ ശിൽപകലാ ഭംഗിയോടെ നിർമിച്ച രാജാഗേറ്റ് രാജാ അബ്ദുൽഖാദർ ഹാജിയുടെ സംഭാവനയാണ്. യുനസ്കോ ഹെഡ് ക്വാർട്ടേഴ്സിന്റെ മാതൃകയിൽ നിർമിച്ച മെയിൻ ബിൽഡിംഗ് പണിതതും ജലീൽ സാഹിബിന്റെ കാലത്താണ്. 1959-ൽ ആണ് ഫാറൂഖ് കോളേജിൽ ആദ്യമായി പെൺകുട്ടികൾക്ക് പ്രവേശനം നൽകിയത്. അതും സമുദായത്തിന്റെ പ്രതികരണത്തെപ്പറ്റിയുള്ള ഭയാശങ്കകളോടെ. അന്ന് ആകെ ചേർന്ന പതിമൂന്ന് പെൺകുട്ടികളിൽ മുസ്ലിം പെൺകുട്ടി ഒരേ ഒരാൾ മാത്രം. പിന്നീട് പെൺകുട്ടികൾക്ക് മാത്രമായി ഒരു ഹോസ്റ്റൽ പണിതു. മദ്രാസ് ഗവർമെന്റിന്റെ കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സ്കീമിൽ 14 സ്റ്റാഫ് കോർട്ടേഴ്സുകൾ പണിതു. യു.ജി.സി. ഗ്രാന്റ് ഉപയോഗിച്ച് ആറ് ക്വാർട്ടേഴ്സുകളുമുണ്ടാക്കി. യു.ജി.സിയിൽ നിന്ന് കിട്ടാവുന്ന സഹായങ്ങൾ ഒക്കെ നേടിയെടുക്കുന്നതിൽ ജലീൽ സാഹിബ് അസാമാന്യ വൈദഗ്ധ്യമാണ് കാണിച്ചത്. കുഞ്ഞാലി മരക്കാർ ഇന്റോർ സ്റ്റേഡിയം, സുവോളജി ഗവേഷണ കേന്ദ്രം, ഹെൽത്ത് സെന്റർ, കോളേജ് ഗ്രൗണ്ട്, കാന്റീൻ തുടങ്ങിയ ഒട്ടേറെ പുരോഗതികൾ അദ്ദേഹത്തിന് നേടിയെടുക്കാൻ കഴിഞ്ഞു. ഫാറൂഖ് കോളേജിനോടനുബന്ധിച്ച്

സീതിസാഹിബ് മെമ്മോറിയൽ ബിൽഡിംഗിൽ അധ്യാപക പരിശീലനത്തിനായി ഫാറൂഖ് ട്രൈനിംഗ് കോളേജ് ആരംഭിച്ചതും അദ്ദേഹത്തിന്റെ കാലത്താണ്. പല ഡിഗ്രി, പി.ജി.കോഴ്സുകളും അദ്ദേഹം കോളേജിന് നേടിക്കൊടുത്തു.

അബുസ്സബാഹിന്റെ സ്വപ്നങ്ങൾ

അബുസ്സബാഹ് സ്ഥാപിച്ച റൗസത്തുൽ ഉലും എന്ന വിജ്ഞാന മലർവാടിയിൽ പിന്നെ അൽഫാറൂഖ് റസിഡൻഷ്യൽ ഇംഗ്ലീഷ് മീഡിയം സീനിയർ സെക്കണ്ടറി സ്കൂൾ (1991) അൽഫാറൂഖ് എജുക്കേഷൻ സെന്റർ (1991) അൽഫാറൂഖ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിവിൽ സർവീസ് എക്സാമിനേഷൻ, അൽഫാറൂഖ് പ്ലസ്ടു സ്കൂൾ, ഫാറൂഖ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടീച്ചർ എജുക്കേഷൻ (2005) എന്നീ സ്ഥാപനങ്ങൾ ഉയർന്നു വന്നു.

അബുസ്സബാഹ് ബാക്കി വെച്ച സ്വപ്നങ്ങൾ അദ്ദേഹം തന്നെ വിവരിക്കുന്നു: "ഇനിയും നമുക്ക് സഹോദരികൾക്ക് വേണ്ട പ്രത്യേക സ്ഥാപനങ്ങൾ, എഞ്ചിനീയറിംഗ് കോളേജ്, മെഡിക്കൽ കോളേജ്, എല്ലാതരം വിജ്ഞാനങ്ങളും ഉൾക്കൊള്ളുന്ന ഉയർന്ന വിദ്യാഭ്യാസത്തിനുള്ള സ്ഥാപനം, അതിൽ നിന്ന് വിദൂര രാജ്യങ്ങളിലേക്ക് പ്രാപ്തരെ അയക്കുന്നതിനുള്ള സംവിധാനം, ഒരു ഇസ്ലാമിക പ്രസിദ്ധീകരണാലയം തുടങ്ങിയ പലതും വളരെ അത്യാവശ്യമാണ്. നാം അന്തസ്സുള്ള ഒരു ജീവൽ സമുദായമായിത്തീരാൻ ഇവയൊക്കെ അത്യാവശ്യമാണ്."

1979-ൽ പ്രൊഫ.ജലീൽ കാലിക്കറ്റ് യൂനിവേഴ്സിറ്റി വൈസ് ചാൻസലറായി നിയമിതനായശേഷം ഫാറൂഖ് കോളേജിന്റെ പ്രിൻസിപ്പാൾ പദവിയിൽ പ്രൊ.വി.മുഹമ്മദ്, പ്രൊഫ. യു.മുഹമ്മദ്, ഡോ.ടി.കെ.മുഹമ്മദ്, പ്രൊഫ. വി.വി.കുഞ്ഞബ്ദുള്ള, ഡോ.പി.എം.മുബാറക് പാഷ, പ്രൊ.എ.കുട്ട്യാലിക്കുട്ടി, പ്രൊ.ഇ.പി.ഇമ്പിച്ചിക്കോയ എന്നിവർ നിയമിതരായി.

പ്രൊഫ.ജലീൽ റിട്ടയർമെന്റിനുശേഷം കേരള വഖഫ് ബോർഡ്, സാഫി ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ നേതൃസ്ഥാനം ഏറ്റെടുത്ത് സേവനം ചെയ്തു. 2012 സെപ്തംബർ 12 ന് നിര്യാതനായി.

മലബാറിലെ ഏറ്റവും പ്രഗൽഭരും പ്രശസ്തരുമായ വ്യക്തികളുടെ സേവനവും സഹകരണവും ഫാറൂഖ് കോളേജിന് ലഭിക്കുന്നതിന് അബുസ്സബാഹ് ശ്രദ്ധിച്ചിരുന്നു.

പ്രഗത്ഭ വ്യക്തികളുടെ സേവനം

കോളേജിന്റെ മാനേജിംഗ് കമ്മറ്റി പ്രസിഡണ്ടുമാരായി വിവിധ കാലഘട്ടങ്ങളിൽ ഖാൻ ബഹദൂർ വി.കെ.ഉണിക്കമ്മു സാഹിബ്, എ.കെ.കുഞ്ഞിമായൻ ഹാജി, എ.കെ.ഖാദർകുട്ടി, കെ.സി.ഹസൻകുട്ടി, എസ്.ഇസ്മാഈൽ, പി.കെ. അഹ്മദ് എന്നിവർ സേവനമനുഷ്ഠിച്ചിട്ടുണ്ട്. പ്രഥമ സെക്രട്ടറിയായ കെ.എം.സീതീസാഹിബ് 1947 മുതൽ 1961ൽ അദ്ദേഹം നിര്യാതനാകുന്നത്

വരെ ആ സ്ഥാനത്ത് തുടർന്നു. ശേഷമുള്ള കാലഘട്ടങ്ങളിൽ പി.ഐ.കുഞ്ഞഹമ്മദ് കുട്ടി ഹാജി, എസ്.എ.ജിഫ്രി, കെ.സി.ഹസൻകുട്ടി, കെ.വി.കുഞ്ഞമ്മദ് കോയ എന്നിവർ സ്ഥാനം അലങ്കരിച്ചിട്ടുണ്ട്. അബുസ്സബാഹിന്റെ ഏറ്റവും വിശ്വസ്തനായ വ്യക്തിയും വിദ്യാഭ്യാസ പ്രവർത്തകനുമായിരുന്നു അഡ്വ.എം.വി.ഹൈദ്രോസിന്റെ പുത്രൻ അഡ്വ.എം.മുഹമ്മദ് പിതാവിന്റെ പാരമ്പര്യം നിലനിർത്തി കോളേജിന്റെ മാനേജരായി ഇപ്പോഴും സേവനമനുഷ്ഠിക്കുന്നു. കോളേജ് ആരംഭിക്കുമ്പോൾ അതിന്റെ താങ്ങും തണലുമായി പ്രവർത്തിച്ച ചതുശ്ശക്തികൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന അബ്ദുള്ളക്കുട്ടി ഹാജി, അവറാൻ കുട്ടി ഹാജി, ഇസ്മാഈൽ, ഹസൻ ഹാജി എന്നീ നാലു പേരുടെ മക്കളും ബന്ധുക്കളും, കെ.ആർ.എസ്.സി.പി.കുഞ്ഞിമുഹമ്മദും വിവിധ കമ്മറ്റികളിലായി സേവനമനുഷ്ഠിക്കുന്നു. മദിരാശി പ്രസിഡൻസി കോളേജ് പ്രിൻസിപ്പാളും വിദ്യാഭ്യാസ വിചക്ഷണനുമായ ഡോ.അബ്ദുൽഹഖ്, കാലിക്കറ്റ് യൂനിവേഴ്സിറ്റി പ്രഥമ വൈസ് ചാൻസലറായ പ്രൊഫ.എം.എം.ഗനി എന്നിവർ വിവിധ കാലങ്ങളിലായി കോളേജ് കമ്മറ്റിയിലെ യൂനിവേഴ്സിറ്റി പ്രതിനിധികളായി നിയമിതരായിരുന്നു. അബുസ്സബാഹിന്റെ കാലത്തെ ഫാറൂഖ് കോളേജ് അധ്യാപകരിൽ ചന്ദ്രികയിൽ നിരന്തരമായി എഴുതിയിരുന്ന മലയാള കവിയും മാപ്പിളപ്പാട്ട് രചയിതാവുമായിരുന്ന വിദ്വാൻ ടി.സി.മമ്മി, മലയാള സാഹിത്യകാരനായിരുന്ന എ.പി.പി.നമ്പൂതിരി, പ്രഭാഷണ കലയിൽ പ്രശസ്തനായ പ്രൊഫ.എം.എ.ഷുക്കൂർ, ഇസ്ലാമിക സാമ്പത്തിക ശാസ്ത്രത്തിൽ ഗ്രന്ഥങ്ങൾ എഴുതിയ പ്രൊഫ.ടി.അബ്ദുള്ള, പ്രൊഫ.പി.അബ്ദുറഹ്മാൻ, മനഃശാസ്ത്ര വിദഗ്ദ്ധൻ കൂടിയായ പ്രൊഫ.മുഹമ്മദ് ഹസൻ തുടങ്ങിയവർ കേരളത്തിൽ മുഴുക്കെ അറിയപ്പെട്ട പ്രൊഫസർമാരാണ്. ഫാറൂഖ് കോളേജ് ആരംഭിക്കുന്നതിന് മുമ്പ് തന്നെ അബുസ്സബാഹുമായി ബന്ധപ്പെട്ടിരുന്ന പ്രൊഫ.വി.മുഹമ്മദ് സാഹിബ് ജീവിച്ചിരുന്ന കാലമത്രയും കാമ്പസിലെന്ന പോലെ പുറത്തും നിറഞ്ഞു നിന്ന വ്യക്തിത്വമായിരുന്നു. സാമൂഹ്യ പ്രവർത്തകൻ, ഖുർആൻ വിവർത്തകൻ, ഖത്തീബ്, നിഘണ്ടു നിർമാതാവ്, മതപ്രബോധകൻ എന്നീ നിലക്കെല്ലാം അദ്ദേഹം അറിയപ്പെട്ടു.

അബുസ്സബാഹിന്റെ കാലത്ത് തന്നെ ഫാറൂഖ് കോളേജ് തെക്കേ ഇന്ത്യയിലെ അലിഗർ എന്ന വിശേഷണത്തിനും ഒരു ഡീംഡ് യൂനിവേഴ്സിറ്റിക്കും അർഹത നേടിയിരുന്നു. സുരഭില സൂനങ്ങൾ നിറഞ്ഞ അത്യന്തം മനോഹരമായ മലർവാടി എന്ന സ്വപ്നം പൂർണമായും സാക്ഷാൽക്കരിക്കാൻ അബുസ്സബാഹിന് ജീവിതകാലത്ത് കഴിഞ്ഞില്ലെങ്കിലും എക്കാലത്തേക്കും മതിയായ അടിത്തറ പണിയാനും പിൻതലമുറക്കാർക്ക് അൽപം ബാക്കിവെച്ച് ഏറിയ പങ്കും പൂർത്തിയാക്കാനും അദ്ദേഹത്തിന് കഴിഞ്ഞു.

8.

അബൂസ്സബാഹിന്റെ വ്യക്തിത്വ വിശേഷങ്ങൾ

1. മഹാപണ്ഡിതൻ; പരിഷ്കർത്താവ്

കൃശഗാത്രൻ. ഉയരം അധികമില്ല. ഗൗരവം മുറ്റുന്ന മുഖം. ചെറിയ താടി. ജ്വലിക്കുന്ന കണ്ണുകൾ. പുറത്തിറങ്ങുമ്പോൾ പൈജാമയും ഷർവാനിയും തുർക്കിതൊപ്പിയും. അന്തസ്സുള്ള വേഷം നിർബന്ധം. സുഗന്ധം വമിക്കും. കണ്ടാൽ ആരിലും ആദരം ഉളവാകും- ഇതാണ് മൗലാനാ അബൂസ്സബാഹിന്റെ പുറം കാഴ്ചയിലെ രൂപം. അഗാധജ്ഞാനമുള്ള പുരോഗമന ചിന്തകനായ ഒരു പണ്ഡിതൻ അദ്ദേഹത്തിന്റെ ഉള്ളിൽ കുടിയിരിക്കുന്നു. കേരളത്തിൽ പാരമ്പര്യരീതിയിൽ പള്ളി ദർസുകളിൽ പഠനം പൂർത്തിയാക്കി. പിന്നെ ലോകത്തിലെ ഏറ്റവും പഴക്കമുള്ള മതപഠന കേന്ദ്രമായ അൽ അസ്ഹർ സർവകലാശാലയിൽ പത്തു വർഷം പഠിച്ചു. അക്കാലം അൽ അസ്ഹറിൽ മുഹമ്മദ് അബ്ദു സൃഷ്ടിച്ച പരിഷ്ക്കരണ ചിന്ത അധ്യാപകരെയും വിദ്യാർത്ഥികളെയും ഏറ്റവും അധികം സ്വാധീനിച്ച സന്ദർഭമായിരുന്നു. അത്കൊണ്ട് തന്നെ അബൂസ്സബാഹ് പുരോഗമനാശയമുള്ള ഒരു പരിഷ്കർത്താവായാണ് കേരളത്തിൽ പ്രത്യക്ഷപ്പെട്ടത്. മറ്റു മുസ്ലിം പണ്ഡിതന്മാരിൽ നിന്ന് വ്യത്യസ്തമായ ഒരു വീക്ഷണവും ശൈലിയും അദ്ദേഹം സ്വീകരിച്ചു.

ഖുർആനിൽ അഗാധജ്ഞാനം

വിശുദ്ധ ഖുർആന്റെ ആഴത്തിലുള്ള പഠനവും ചിന്തയുമായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. കേരളത്തിൽ അന്ന് പണ്ഡിതന്മാർക്കിടയിൽ നിലവിലുണ്ടായിരുന്ന കർമശാസ്ത്രപരമായ തർക്കങ്ങളിലൊന്നും അദ്ദേഹം ഇടപെട്ടില്ല. അതേ അവസരം വിശുദ്ധ ഖുർആൻ ഉയർത്തിക്കാണിക്കുന്ന മൗലിക സിദ്ധാന്തമായ തൗഹീദിൽ അടിയുറച്ച് നിലകൊണ്ടു. മതപണ്ഡിതന്മാർ അവരുടെ മുഴുവൻ ശ്രദ്ധയും ചെറിയ കാര്യങ്ങളിലേക്ക് തിരിച്ചു വിട്ട് വലിയ കാര്യങ്ങളെ അവഗണിക്കുന്ന പ്രവണതയെ അദ്ദേഹം അപല

പിച്ചു. ഇത് തർക്കവിതർക്കങ്ങളിൽ ഏർപ്പെട്ടിരുന്ന പുരോഗമന വാദികളെന്ന് അവകാശപ്പെട്ടിരുന്ന ചില പണ്ഡിതന്മാരുടെ എതിർപ്പ് ക്ഷണിച്ചു വരുത്തി. കെ.എം.മൗലവിയുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന 'അൽമുർശിദ്' മാസികയിൽ അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് അബുസ്സ ബാഹ് അറബിയിൽ എഴുതിയ ലേഖനത്തിൽ കേരളത്തിലെ മതപണ്ഡിത ന്മാർ മതപരമായ തർക്കങ്ങളിൽ ഏർപ്പെട്ട് സമയവും കഴിവും നഷ്ടപ്പെടു ത്തുകയും സമുദായത്തിന്റെ വിദ്യാഭ്യാസ-സാമൂഹ്യ പുരോഗതിക്ക് വേണ്ടി പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്ന പ്രവണതയെ അപലപിച്ചു. ഇത് സൃഷ്ടിച്ച കോളിളക്കം കുറച്ചൊന്നുമായിരുന്നില്ല. ലേഖനത്തിലെ ചില പ്രയോഗങ്ങൾ വ്യാകരണനിയമങ്ങൾക്ക് വിരുദ്ധമാണെന്ന് ചൂണ്ടിക്കാണിച്ച ചിലർക്ക്, അബുസ്സബാഹിന്റെ പ്രയോഗം തന്നെയാണ് ശരി എന്ന് മറ്റു ചിലർ അൽമുർശിദിൽ തന്നെ മറുപടി എഴുതി. മതപരമായ അഭിപ്രായ ഭിന്നത യിൽ അദ്ദേഹം ഭാഗഭാക്കായിരുന്നില്ലെങ്കിലും മതവിഷയങ്ങളിൽ ഫത്വാ ചോദിച്ചു കൊണ്ട് അദ്ദേഹത്തെ സമീപിക്കുന്നവർക്കെല്ലാം പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ യുക്തിഭദ്രമായ ഫത്വാകളാണ് മൗലാനാ നൽകിയിരു ന്നത്. പ്രയാസങ്ങളെ ലഘൂകരിക്കുക എന്നത് അദ്ദേഹം തന്റെ ഫത്വാകളുടെ അടിസ്ഥാന തത്വമായി സ്വീകരിച്ചിരുന്നു. ഒരു ദുർബല നിമി ഷത്തിൽ ഒരേ ഇരുപ്പിൽ മൊഴി മൂന്നും ചൊല്ലി കുടുങ്ങിയ ചിലർ പ്രശ്നപ രിഹാരത്തിനായി അദ്ദേഹത്തെ സമീപിക്കുമ്പോൾ അതിനെ ഒരു തലാഖായി കണക്കാക്കി തിരിച്ചെടുത്ത് ബന്ധം പുനഃസ്ഥാപിക്കാമെന്നാണ് അദ്ദേഹം നൽകിയിരുന്ന മതവിധി. പഴമയുടെ മൗലികതയും ആധുനികതയുടെ ചിന്താ സൗന്ദര്യവും സമന്വയിപ്പിക്കുന്ന ഒരു സമീപന രീതി ഖുർആൻ വ്യാഖ്യാനി ക്കുന്നതിലെന്നപോലെ മതവിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും അബു സ്സബാഹ് സ്വീകരിച്ചു. സിഹ്റ് ബാധയ്ക്ക് ചികിത്സ തേടിയെത്തുന്നവർക്കും അദ്ദേഹം മനശ്ശാസ്ത്രപരമായ മരുന്ന് നൽകുമായിരുന്നു.

അറബിഭാഷയിലെ വൈദഗ്ദ്ധ്യം

അറബിഭാഷയിൽ, വിശേഷിച്ചും ആധുനിക അറബിയിൽ അബുസ്സബാ ഹിനുള്ള കഴിവ് നിസ്സീമമായിരുന്നു. അദ്ദേഹവുമായി ബന്ധപ്പെട്ട് ആശയ വിനിമയം നടത്തിയ അറബ് സന്ദർശകരെല്ലാം ഇതിൽ മതിപ്പ് പ്രകടിപ്പിച്ചി ട്ടുണ്ട്. ഉപമകളും അലങ്കാരങ്ങളുമുള്ള സുന്ദരമായ സാഹിത്യശൈലി. അറ ബികളുമായി കത്തിടപാടുകൾ നടത്തുമ്പോഴും കോളേജിന്റെ വിവിധ ആവ ശ്യങ്ങൾക്കായി അപേക്ഷകൾ സമർപ്പിക്കുമ്പോഴും ഇത് പ്രകാരമായിരുന്നു. ക്ലാസ്സെടുക്കുമ്പോൾ പ്രസംഗ ശൈലിയിൽ സ്ഫുടം ചെയ്ത വാക്കുകൾ കോർത്തിണക്കിയ കൊച്ചുവാചകങ്ങളാണ് അദ്ദേഹം ഉപയോഗിക്കുക. മൗലാനാ കേരളത്തിൽ വരുമ്പോൾ ഇവിടെ ആധുനിക അറബി ലിപി പ്രചാരത്തിലുണ്ടായിരുന്നില്ല. അത്കൊണ്ട് അബുസ്സബാഹിന്റെ ആകർഷ കമായ അറബി ലിപി അനുകരിക്കാൻ പലരും- വിശേഷിച്ചും റൗസത്തുൽ

ഉലൂമിലെ അദ്ദേഹത്തിന്റെ ശിഷ്യന്മാർ-തിടുക്കം കാണിക്കാറുണ്ടായിരുന്നു. പ്രസിദ്ധ അറബി പണ്ഡിതനും പതിനേഴ് അറബി ഗ്രന്ഥങ്ങളുടെ കർത്താവുമായ ഡോ.മുഹ്യദ്ദീൻ ആലുവായി അദ്ദേഹത്തിന്റെ ഒരനുഭവം ഇങ്ങനെ വിവരിക്കുന്നു: "വാഴക്കാട് ദാറുൽ ഉലൂമിൽ പഠിക്കുമ്പോൾ ഞാൻ ചിലപ്പോൾ കാൽനടയായി (അന്ന് യാത്രാസൗകര്യം കുറവായിരുന്നു) മഞ്ചേരിയിലെ റൗസത്തുൽ ഉലൂമിലേക്ക് പോകും- അബുസ്സബാഹിന്റെ അറബിയിലുള്ള ക്ലാസ്സ് കേൾക്കാനും റുഖ്ഈ ലിപിയിൽ ബ്ലാക് ബോർഡിൽ അദ്ദേഹം എഴുതുന്നത് കാണാനും വേണ്ടി. അന്ന് കേരളത്തിൽ ഈ ലിപി കൈകാര്യം ചെയ്യുന്ന ഏക പണ്ഡിതൻ അദ്ദേഹമായിരുന്നു. ഈജിപ്തിലെ മഅ്ഹദുൽ ഖുതൂതി (ലിപി പഠിപ്പിക്കുന്ന സ്ഥാപനം) ൽ നിന്നാണ് അദ്ദേഹം അത് പഠിച്ചത്."

വിദ്യാഭ്യാസപ്രവർത്തകനായ മതപണ്ഡിതൻ

അബുസ്സബാഹ് മറ്റുപലരിൽ നിന്നും വ്യത്യസ്തനായി വിജ്ഞാനലോകത്ത് മാത്രം ഒതുങ്ങി നിൽക്കാതെ സർ സയ്യിദ് അഹ്മദ്ഖാനെപ്പോലെ വിദ്യാഭ്യാസ നവോത്ഥാനം സൃഷ്ടിക്കാൻ ജനമദ്ധ്യത്തിലിറങ്ങി പ്രവർത്തിക്കുന്ന മതപണ്ഡിതനായിരുന്നു. മൗലാനാ മുഹമ്മദ് അലിയാണ് അദ്ദേഹത്തെ മുസ്ലിം സമുദായത്തിന്റെ പുരോഗതിക്ക് വേണ്ടി സേവനം അർപ്പിക്കുന്ന പണ്ഡിതനാകാൻ ഉപദേശിച്ചത്. ഫാറൂഖാബാദിൽ തല ഉയർത്തി നിൽക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെല്ലാം അദ്ദേഹത്തിന്റെ മഹത്തായ ജീവിതത്തിന്റെയും സേവനത്തിന്റെയും നിത്യസ്മാരകങ്ങളാണ്. മക്കയിലെ റാബിത്വത്തുൽ ആലമിൽ ഇസ്ലാമി (മുസ്ലിം വേൾഡ് ലീഗ്) അബുസ്സബാഹിന്റെ മഹത്തായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമെന്ന നിലക്ക് സുഊദി അറേബ്യയിലെ യൂനിവേഴ്സിറ്റിയിൽ ഉപരി പഠനം നടത്തുന്നതിന് അബുസ്സബാഹിന്റെ പേരിൽ ഒരു സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന് ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട ഹുസൈൻ മടവൂർ ഉമ്മുൽ ഖുറായൂനിവേഴ്സിറ്റിയിൽ ഉപരിപഠനം നടത്തി. പിന്നെ മക്കയിൽ പ്രവാസ ജീവിതം നയിച്ച ഭാരതീയ പണ്ഡിതന്മാരെപ്പറ്റി ഗവേഷണം നടത്തി ഡോക്ടറേറ്റ് നേടി. മാതൃസ്ഥാപനത്തിലേക്ക് തിരിച്ചെത്തി അതിൽ അധ്യാപകനും പ്രിൻസിപ്പാളുമായി. അറബിക്കോളേജിന്റെയും ഫാറൂഖ് കോളേജിന്റെയും ലൈബ്രറികൾക്ക് അബുസ്സബാഹിന്റെ പേര് നൽകിയത് മാറി മാറി വരുന്ന അധ്യാപക, വിദ്യാർത്ഥി തലമുറകളെല്ലാം അദ്ദേഹത്തെ വായിച്ച് പ്രചോദനം ഉൾക്കൊള്ളാനാണ്.

വിജ്ഞാനപ്രേമം ശാസ്ത്രബോധം

വിജ്ഞാന കുതുകിയായ അബുസ്സബാഹിന്റെ വായനാപ്രേമം വിസ്മയകരമായിരുന്നു. ലൈബ്രറിയിലുള്ള ഓരോ പുസ്തകത്തെപ്പറ്റിയും അദ്ദേഹത്തിന് വശമുണ്ടാകും. ഒരിക്കൽ ബോംബെയിൽ നിന്ന് മൂന്ന് വാള്യങ്ങളുള്ള

ഒരു പുതിയ അറബി നിഘണ്ടു അദ്ദേഹം വരുത്തിച്ചു. എത്ര വേഗത്തിലാണ് ഏതാനും പേജുകൾ അതിൽ കുറവാണ് എന്ന് അദ്ദേഹം കണ്ടുപിടിച്ചത്. പുതിയ പുസ്തകങ്ങൾ വരുത്തി ഒന്നു കണ്ണോടിക്കുകയെങ്കിലും ചെയ്ത ശേഷമോ അദ്ദേഹം ലൈബ്രറിയിൽ ചേർക്കാൻ വിട്ടുകൊടുക്കുകയുള്ളു. വെല്ലൂർ ഹോസ്പിറ്റലിലേക്ക് വിദഗ്ദ്ധ ചികിത്സക്കായി പോകുമ്പോൾ രോഗശയ്യയിൽ കിടന്ന് വായിക്കാൻ സാംസ്കാരിക പ്രാധാന്യമുള്ള അറബി ഗ്രന്ഥങ്ങളുടെ ഒരു കെട്ടും അദ്ദേഹം കൂടെ കൊണ്ടുപോയി. ചന്ദ്രിക ദിന പത്രം താൽപര്യപൂർവ്വം വായിക്കും. അവസാനകാലത്ത് വായിക്കാൻ പ്രയാ സമായപ്പോൾ കുട്ടികളെക്കൊണ്ട് വായിപ്പിച്ച് കേൾക്കും. മനുഷ്യൻ ആദ്യ മായി ചന്ദ്രനിൽ കാലുകുത്തിയ ദിവസം കോളേജിന് അവധി നൽകി. അത് സംബന്ധമായി നൽകിയ നോട്ടീസിൽ "ആകാശങ്ങളിലും ഭൂമിയിലുമുള്ളത് അല്ലാഹു നിങ്ങൾക്ക് അധീനപ്പെടുത്തി തന്നിരിക്കുന്നു" എന്ന ഖുർആൻ വാക്യം ചേർത്തിരുന്നു. ശാസ്ത്രരംഗത്തെ മനുഷ്യന്റെ പുതിയ കണ്ടുപിടു ത്തങ്ങളെപ്പറ്റി അദ്ദേഹം സദാ വിദ്യാർത്ഥികളെ ബോധവാന്മാരാക്കുമായി രുന്നു.

കക്ഷിത്വത്തിനതീതൻ

മുസ്ലിം സമുദായത്തിലെ മതപരമായ കക്ഷിത്വത്തിനതീതമായ ഉന്നത വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അബുസ്സബാഹ്. അത്കൊണ്ട് തന്നെ എല്ലാ വിഭാഗക്കാരും അദ്ദേഹത്തെ ആദരിക്കുകയും അംഗീകരിക്കുകയും അദ്ദേഹത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ പിന്തുണക്കുകയും ചെയ്തു. പക്ഷേ, തൗഹീദിന്റെ വിഷയത്തിൽ യാതൊരു വിട്ടു വീഴ്ചയും കാണി ക്കാത്ത പുരോഗമന ചിന്തകനായിരുന്നു അദ്ദേഹം. രാഷ്ട്രീയമായി മുസ്ലിം ലീഗിനോടുള്ള ആഭിമുഖ്യം അദ്ദേഹം തുറന്നു പറയുമായിരുന്നു. മുസ്ലിം ലീഗിന്റെ സമുന്നതരായ നേതാക്കൾ തുടക്കം മുതൽക്കേ അദ്ദേഹത്തിന്റെ സേവന പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനവും പിന്തുണയും നൽകി. ബി. വി.അബ്ദുള്ളക്കോയ എം.പി.അവസാനം വരെ റൗസത്തുൽ ഉലൂം അസോ സിയേഷൻ മെമ്പറായിരുന്നു.

അബുസ്സബാഹ് വിദ്യാർത്ഥികളിൽ മതപരമോ രാഷ്ട്രീയമോ ആയ ഒരു കക്ഷിത്വ ചിന്തയും വളർത്തുമായിരുന്നില്ല. ജമാഅത്തെ ഇസ്ലാമി അടക്കം എല്ലാ മുസ്ലിം സംഘടനകളുമായും അദ്ദേഹം സൗഹൃദബന്ധം പുലർത്തി. സുന്നി-മുജാഹിദ്-ജമാഅത്ത് നേതാക്കളെല്ലാം അദ്ദേഹത്തെ സന്ദർശിക്കു കയും ഉപദേശം തേടുകയും ചെയ്യുമായിരുന്നു. കെ.സി.അബ്ദുള്ള മൗലവി യുമായും കെ.ഉമർ മൗലവിയുമായും പ്രത്യേകബന്ധമുണ്ടായിരുന്നു. ജമാഅത്ത് അനുകൂലികളായ ചില വിദ്യാർത്ഥികളെ ഒരു അറബിക്കോളേ ജിൽ നിന്ന് പുറത്താക്കിയപ്പോൾ റൗസത്തുൽ ഉലൂമിൽ അവർക്ക് അഭയം നൽകിയത് വലിയ വിമർശനത്തിനും ഒച്ചപ്പാടിനും കാരണമായി. നന്മകൾ ചെയ്യുമ്പോൾ സമൂഹത്തിന്റെ ഏതെങ്കിലും ഒരു കോണിൽ നിന്ന് വിമർശ

നമുണ്ടാകുമ്പോൾ അതിന്റെ നേരെ ക്ഷമ കൈകൊണ്ട് തന്റെ സേവനപാതയിലൂടെ മുന്നോട്ട് നീങ്ങണമെന്ന് അദ്ദേഹം വിദ്യാർത്ഥികളോട് ഉപദേശിക്കുന്നു: "നമ്മുടെ ജീവിതവും അദ്ധ്വാനവും നമുക്കും കുടുംബത്തിനും വേണ്ടി മാത്രം പരിമിതമാവുകയാണെങ്കിൽ നാമും മൃഗങ്ങളും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്ന് പറയാവതല്ല. നാം മരങ്ങളുടെ തണലിൽ ആശ്വസിക്കുന്നു; അവയുടെ ഇല, കൊമ്പ്, തടി എന്നിവ കൊണ്ട് പ്രയോജനം അനുഭവിക്കുന്നു. കല്ലും വടിയും കൊണ്ട് അവയെ എറിഞ്ഞാലും അവ നമുക്ക് തരുന്നത് പഴങ്ങളാണ്. സൃഷ്ടികളിൽ വെച്ച് ഏറ്റവും ശ്രേഷ്ഠനായ മനുഷ്യൻ മരത്തേക്കാൾ നല്ലവനും മറ്റുള്ളവർക്ക് ഉപകാരപ്പെട്ടവനുമാകേണ്ടതല്ലേ? തന്റെ ജീവിതം കൊണ്ട് മറ്റുള്ളവർക്ക് ഒരു പ്രയോജനവുമില്ലെങ്കിൽ പിന്നെ എന്ത് ശ്രേഷ്ഠതയാണ് അവനുള്ളത്." ഇങ്ങനെ സേവനനിരതമായ ഒരു ജീവിതം നയിക്കാനും എതിർപ്പുകളെയെല്ലാം അവഗണിക്കാനുമാണ് അബുസ്സബാഹ് ആഹ്വാനം ചെയ്യുന്നത്.

ആരുടെ മുമ്പിലും തലകുനിക്കാതെ അന്തസ്സോടെ നിലകൊള്ളാനും വേഷത്തിലും പെരുമാറ്റത്തിലും മാന്യത പുലർത്താനും അദ്ദേഹം വിദ്യാർത്ഥികളെ ഉപദേശിക്കാറുണ്ടായിരുന്നു. ഈ ഗുണവിശേഷങ്ങൾക്ക് അദ്ദേഹം ഒരു മാതൃകയായിരുന്നു. അത്കൊണ്ട് തന്നെയാണ് ധനാഢ്യന്മാരും രാഷ്ട്രീയ നേതാക്കളും വിദ്യാസമ്പന്നരായ ഉന്നത വ്യക്തിത്വങ്ങളുമെല്ലാം അദ്ദേഹത്തിന്റെ സന്ദർശകരായിത്തീർന്നതും.

2. മാതൃകായോഗ്യനായ അധ്യാപകൻ

കാട് വിട്ട് നാട്ടിലിറങ്ങിയ ശേഷം അബുസ്സബാഹ് ഒരദ്ധ്യാപകനായാണ് ജീവിതം ആരംഭിക്കുന്നത്. അന്ത്യം വരെയും ആ തപസ്യ തുടർന്നു. പ്രഥമമായും തന്റെ ജീവിതദൗത്യം വിജ്ഞാനവും ധാർമികബോധവുമുള്ള ഒരു തലമുറയെ വാർത്തെടുക്കുകയാണെന്ന് അദ്ദേഹം വിശ്വസിച്ചു. കോളേജ് നടത്തിപ്പിനും ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് സൗജന്യമായി ഭക്ഷണം നൽകുന്നതിനും കെട്ടിടങ്ങളും സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ പണം ശേഖരിക്കേണ്ട ഭാരിച്ച ഉത്തരവാദിത്വം ഒരു അധ്യാപകനെന്ന നിലക്കുള്ള തന്റെ ചുമതല കൃത്യമായി നിർവഹിക്കുന്നതിന് തടസ്സമാകാതിരിക്കാൻ അദ്ദേഹം നന്നായി ശ്രദ്ധിച്ചു. കോളേജിലേക്ക് നടന്നു വരാൻ കഴിയാത്ത വിധം ആരോഗ്യനില മോശമായപ്പോൾ വീട് ക്ലാസ് റൂം ആയി മാറ്റുകയായിരുന്നു. ക്ലാസ്സ് നടക്കുന്നിതിനിടക്ക് അദ്ദേഹത്തെ സന്ദർശിക്കാൻ വരുന്നവർ എത്ര വലിയവരാകട്ടെ പുറത്ത് കാത്ത് നിൽക്കുകയല്ലാതെ അദ്ദേഹം നിശ്ചിത സമയത്തിന് മുമ്പ് ക്ലാസ്സ് നിർത്തി പുറത്ത് വരുന്ന പ്രശ്നമേയില്ല. കൃത്യത പാലിക്കുന്ന അബുസ്സബാഹിന്റെ ക്ലാസിൽ ഒറ്റ വിദ്യാർത്ഥിക്കും സമയം തെറ്റിവരാൻ ധൈര്യമുണ്ടായിരുന്നില്ല. മൗലാനാ

ക്ലാസ്സിൽ പ്രവേശിച്ചാൽ പിന്നെ സൂചി വീണാൽ അറിയുന്ന നിശ്ശബ്ദതയാണ്. ഗാംഭീര്യം മുറ്റിനിൽക്കുന്ന ഭക്തിനിർഭരമായ അന്തരീക്ഷം. വിദ്യാർത്ഥികൾ കണ്ണും കാതും കൂർപ്പിച്ച് അദ്ദേഹത്തിന്റെ മൊഴികൾ ശ്രദ്ധിക്കും.

അധ്യാപന രീതി

ഖുർആൻ വ്യാഖ്യാനമാണ് ക്ലാസ്സിലെ വിഷയം. ആദ്യമായി അന്ന് പഠിപ്പിക്കാൻ പോകുന്ന ആയത്തുകൾ പാരായണനിയമങ്ങൾ പാലിച്ച് ഗാനാത്മകമായി ഓതുന്നു. പിന്നെ ശുദ്ധ അറബിയിലുള്ള ഒരു പ്രഭാഷണ പ്രവാഹമാണ്. ഖുർആൻ ആശയങ്ങളുടെ ആഴങ്ങളിലേക്കിറങ്ങി അവിടത്തെ മുത്തുകൾ പെറുക്കിയെടുത്ത് വിദ്യാർത്ഥികൾക്ക് നൽകുന്നു. അവരെ പഠിപ്പിക്കുന്നതിലുപരി ചിന്തിപ്പിക്കുകയാണ് അദ്ദേഹം ചെയ്യുക. ഇടക്ക് സംശയങ്ങൾ ഉന്നയിക്കേണ്ടത് നിർബന്ധം. ഇല്ലെങ്കിൽ ചോദ്യങ്ങൾ അവരുടെ മുമ്പിലേക്കെറിഞ്ഞ് അവരെ ആലസ്യത്തിൽ നിന്ന് ഉണർത്തും. ആകാശത്തിന് കീഴിലുള്ള എല്ലാ വിഷയത്തെപ്പറ്റിയും ക്ലാസ്സിൽ ചർച്ചകൾ ഉയർന്നു വരും. ചർച്ചയിൽ പങ്കെടുക്കാതെ മൗനിയായിരിക്കുന്നവർക്ക് കണക്കിന് കിട്ടും. ക്ലാസ്സ് കഴിഞ്ഞ് പുറത്തു വരുമ്പോൾ ഇത് വരെ ഏതോ അജ്ഞാതമായ വിജ്ഞാന ലോകത്തായിരുന്നു തങ്ങളെന്ന പ്രതീതിയാണ് വിദ്യാർത്ഥികൾക്കുണ്ടാവുക.

അബുസ്സബാഹ് എന്ന അധ്യാപകൻ കൈകാര്യം ചെയ്യുന്ന മറ്റൊരു പ്രധാന വിഷയം അറബി ഉപന്യാസ രചനയാണ്. ആദ്യമായി വിഷയം നല്ല സാഹിത്യശൈലിയിൽ നാലഞ്ച് വാക്യങ്ങളിലായി സുന്ദരമായ ലിപിയിൽ ബോർഡിൽ എഴുതും. ചർച്ച ചെയ്യേണ്ട വിഷയത്തിന്റെ എല്ലാ വശങ്ങളും ആ എഴുത്തിൽ അടങ്ങിയിരിക്കും. വിദ്യാർത്ഥികൾ ബോർഡിൽ നിന്ന് കൗതുകം നിറഞ്ഞ ആ ലിപി അങ്ങനെത്തന്നെ നോട്ട് ബുക്കിൽ പകർത്തും. ഹിജ്റ തിയ്യതിയല്ലാതെ ക്ലാസ്സിൽ ഉപയോഗിക്കുകയില്ല. ആദ്യകാലങ്ങളിൽ പുതുവത്സര ദിനമായ മുഹറം ഒന്നിന് കോളേജിന് അവധി നൽകുമായിരുന്നു. ഹിജ്റ തിയ്യതി ചോദിച്ചാൽ പറയാൻ കഴിഞ്ഞില്ലെങ്കിൽ കുട്ടികൾക്ക് നല്ല ശകാരം കിട്ടും. ക്ലാസ്സിൽ അറബിയിലല്ലാതെ സംസാരിക്കാൻ പാടില്ലെന്ന് പ്രവേശന കവാടത്തിൽ എഴുതിവെച്ചിട്ടുണ്ടാകും.

അറിവിനോടൊപ്പം ശിക്ഷണവും

വിദ്യാർത്ഥികളിൽ എന്തെങ്കിലും പ്രത്യേക കഴിവുകൾ കണ്ടാൽ അതം ഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ഇടയ്ക്കിടെ ഗുരുവിന്റെ വീട്ടിൽ ചെന്ന് സന്ദർശിക്കേണ്ടത് നിർബന്ധം. ചായ നൽകി സൽക്കരിക്കാതെ ആരെയും വിടുകയില്ല. ചുറുചുറുക്കം ശുഷ്കാന്തിയും കാണിക്കുന്ന കുട്ടികളെയാണ് പലപ്പോഴും എന്തെങ്കിലും ഉത്തരവാദിത്തങ്ങൾ ഏൽപിക്കുക. വിദ്യാർത്ഥികൾ ആരായിരിക്കണം, എങ്ങനെയായിരിക്കണം എന്ന വിഷ

യത്തിൽ അദ്ദേഹത്തിന് ഒരു ഉൾക്കാഴ്ചയുണ്ടായിരുന്നു. ക്ലാസ്സിൽ തലയിൽ ജിന്നാകേപ്പ് ധരിക്കൽ നിർബന്ധം. ഷർട്ടിന്റെ ബട്ടനിടാതെ കണ്ടാൽ കടുത്ത ശകാരം കിട്ടും. താടി മുളച്ചാൽ വളർത്തൽ നിർബന്ധം. മുടിക്ക് മിതമായ നീളം മാത്രമേ പാടുള്ളു. തല മറക്കാതെ പള്ളിയിൽ ഇമാമായി നിൽക്കാൻ അനുവദിക്കുകയില്ല. മഹാന്മാരായ പൂർവിക പണ്ഡിതന്മാരെല്ലാം നമസ്കാരത്തിൽ മാത്രമല്ല ജനസദസ്സുകളിലും തലമറക്കുന്നവരായിരുന്നു, അദ്ദേഹം വിദ്യാർത്ഥികളെ ഉണർത്തും. രാവിലെ സുബ്ഹ് നമസ്കാരത്തിന് ശേഷം ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ഖുർആൻ പാരായണം നിർബന്ധം. രാവിലെ രഹസ്യമായി ഹോസ്റ്റൽ പരിസരത്ത് കൂടെ നടന്നു ഇത് പരിശോധിക്കുകയും ചെയ്യും. യൂനിവേഴ്സിറ്റി തലത്തിൽ നാഷനൽ സർവീസ് സ്കീം പോലുള്ള സംവിധാനങ്ങളൊന്നും നിലവിലില്ലാതിരുന്ന അക്കാലത്ത് വിദ്യാർത്ഥികളിൽ സാമൂഹ്യസേവന മനോഭാവം വളർത്താൻ അവർക്ക് കോളേജ് കോമ്പൗണ്ടിന്റെ മതിൽ നിർമാണം, തെങ്ങിൻ തൈ വെക്കൽ, കെട്ടിട നിർമാണത്തിനാവശ്യമായ കല്ല് കടത്തൽ, റോഡ് നിർമാണം തുടങ്ങിയ പ്രവൃത്തികളെല്ലാം വിദ്യാർത്ഥികൾ അവരുടെ പ്രിൻസിപ്പാൾ ആയ അബുസ്സബാഹ് മൗലവിയുടെ മേൽനോട്ടത്തിൽ ചെയ്യും. ഒരു കള്ളി മുണ്ടെടുത്ത് പ്രിൻസിപ്പാൾ കൂടെയുണ്ടാകും. ഹോസ്റ്റലിൽ ബിരിയാണി, നെയ്ച്ചോർ തുടങ്ങിയ വിശേഷ ഭക്ഷണമുണ്ടാക്കുമ്പോൾ അദ്ദേഹം തന്നെ അടുക്കളയിൽ വന്ന് പാചകത്തിന് നേതൃത്വം കൊടുക്കും. ഒരു നല്ല പാചകക്കാരനായിരുന്നു അബുസ്സബാഹ് എന്ന് പറഞ്ഞാൽ തെറ്റില്ല.

വിദ്യാർത്ഥി സ്നേഹം

വിദ്യാർത്ഥികളെ അഗാധമായി സ്നേഹിക്കുന്ന ഒരു അധ്യാപകനെയാണ് അബുസ്സബാഹിൽ കാണുക. ഒരു പൂർവ വിദ്യാർത്ഥി സമ്മേളനത്തിൽ അദ്ദേഹം അവരെ അഭിമുഖീകരിച്ചു സംസാരിക്കാൻ എഴുന്നേറ്റപ്പോൾ വികാരാധീനനായി പൊട്ടിക്കരഞ്ഞു. "നിങ്ങളോട് ഞാൻ പരുഷമായി പെരുമാറിയിട്ടുണ്ടെന്നും നിങ്ങളെ കഠിനമായി ആക്ഷേപിക്കുകയും ശുണ്ഠിയെടുക്കുകയും ചെയ്തിട്ടുണ്ടെന്നും എനിക്ക് തന്നെ അറിയാം. അവയെല്ലാം എന്റെ വൈകല്യങ്ങളും ദൗർബല്യങ്ങളും തെറ്റുകളുമായിരിക്കാം. ഇവയെല്ലാം നിങ്ങൾ എനിക്ക് മാപ്പ് ചെയ്ത് തരുമെന്ന് വിശ്വസിക്കുന്നു. ഈ സ്വഭാവങ്ങളെല്ലാം എന്നിൽ ഉണ്ടെങ്കിലും ഞാൻ നിങ്ങളെ വളരെയധികം സ്നേഹിക്കുന്നു എന്നതാണ് പരമാർത്ഥം. എന്റെ ഏറ്റവും വലിയ അഭീഷ്ടവും എപ്പോഴുമുള്ള പ്രാർത്ഥനയും നിങ്ങൾ ഇസ്ലാമിന്റെ ഏറ്റവും നല്ല മാതൃകകളായി ഖുർആൻ വരച്ചു കാണിക്കുകയും റസൂൽ പഠിപ്പിക്കുകയും ചെയ്ത യഥാർത്ഥ പന്ഥാവിൽ ജീവിച്ച് ജനങ്ങളെ സേവിക്കണമെന്നതാണ്"- അബുസ്സബാഹ് പൂർവ വിദ്യാർത്ഥികളോട്.

വിദ്യാർത്ഥികൾ അവരുടെ ഈ വന്ദ്യഗുരുവിനെ 'ശൈഖുനാ' എന്നാണ് അഭിസംബോധന ചെയ്തിരുന്നത്- ഗുരുവന്ദനവും സ്നേഹവും കടപ്പാടും

എല്ലാം അടങ്ങിയ ബഹുമാനസൂചകമായ ഒരു പദം.

നേതൃത്വത്തിലെത്തിയ ശിഷ്യന്മാർ

അബുസ്സബാഹിന്റെ ശിക്ഷണം ലഭിച്ച ശിഷ്യന്മാരിൽ പലരും ഉയർന്ന വീക്ഷണമുള്ളവരും സമൂഹത്തിൽ ഉന്നത സ്ഥാനം നേടിയവരുമാണ്. പ്രശസ്തരായ നാലു നേതാക്കളുടെ പേരുകൾ ഇവിടെ ഉദാഹരണത്തിന് ചൂണ്ടിക്കാണിക്കുകയാണ്. റൗസത്തുൽ ഉലൂം അറബിക്കോളേജ് ആരംഭിച്ച 1942 ലെ പ്രഥമ ബേച്ച് വിദ്യാർത്ഥിയായിരുന്ന സി.പി.അബൂബക്കർ മൗലവി, അറബി കോളേജ് പ്രിൻസിപ്പാൾ, മധുര പ്രഭാഷണത്തിന്റെ ഉടമ കോഴിക്കോട് മുഹ്യദ്ദീൻ പള്ളി ഖത്തീബ് എന്നീ പദവികളെല്ലാമുള്ള പണ്ഡിതൻ. പ്രമാദമായ ഒരു പള്ളിക്കേസ്സിൽ മതനിയമങ്ങളെപ്പറ്റിയുള്ള അദ്ദേഹത്തിന്റെ യുക്തിഭദ്രമായ വാദങ്ങൾ ജഡ്ജി അംഗീകരിച്ച് അനുകൂലമായി വിധിച്ചു. മതപ്രസംഗവേദികളിലും സമ്മേളനങ്ങളിലും സി.പി.യുടെ സാന്നിധ്യം ഒരു അലങ്കാരമായിരുന്നു.

രണ്ടാമത്തെ പ്രതിഭാശാലി 1953 ൽ റൗസത്തിൽ നിന്ന് അഫ്സലുൽ ഉലമാ ബിരുദം നേടി പുറത്തു വന്ന ശേഷം അലിഗർ യൂനിവേഴ്സിറ്റിയിൽ നിന്ന് മാസ്റ്റർ ബിരുദം സമ്പാദിച്ചു മമ്പാട് എം.ഇ.എസ് കോളേജ് പ്രിൻസിപ്പാൾ, ചന്ദ്രിക ദിനപത്രത്തിന്റെ മുഖ്യപത്രാധിപർ, കെ.എൻ.എം. പ്രസിഡണ്ട് എന്നീ നിലക്കെല്ലാം സേവനം ചെയ്ത പ്രൊഫ. മങ്കട അബ്ദുൽ അസീസ് മൗലവിയാണ്. ചരിത്രഗവേഷകനും സാഹിത്യകാരനുമായ അദ്ദേഹം കനപ്പെട്ട പല ഗ്രന്ഥങ്ങളും കൈരളിക്ക് സംഭാവന ചെയ്തിട്ടുണ്ട്. 1961 ൽ റൗസത്തുൽ ഉലൂമിൽ നിന്ന് ബിരുദമെടുത്ത പണ്ഡിതനാണ് കെ.എൻ.എം.സെക്രട്ടറിയും അറിയപ്പെട്ട മതപ്രഭാഷകനും സംഘാടക സമർത്ഥനുമായ എ. പി.അബ്ദുൽ ഖാദർ മൗലവി. ഉജ്ജ്വലനായ വാഗ്മി, നാൽപതിലധികം ഗ്രന്ഥങ്ങളുടെ കർത്താവ്, ജമാഅത്തെ ഇസ്ലാമി അസി: അമീർ എന്നീ നിലക്കെല്ലാം അറിയപ്പെടുന്ന ശൈഖ് മുഹമ്മദ് കാരക്കുന്ന് അബുസ്സബാഹിന്റെ ശിഷ്യനും അറുപതുകളുടെ ഒടുവിലെ ബിരുദധാരിയുമാണ്. റൗസത്തിന്റെ സന്തതിയായ ഡോ.വീരാൻ മൊയ്തീൻ അറബി - മലയാള നിഘണ്ടു അടക്കമുള്ള പല ഗ്രന്ഥങ്ങളുടെ കർത്താവും രാഷ്ട്രപതിയുടെ പുരസ്കാരം നേടിയ പണ്ഡിതനുമാണ്.

അബുസ്സബാഹിന്റെ ആദ്യകാല ശിഷ്യന്മാരിൽ ഇങ്ങനെ ഉന്നത ശ്രേണിയിലെത്തിയ എത്രയോ പ്രഗത്ഭമതികളുണ്ട്.

3. ആശ്രമതുല്യമായ കൊച്ചുഗൃഹത്തിൽ

സന്യാസാശ്രമത്തിന് തുല്യമായ ഒരു കൊച്ചു വീട്ടിലാണ് മൗലവി താമസിച്ചിരുന്നത്. പക്ഷേ സന്ദർശകരൊഴിഞ്ഞ സന്ദർഭം അപൂർവം. മഹാന്മാരായ മതപണ്ഡിതന്മാർ, രാഷ്ട്രീയനേതാക്കൾ, സമുദായ നായകന്മാർ വിദ്യാ

ഭ്യാസ വിചക്ഷണർ, പൗരമുഖ്യന്മാർ തുടങ്ങിയവരൊക്കെ നിത്യസന്ദർശക രായിരിക്കും. മൗലാനാ അബുൽഹസൻ അലി നദ്‌വി, ഈജിപ്തിലെ അബ്ദുൽ മുൻഇം നമിർ, അബ്ദുൽ ആലി അഖബാവി, പ്രസിദ്ധ അറബി കവി അബ്ദുള്ള മലൈബാരി, സീതി സാഹിബ്, ബാഫഖി തങ്ങൾ, സി. എച്ച് തുടങ്ങിയ എത്രയോ മഹാന്മാർ സന്ദർശിച്ച വീട്. സുപ്രധാനമായ പല കമ്മിറ്റി മീറ്റിംഗുകൾക്കും തീരുമാനങ്ങൾക്കും ആ വീട് സാക്ഷിയായിട്ടുണ്ട്. ഏത് ചെറിയ കുട്ടിക്കും ഏത് സമയത്തും അവിടെ പ്രവേശിക്കാമായിരുന്നു. എന്നാൽ അദ്ദേഹം നമസ്കരിക്കുന്ന സമയത്ത് ആരെങ്കിലും വരുന്നത് തീരെ ഇഷ്ടപ്പെട്ടിരുന്നില്ല. ഖുർആൻ പാരായണം പുറത്തേക്ക് കേൾക്കും. വിദ്യാർത്ഥികൾ ബന്ധപ്പെടുന്നതിലും അവരുമായി ചർച്ച ചെയ്യുന്നതിലും പ്രത്യേക താൽപര്യമായിരുന്നു. ഒരു പക്ഷേ അത് അൽ അസ്ഹറിലുള്ള തന്റെ അനുഭവത്തിന്റെ സ്വാധീനമായിരിക്കാം.

അതിഥി സൽക്കാരത്തിൽ അറബികളുടെ മാതൃകയാണ് അദ്ദേഹം സ്വീക രിച്ചിരുന്നത്. ഉദാരമായ മനസ്സ്. നോമ്പ്തുറ വിരുന്നിൽ പലപ്പോഴും അമുസ്‌ലിംകളും പങ്കെടുക്കും. വീട്ടിൽ അദ്ദേഹം പശുവിനെയും ആടിനെയും ഒക്കെ വളർത്തുന്ന ഒരു കർഷകനായ കുടുംബനാഥനായാണ് ചിലപ്പോൾ കാണപ്പെടുക. പശുവിന്റെ കയർ പിടിച്ചു കോളേജ് വളപ്പിൽ അതിനെ പുല്ല് തീറ്റിക്കുമായിരുന്നു. ആട്ടിൻകുട്ടിയെ ഓമനിക്കുകയും അതിനോട് കിന്നാരം പറയുകയും ചെയ്യും. അതിരാവിലെ അബുസ്സബാഹിന്റെ വീട്ടിൽ ചെല്ലുന്ന വർക്ക് കൗതുകകരമായ കാഴ്ചകൾ കാണാമായിരുന്നു. പിതാവും മക്കളും ചിരിച്ചും കളിച്ചും തമാശകൾ പറഞ്ഞും മധുര നിമിഷങ്ങൾ ചെലവഴിക്കും. ഉപ്പയിൽ നിന്ന് കുട്ടികൾക്ക് വീണുകിട്ടുന്ന വിലപ്പെട്ട നിമിഷങ്ങൾ. കുട്ടി കൾ സ്കൂളിലേക്ക് പോകുമ്പോഴും വീട്ടിലേക്ക് തിരിച്ചെത്തുമ്പോഴും ഉപ്പാക്ക് സലാം പറയൽ നിർബന്ധം.

ഭാര്യയും നാലുമക്കളുമടങ്ങിയതായിരുന്നു മൗലവിയുടെ കുടുംബം. ചാവ ക്കാട് മുതുവട്ടൂരിലെ എൻ.വി.ആമിനക്കുട്ടി (മ.2012) ആയിരുന്നു അദ്ദേഹ ത്തിന്റെ പത്നി. മൂത്തമകൾ സനിയ്യ. രണ്ടാമത്തെ മകൾ മിന്നത്ത്. മൂന്നാ മത്തെ മകൾ നജീബ. ഏകമകൻ കൗസർ. സനിയ്യയുടെ ഭർത്താവ് അബു സ്സബാഹിന്റെ തന്നെ ശിഷ്യൻ മുഹമ്മദ് ഫാറൂഖി. റൗസത്തുൽ ഉലൂം അറബിക്കോളേജിൽ നിന്ന് അഫ്സലുൽ ഉലമാബിരുദമെടുത്ത ശേഷം മദീന ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയിലും ശേഷം ഈജിപ്തിലെ അൽ അസ്ഹർ സർവകലാശാലയിലും പഠിച്ച പണ്ഡിതനാണ് അദ്ദേഹം. മിന്നത്തിന്റെ ഭർത്താവ് അബുസ്സബാഹിന്റെ തന്നെ സഹോദരിയുടെ പുത്രനും പ്രസിദ്ധ കലാകാരനായിരുന്ന എൻ.പി.അബുവിന്റെ സഹോദരനുമായ എൻ.പി. ഇബ്റാഹിം കുട്ടിയാണ്. സ്കൂൾ അധ്യാപികയായ നജീബയുടെ ഭർത്താവ് ഉജ്ജ്വലനായ വാഗ്മി, ഇഖ്ബാൽ കവിതകൾ ആഴത്തിൽ പഠിച്ച ബഹുഭാഷാ പണ്ഡിതൻ, മുസ്ലിംലീഗ് നേതാവ്, പാർലിമെന്റ് മെമ്പർ, നിയമസഭാംഗം, വിലപ്പെട്ട ഗ്രന്ഥങ്ങളുടെ കർത്താവ് എന്നീ നിലക്കെല്ലാം പ്രസിദ്ധനായ അബ്ദുസ്സമദ് സമദാനിയാണ്. മകൻ കൗസർ ഫാറൂഖ് ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപകനും ഭാര്യ റസീന അതേ സ്കൂളിൽ അധ്യാപികയുമാണ്.

9.
ഈ പ്രഭാതത്തിന് അസ്തമയമില്ല

അൽ അസ്ഹറിൽ നിന്ന് ബിരുദം നേടി കേരളത്തിലെത്തിയ ശേഷം രോഗങ്ങളോട് മല്ലിട്ടു കൊണ്ടാണ് സേവനനിരതമായ മുപ്പത് വർഷവും മൗലാനാ കഴിച്ചുകൂട്ടിയത്. ഇത്രയേറെ അസുഖങ്ങളുള്ള ഒരു മനുഷ്യന് ഇത്ര മഹത്തായ പ്രവൃത്തികൾ ചെയ്യാൻ എങ്ങനെ കഴിഞ്ഞുവെന്ന് അത്ഭുതം തോന്നും. അല്ലാഹുവിന്റെ സഹായത്തിലുള്ള ഉറച്ച വിശ്വാസം, പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കരളുറപ്പ്, കഠിനാദ്ധ്വാനം എന്നീ ഗുണങ്ങളാണ് അദ്ദേഹത്തെ നയിച്ചിരുന്നത്. നിരാശയോ മുന്നോട്ടുവെച്ച കാൽ പിന്നോട്ട് വലിക്കുന്ന ഭീരുത്വമോ, എതിർപ്പുകളെപ്പറ്റിയുള്ള ഭയമോ ഒന്നും അദ്ദേഹത്തിന്റെ മനസ്സിനെ തീണ്ടുമായിരുന്നില്ല. ജീവിതത്തിൽ ഒരു പ്രത്യേക തത്വശാസ്ത്രത്തിന്റെ ഉടമയായിരുന്നു അബുസ്സബാഹ്. വിദ്യാർത്ഥികൾക്ക് നൽകിയ ഉപദേശത്തിൽ അത് ഇങ്ങനെ പ്രകടിപ്പിക്കുന്നു: "സ്വാർത്ഥ താൽപര്യമോ സ്തുതിക്കും സ്തുതി പഠനത്തിനും വേണ്ടിയുള്ള മോഹമോ നിങ്ങളെ തീണ്ടരുത്. കാരണം യഥാർത്ഥ വിജയത്തിന്റെ മാനദണ്ഡം ആത്മാർത്ഥതയാണ്. യഥാർത്ഥ പുഷ്പത്തിൽ നിന്ന് മാത്രമേ പരിമളം അടിച്ചു വീശുകയുള്ളൂ. കടലാസ് പുഷ്പങ്ങൾ- അവ എത്ര മനോഹരങ്ങളാണെങ്കിലും ഒരിക്കലും പരിമളം വിതറുകയില്ല. മതപരമായ തർക്കങ്ങളിൽ നിന്ന് വിട്ടു നിൽക്കണം. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ മാനിക്കണം. തന്റെ അഭിപ്രായങ്ങളെ സൗമ്യതയോടെ, സ്നേഹപൂർവം, നയത്തിൽ എതിരഭിപ്രായക്കാരെ കേൾപ്പിക്കാൻ ശ്രമിക്കണം. അന്യോന്യം സത്യം ഗ്രഹിപ്പിക്കുക എന്നതായിരിക്കണം ലക്ഷ്യം. മറിച്ചു താൻ ഏതെങ്കിലും വിധത്തിൽ ജയിക്കണം എന്നാകരുത്."- പറയുന്ന ഈ തത്വമനുസരിച്ചാണ് അദ്ദേഹം പ്രവർത്തിച്ചതും.

രോഗങ്ങളോട് മല്ലടിച്ച ധീരൻ

ആദ്യം മുതൽ തന്നെ കാലിന് അസുഖമുണ്ടായിരുന്ന അബുസ്സബാഹ് പൊതുവേദികളിൽ നിന്നെല്ലാം അകന്ന് നിൽക്കുമായിരുന്നു. പ്രായം ചെല്ലും

തോറും വേറെയും പലതരം അസുഖങ്ങളും അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നു. പക്ഷേ, അവയെ എല്ലാം തോൽപിക്കും വിധമായിരുന്നു അദ്ദേഹത്തിന്റെ മനക്കരുത്ത്. സംഗതിയറിയാത്ത ചിലർ അബുസ്സബാഹ് പള്ളിയിൽ വരാറില്ലെന്ന ആക്ഷേപം കെ.എം.മൗലവിയുടെ കാതിലും എത്തിച്ചു. അദ്ദേഹം നേരിട്ട് മൗലവിയോടന്വേഷിച്ചപ്പോഴാണ് മതം അനുവദിക്കുന്ന ഒരു കാരണം അദ്ദേഹത്തിനുണ്ടെന്ന് ബോധ്യമാകുന്നത്. കോളേജിലേക്ക് നടന്ന് വരാൻ കഴിയാത്തവിധം അവശത കൂടിയപ്പോഴും അദ്ദേഹം അധ്യാപനം നിർത്തിയില്ല. വീട്ടിലെ വരാന്ത ക്ലാസ്സ് മുറിയായി മാറ്റുകയായിരുന്നു. ഫോണിൽ ബന്ധപ്പെട്ട് കോളേജിന്റെയും ഹോസ്റ്റലിന്റെയും നടത്തിപ്പിനും വികസന പ്രവർത്തനത്തിനും ആവശ്യമായ പണം പിരിച്ചുണ്ടാക്കും. ഈ ഘട്ടത്തിൽ സ്ഥിരവരുമാനമുണ്ടാക്കുന്ന ചില പദ്ധതികളും അദ്ദേഹം പൂർത്തിയാക്കി.

കഴിവുറ്റ പിൻഗാമികൾ

1971 മെയ് 30ന് ഔദ്യോഗികമായി കോളേജ് പ്രിൻസിപ്പാൾ സ്ഥാനത്തു നിന്ന് അദ്ദേഹം വിരമിച്ചു. തന്റെ പ്രഥമശിഷ്യനും സരസനായ വാഗ്മിയും അറബി കവിയുമായിരുന്ന സി.പി.അബൂബക്കർ മൗലവിയെയാണ് അദ്ദേഹം പിൻഗാമിയായി നിയമിച്ചത്. ഒന്നാം കമ്യൂണിസ്റ്റ് മന്ത്രിസഭ നിലം പതിച്ചപ്പോൾ സി.പി.എഴുതിയ 'അൽ വിസാറത്തുൽ ഹംറാഅ്' (ചുകപ്പൻ മന്ത്രിസഭ) എന്ന കവിത ഏറെ ചർച്ച ചെയ്യപ്പെടുകയും കേരളം സന്ദർശിച്ച അറബികളിൽ നിന്നുള്ള പാരിതോഷികത്തിനർഹമാവുകയും ചെയ്തു. 1978-ൽ അദ്ദേഹം റിട്ടയർ ചെയ്തപ്പോൾ ദീർഘകാലം അറബിക്കോളേജിൽ അധ്യാപകനായ എം.മുഹമ്മദ് അബുസ്സലാഹ് മൗലവി പ്രിൻസിപ്പാൾ ആയി. വെല്ലൂർ ബാഖിയാത്തിൽ നിന്ന് എം.എഫ്.ബി. ബിരുദവും മദ്രാസ് യൂനിവേഴ്സിറ്റിയിൽ നിന്ന് അഫ്സലുൽ ഉലമായും പാസ്സായ മൗലവി അറബി എഴുത്തുകാരൻ അറബികവി, ഭൂഗർഭ ജലം കണ്ടുപിടിക്കുന്ന വിദഗ്ദ്ധൻ എന്നീ നിലക്കെല്ലാം പ്രസിദ്ധനായിരുന്നു. അദ്ദേഹത്തിന് ശേഷം 1979 മുതൽ 1996 വരെ അബുസ്സബാഹിന്റെ തന്നെ ശിഷ്യനും ഈ ഗ്രന്ഥത്തിന്റെ രചയിതാവുമായ പി.മുഹമ്മദ് കുട്ടശ്ശേരി പ്രിൻസിപ്പൽ സ്ഥാനം വഹിച്ചു. അതിനുശേഷം ഒരു വർഷം, റൗസത്തിൽ നിന്ന് അഫ്സലുൽ ഉലമാ ബിരുദം നേടി പിന്നെ മദീന ഇസ്ലാമിക് യൂനിവേഴ്സിറ്റിയിൽ ഉപരിപഠനം നടത്തിയ എ.അബ്ദുൽ ഹമീദ് മൗലവിയാണ് പ്രിൻസിപ്പാൾ സ്ഥാനത്ത് നിയുക്തനായത്. 1997 മുതൽ ഈ സ്ഥാനം വഹിക്കുന്നത് റൗസത്തുൽ ഉലുമിന്റെ സന്തതിയും മക്ക ഉമ്മുൽ ഖുറാ ബിരുദധാരിയും മതപ്രഭാഷകൻ, അറബി എഴുത്തുകാരൻ, പല ലോകമത സമ്മേളനങ്ങളിലും ഇന്ത്യയെ പ്രതിനിധീകരിച്ചു പങ്കെടുത്ത പണ്ഡിതൻ, ഇസ്ലാഹീ സംഘടനാ നേതാവ് എന്നീ നിലക്കെല്ലാം പ്രസിദ്ധനായ ഡോ.ഹുസൈൻ മടവൂർ ആണ്. എല്ലാവരും അബുസ്സബാഹ് സൃഷ്ടിച്ച പാരമ്പര്യത്തിലൂടെ സ്ഥാപനത്തെ നയിച്ചവരാണ്.

അദ്ദേഹം വളർത്തിയെടുത്ത വ്യത്യസ്തമായ ചിന്താധാര ഇപ്പോഴും സ്ഥാപനത്തിൽ തുടരുന്നു.

ആരോഗ്യനില മോശമായിക്കൊണ്ടിരുന്നുവെങ്കിലും അബുസ്സബാഹ് തന്റെ ദൗത്യനിർവഹണത്തിൽ ഒരു കുറവും വരുത്തിയില്ല. ആദ്യം മുതൽക്കെ മൗലവിയെ ചികിത്സിച്ചിരുന്ന ഡോക്ടർ ആണ് അസോസിയേഷൻ മെമ്പറും കാലിക്കറ്റ് യൂനിവേഴ്സിറ്റി സെനറ്റ്- സിണ്ടിക്കേറ്റ് അംഗവുമായിരുന്ന ഡോ.ടി.പി.മുഹമ്മദ്. ഒരിക്കൽ അസഹനീയമായ തലവേദന വന്നപ്പോൾ അബുസ്സബാഹ് ഒരു വയറെടുത്ത് തലയിൽ മുറുക്കി കെട്ടി. ടി.പി.യെ വിളിച്ചു വരുത്തി വിവരം പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കമന്റ്: ആ കെട്ട് അൽപം കൂടി താഴേക്ക് മാറ്റി കൂടായിരുന്നുവോ? ഈ തമാശയിൽ തലവേദന അലിഞ്ഞു പോയി. ഡോ.പി.കെ.അബ്ദുൽ ഗഫൂർ, ഡോ.സി.കെ.രാമചന്ദ്രൻ തുടങ്ങിയവരും അദ്ദേഹത്തെ പലപ്പോഴായി ചികിത്സിച്ചിരുന്നു.

അന്ത്യനിമിഷങ്ങൾ

ഏറിയും കുറഞ്ഞും കൊണ്ടിരുന്ന രോഗം 1971 സപ്തംബർ ആദ്യവാരത്തിൽ മൂർഛിച്ചു അബുസ്സബാഹിനെ കോഴിക്കോട് നിർമല ഹോസ്പിറ്റലിലേക്ക് മാറ്റി. തീരെ അവശനായി കാറിൽ കയറ്റികൊണ്ടു പോകുമ്പോഴും അദ്ദേഹം തന്റെ തുർക്കി തൊപ്പി തലയിൽ ധരിക്കാൻ മറന്നില്ല. ആശുപത്രിയിൽ സന്ദർശകരെയെല്ലാം സ്വീകരിച്ചു. അദ്ദേഹത്തെ ശുശ്രൂഷിക്കുന്ന നഴ്സുമാർക്ക് സമ്മാനിക്കാൻ കുറേ പഴങ്ങൾ വരുത്തിച്ചു. മേലധികാരിയുടെ സമ്മതം വാങ്ങി അവർ ആ പഴം സ്വീകരിച്ചു. തങ്ങൾ ശുശ്രൂഷിക്കുന്ന ഈ രോഗി ഒരു ആത്മീയ നേതാവാണെന്ന് അവർ മനസ്സിലാക്കിയിരുന്നു. തന്റെ അന്ത്യം അടുത്തു കഴിഞ്ഞു എന്ന് അബുസ്സബാഹിന് ബോധ്യമായി. മക്കളെ വിളിച്ചു വരുത്തി അവരോട് സംസാരിച്ചു. തന്റെ പിൻഗാമിയായ പ്രിൻസിപ്പാൾ സി.പി. അബൂബക്കർ മൗലവിയോട് കോളേജിന്റെ കാര്യങ്ങൾ നന്നായി ശ്രദ്ധിക്കാൻ നിർദ്ദേശിച്ചു. ജെ.ഡി.റ്റി മാനേജർ കെ.പി. ഹസൻ ഹാജിയും മൗലവിയുടെ ഏതാനും ശിഷ്യന്മാരും സദാ സമയം അദ്ദേഹത്തെ ശുശ്രൂഷിച്ചു കൊണ്ടിരുന്നു.

1971 സപ്തംബർ 9-ാം തിയ്യതി വ്യാഴാഴ്ച അസ്തമിച്ച വെള്ളിയാഴ്ച രാവ്. 12 മണി സമയം ആ മഹാദീപം പൊലിഞ്ഞു.

മൃതദേഹം ഫാറൂഖാബാദിലെ അദ്ദേഹത്തിന്റെ വസതിയിലേക്ക് മാറ്റി. വെള്ളിയാഴ്ച പ്രഭാതത്തോടെ ജനപ്രവാഹമായി. പണ്ഡിതന്മാർ, നേതാക്കൾ, പ്രമുഖവ്യക്തികൾ, ശിഷ്യഗണങ്ങൾ, വിദ്യാർത്ഥികൾ. ജുമുഅക്ക് മുമ്പായി ജനാസനമസ്കാരം നിർവഹിക്കപ്പെട്ടു. അദ്ദേഹം നട്ടുവളർത്തിയ വിജ്ഞാനപ്പൂങ്കാവനത്തിന്റെ മദ്ധ്യത്തിൽ തല ഉയർത്തി നിൽക്കുന്ന മസ്ജിദുൽ അസ്ഹറിന്റെ അങ്കണത്തിൽ, പൂച്ചെടികൾക്ക് നടുവിൽ അദ്ദേഹത്തിന്റെ ജനാസ മറമാടപ്പെട്ടു.

അബുസ്സബാഹിന് ശേഷം

അബുസ്സബാഹിന്റെ വിയോഗാനന്തരം അദ്ദേഹം വഹിച്ചിരുന്ന അറബിക്കോളേജ് മാനേജിംഗ് കമ്മിറ്റി പ്രസിഡണ്ട് സ്ഥാനത്തേക്ക് അദ്ദേഹത്തെ ഏറ്റവും അധികം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്ന ഉദാരമതിയും വ്യവസായ പ്രമുഖനുമായ രാജാ അബ്ദുൽ ഖാദർ ഹാജി തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന് ശേഷം അദ്ദേഹത്തിന്റെ ജാമാതാവും കെ. അവറാൻ കുട്ടി ഹാജിയുടെ പുത്രനുമായ കെ.സി.ഹസൻ കുട്ടിയാണ് നിയമിതനായത്. പിതാവിന്റെയും ഭാര്യപിതാവിന്റെയും സേവന പാരമ്പര്യത്തിലൂടെ നീങ്ങിയ അദ്ദേഹം ആദർശനിഷ്ഠനും നിസ്വാർത്ഥ സേവകനും പല സാംസ്കാരിക സാമൂഹ്യ സംരംഭങ്ങളുടെയും നേതൃത്വത്തിൽ വിരാജിക്കുന്ന വ്യക്തിയുമായിരുന്നു. പിന്നീട് പ്രസിഡണ്ട് സ്ഥാനം വഹിച്ച റിട്ട.ഡെ.കലക്ടർ പി.കുഞ്ഞഹമ്മദിനു ശേഷം ഈ ഗ്രന്ഥം പുറത്തിറങ്ങുമ്പോൾ ആ സ്ഥാനം വഹിക്കുന്നത് നിരവധി സ്ഥാപനങ്ങൾ നടത്തുന്ന വ്യവസായ പ്രമുഖനും സംസ്ഥാന സർക്കാരിന്റെ അച്ചീവ്മെന്റ് അവാർഡ് ജേതാവും, പല മത-വിദ്യാഭ്യാസ-സാമൂഹ്യ-സാംസ്ക്കാരിക സംഘടനകളിലും സജീവമായി പ്രവർത്തിക്കുന്ന ഉദാരമതിയുമായ പി.കെ.അഹ്മദ് ആണ്. അറബിക്കോളേജ് സെക്രട്ടറിയായി എം.കുഞ്ഞായി വൈദ്യർക്കും കെ.കുഞ്ഞിമുഹമ്മദ് എന്ന മാനുഹാജിക്കും ശേഷം കൊളമ്പോസ്റ്റോഴ്സ് മാനേജർ എസ്.ഇസ്മാഈലിന്റെ പുത്രൻ എസ്.മുഹമ്മദ് യൂനുസ് സേവനമനുഷ്ഠിക്കുന്നു.

റൗസത്തുൽ ഉലൂം അസോസിയേഷൻ

കേരളത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള പ്രമുഖ വ്യക്തികൾ ഉൾക്കൊള്ളുന്ന റൗസത്തുൽ ഉലൂം അസോസിയേഷൻ സ്ഥാപിതമായത് മുതൽ 1971-ൽ അബുസ്സബാഹ് നിര്യാതനാകും വരെ അതിന്റെ പ്രസിഡണ്ടായി തുടർന്നത് അദ്ദേഹം തന്നെയായിരുന്നു. ശേഷം അബുസ്സബാഹിന്റെ ആഗമനം മുതൽക്കേ അദ്ദേഹവുമായി ബന്ധപ്പെട്ട് സേവന പ്രവർത്തനങ്ങൾ നടത്തിപ്പോന്ന രാജാ അബ്ദുൽഖാദർ ഹാജിയും എം.കുഞ്ഞായി വൈദ്യരും ആ സ്ഥാനം വഹിച്ചു. 1999 മുതൽ പ്രസിഡണ്ട് പദവി അലങ്കരിക്കുന്നത് സമുദ്രവ്യാപാരരംഗത്തെ സജീവസാന്നിധ്യവും പല വിദ്യാഭ്യാസ- സാമൂഹ്യ-വ്യവസായ സംഘടനകളുമായും സ്ഥാപനങ്ങളുമായും ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന പൊതു പ്രവർത്തകനുമായ കെ.വി.കുഞ്ഞമ്മദ് കോയയാണ്. ഫാറൂഖ് കോളേജിന് ഗണ്യമായ സേവനങ്ങൾ അർപ്പിച്ച തന്റെ വന്ദ്യ പിതാവ് പി.ഐ.അഹ്മദ് കോയയുടെയും ഭാര്യാപിതാവ് കൊയപ്പത്തൊടി അഹ്മദ്കുട്ടി ഹാജിയുടെയും സേവനപാരമ്പര്യത്തിലൂടെയാണ് കെ.വി.യും സഞ്ചരിക്കുന്നത്.

റൗസത്തുൽ ഉലൂം അസോസിയേഷന്റെ ഒന്നാമത്തെ സെക്രട്ടറിയായ അഡ്വ.എം.വി. ഹൈദ്രോസിന്റെ മരണശേഷം ഫാറൂഖ് ഹൈസ്കൂൾ പ്രധാന അധ്യാപകനും അബുസ്സബാഹുമായി ഏറ്റവും അടുത്ത് ഇടപഴകി പ്രവർത്തി

ച്ച വ്യക്തിയുമായിരുന്ന പി.എ.ലത്തീഫ് ആണ് ആ സ്ഥാനം വഹിച്ചിരുന്ന ത്.

2001 മുതൽ ഫാറൂഖ് കോളേജ് ഇംഗ്ലീഷ് അധ്യാപകൻ, പ്രിൻസിപ്പാൾ, മുസ്‌ലിം ന്യൂനപക്ഷ പ്രശ്നങ്ങളെപ്പറ്റി പഠനം നടത്തി ലേഖനങ്ങൾ എഴുതുന്ന ഗവേഷകൻ എന്നീ നിലക്കെല്ലാം പ്രസിദ്ധനായ പ്രൊഫ.യു.മുഹമ്മദ് ആണ് സെക്രട്ടറി. അസോസിയേഷൻ മെമ്പർമാരും അതിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ നടത്തിപ്പുകാരും അധികവും അബുസ്സബാഹുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചവരുടെ മക്കളും ശേഷക്കാരുമാണ്. പുറമെ സാമൂഹ്യ സംസ്കാരിക രംഗങ്ങളിൽ പ്രസിദ്ധരായ വ്യക്തികളുമുണ്ട്. പിൻതലമുറക്കാർ അബുസ്സബാഹ് നട്ടുവളർത്തിയ വിജ്ഞാനപ്പൂങ്കാവനത്തിൽ കൂടുതൽ പൂച്ചെടികൾ വെച്ചു പിടിപ്പിച്ചും വിപുലീകരിച്ചും അതിനെ പരിരക്ഷിക്കുന്നതിൽ ശ്രദ്ധിക്കുന്നവരാണ്. ഫാറൂഖാബാദ് വിദ്യാഭ്യാസ സമുച്ചയം ഇന്ന് ഒരു അർദ്ധ സർവകലാശാലയുടെ പദവിയിലേക്കുയർന്നിരിക്കുന്നു.

ഈ മഹത്തായ വിജ്ഞാനപ്പൂങ്കാവനവും അവയിലെ പൂക്കളിൽ നിന്ന് മധുനുകരാൻ പറന്നെത്തുന്ന പതിനായിരങ്ങളും അവർക്ക് വഴികാണിക്കുന്ന മഹായോഗികളും നിലനിൽക്കുന്നേടത്തോളം കാലം അബുസ്സബാഹ് സ്മരിക്കപ്പെട്ടുകൊണ്ടേയിരിക്കും. കേരളത്തിൽ വിദ്യാഭ്യാസ-സാംസ്കാരിക മേഖലയിൽ അദ്ദേഹം സൃഷ്ടിച്ച അറിവിന്റെ പൊൻകിരണങ്ങൾ നാനാ ഭാഗത്തേക്കും പ്രസരിപ്പിച്ച് ഒരു വിസ്മയ കാഴ്ചയായി നിലകൊള്ളുന്നു.

ഫാറൂഖ് കോളേജ് കാമ്പസിലെത്തി അബുസ്സബാഹിനെ നേരിൽ കാണുകയും അദ്ദേഹത്തിന്റെ മഹത്തായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മനസ്സിലാക്കുകയും ചെയ്ത ഈജിപ്ഷ്യൻ സാംസ്കാരിക സംഘം നേതാവും ലോക പ്രശസ്ത പണ്ഡിതനുമായ ശൈഖ് അബ്ദുൽ മുൻഇം അന്നമിർ വിസ്മയഭരിതനായി അബുസ്സബാഹിനെ ഇങ്ങനെ വിശേഷിപ്പിച്ചു:

"സബാഹുൻ ലാ മസാഅല"

ഈ പ്രഭാതത്തിന് അസ്തമയമില്ല.

അനുബന്ധം 1

(1950-ൽ സി.എൻ.അഹ്മദ് മൗലവിയുടെ പത്രാധിപത്യത്തിൽ പുറത്തിറങ്ങിയിരുന്ന അൻസാരി മാസികയിൽ മൗലാനാ അബുസ്സബാഹ് എഴുതിയ ലേഖനം)

ഇസ്‌ലാമിലെ നമസ്ക്കാരം

മൗലാനാ അബുസ്സബാഹ് അഹ്മദ് അലി
പ്രിൻസിപ്പാൾ, റൗസത്തുൽ ഉലും അറബിക് കോളേജ്, ഫറോക്ക്

ആത്മീയം, ശാരീരികം, സാമൂഹികം എന്നിങ്ങിനെ വിവിധവശങ്ങളിൽ കൂടിയുള്ള മനുഷ്യരുടെ വളർച്ചയെ ലക്ഷ്യം വെച്ചുകൊണ്ടാണ് ചില ആചാരങ്ങൾ അനുഷ്ഠിക്കുവാനും വിശ്വാസങ്ങൾ കൈകൊള്ളുവാനും ഇസ്‌ലാം കല്പിച്ചിട്ടുള്ളത്. നമസ്കാരം, നോമ്പ്, സക്കാത്ത്, ഹജ്ജ് മുതലായവയെല്ലാം തന്നെ ഇത്തരം ലക്ഷ്യങ്ങളെ മുൻനിറുത്തി കല്പിക്കപ്പെട്ടിട്ടുള്ളവയാകുന്നു. പക്ഷെ നാം അതൊന്നും ചിന്തിക്കുന്നില്ല. വെറും ചില ചടങ്ങുകളെന്നോണം അവയെല്ലാം നിർവ്വഹിക്കുക മാത്രമാണ് ചെയ്യുന്നത്. അതുകൊണ്ട് അവയുടെ ആന്തരാർത്ഥങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രതിഫലിച്ചു കാണുന്നില്ലെന്നു മാത്രമേയുള്ളു. നമസ്കാരം ഇസ്‌ലാമിലെ ആചാരങ്ങളിൽ അത്യധികം പ്രാധാന്യമുള്ള ഒന്നാണല്ലൊ. അതുകൊണ്ട് അതിന്റെയും, അതിനു മുമ്പുള്ള ശുചീകരണം മുതലായ ആചാരങ്ങളുടെയും ആന്തരാർത്ഥങ്ങൾ ചുരുക്കി വിവരിക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

ശുചിത്വം

ഓരോ മുസ്‌ലിമും അഞ്ചുനേരം നിർബ്ബന്ധമായും നമസ്കാരം നിർവ്വഹിക്കണമെന്നും, അവയിൽ ഓരോന്നിന് മുമ്പും വായ്, മുഖം, ചെവി, കൈ, കാൽ മുതലായ അംഗങ്ങളെ ശുചീകരിക്കണമെന്നും മതം കല്പിക്കുന്നു. ഇതിൽ പല രഹസ്യങ്ങളും അടങ്ങിയിട്ടുണ്ട്. 1. വിവിധ ആവശ്യങ്ങൾക്കായി മനുഷ്യർ സദാ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നതും, അതിനാൽ എപ്പോഴും അഴുക്കു പറ്റുവാൻ ഇടയുള്ളതുമായ അംഗങ്ങളാണിവ. അതുകൊണ്ടു ഈ അവയവങ്ങൾ ഒരു ദിവസം 5 പ്രാവശ്യം കഴുകുമ്പോൾ ഇവയുടെ മാലിന്യം നീങ്ങുന്നതും, ഇവകൊണ്ടു സ്പർശിക്കപെടുന്ന മറ്റു സാധനങ്ങൾക്കു അഴുക്കു പറ്റുവാനിടവരാതിരിക്കുന്നതുമാണ്. 2. ഈ അവയവങ്ങളിൽ മാത്രമല്ല, നമസ്കരിക്കുന്നവൻ ധരിക്കുന്ന വസ്ത്രം, അവൻ നില്ക്കുന്ന സ്ഥലം എന്നിവയിലും യാതൊരുവിധത്തിലുള്ള മാലിന്യവും ഉണ്ടായിരിക്കുവാൻ പാടില്ലെന്നു മതം കല്പിക്കുന്നു. വിയർപ്പ്, പൊടി മുതലായ അഴുക്കു

കൾ പോലും ഇവയിൽ നിന്നു നീക്കം ചെയ്യണമെന്നാണ് മതം ഉപദേശിക്കുന്നത്. ഇങ്ങിനെ ഇവയെല്ലാം മാലിന്യങ്ങൾ പറ്റാതെ സൂക്ഷിച്ചുവെക്കാൻ സാധിക്കണമെങ്കിൽ, വീടും, പരിസരങ്ങളും ശുചീകരിച്ചു വെക്കാതിരിക്കുവാൻ നിവൃത്തിയില്ലല്ലൊ. അപ്പോൾ ഈ കല്പന മൂലം, സർവരും ശരീരവും വസ്ത്രവും വീടും പരിസരവുമെല്ലാം സദാ വൃത്തിയാക്കിവെക്കുവാൻ നിർബ്ബന്ധരായിത്തീരുകയും, അത് അവരുടെ ആരോഗ്യപരമായ വളർച്ചക്ക് അത്യധികം സഹായകമായി ഭവിക്കുകയും ചെയ്യുന്നു. 3. മനുഷ്യർക്കുണ്ടാകുന്ന രോഗങ്ങളിൽ ഒരു വലിയ വിഭാഗം, ദന്തശുദ്ധി വരുത്താത്തതു കൊണ്ടാണെന്നു ഗവേഷണം മൂലം തെളിഞ്ഞിട്ടുള്ളതായി ആരോഗ്യശാസ്ത്രനിപുണരായ ഡോക്ടർമാർ പ്രസ്താവിക്കുന്നു. ആ നിലക്ക് നോക്കുമ്പോൾ ഒരു വലിയവിഭാഗം രോഗങ്ങൾ തടയുവാൻ 'വുസു'വിലെ അഞ്ചുനേരത്തെ ദന്തശുദ്ധി തന്നെ സഹായകമായിത്തീരുന്നതാണല്ലൊ. ദന്തശുദ്ധി വരുത്തണമെന്നുമാത്രമല്ല, വായിലെ ദുർഗ്ഗന്ധം നീക്കം ചെയ്യണമെന്നു കൂടി ഇസ്ലാം ഉപദേശിക്കുന്നുണ്ട്. 4. മനുഷ്യബുദ്ധിക്ക് ജ്ഞാനം ലഭിക്കുന്നത് പഞ്ചേന്ദ്രിയങ്ങൾ വഴിയായിട്ടാണ്. 'വുസു'വിലെ അവയവങ്ങൾ പഞ്ചേന്ദ്രിയങ്ങൾ സമ്മേളിച്ച സ്ഥലവുമാകുന്നു. അപ്പോൾ ഇടക്കിടെ ശുദ്ധജലം കൊണ്ടുള്ള സ്നാനം അവക്കു കൂടുതൽ പ്രവർത്തനശക്തി ഉണ്ടാക്കുമെന്നുള്ളത് തീർച്ചയാണല്ലൊ. 5. ബോധക്ഷയം, തളർച്ച മുതലായ സുഖക്കേടുണ്ടാകുമ്പോൾ മുഖത്തും തലയിലും വെള്ളമൊഴിക്കുന്നതും ഉടനെ അവ സുഖപ്പെടുന്നതും നമുക്കനുഭവമാണ്. അതുകൊണ്ട് മാന്ദ്യം പിടിപെട്ടു ക്ഷീണിച്ചു തളർന്നു കിടക്കുന്ന ഞരമ്പുകൾക്കും തലച്ചോറിനും ശുദ്ധജലം കൊണ്ടുള്ള സ്നാനം മൂലം ഉണർവും നവജീവനും നൽകി, അടുത്തു ദൈവ സന്നിധിയിൽ വെച്ചു നടത്തുവാൻ പോകുന്ന അഭിമുഖ സംഭാഷണത്തിന്നനുയോജ്യമാംവണ്ണം ബുദ്ധിക്കു ഉണർവും ഉന്മേഷവും ഉണ്ടാക്കിത്തീർക്കേണ്ട ഉദ്ദേശവും ഇതിലുണ്ട്. 6. കോപം വന്നാൽ വേഗം പോയി 'വുസു' ചെയ്യണമെന്നു നബി (സ) കല്പിച്ചിട്ടുണ്ട്. ഇതിന്റെ അർത്ഥം ശുദ്ധജലം കൊണ്ടുള്ള അംഗസ്നാനം മനുഷ്യരിൽ ക്ഷമാശീലവും ശാന്തതയുമുളവാക്കുമെന്നാണല്ലൊ. അതുകൊണ്ടു അത്തരം ഉദ്ദേശങ്ങളും 'വുസു'വിൽ അടങ്ങിയിട്ടുണ്ട്. 7. ദൈവസന്നിധിയിൽ വെച്ചു നടത്തുവാൻ പോകുന്ന പ്രാർത്ഥനക്കുള്ള ഒരുക്കമായിട്ടാണല്ലൊ ഈ അവയവങ്ങൾ കഴുകുവാൻ കല്പിച്ചിട്ടുള്ളത്. മറ്റുള്ളവരുമായി ഇടപെടുമ്പോൾ, വിശിഷ്യാ മഹാന്മാരുടെ സദസ്സുകളിൽ പോകുമ്പോൾ വൃത്തിയുടെ കാര്യം പ്രത്യേകം സൂക്ഷിക്കണമെന്ന് ഇത് സൂചിപ്പിക്കുന്നു. ഇങ്ങിനെ പല രഹസ്യങ്ങളും ഇതിൽ അടങ്ങിയിട്ടുണ്ട്.

എന്നാൽ ഈ ശുചീകരണം ഏതെങ്കിലും പ്രകാരത്തിൽ സാധിച്ചാൽ പോരാ- അതായത് മഴകൊണ്ടിട്ടോ, വെള്ളത്തിൽ വീണിട്ടോ ഒരാളുടെ ശരീരത്തിലെ അഴുക്കുകൾ മുഴുവനും നീങ്ങിപ്പോവുകയും മേൽപറഞ്ഞ മറ്റുദ്ദേശങ്ങൾ സാധിക്കുകയും ചെയ്തുവെന്നു വെക്കുക. അതുകൊണ്ട്

അയാൾക്ക് നമസ്കരിക്കുവാൻ പാടില്ല. ഇന്നിന്ന ആവശ്യങ്ങൾക്കായി താൻ ശുചീകരിക്കുന്നു എന്നുള്ള ബോധത്തോടുകൂടി ശുചീകരണം നിർവ്വഹിച്ച വനുമാത്രമെ നമസ്കരിക്കുവാൻ പാടുള്ളു. കാരണം, താല്ക്കാലികമായ ശുചിത്വം മാത്രമല്ല, സുസ്ഥിരമായ ശുചിത്വബോധം മനുഷ്യരിൽ ഉണ്ടാക്കിത്തീർക്കേണ്ട ഉദ്ദേശവും കൂടി 'വുസു'വിൽ ഒളിഞ്ഞു കിടക്കുന്നുണ്ട്. അതുകൊണ്ട് ഈ ബോധത്തോടുകൂടിയല്ലാതെ നടത്തുന്ന 'വുസു' വിന്നോ, നമസ്കാരത്തിനോ, നോമ്പിനോ യാതൊരു ഫലവുമില്ലെന്നാണ് മതം സിദ്ധാന്തിക്കുന്നത്. കാരണം ശരിയായ ബോധത്തോടു കൂടിയല്ലാതെയുള്ള യാതൊരു പ്രവൃത്തിയും മനുഷ്യഹൃദയത്തെ നിയന്ത്രിക്കുവാൻ ഉപയോഗപ്പെടുകയില്ലല്ലൊ. ഈ ബോധനത്തിന്നാണ് നാം "നിയ്യത്ത്" എന്നു പറയുന്നത്.

'കിബ്ല'

അംഗശുചീകരണത്തിൽ നിന്നു വിരമിച്ചതിനു ശേഷം മക്കാപട്ടണത്തിൽ സ്ഥിതി ചെയ്യുന്ന 'കിബ്ല'യുടെ നേരെ തിരിഞ്ഞു നില്ക്കണമെന്നു മതം കല്പിക്കുന്നു. ഇതിലും പല രഹസ്യങ്ങളും അടങ്ങിയിരിക്കുന്നു. 1. ലോകം മുഴുവനും ബഹുദൈവാരാധനയിൽ മുഴുകിപ്പോയിരുന്ന കാലത്ത് ഏകദൈവത്തെ മാത്രം ആരാധിക്കുവാനായി ഭൂമുഖത്ത് ഏറ്റവും ആദ്യമായി സ്ഥാപിതമായിട്ടുള്ള പള്ളിയാണത്. ഇബ്രാഹിം നബി (അ) ആണ് അതിന്റെ സ്ഥാപകൻ. അപ്പോൾ അതിനുനേരെ തിരിഞ്ഞുനില്ക്കുമ്പോൾ, ലോകനിയന്താവായ അല്ലാഹുവിനെ വണങ്ങേണ്ടത് തന്റെ കടമയാണെന്നും, അവനെയല്ലാതെ മറ്റാരെയും വണങ്ങരുതെന്നുമുള്ള ബോധം മനുഷ്യനുണ്ടായിത്തീരുന്നതാണല്ലോ. 2. ഭൂമിയുടെ നാനാ ഭാഗങ്ങളിൽ താമസിക്കുന്ന മുസ്ലിംകൾ അതിനു നേരെ തിരിഞ്ഞു നില്ക്കുമ്പോൾ തങ്ങളെല്ലാവരും ഒരേലക്ഷ്യത്തെ മുൻ നിറുത്തി ജീവിക്കുന്നവരാണെന്നുള്ള ബോധം അവർക്കെല്ലാം ഉണ്ടായിത്തീരുകയും, ഭിന്നിപ്പും കക്ഷിത്വവും വരാതെ അവരുടെ ഇടയിൽ ഐക്യം നിലനിറുത്തുന്നതിന് അതു പ്രേരകമായി ഭവിക്കുകയും ചെയ്യുന്നതാണ്. 3. കിഴക്കു, തെക്കു, വടക്കു, പടിഞ്ഞാറ് എന്നീ നാലു ഭാഗങ്ങളിൽ ഏതെങ്കിലും ഒരു നിശ്ചിതഭാഗത്തേക്കു തിരിഞ്ഞു നില്ക്കുവാൻ ലോകത്തുള്ള എല്ലാ മുസ്ലിംകളോടും കല്പിച്ചാൽ ആ ഭാഗത്തിനു അല്ലാഹുവുമായി പ്രത്യേക ബന്ധമുണ്ടെന്ന് ജനങ്ങൾ ധരിക്കുവാൻ ഇടവരുന്നതാണ്. നേരെമറിച്ച് 'കഅബ' യുടെ കിഴക്കുള്ളവരോടു പടിഞ്ഞാറു ഭാഗത്തേക്കും, പടിഞ്ഞാറുള്ളവരോടു കിഴക്കോട്ടും, അതിനു തെക്കുള്ളവരോടു വടക്കോട്ടും, വടക്കുള്ളവരോട് തെക്കോട്ടും തിരിഞ്ഞുനില്ക്കുവാൻ കല്പിച്ചാൽ ഒരു പ്രത്യേക ഭാഗത്തിനു വല്ല പുണ്യമോ അല്ലാഹുവിന് അതുവുമായി വല്ല പ്രത്യേകബന്ധമോ ഉണ്ടെന്ന് ജനങ്ങൾ തെറ്റിദ്ധരിക്കുവാൻ ഇടവരികയില്ല. 4. അന്ത്യപ്രവാചകനായ മുഹമ്മദു നബി (സ)യുടെ ജന്മഭൂമിയായ മക്കായിലാണല്ലോ 'കഅ്ബ' സ്ഥിതി ചെയ്യുന്നത്. അതുകൊണ്ട് അങ്ങോട്ടു തിരിഞ്ഞുനില്ക്കു

മ്പോൾ ഇസ്ലാമിന്റെ പൂർവ്വദശയെ പറ്റിയുള്ള വിവിധ സ്മരണകൾ അതു മനസ്സിൽ ഉദിപ്പിക്കുന്നതും തദ്വാരാ ഇസ്ലാമിനു നേരെയുള്ള ഭക്തിബഹുമാനങ്ങൾ പതിന്മടങ്ങായി വർദ്ധിക്കുന്നതുമാണ്. 5. മനുഷ്യനു ദൈവാരാധന നടത്തുമ്പോൾ ഒരു ഭാഗത്തേക്കോ ഒരു സാധനത്തിനു നേരെയോ തിരിഞ്ഞു നില്ക്കാതെ നിവൃത്തിയില്ല. ദൈവത്തിന്നാണെങ്കിൽ പ്രത്യേകമായി ഒരു ഭാഗമോ സ്ഥലമോ ഇല്ലതാനും. അപ്പോൾ സാധിക്കുന്ന ഏതെങ്കിലും ഒരു സ്ഥലത്തേക്കു തിരിഞ്ഞാൽ മതിയെന്നു വെക്കേണ്ടി വരുന്നതാണ്. അങ്ങിനെ വരുമ്പോൾ ആരാധനക്കു ഒരു വ്യവസ്ഥയില്ലാതെ വരും. അതു വരാതിരിക്കാനായി സ്ഥലനിർണ്ണയം ചെയ്യേണ്ടതാവശ്യവുമാണ്. എന്നാൽ ആ സ്ഥലം ഏകദൈവത്തെ ആരാധിക്കുവാൻ ഉണ്ടാക്കിയ പ്രഥമ ദൈവാലയമായിരിക്കുന്നത് പലതുകൊണ്ടും നല്ലതാണല്ലൊ. ഇങ്ങിനെ പല രഹസ്യങ്ങളും അതിലുണ്ട്.

ദേഹശുദ്ധി വരുത്തി അല്ലാഹുവിനോട് പ്രാർത്ഥിക്കുവാനായി ഒരുങ്ങി നിൽക്കുന്നവൻ 'കഅ്ബ' യുടെ നേരെ തിരിഞ്ഞുനിൽക്കുമ്പോൾ അവന്റെ ഹൃദയത്തിൽകൂടി ഇത്തരം സ്മരണകളെല്ലാം കടന്നു പോവുകയും, ലോകസ്രഷ്ടാവും നിയന്താവുമായ അല്ലാഹുവിന്റെ മഹത്വവും അവനെ വണങ്ങേണ്ടതിന്റെ ആവശ്യകതയും അതിൽ സ്ഥലം പിടിക്കുകയും ചെയ്യുന്നു. അപ്പോഴാണ് ആ ഭക്തി اَللّٰهُ اَكْبَرُ (അല്ലാഹു ഏറ്റവും മഹാൻ) എന്നു വാഗ്രൂപത്തിൽ അവൻ പ്രകടിപ്പിക്കയും വിനയസൂചകമായി ദൈവസന്നിധിയിൽ കൈകെട്ടി നില്ക്കുകയും ചെയ്യുന്നത്. അനന്തരം ഏതാണ്ട് ഇബ്രാഹിംനബി (അ) ചൊല്ലിയിട്ടുള്ള അതേ സത്യപ്രതിജ്ഞ അവൻ ചൊല്ലുന്നു.

وَجَّهْتُ وَجْهِيَ لِلَّذِي فَطَرَ السَّمٰوَاتِ وَالْأَرْضَ حَنِيفًا مُسْلِمًا وَمَا اَنَا مِنَ الْمُشْرِكِيْنَ. اِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلّٰهِ رَبِّ الْعَالَمِيْنَ. لَا شَرِيكَ لَهُ وَبِذَالِكَ أُمِرْتُ وَاَنَا مِنَ الْمُسْلِمِيْنَ.

(മറ്റുള്ളവയിൽ നിന്നെല്ലാം വിരമിച്ച്, അനുസരണബോധത്തോടുകൂടി, ആകാശഭൂമികളെ സൃഷ്ടിച്ച അല്ലാഹുവിനു നേരെ എന്റെ മുഖത്തെ ഞാനിതാ തിരിച്ചിരിക്കുന്നു. ഞാൻ ദൈവാരാധനയിൽ മറ്റുള്ളവരെ പങ്കുചേർക്കുന്നവരിൽ പെട്ടവനല്ല. എന്റെ പ്രാർത്ഥനയും, എന്റെ ത്യാഗവും, എന്നല്ല, എന്റെ ജീവിതവും, എന്റെ മരണവുമെല്ലാം തന്നെ സർവ്വലോകരക്ഷിതാവായ അല്ലാഹുവിനുള്ളതാകുന്നു. അവനു (ലോകനിയന്ത്രണത്തിൽ) യാതൊരു പങ്കുകാരനുമില്ല. ഇങ്ങിനെയാണ് എന്നോടു കല്പിച്ചിരിക്കുന്നത്. ഞാൻ അനുസരണമുള്ളവരിൽ പെട്ടവനാകുന്നു).

ഇതോടുകൂടി നിസ്സീമമായ തന്റെ ഭക്തിക്കും ബഹുമാനത്തിനും പാത്രീഭവിച്ചിരിക്കുന്നവൻ അല്ലാഹു മാത്രമാണെന്നും, അവന്റെ പ്രീതിക്കായി തന്റെ

ജീവിതത്തെ ബലികഴിക്കുവാനും മരണം വരിക്കുവാൻ പോലും താൻ സന്നദ്ധനാണെന്നും അവൻ പ്രതിജ്ഞ ചെയ്തു കഴിഞ്ഞു. അതിനാൽ അനന്തരം പ്രസ്തുത കാര്യനിർവ്വഹണത്തിനു പ്രതിബന്ധമായി നില്ക്കുന്ന എല്ലാ ദുശ്ശക്തികളിൽ നിന്നും തന്നെ രക്ഷിക്കുവാനായി അവൻ അല്ലാഹുവിനോടപേക്ഷിക്കുന്നു:

اَعُوذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيم (ശപിക്കപ്പെട്ട പിശാചിന്റെ ഉപദ്രവത്തിൽ നിന്നു എന്നെ രക്ഷിക്കുവാനായി ഞാൻ അല്ലാഹുവിനെ അഭയം പ്രാപിക്കുന്നു). പിന്നീട് അവൻ തന്റെ പ്രവൃത്തി അല്ലാഹുവിന്റെ നാമത്തിൽത്തന്നെ ആരംഭിക്കുന്നു: بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ (കരുണാനിധിയും പരമകാരുണികനുമായ അല്ലാഹുവിന്റെ നാമത്തിൽ ഞാൻ ആരംഭിക്കുന്നു) അങ്ങിനെ അല്ലാഹു തന്നോടു കാണിച്ചിട്ടുള്ള നാനാവിധേനയുള്ള കാരുണ്യങ്ങളോർത്തു അതിനവൻ നന്ദി പറയുന്നു:

اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِينَ (സർവ്വ സ്തുതിയും സർവ്വ ലോക പരിപാലകനായ അല്ലാഹുവിനുള്ളതാകുന്നു)

അല്ലാഹു ഈ പ്രപഞ്ചത്തെ വളരെ കൗതുകകരമായ നിലയിലാണ് സൃഷ്ടിച്ച് പരിപാലിക്കുന്നത്. മനുഷ്യരുടെ ജീവിതാവസ്ഥ മാത്രം പരിശോധിച്ചാൽ തന്നെ അവന്റെ പരിപാലനവൈഭവം കണ്ടു നാം അത്ഭുതപരവശരായിത്തീരുന്നതാണ്. ഗർഭാശയത്തിലിരിക്കുമ്പോൾ ശിശുവിനാവശ്യമുള്ള സർവ്വ ഏർപ്പാടുകളും അവിടെ അവൻ ചെയ്തുകൊടുക്കുന്നു. പ്രസവിക്കുന്ന അവസരത്തിൽ ശിശുവിന്റെ ദഹനേന്ദ്രിയങ്ങൾക്കു ശക്തി വളരെ കുറവായിരിക്കുന്നതാണല്ലോ. അതുകൊണ്ടു അന്നു കുടിക്കുവാൻ ഏറ്റവും നേരിയ പാലാണ് അവൻ ഒരുക്കിവെക്കുന്നത്. പിന്നീട് ദഹനേന്ദ്രിയങ്ങൾക്കു ശക്തി കൂടികൂടി വരുംതോറും പാൽ കട്ടി കൂട്ടിക്കൊണ്ടിരിക്കുന്നു. പ്രസവിച്ച ഉടനെ അപരിചിതമായ ആ സാധനം കഴിക്കണമെന്നുള്ള ബോധം ശിശുവിന് അവൻ ഉണ്ടാക്കിക്കൊടുക്കുന്നു. ആവശ്യമനുസരിച്ചും ക്രമമായും കിട്ടേണ്ടതിനായി ആ പാൽ സൂക്ഷിച്ചിട്ടുള്ള മാതാവിന് ആ കുട്ടിയുടെ നേരെ അതിരറ്റ വാത്സല്യവും, സ്നേഹവും അവൻ ജനിപ്പിക്കുകയും ചെയ്യുന്നു. ഇതെല്ലാം അവന്റെ പരിപാലനവൈഭവത്തിന്റെ ദൃഷ്ടാന്തങ്ങളാകുന്നു. എന്നാൽ അല്ലാഹു ഇങ്ങിനെ ലോകപരിപാലനം നടത്തുന്നതു വല്ല പ്രതിഫലം മോഹിച്ചിട്ടോ മറ്റോ അല്ലെന്നും അതിരറ്റ അവന്റെ കാരുണ്യം കൊണ്ടും മാത്രമാണെന്നും കാണിച്ചുകൊണ്ട് പിന്നീടവൻ പറയുന്നു: اَلرَّحْمٰنِ الرَّحِيمِ (കരുണാനിധിയും പരമകാരുണികനുമായ അല്ലാഹുവിനത്രെ സർവ്വ സ്തുതിയും).

അനന്തരം അല്ലാഹുവിന്റെ കാരുണ്യം അവ്യവസ്ഥിതമല്ല, നീതിപൂർവകമാണെന്നും, അതുകൊണ്ടാണ് പരലോകത്തു വെച്ച് സദ്വൃത്തന്മാർക്കും ദുർവൃത്തന്മാർക്കും അവരുടെ പ്രവൃത്തികൾക്കനുയോജ്യമായ പ്രതിഫലം കൊടുക്കുന്നതാണെന്ന് അവൻ നിശ്ചയിച്ചിട്ടുള്ളതെന്നും സൂചിപ്പിച്ചു കൊണ്ട്

അവൻ പറയുന്നു. مَالِكِ يَوْمِ الدِّينِ (പ്രതിഫലം നൽകപ്പെടുന്ന ദിവസത്തിന്റെ ഉടമസ്ഥനുമായ അല്ലാഹുവിനത്രെ സർവ്വസ്തുതിയും)

ഇത്രയധികം കാരുണ്യത്തോടുകൂടി തന്നെ പരിപാലിക്കുന്നവനാണ് അല്ലാഹു എന്നു വരുമ്പോൾ അവനെ വണങ്ങേണ്ടത് തന്റെ കടമയാണെന്നും, അവനെ കൂടാതെ മറ്റാരെയും ആരാധിക്കരുതെന്നും, ആരാധിച്ചിട്ടു യാതൊരു ഫലവുമില്ലെന്നും, അവനു ബോധ്യം വരുന്നു. അപ്പോഴാണ് അവൻ പറയുന്നത്: اِيَاكَ نعبد وَاِيَاكَ نستعِين (നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോടു മാത്രം ഞങ്ങൾ സഹായത്തിന്നപേക്ഷിക്കുകയും ചെയ്യുന്നു). അതായത്, 'അടിമത്തത്തിന്റെയും കീഴ്വണക്കത്തിന്റെയും അങ്ങേയറ്റം നിന്റെ സന്നിധിയിൽ മാത്രമേ ഞങ്ങൾ സമർപ്പിക്കയുള്ളു. മറ്റാരുടെ മുമ്പിലും ഞങ്ങൾ അതു സമർപ്പിക്കയില്ല. നിന്നോടല്ലാതെ മറ്റാരോടും ഞങ്ങൾ സഹായത്തിനപേക്ഷിക്കയുമില്ല' എന്നർത്ഥം.

തിന്നുക, കുടിക്കുക, ഇരിക്കുക, നടക്കുക, ഉപജീവനത്തിനുള്ള വസ്തുക്കൾ സമ്പാദിക്കുക മുതലായ കാര്യങ്ങൾക്കുള്ള ശക്തി അല്ലാഹു മനുഷ്യന് നൽകിയിട്ടുണ്ടല്ലോ. അതുകൊണ്ട് തന്റെ നിയന്ത്രണത്തിനധീനപ്പെടാത്തതും, തന്നെ അബദ്ധത്തിലും സുബദ്ധത്തിലും കൊണ്ടുപോയി ചാടിക്കുന്നതുമായ തന്റെ ബുദ്ധിയെ മാർഗ്ഗദർശനം ചെയ്യുവാനാണ് താൻ അല്ലാഹുവിനോടപേക്ഷിക്കുന്നതെന്നും, അതാണ് താൻ ഉദ്ദേശിക്കുന്ന സഹായമെന്നും ചൂണ്ടിക്കാണിച്ചു കൊണ്ട് അവൻ പറയുന്നു: اهدنا الصراط المستقِيم (നീ ഞങ്ങളെ നേർമാർഗ്ഗത്തിലേക്കു വഴി കാണിക്കേണമേ) അനന്തരം താൻ ഉദ്ദേശിക്കുന്ന നേർമാർഗ്ഗം ഏതാണെന്നു അവൻ വിശദമാക്കുന്നു: اَنعمتَ عَلَيْهِم صِرَاطَ الَّذِينَ (അതായത് നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗം) നബിമാർ, സത്യസന്ധന്മാർ, ത്യാഗിവര്യരായ രക്തസാക്ഷികൾ, മറ്റുള്ള സജ്ജനങ്ങൾ എന്നിവരെയാണ് താൻ അനുഗ്രഹിച്ചിട്ടുള്ളതെന്ന് 'ഖുർആനിൽ' അല്ലാഹു പ്രസ്താവിച്ചിട്ടുണ്ട്. അതാണ് ഈ വാക്യം കൊണ്ടവൻ സൂചിപ്പിക്കുന്നത്. ഇതു പറയുമ്പോൾ രണ്ടു കൂട്ടർ അവന്റെ ഓർമ്മയിൽ വരുന്നു. 1. സത്യം ഇന്നതാണെന്ന് മനസ്സിലായിട്ടു കൂടി, അഹംഭാവം കൊണ്ടോ, മർക്കടമുഷ്ടിമൂലമോ അതു കൈക്കൊള്ളാതെ നടന്നു അല്ലാഹുവിന്റെയും ലോകത്തിന്റെയും കോപത്തിനു പാത്രീഭവിച്ചവർ. 2. മനുഷ്യരുടെ യഥാർത്ഥാഭിവൃദ്ധി മാർഗ്ഗം ഏതാണെന്നു മനസ്സിലാക്കുവാൻ ശ്രമിക്കുക തന്നെ ചെയ്യാതെ വഴിപിഴച്ചു ജീവിക്കുന്നവർ. ഈ രണ്ടു കൂട്ടരാണത്. അതിനാൽ അത്തരക്കാർ നടക്കുന്ന വഴിയിൽ ചാടിപ്പോകാതെ തന്നെ രക്ഷിക്കുവാനായി അവൻ അല്ലാഹുവിനോടു പ്രാർത്ഥിക്കുന്നു: غَيْرِ الْمَغْضُوبِ عَلَيْهِمْ وَلاَ الضَّالِّين. (കോപത്തിനു പാത്രീഭവിച്ചവരുടേയും വഴിപിഴച്ചവരുടേയും മാർഗ്ഗമല്ല). അവസാനം പ്രസ്തുത പ്രാർത്ഥനകളെല്ലാം സ്വീകരിക്കേണമേ എന്നു കാണിച്ചു കൊണ്ടു

അവൻ വീണ്ടും അപേക്ഷിക്കുന്നു. آمِيْن (ഈ പ്രാർത്ഥന സ്വീകരിക്കേണമേ!)

തന്റെ ജീവിതയാത്ര വഴിപിഴച്ചു പോകാതെ ലക്ഷ്യം പ്രാപിക്കേണ്ടതിനു വഴികാണിക്കുവാനാണല്ലൊ അവൻ അല്ലാഹുവിനോടപേക്ഷിച്ചത്. ഈ അവസരത്തിൽ اِنَّ هٰذَا الْقُرْآنَ يَهْدِي لِلَّتِي هِيَ اَقْوَمُ "തീർച്ചയായും ഈ 'ഖുർആൻ' ഏറ്റവും നേരേയുള്ള മാർഗ്ഗത്തിലേക്കു (മനുഷ്യരെ) വഴികാണിക്കുന്നതാണെന്നു" ള്ള ദൈവസന്ദേശം അവന്റെ മനസ്സിൽ ഉദയം ചെയ്യുന്നു. അപ്പോഴാണ് ഖുർആനിലെ ഒരദ്ധ്യായമോ അല്ലെങ്കിൽ കുറെ വാക്യങ്ങളോ അവൻ ഓതുന്നത്.

ഇതുവരെ പ്രധാനമായി മനസ്സുകൊണ്ടും വാക്കു കൊണ്ടും മാത്രമാണ് തന്റെ ഭക്തിബഹുമാനങ്ങൾ അവൻ ദൈവസന്നിധിയിൽ പ്രകടിപ്പിച്ചിരുന്നത്. ഇപ്പോൾ പ്രതികരണങ്ങളെക്കൊണ്ട് തന്റെ ഭക്തിയും വിനയവും അവൻ ദൈവസന്നിധിയിൽ സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. അതിനാൽ اَللّٰهُ اَكْبَرُ (അല്ലാഹു ഏറ്റവും മഹാൻ) എന്നു പറഞ്ഞുകൊണ്ടു അവൻ തല കുനിക്കുകയും, കൈരണ്ടും കാലിന്റെ മുട്ടിന്മേൽ വെച്ചുകൊണ്ടു ദൈവസ്തോത്രം ആവർത്തിച്ചാവർത്തിച്ചു ചൊല്ലുകയും ചെയ്യുന്നു. سُبْحَانَ رَبِّيَ الْعَظِيْمِ (എന്റെ രക്ഷിതാവ് മഹാനും പരിശുദ്ധനുമാണെന്നു ഞാൻ സമ്മതിച്ചു പറയുകയും, ഞാൻ അവനെ സ്തുതിക്കയും ചെയ്യുന്നു) എന്നാണ് അവിടെ വെച്ചു അവൻ പറയുന്നത്. ഇത് വളരെ അർത്ഥവത്തായ ഒരു സ്തോത്രവചനമാണ്. 'ശാരീരികവും മാനസികവുമായ എന്റെ വളർച്ചക്കാവശ്യമായ സർവ്വ സൗകര്യങ്ങളും ചെയ്തു തന്നു എന്നെ പരിപാലിക്കുന്ന ഒരു രക്ഷിതാവ് എനിക്കുണ്ട്; അവൻ നാനാവിധ മഹത്വങ്ങളും തികഞ്ഞവനാണ്; എനിക്കു പല കുറ്റങ്ങളും കുറവുകളുമുണ്ട്; എന്നാൽ മഹാനായ എന്റെ രക്ഷിതാവിനു യാതൊരു വിധത്തിലുമുള്ള കുറവും, വീഴ്ചയുമില്ല; ഇതു പൂർണ്ണ ബോധത്തോടു കൂടി ഞാൻ സമ്മതിച്ചു പറയുന്നു.' ഇതാണ് ഇതിന്റെ അർത്ഥം. അനന്തരം سَمِعَ اللّٰهُ لِمَنْ حَمِدَهُ (അല്ലാഹുവിനെ സ്തുതിച്ചവന്റെ സ്തുതി അവൻ സ്വീകരിക്കട്ടെ) എന്നു പറഞ്ഞു കൊണ്ടു അവൻ തല ഉയർത്തി നിവർന്നു നില്ക്കുന്നു. പിന്നീട് താൻ മാത്രമല്ല, ലോകം നിറയെയുള്ള സർവ്വസാധനങ്ങളും അവനെ സ്തുതിക്കുന്നുവെന്നു സൂചിപ്പിച്ചുകൊണ്ട് അവൻ പറയുന്നു: رَبَّنَا لَكَ الْحَمْدُ مِلْأَ السَّمٰوَاتِ وَمِلْأَ الْأَرْضِ (ഞങ്ങളുടെ രക്ഷിതാവെ) ആകാശഭൂമികൾ നിറയെയുള്ള സ്തുതി നിനക്കാകുന്നു. അതായത്, ലോകവും അതിലുള്ള സർവ്വസ്വവും നീ സൃഷ്ടിച്ചതാണ്. ഇത്ര മനോഹരമായ വിധത്തിൽ ഇവയെ സൃഷ്ടിച്ചു പരിപാലിക്കുന്നതു കൊണ്ട് ലോകം നിറയെയുള്ള സർവ്വ സാധനങ്ങളും നിന്റെ നാമത്തെ കീർത്തനം ചെയ്യുന്നു എന്നർത്ഥം.

ലോകം മുഴുവനും അല്ലാഹുവിന്റെ നാമത്തെ കീർത്തനം ചെയ്യുന്നു വെന്നും അത്രകണ്ട് മഹത്വവും ഔദാര്യവുമുള്ളവനാണ് അവനെന്നും ഓർമ്മ വരുമ്പോൾ അവന്റെ നേരേയുള്ള ഭക്തി നമസ്കരിക്കുന്നവന്റെ ഹൃദയത്തിൽ വഴിഞ്ഞൊഴുകുവാൻ തുടങ്ങുന്നു. അപ്പോഴാണ് വിനയത്തിന്റെയും ബഹു മാനത്തിന്റെയും അങ്ങേഅറ്റം പ്രദർശിപ്പിക്കത്തക്കവണ്ണം തന്റെ ശരീരാവയ ങ്ങളിൽ ഏറ്റവും ആദരണീയമായ മുഖത്തെ നിലത്തുവെച്ചു അല്ലാഹുവി നോടുള്ള ബഹുമാനം പ്രകടിപ്പിക്കണമെന്നു അവൻ ആഗ്രഹിക്കുന്നത്. അങ്ങിനെ اَللّٰهُ اَكْبَرْ (അല്ലാഹു ഏറ്റവും മഹാൻ) എന്നു ചൊല്ലിക്കൊണ്ടു അവൻ സാഷ്ടാംഗം ചെയ്യുന്നു. ഇതിലുപരിയായി ഒരു മനുഷ്യന് തന്റെ ഭക്തിബഹുമാനങ്ങൾ പ്രകടിപ്പിക്കുക സാദ്ധ്യമല്ലല്ലൊ. ആ അവസരത്തിൽ അവൻ പറയുന്ന വാക്കും ആ സ്ഥിതിക്കനുയോജ്യമായിട്ടുള്ളതു തന്നെയാ ണ്. سُبْحَانَ رَبِّيَ الْأَعْلَى (എന്റെ രക്ഷിതാവ് ഏറ്റവും ഉന്നതനും പരിശുദ്ധനു മാണെന്നു ഞാൻ സമ്മതിച്ചു പറയുകയും ഞാൻ അവനെ സ്തുതിക്കു കയും ചെയ്യുന്നു). എന്നാണ് അപ്പോൾ അവൻ പറയുന്നത്. അനന്തരം اَكْبَرْ اَللّٰهُ (അല്ലാഹു ഏറ്റവും മഹാൻ) എന്നു ചൊല്ലിക്കൊണ്ട് തല ഉയർത്തി, താൻ ഇങ്ങിനെയെല്ലാം വിനയ ബഹുമാനങ്ങൾ പ്രകടിപ്പിക്കുന്നതു കൊണ്ട് തന്നോടു കനിവുണ്ടാകേണമേ എന്ന അർത്ഥത്തിൽ ദൈവ സന്നിധിയിൽ അവൻ ഇങ്ങിനെ പ്രാർത്ഥിക്കുന്നു.

رَبِّ اغْفِرْلِي وَارْحَمْنِي وَاجْبُرْنِي وَارْفَعْنِي وَارْزُقْنِي وَاهْدِنِي وَعَافِنِي

(രക്ഷിതാവേ! നീ എന്റെ പാപങ്ങൾ പൊറുത്തു തരികയും എന്നോടു ദയകാണിക്കുകയും ചെയ്യേണമേ! എനിക്കുള്ള പോരായ്മകളും വീഴ്ചകളും നികത്തിത്തരികയും, എന്നെ ഉന്നതമായ പദവിയിൽ എത്തിച്ചു തരികയും ചെയ്യേണമെ! എനിക്കു നീ ഉപജീവനമാർഗ്ഗം ഉണ്ടാക്കിത്തരികയും, സന്മാർഗ്ഗം കാണിച്ചു തരികയും. സൗഖ്യം നൽകുകയും ചെയ്യേണമേ!)

തന്റെ ശരീരാവയവങ്ങളിൽ വെച്ചു ഏറ്റവും ഉത്തമമായ മുഖം നിലത്തു വെച്ചു ഭക്തിയുടയും വിനയത്തിന്റെയും അങ്ങേഅറ്റം ദൈവസന്നിധിയിൽ സമർപ്പിച്ചതിൽ തനിക്കുയാതൊരു മടുപ്പും തോന്നുന്നില്ലെന്നും തന്റെ ഹൃദ യാന്തർഭാഗത്തുനിന്ന് വഴിഞ്ഞൊഴുകുന്ന ഭക്തിയാണ് താൻ പ്രകടിപ്പിക്കു ന്നതെന്നും, അതു ഒരിക്കൽകൂടി ആവർത്തിക്കുവാൻ താൻ ആഗ്രഹിക്കു ന്നുവെന്നും, ഇതിലുപരിയായവിധത്തിൽ വിനയബഹുമാനങ്ങൾ പ്രകടിപ്പി ക്കുക തനിക്കു സാദ്ധ്യമല്ലെന്നുമുള്ള അർത്ഥത്തിൽ, اَللّٰهُ اَكْبَرْ (അല്ലാഹു ഏറ്റവും മഹാൻ) എന്നു ചൊല്ലിക്കൊണ്ടു ദൈവസന്നിധിയിൽ അവൻ വീണ്ടും സാഷ്ടാംഗം ചെയ്യുന്നു. മുമ്പു ചൊല്ലിയിരുന്ന അതേ സ്തോത്രവ ചനം തന്നെയാണ് അവൻ ഇപ്പോഴും ആവർത്തിക്കുന്നത്. മനുഷ്യസാദ്ധ്യ

മായ വിധത്തിലെല്ലാം തന്റെ ഭക്തിബഹുമാനങ്ങൽ അവൻ പ്രകടിപ്പിച്ചു കഴിഞ്ഞു. ഇനി അതിനെ ആവർത്തിക്കുകയല്ലാതെ അവനു യാതൊന്നും സാദ്ധ്യമല്ല, അതുകൊണ്ടു അവൻ വീണ്ടും എഴുനേറ്റു നിന്ന് മുമ്പു ചെയ്തിട്ടുള്ള പ്രവൃത്തികൾ ഓരോന്നും ആവർത്തിക്കുവാൻ തുടങ്ങുന്നു. അങ്ങിനെയാണ് 'റക്അത്തു'കൾ ഒന്നിലധികം ഉണ്ടാകുന്നത്.

മനുഷ്യന്റെ ഹൃദയത്തിനു ഒരേ വിഷയത്തിൽ, അതു എത്രതന്നെ ഗൗരവമേറിയതോ ആനന്ദകരമോ ആയാലും ശരി, അധികനേരം അടങ്ങിനില്ക്കുക സാദ്ധ്യമല്ല. അതിന്റെ ആ സ്വഭാവത്തിനു വിരുദ്ധമായി ഒരേ വിഷയത്തിൽ ദീർഘനേരം അതിനെ പിടിച്ചുനിർത്തുവാൻ നാം ശ്രമിച്ചാൽ നമ്മുടെ നിയന്ത്രണത്തിന്നധീനപ്പെടാതെ അതു ചാടിപ്പോയിക്കളയുന്നതുമാണ്. അതുകൊണ്ടാണ് നമസ്കാരത്തിൽ ദൈവസ്തോത്രങ്ങളും പ്രാർത്ഥനകളും ഇടക്കിടെ മാറ്റിക്കൊണ്ടിരിക്കുന്നത്. ശരീരത്തിന്റെ സ്ഥിതിയും ഇതുതന്നെയാണ്. ഒരേ ജോലിയിൽ അധികനേരം ഇരുന്നാൽ അതിനും ഉന്മേഷക്കുറവു വരികയും അവസാനം ആ ഉന്മേഷക്കുറവ് മനസ്സിനെക്കൂടി ബാധിക്കുകയും ചെയ്യുന്നതാണ്. നിവർന്നു നില്ക്കുക, കുനിഞ്ഞു നില്ക്കുക, ഇരിക്കുക, എഴുന്നേല്ക്കുക, സാഷ്ടാംഗം ചെയ്യുക എന്നിങ്ങനെയുള്ള സ്ഥിതിവ്യത്യാസങ്ങൾ വരുത്തിയിട്ടുള്ളതിൽ ഒളിഞ്ഞുകിടക്കുന്ന ഒരു പ്രധാന രഹസ്യം ഇതാകുന്നു. ലോകത്തിലുള്ള നാനാമതസ്ഥർ ഇരുന്നും, നിന്നും, സാഷ്ടാംഗം ചെയ്തും, കുനിഞ്ഞു നിന്നും ദൈവത്തെ ആരാധിക്കുന്നതായി നാം കാണുന്നുണ്ട്. ആ സമ്പ്രദായങ്ങളെല്ലാം ഇസ്ലാമിക നമസ്കാരം ഉൾക്കൊള്ളുന്നു. അതിനു പുറമെ അവരെല്ലാം നടത്തുന്നതുപോലെയാ അഥവാ അതിനെക്കാൾ ഉത്തമമായ വിധത്തിലോ ഉള്ള ധ്യാനങ്ങളും അതിലടങ്ങിയിട്ടുണ്ട്. നമസ്കാരം, അല്ലാഹുവിന്റെ മാഹാത്മ്യത്തെ അടിസ്ഥാനമാക്കി ചെയ്യുന്ന ചില ക്രിയകളും വാക്കുകളുമാണ്. അതുകൊണ്ടാണ് അതിലെ ചലനങ്ങൾക്കിടയിൽ اَللّٰهُ اَكْبَرْ (അല്ലാഹു ഏറ്റവും മഹാൻ) എന്നു ആവർത്തിച്ചു കൊണ്ടിരിക്കുന്നത്.

അങ്ങിനെ അവസാനം നമസ്കരിക്കുന്നവൻ വിനയപൂർവ്വം ഇരുന്നു ദൈവസന്നിധിയെ ഇങ്ങിനെ അഭിവാദ്യം ചെയ്യുന്നു.

اَلتَّحِيَّاتُ الْمُبَارَكَاتُ الصَّلَوَاتُ الطَّيِّبَاتُ لِلّٰه (എല്ലാ അഭിവാദ്യങ്ങളും, അനുഗൃഹീതങ്ങളായ എല്ലാ വസ്തുക്കളും, എല്ലാ പ്രാർത്ഥനകളും, പരിശുദ്ധങ്ങളായ എല്ലാ ആരാധനകളും അല്ലാഹുവിനു മാത്രമുള്ളതാകുന്നു) അതായത്, ഈ പ്രപഞ്ചത്തെ ഇത്ര അത്ഭുതകരമാംവണ്ണം സൃഷ്ടിച്ചു പരിപാലിക്കുന്ന അല്ലാഹു സൃഷ്ടിജാലങ്ങളുടെയെല്ലാം നാനാവിധങ്ങളായ അഭിവാദ്യങ്ങൾ സ്വീകരിക്കുവാൻ അവകാശപ്പെട്ടവനാണെന്നും, അനുഗൃഹീതങ്ങളായ സർവ്വവസ്തുക്കളുടേയും ഉടമസ്ഥൻ അവനാണെന്നും, സർവ്വ സൽകർമ്മങ്ങളും പ്രാർത്ഥനകളും അവനായിട്ടാണ് നടത്തേണ്ടതെന്നും

സാരം. ഇതു പറയുമ്പോൾ ഇത്തരം മഹാസിദ്ധാന്തങ്ങളിലേക്കു തന്നെ വഴി കാണിച്ച മുഹമ്മദ് നബി (സ)യെ കൃതജ്ഞതാപൂർവ്വം അവൻ സ്മരിക്കുകയും, അദ്ദേഹത്തിനു അവൻ മംഗളവും ശാന്തിയും നേരുകയും ചെയ്യുന്നു.

اَلسَّلاَمُ عَلَيْكَ اَيُّهَا النَّبِيُّ وَرَحْمَةُ اللّٰهِ وَبَرَكَاتُهُ (നബിയേ, അങ്ങേയ്ക്ക് അല്ലാഹുവിങ്കൽ നിന്നുള്ള രക്ഷയും, കാരുണ്യവും, അനുഗ്രഹവും ലഭിക്കട്ടെ). അനന്തരം, സദ്വൃത്തരായി ജീവിക്കുന്ന മുസ്ലിം സഹോദരന്മാരുടെയും തന്റെയും രക്ഷക്കും സമാധാനത്തിനുമായി അവൻ പ്രാർത്ഥിക്കുന്നു. اَلسَّلاَمُ عَلَيْنَا وَعَلَى عِبَادِ اللّٰهِ الصَّالِحِيْنَ അല്ലാഹുവിങ്കൽ നിന്നുള്ള രക്ഷയും സമാധാനവും ഞങ്ങൾക്കും മറ്റു സജ്ജനങ്ങൾക്കും ലഭിക്കട്ടെ)

ഏകദൈവാരാധനാബോധത്തോടു കൂടിയാണല്ലൊ അവൻ നമസ്കാരം ആരംഭിച്ചിട്ടുള്ളത്. അതിനാൽ തന്റെ നമസ്കാരം അവസാനിപ്പിക്കുന്ന ഘട്ടത്തിലും ആ ബോധം തനിക്കുള്ളതായി അവൻ ആവർത്തിക്കുന്നു: اِلاَّ اللّٰهُ اَشْهَدُ اَنْ لاَ اِلَهَ അല്ലാഹുവല്ലാതെ ആരാധ്യനായി മറ്റാരുമില്ലെന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു.) ഇവിടെ, 'അല്ലാഹു അല്ലാതെ ആരാധ്യനായി മറ്റാരുമില്ല'ന്നു തനിക്കു ബോധമുള്ളതായി അവൻ പ്രഖ്യാപിക്കുമ്പോൾ, പ്രവൃത്തികൊണ്ട് കൂടി അത് കാണിക്കുവാനായി അവൻ കൈവിരൽ ചൂണ്ടുന്നു. അനന്തരം തനിക്കു ആ ബോധമുണ്ടാക്കിത്തന്ന മുഹമ്മദ് നബിയെപ്പോലും ഒരു ദൈവദൂതനായിട്ടല്ലാതെ, ദൈവമായി സ്വീകരിച്ചിട്ടില്ലെന്നു സൂചിപ്പിച്ചു കൊണ്ട് അവൻ പറയുന്നു: وَاَشْهَدُ اَنَّ مُحَمَّدًا رَّسُوْلُ اللّٰهِ (മുഹമ്മദ് നബി അല്ലാഹുവിന്റെ ദൂതനാണെന്നു ഞാൻ സാക്ഷ്യപ്പെടുത്തുന്നു) തുടർന്നു കൊണ്ട് നബിയുടേയും അനുയായികളുടേയും നന്മക്കായി അവൻ പ്രാർത്ഥിക്കുന്നു.

اَللّٰهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى اِبْرَاهِيمَ وَعَلَى آلِ اِبْرَاهِيمَ وَبَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى اِبْرَاهِيمَ وَعَلَى آلِ اِبْرَاهِيمَ فِي الْعَالَمِينَ اِنَّكَ حَمِيدٌ مَجِيدٌ.

(അല്ലാഹുവെ! ഇബ്രാഹിംനബിയോടും അദ്ദേഹത്തിന്റെ അനുയായികളോടും നീ കരുണ കാണിച്ചതു പോലെതന്നെ മുഹമ്മദ് നബി (സ) യോടും അനുയായികളോടും നീ കരുണ കാണിക്കേണമേ! മനുഷ്യസമുദായത്തിൽ വെച്ചു ഇബ്രാഹിംനബിയേയും അനുയായികളേയും നീ പ്രത്യേകമായി അനുഗ്രഹിച്ചതു പോലെ തന്നെ, മുഹമ്മദ് നബി (സ) യേയും അനുയായികളെയും നീ അനുഗ്രഹിക്കേണമെ! തീർച്ചയായും നീ സ്തുത്യർഹനും മഹാ

നുമാകുന്നു) അതായത് ഇബ്രാഹിം നബിയുടെ ആദർശങ്ങൾക്കും, അത നുസരിച്ച് നടക്കുന്നവർക്കും ലോകത്ത് വളരുവാൻ നീ സൗകര്യം ചെയ്തു കൊടുത്തതു പോലെതന്നെ മുഹമ്മദ് നബി (സ) കൊണ്ടു വന്നിട്ടുള്ള അതി വിശിഷ്ടമായ ആ ജീവിതസിദ്ധാന്തങ്ങൾക്കും, അതനുസരിച്ച് ജീവിക്കുന്ന വർക്കും നീ വളരുവാൻ സൗകര്യം ചെയ്തു കൊടുക്കേണമേ എന്നർത്ഥം. അതിനുശേഷം തന്റെ പക്കൽ നിന്നു അറിഞ്ഞോ അറിയാതെയോ വന്നു പോയിട്ടുള്ള നാനാവിധം തെറ്റുകൾ പൊറുത്തുകൊടുക്കുവാനായി അല്ലാ ഹുവിനോടു അവൻ അപേക്ഷിക്കുന്നു.

ഇപ്പോൾ അവൻ ദൈവസന്നിധിയിൽ വെച്ചുള്ള സംഭാഷണം കഴിഞ്ഞു ലോകരംഗത്തേക്കു മടങ്ങുവാൻ പോകയാണ്. ദൈവസന്നിധിയിൽ വെച്ചു അവൻ ചെയ്തിട്ടുള്ള പ്രതിജ്ഞകളെ തെറ്റിക്കുവാനായി നിലകൊള്ളുന്ന ചില പൈശാചികശക്തികളെ ലോകരംഗത്തു തനിക്കഭിമുഖീകരിക്കേണ്ടി വരുമെന്നു അവനു നല്ല ബോധമുണ്ട്. അതുകൊണ്ട് അവയിൽ നിന്നും മറ്റുമുള്ള ഉപദ്രവങ്ങൾ തടഞ്ഞു തന്നെ രക്ഷിക്കുവാനായി അവൻ അല്ലാ ഹുവിനോടു പ്രാർത്ഥിക്കുന്നു.

അനന്തരം اَلسَّلَامُ عَلَيْكُمْ وَرَحْمَةُ اللّٰهِ (നിങ്ങൾക്ക് അല്ലാഹുവിങ്കൽ നിന്നുള്ള സമാധാനവും അനുഗ്രഹവും ലഭിക്കട്ടെ) എന്നു ഇടവും വലവും തിരിഞ്ഞു ഭൂമിയുടെ രണ്ടർദ്ധഭാഗങ്ങളുടെ നേരെ നോക്കി, ലോകത്തിനു മംഗളവും ശാന്തിയും നേർന്നുകൊണ്ട് അവൻ ദൈവസന്നിധിയിൽ നിന്നു പുറത്തുവ ന്നു. ലോകവ്യവഹാരത്തിൽ വീണ്ടും പ്രവേശിക്കുന്നു.

നമസ്കാരത്തിന്റെ ഉദ്ദേശ്യം

മേലെഴുതിയ വിവരണങ്ങളിൽ നിന്നു മനുഷ്യനു ദൈവസ്മരണയും കൃത്യബോധവും ഉളവാക്കി സന്മാർഗത്തിൽ നിന്നു വ്യതിചലിക്കാതെ അവനെ തടഞ്ഞു നിറുത്തുകയാണ് നമസ്കാരത്തിന്റെ ഉദ്ദേശമെന്ന് വ്യക്ത മായല്ലൊ. ഇതുകൊണ്ടുതന്നെയാണ്.

اِنَّ الصَّلٰوةَ تَنْهٰى عَنِ الْفَحْشَاءِ وَالْمُنْكَرِ "നമസ്കാരം തീർച്ചയായും നീചകൃ ത്യങ്ങളെയും നിഷിദ്ധകർമ്മങ്ങളെയും തടയുന്നതാണെ"ന്നു ഖുർആൻ പ്രഖ്യാപിച്ചിട്ടുള്ളത്. പക്ഷെ മേൽപറഞ്ഞ വിധത്തിലുള്ള ബോധത്തോടു കൂടി നമസ്കാരം നിർവ്വഹിക്കുന്നവർക്കു മാത്രമെ ആ ഫലം സിദ്ധിക്കുക യുള്ളു. തത്വങ്ങൾ ഗ്രഹിക്കാതെയും ഹൃദയസാന്നിദ്ധ്യമില്ലാതെയും നട ത്തുന്ന നമസ്കാരം കൊണ്ടു ഇത്തരം ഗുണങ്ങളൊന്നും തന്നെ ലഭിക്കുക യില്ല. മാത്രമല്ല, അത്തരം നമസ്കാരക്കാർക്ക് നന്മക്ക് പകരം നാശമാണുണ്ടാ യിത്തീരുക എന്നുകൂടി ഖുർആൻ താക്കീതു ചെയ്തിട്ടുണ്ട്. "തങ്ങളുടെ നമസ്കാരത്തെക്കുറിച്ച് അശ്രദ്ധരായിരിക്കുകയും മറ്റുള്ളവരെ കാണിക്കു വാനായി നമസ്കരിക്കുകയും ചെയ്യുന്ന നമസ്കാരക്കാർക്കാണ് ഭയങ്കര

നാശം.” എന്നു ഖുർആൻ ഉൽബോധിപ്പിക്കുന്നു. “ഭയഭക്തിയോടുകൂടി നമസ്കരിക്കുന്ന സത്യവിശ്വാസികൾ തീർച്ചയായും വിജയം പ്രാപിച്ചിരിക്കുന്നു.” എന്നാണ് മറ്റൊരു സ്ഥലത്തു ഖുർആൻ ചൂണ്ടിക്കാണിക്കുന്നത്.

നമസ്കാരത്തിന്റെ ആന്തരതത്വങ്ങൾക്കല്ല, അതിന്റെ ബാഹ്യചടങ്ങുകൾക്കാണ് നാം ഇന്നു പ്രാധാന്യം കല്പിക്കുന്നത്. അതുകൊണ്ടാണ് നമസ്കാരത്തിന്റെ ആന്തരാർത്ഥങ്ങൾ നമ്മുടെ ജീവിതത്തിൽ പ്രതിഫലിച്ചു കാണാതിരിക്കുന്നതും. നാം നമസ്കാരത്തിൽ പ്രവേശിക്കുമ്പോഴുള്ള നമ്മുടെ മനസ്ഥിതിക്കു നമസ്കാരത്തിൽ നിന്നു വിരമിച്ചു കഴിയുമ്പോൾ വല്ല പരിവർത്തനവും വന്നുകഴിഞ്ഞിട്ടുണ്ടോ എന്നു നാം സൂക്ഷ്മമായി പരിശോധിക്കേണ്ടതാകുന്നു.

നമ്മുടെ ഹൃദയത്തിനു ദൈവസ്മരണയും കൃത്യബോധവും വന്നു കഴിഞ്ഞിട്ടുണ്ടെങ്കിൽ നമ്മുടെ നമസ്കാരം സഫലമായെന്നു നമുക്കനുമാനിക്കാം. അതല്ല, നമ്മുടെ ഹൃദയം പഴയ സ്ഥിതിയിൽത്തന്നെ നിലകൊള്ളുകയാണ് ചെയ്യുന്നതെങ്കിൽ, നമ്മുടെ ദേഹശുദ്ധിയും വസ്ത്രധാരണവുമെല്ലാം എത്രതന്നെ ശരിയായിട്ടുണ്ടെങ്കിൽ കൂടി, നമ്മുടെ നമസ്കാരം അതിന്റെ ഉദ്ദേശ്യത്തെ സംബന്ധിച്ചേടത്തോളം സഫലമായിട്ടില്ലെന്നു നാം ധരിച്ചിരിക്കേണ്ടതാകുന്നു. ദൈവമാർഗ്ഗത്തിൽ മൃഗങ്ങളെ ബലികഴിക്കുന്നവരോട് അല്ലാഹു കല്പിക്കുന്നത്, “അവയുടെ മാംസവും രക്തവും ദൈവത്തിങ്കലെത്തുകയില്ല, നിങ്ങളുടെ ഹൃദയത്തിലുള്ള കൃത്യബോധം മാത്രമെ അവന്റെ അടുക്കൽ എത്തുകയുള്ളു” എന്നാകുന്നു. ആചാരവിഷയങ്ങളിലെ ബാഹ്യമായ ചടങ്ങുകൾക്കല്ല, അവയുടെ ആന്തരതത്വങ്ങൾക്കാണ് പ്രാധാന്യം കല്പിക്കേണ്ടതെന്നു ഈ വാക്യം മൂലം അല്ലാഹു നമ്മെ ഓർമ്മപ്പെടുത്തുന്നു. അതുകൊണ്ട് നമസ്കാരത്തിലെ ‘ദിക്റു’ കളുടെയും, പ്രാർത്ഥനകളുടെയും അർത്ഥങ്ങൾ മനസ്സിരുത്തി ആലോചിച്ചുകൊണ്ടു നാം നമസ്കരിക്കേണ്ടതാകുന്നു. അപ്പോൾ മാത്രമേ നമസ്കാരം കൊണ്ടുള്ള യഥാർത്ഥ ഫലം നമുക്കു സിദ്ധിക്കുകയുള്ളൂ.

ഈ അവസരത്തിൽ ഒരു പ്രധാന സംഗതി മുസ്ലിംകളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. മുസ്ലിം കുട്ടികൾക്ക് നാനാവിധ വിദ്യകൾ നാം അഭ്യസിപ്പിക്കുന്നു. അതിനായി നാം പല ബുദ്ധിമുട്ടുകളും അനുഭവിക്കുകയും ചെയ്യുന്നു. മതവിഷയങ്ങളും കുറെയെല്ലാം നാം അവരെ അഭ്യസിപ്പിക്കുന്നുണ്ട്. എന്നാൽ അതിപ്രധാനമായ നമസ്കാരത്തിന്റെ ആന്തരാർത്ഥങ്ങളൊ അതിൽ ചൊല്ലുന്ന ‘ദിക്റു’ കളുടെയും ‘പ്രാർത്ഥനകളുടെയും അർത്ഥങ്ങളൊ നാം അവരെ പഠിപ്പിക്കുന്നില്ല. ഇത് ഭീമമായ ഒരു തെറ്റു തന്നെയാണെന്നു സമ്മതിക്കാതിരിക്കുവാൻ യാതരു നിവൃത്തിയുമില്ല. നമസ്കാരത്തിൽ ചൊല്ലുന്ന ‘ദിക്റു’ കളും മറ്റും പഠിപ്പിക്കുന്ന അതേ അവസരത്തിൽ തന്നെ അവയുടെ അർത്ഥങ്ങൾ കൂടി നാം അവർക്കു പഠിപ്പിക്കുവാൻ ശ്രമിക്കുകയാണെങ്കിൽ അതു നിഷ്പ്രയാസം സാദ്ധ്യമാകുന്നതാണ്.

ഇത് മേലിലെങ്കിലും രക്ഷിതാക്കൾ ശ്രദ്ധിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

ഹൃദയസാന്നിദ്ധ്യമില്ലാതെ നടത്തുന്ന നമസ്കാരം ഫലശൂന്യമാണെന്നു ഒട്ടധികം ഖുർആൻ വാക്യങ്ങളും നബിവചനങ്ങളും ചൂണ്ടിക്കാണിക്കുന്നുണ്ട്. "ഏറ്റവും ദുഷിച്ച മോഷണം നടത്തുന്നത് നമസ്കാരം മോഷ്ടിക്കുന്നവനാണെ"ന്നു നബി (സ) ഒരിക്കൽ പറയുകയുണ്ടായി. ഇതു കേട്ടപ്പോൾ "നമസ്കാരത്തെ മോഷ്ടിക്കുന്നതെങ്ങിനെയാണെ"ന്നു സഹാബികൾ ചോദിച്ചു. "സുജൂദും റുകൂഉം മുറപ്രകാരം നിർവ്വഹിക്കാതിരിക്കുന്നതുകൊണ്ടുതന്നെ" എന്നാണ് നബി (സ) അതിനു മറുപടി പറഞ്ഞത്. "നമസ്കരിക്കുന്നവൻ അല്ലാഹുവുമായി സംഭാഷണം ചെയ്കയാണ് ചെയ്യുന്നത്; അതുകൊണ്ടു താൻ അല്ലാഹുവുമായി സംഭാഷണം ചെയ്യുന്നതെന്താണെന്നു അവൻ ഓർമ്മിക്കട്ടെ" എന്നു മറ്റൊരു ഹദീസിൽ നബി (സ)ഉപദേശിച്ചിട്ടുണ്ട്. ഉറക്കം വന്നാൽ ഉറങ്ങി എഴുന്നേറ്റതിനു ശേഷം മാത്രമെ നമസ്കരിക്കാവു എന്നും, ഇല്ലെങ്കിൽ മനസ്സറിയാതെ ആ അവസരത്തിൽ നടത്തുന്ന പ്രാർത്ഥന തന്നോടുള്ള ശകാരമായി മാറിപ്പോകാൻ ഇടയുണ്ടെന്നും മറ്റൊരു ഹദീസിൽ നബി (സ) ഉപദേശിച്ചിരിക്കുന്നു. ഇപ്രകാരം തന്നെ വിശപ്പുള്ളപ്പോൾ, ഭക്ഷണം തയ്യാറായിരിക്കുന്നുണ്ടെങ്കിൽ, അതു കഴിച്ചിട്ടല്ലാതെ നമസ്കരിക്കരുതെന്നും നബി ഉപദേശിച്ചിട്ടുണ്ട്. ഇതേ പ്രകാരം തന്നെ മലമൂത്രവിസർജ്ജനം നിർവ്വഹിക്കേണ്ട ആവശ്യമുണ്ടാകുമ്പോഴും അതു നിർവ്വഹിച്ചിട്ടല്ലാതെ നമസ്കരിക്കരുതെന്നു നബി കല്പിച്ചിരിക്കുന്നു. ഹൃദയസാന്നിദ്ധ്യം ലഭിക്കുവാൻ പ്രയാസമുള്ള സന്ദർഭങ്ങളായതുകൊണ്ടാണ് ഈ അവസരങ്ങളിലെല്ലാം നമസ്കാരം വിരോധിച്ചിട്ടുള്ളത്. ഇതു നാം നല്ലപോലെ ഓർക്കേണ്ടതാകുന്നു. നമസ്കാരത്തിന്റെ ഉദ്ദേശത്തെപ്പറ്റി അല്ലാഹു പറയുന്നത് اَقِمِ الصَّلٰوةَ لِذِكْرِي "എന്നെ ഓർമ്മിക്കുവാനായി നീ നമസ്കാരം മുറപ്രകാരം അനുഷ്ഠിക്കുക" എന്നാകുന്നു.

മതാചാരങ്ങളുടെ ആന്തരാർത്ഥങ്ങൾ ഗ്രഹിച്ചിട്ടില്ലാത്ത ചിന്താശൂന്യരായ ചില ആളുകൾ നമസ്കാരം മുതലായ ആചാരങ്ങളെ തീരെ തെറ്റിദ്ധരിച്ചിരിക്കുന്നു. "ദൈവം സ്തുതിപ്രിയനും വഴിപാടുമോഹിയും" ആയതുകൊണ്ടാണ് ഇത്തരം ആചാരങ്ങൾ നടത്തുവാൻ നിഷ്കർഷിച്ചിട്ടുള്ളതെന്നാണ് അവർ ധരിച്ചിരിക്കുന്നത്. വാസ്തവം നേരെ മറിച്ചാകുന്നു. മനുഷ്യർ ദൈവാരാധന നടത്തിയതുകൊണ്ട് ദൈവത്തിനു യാതൊരു പുണ്യവും ലഭിക്കുവാനില്ല; നേരെമറിച്ചു മനുഷ്യർക്കു മാത്രമാണ് അതുകൊണ്ടു ഗുണം സിദ്ധിക്കുന്നത്. "സർവ്വസ്തുതിയും സർവ്വ ലോകരക്ഷിതാവായ അല്ലാഹുവിന്നാകുന്നു" എന്നു പറയുമ്പോൾ ലോകത്തെ പരിപാലിക്കയും ശുശ്രൂഷിക്കയും ചെയ്യേണ്ടതും, ഉപകാരം ചെയ്തവരോടു നന്ദി കാണിക്കേണ്ടതും തന്റെ മുറയാണെന്നു നമസ്കരിക്കുന്ന മനുഷ്യനു ബോധ്യം വരുന്നതാണ്. അല്ലാഹു "കരുണാനിധിയും കാരുണികനുമാണെ" ന്നു പറയുമ്പോൾ സൃഷ്ടികളോടു കരു

ണയോടു കൂടി പെരുമാറേണ്ടത് തന്റെ കടമയാണെന്ന് അവനു ബോധ്യം വരുന്നതാണ്. അല്ലാഹു "പ്രതിഫലം കൊടുക്കുന്ന ദിവസത്തിന്റെ ഉടമസ്ഥനാണെ"ന്നു പറയുമ്പോൾ മനുഷ്യനു തന്റെ പ്രവൃത്തികളുടെയെല്ലാം ഗുണദോഷങ്ങൾ ഒരിക്കൽ അനുഭവിക്കേണ്ടതായി വരുമെന്നും അതുകൊണ്ട് താൻ എപ്പോഴും തെറ്റു വന്നു പോകുന്നതു സൂക്ഷിച്ചിരിക്കേണ്ടതാണെന്നും അവനു ബോധം ഉണ്ടാകുന്നു. "നിന്റെ മുമ്പിൽ മാത്രമെ ഞങ്ങൾ അടിമത്വഭാവത്തിൽ പെരുമാറുകയുള്ളു" എന്ന് ഒരു ദിവസം 17 പ്രാവശ്യം ആവർത്തിച്ചു പറയുമ്പോൾ മറ്റുള്ളവരുടെ മുമ്പിൽ അടിമത്വഭാവത്തിൽ പെരുമാറുവാൻ പാടില്ലെന്നും അതു തെറ്റാണെന്നും നമസ്കരിക്കുന്ന മനുഷ്യനു ഓർമ്മ വരുന്നതാണ്. "നിന്നോടു മാത്രമെ ഞങ്ങൾ സഹായത്തിനപേക്ഷിക്കുന്നുള്ളു" എന്ന് ഒരു ദിവസം ഒന്നിലധികം പ്രാവശ്യം ആവർത്തിച്ചു പറയുമ്പോൾ, പരാശ്രയശീലം അനാശാസ്യമാണെന്നു അവനു ബോധം വരികയും ധൈര്യം വർദ്ധിക്കുകയും ചെയ്യുന്നതാണ്. നീ ഞങ്ങളെ നേർമാർഗ്ഗത്തിലേക്ക് വഴി കാണിക്കേണമേ" എന്നു പ്രാർത്ഥിക്കുമ്പോൾ, തന്റെ ജീവിതം വഴിപിഴച്ചു പോകാതിരിക്കേണ്ടതിന്നാവശ്യമായ വിദ്യാഭ്യാസം നേടേണ്ടത് തന്റെ മുറയാണെന്നു അവനു ബോധം വരുന്നതാണ്. "നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിലേക്ക്, വഴിപിഴച്ചവരുടേയും കോപത്തിനു പാത്രീഭവിച്ചവരുടേയും മാർഗ്ഗത്തിലേക്കല്ല" എന്നു പറയുമ്പോൾ ദുർവ്യത്തരും മൂഢന്മാരും നടക്കുന്ന വഴിയിലല്ല, മഹാന്മാർ നടന്നിട്ടുള്ള വഴിയിലാണ് താൻ നടക്കേണ്ടതെന്നു അവന് ബോധം വരുന്നതാണ്. "ഞങ്ങൾ സഹായത്തിനപേക്ഷിക്കുന്നു; ഞങ്ങളെ നേർമാർഗ്ഗത്തിലേക്ക് വഴി കാണിക്കേണമേ; ഞങ്ങൾക്കും മറ്റു സജ്ജനങ്ങൾക്കും രക്ഷയുണ്ടാവട്ടെ!" എന്നിങ്ങനെ ബഹുവചന രൂപത്തിൽ പ്രാർത്ഥിക്കുമ്പോൾ മനുഷ്യൻ ഒരിക്കലും സ്വാർത്ഥിയായിരിക്കരുതെന്നും, അവനു എപ്പോഴും തന്റെ സഹോദരങ്ങളുടെ ക്ഷേമത്തിൽ ശ്രദ്ധയുണ്ടായിരിക്കണമെന്നും അവനു ബോധം വരുന്നു. "എന്റെ പാപം പൊറുത്തു തരികയും എനിക്കുള്ള വീഴ്ചകൾ പരിഹരിച്ചു തരികയും എന്നെ ഉന്നതമായ പദവിയിൽ എത്തിക്കയും ചെയ്യേണമെ" എന്നു പ്രാർത്ഥിക്കുമ്പോൾ സ്രഷ്ടാവിനോടും സൃഷ്ടികളോടും യാതൊരു തെറ്റും ചെയ്യരുതെന്നും തനിക്കുള്ള പോരായ്മകളെല്ലാം നികത്തി ഉന്നതമായ പദവിയിലെത്താൻ ശ്രമിക്കേണ്ടതാണെന്നും അവനു ബോധമുണ്ടായിത്തീരുന്നു. മറ്റു 'ദിക്റു'കളിലും പ്രാർത്ഥനകളിലും ഇത്തരം ഉദ്ദേശങ്ങൾ തന്നെയാണ് ഒളിഞ്ഞു കിടക്കുന്നത്. ഇതല്ലാതെ ഇങ്ങിനെയെല്ലാം പറഞ്ഞതു കൊണ്ടു ദൈവത്തിനു യാതൊരു പുണ്യവും മേന്മയും ലഭിക്കുന്നില്ല.

നമസ്കാരം അഞ്ചുനേരം നിശ്ചയിച്ചത്

നമസ്കാരം ഒരുദിവസം ഒന്നിലധികം സമയങ്ങളിൽ നിശ്ചയിച്ചതിലും മാനസികമായും ശാരീരികമായും മറ്റും പല രഹസ്യങ്ങളും അടങ്ങിയിട്ടുണ്ട്. ഭക്ഷണപാനീയങ്ങൾ മൂലം ശരീരത്തിനു പോഷണവും വളർച്ചയും

ലഭിക്കുന്നതുപോലെതന്നെ ധ്യാനങ്ങളും ചിന്തകളും മൂലം ആത്മാവിനു വളർച്ചയും വികാസവും ലഭിക്കുന്നുണ്ടെന്നുള്ളത് എല്ലാവരും സമ്മതിച്ചിട്ടുള്ളതാണ്. ശരീരത്തിന്റെ വളർച്ചക്കായി നാം ഒന്നിലധികം പ്രാവശ്യം ഭക്ഷണം കഴിക്കുന്നു. അതുകൊണ്ട് മാനസിക വളർച്ചക്ക് വേണ്ടിയും നാം ഇടക്കിടെ ധ്യാനിക്കുകയും ചിന്തിക്കുകയും ചെയ്യേണ്ടതാവശ്യമാകുന്നു. നമസ്കാരം ഏറ്റവും ഉത്തമമായ ധ്യാനങ്ങളെയും ചിന്തകളെയും ഉൾക്കൊള്ളുന്നതാണെന്നുള്ളത് ഇതിനു മുമ്പ് നാം ഗ്രഹിച്ചു കഴിഞ്ഞിട്ടുള്ളതാണല്ലോ. അതുകൊണ്ട് ഒരു ദിവസം ഒന്നിലധികം പ്രാവശ്യം അതു നടത്തണമെന്ന് മതം കല്പിച്ചു.

ശാരീരികമായി നോക്കുകയാണെങ്കിലും ഒന്നിലധികം സമയങ്ങളിൽ നമസ്കാരം നിശ്ചയിച്ചതിൽ പല രഹസ്യങ്ങളും ഒളിഞ്ഞു കിടക്കുന്നുണ്ട്. ഉദാഹരണമായിപ്പറയുന്ന പക്ഷം, ഇടക്കിടെ നമസ്കരിക്കുകയും അപ്പോഴെല്ലാം ദേഹവും വസ്ത്രവും അവൻ ഉപയോഗിക്കുന്ന സ്ഥലവും വൃത്തിയാക്കിവെക്കുകയും ചെയ്യണമെന്ന് വരുമ്പോൾ, മുമ്പു പറഞ്ഞതുപോലെ മനുഷ്യരുടെ ആരോഗ്യപരമായ വളർച്ചക്കു അത് അത്യധികം സഹായകരമായിത്തീരുമെന്നുള്ളതു തീർച്ചയാണല്ലൊ. മനുഷ്യരുടെ ഇടയിൽ ശുചിത്വം നിലനിറുത്തേണ്ടതിനു ഇതിനേക്കാൾ ഉത്തമവും പ്രായോഗികവുമായ ഒരു പദ്ധതി ആർക്കും കണ്ടുപിടിക്കുക സാദ്ധ്യമല്ല തന്നെ. ആരോഗ്യപരമായിത്തന്നെ മറ്റു ചില ഗുണങ്ങളും നമസ്കാരം മൂലം മനുഷ്യനു ലഭിക്കുന്നുണ്ട്. വഴിയെ വരുന്ന വിവരണങ്ങളിൽ അത് നമുക്ക് കാൺമാൻ കഴിയുന്നതാണ്. ഇനി നമസ്കാരം അഞ്ചുനേരം നിശ്ചയിച്ചതിലുള്ള രഹസ്യങ്ങൾ പരിശോധിക്കാം.

പ്രഭാതം, മദ്ധ്യാഹ്നം, അസർ (മദ്ധ്യാഹ്നത്തിനും അസ്തമനത്തിനും ഇടയിലുള്ള ഏതാണ്ടു മദ്ധ്യഘട്ടം) അസ്തമനം, ഇശാ (സൂര്യപ്രകാശത്തിന്റെ അവശിഷ്ടങ്ങളെല്ലാം തീരേ മറഞ്ഞു ഭൂമുഖം ഇരുട്ടടയുന്ന സമയം) ഇങ്ങിനെ അഞ്ചു നേരമാണ് നമസ്കാരം കല്പിച്ചിട്ടുള്ളത്. സൂര്യന്റെ ചലനം മൂലമുണ്ടാകുന്ന ഈ അഞ്ചുഘട്ടങ്ങൾ ഓരോ ദിവസവും മനുഷ്യന് തന്റെ ജീവിതദശകളെ ഉദാഹരിച്ചു കാണിച്ചു കൊടുക്കുന്നും മനുഷ്യൻ അജ്ഞാതമായ ഏതോ ഒരു ലോകത്തുനിന്നു ഈ ലോകത്ത് കാലെടുത്തു വെക്കുന്നു. പിന്നീട് ശൈശവഘട്ടത്തിലൂടെ വളർന്നു യൗവ്വനദശയെ പ്രാപിക്കുന്നു. ആ ദശയിലാണ് ഓജസ്സും തേജസ്സും പരിപൂർണ്ണമായ വിധത്തിൽ അവനിൽ സമ്മേളിക്കുന്നത്. പിന്നീട് അതു വേഗം നശിച്ചു പോകുന്നില്ല. കുറേ കാലത്തേക്കു അതു നീണ്ടുനില്ക്കുന്നു. അതിനുശേഷം അതു ക്ഷയിക്കുവാൻ തുടങ്ങുന്നു. അവസാനം, താൻ വന്ന അതേ അജ്ഞാതാവസ്ഥയിലേക്കു അവൻ മടങ്ങുന്നു. ഇതാണ് മനുഷ്യജീവിതത്തിന്റെ സ്ഥിതി. ഇതേപ്രകാരം തന്നെ അജ്ഞാതമായ ഏതോ ഒരു ലോകത്തുനിന്ന് സൂര്യൻ നമ്മുടെനേരെ ഉദിച്ചു വരുന്നു. അനന്തരം അതു അല്പാല്പമായി ഉയർന്നു പരിപൂർണ്ണമായ ഓജസ്സോടും തേജസ്സോടും കൂടി മദ്ധ്യാഹ്നത്തിലെത്തുന്നു. പിന്നീട്

കുറേ നേരത്തേക്ക് തേജസ്സിന് കാര്യമായ കോട്ടമൊന്നും തട്ടാതെ അതു ജീവിക്കുന്നു. അനന്തരം ഒരുതരം മഞ്ഞ നിറം അതിനെ ബാധിക്കുന്നു. അവസാനം അത് നമ്മെ അന്ധകാരത്തിൽ വിട്ട് വന്ന ലോകത്തേക്കു തന്നെ മടങ്ങിപ്പോകുന്നു. ഇങ്ങിനെയാണ് സൂര്യൻ മനുഷ്യജീവിതത്തെ ഉദാഹരിക്കുന്നത്. അതുകൊണ്ട് മനുഷ്യനു ഈ 5 ഘട്ടങ്ങളെ ഓർമ്മപ്പെടുത്തുവാനായി 5 നേരം നമസ്കാരം നിശ്ചയിച്ചു.

മനുഷ്യൻ യൗവനദശയെ പ്രാപിച്ചാൽ അവന്റെ ഓജസ്സും തേജസ്സും കുറേകാലം നീണ്ടുനിൽക്കുന്നതാണെന്നും അതിനുശേഷം മാത്രമേ വാർദ്ധക്യം ബാധിക്കുകയുള്ളുവെന്നും പറഞ്ഞുവല്ലോ. അതിനാൽ മനുഷ്യ വളർച്ചയുടെ പരിപൂർണ്ണദശ അവസാനിക്കാൻ പോകുന്ന ഘട്ടത്തിൽ ഏറ്റ ക്കുറവുകളൊന്നും കൂടാതെ മുമ്പ് കാണിച്ച അതേവിധത്തിൽ ഒരിക്കൽകൂടി അല്ലാഹുവിനോടു കൃതജ്ഞത പ്രകടിപ്പിക്കുവാൻ അവൻ ആഗ്രഹിക്കുന്നു. 'അസർ' നമസ്കാരം നാലു റക് അത്ത് ആവാനുള്ള കാരണം അതാണ്.

മദ്ധ്യാഹ്നം, അസർ എന്നീ സമയങ്ങളിൽ നമസ്കാരം നിശ്ചയിച്ചതിൽ മറ്റൊരു രഹസ്യം കൂടിയുണ്ട്. ലോകത്തിലുള്ള മനുഷ്യരെല്ലാം തങ്ങളുടെ ജോലികളിലേർപ്പെടുന്നത് പകൽ സമയത്താണ്. അതുകൊണ്ട് രാവിലെ മുതൽ ജോലികളിലേർപ്പെട്ടിട്ടുള്ള ആളുകൾക്ക് പകലിന്റെ മദ്ധ്യഘട്ടത്തിൽ കുറെ നേരം വിശ്രമിക്കേണ്ടത് ആവശ്യമാകുന്നു. ഇല്ലെങ്കിൽ അവരുടെ ആരോഗ്യത്തിനു ഹാനി തട്ടുന്നതാണ്. പക്ഷിമൃഗാദികൾ പോലും ആ അവസരത്തിൽ വിശ്രമിക്കുന്നതായി നാം കാണുന്നുണ്ട്. തൊഴിൽ ശാലകൾ, വിദ്യാലയങ്ങൾ മുതലായ സ്ഥാപനങ്ങളും ആ അവസരത്തിൽ നിറുത്തിക്കളയുന്നതായി നാം കാണുന്നു. അതുകൊണ്ടു ഇത്തരത്തിലുള്ള വിശ്രമത്തിനു മദ്ധ്യാഹ്ന നമസ്കാരം മൂലം അവസരം ലഭിക്കുന്നു. ഉച്ചക്ക് ശേഷം ആരംഭിച്ചിട്ടുള്ള ജോലി രാവിലത്തെപ്പോലെ അത്ര അധികനേരം നീട്ടിക്കൊണ്ടുപോകുവാൻ മനുഷ്യന് കഴികയില്ല. അതുകൊണ്ട് അല്പസമയത്തിനുശേഷം വീണ്ടും വിശ്രമം എടുക്കുവാൻ അസർ നമസ്കാരം മൂലം അവസരം ലഭിക്കുന്നു. വിദ്യാലയങ്ങൾ, തൊഴിൽസ്ഥാപനങ്ങൾ മുതലായവ ഏറെക്കുറെ ആ സമയത്തു പൂട്ടിക്കളയുന്നതായി നാം കാണുന്നുണ്ടല്ലൊ.

അസ്തമന സമയത്ത് സൂര്യൻ മനുഷ്യന് തന്റെ വാർദ്ധക്യത്തിന്റെ അന്ത്യദശയെയാണ് ഓർമ്മിപ്പിക്കുന്നത്. അതുകൊണ്ട് താൻ വന്ന അതേ സ്ഥിതിയിലേക്ക് തന്നെ മടങ്ങുവാൻ പോകുകയാണെന്നുള്ള അർത്ഥത്തിൽ പ്രഭാതത്തിലെപ്പോലെതന്നെ രണ്ട് റക്അത്ത് അവൻ നമസ്കരിക്കുന്നു. തുടർന്നുകൊണ്ട് തന്റെ എല്ലാ പ്രവൃത്തികളും ഏകദൈവത്തിലാണ് താൻ അർപ്പിക്കുന്നതെന്നും, താൻ ഏകാന്തതയിലേക്കാണ് മടങ്ങാൻ പോകുന്നതെന്നുമുള്ള അർത്ഥത്തിൽ ഒടുവിലായി ഒരു ഒറ്റ റക്അത്ത് കൂടി അവൻ നമസ്കരിക്കുന്നു.

ഒരു മനുഷ്യന്റെ ഒരു ദിവസത്തെ ജോലികളെല്ലാം കഴിഞ്ഞു ഭക്ഷണം

കഴിച്ചു ഉറങ്ങാൻ പോകുന്നത് 'ഇശാ' സമയത്താണ്. ഈ ദശ മനുഷ്യന്റെ ഇഹലോകജീവിതം അവസാനിപ്പിച്ച് പരലോക ജീവിതത്തിൽ പ്രവേശിക്കുവാൻ പോകുന്ന ഘട്ടത്തെ ഓർമ്മിപ്പിക്കുന്നു. പരലോകജീവിതം മനുഷ്യനു തീരെ അപരിചിതമാണ്. ഇപ്പോൾ അവന്റെ കൺമുമ്പിലുള്ള ഭൂമുഖം ഇരുട്ടടഞ്ഞു അന്ധകാരമായിരിക്കുന്നതു പോലെ, ആ ലോകത്തിലെ സ്ഥിതി അവന്റെ ഹൃദയത്തിനു മുമ്പിൽ ഏതാണ്ട് ഇരുട്ടടഞ്ഞാണിരിക്കുന്നത്. അതു കൊണ്ട് ഈ ഘട്ടത്തിൽ ആ ജീവിതത്തിലെ രക്ഷക്കും സുഖത്തിനുമായി തന്നെക്കൊണ്ടാവുന്നത്ര ആരാധന ചെയ്യുന്നത് സ്വാഭാവികമാണ്. ഇതിന് പുറമെ കഴിഞ്ഞ 4 ഘട്ടങ്ങളിൽ അവൻ ചെയ്തിട്ടുള്ള പ്രവൃത്തികളെ ഒന്നായിപ്പരിശോധിക്കുന്ന ഒരു ഘട്ടമാണിത്. ഇക്കാരണങ്ങൾ കൊണ്ട് ഈ ഘട്ടത്തിൽ 4 റക് അത്ത് നമസ്കാരം നിശ്ചയിച്ചു.

ഈ 5 ഘട്ടങ്ങളുടെ ആരംഭത്തിലും അവസാനത്തിലും നമസ്കാരം നിശ്ചയിച്ചതിൽ മറ്റൊരു രഹസ്യം കൂടിയുണ്ട്. ദൈവനാമത്തിലാണ് എല്ലാ പ്രവൃത്തികളും ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യേണ്ടതെന്നു ഇതു മനുഷ്യനു ഓർമ്മപ്പെടുത്തുന്നു.

അനുബന്ധം 2

റൗസത്തുൽ ഉലൂം
പൂർവ്വവിദ്യാർത്ഥികളോട് ഒരുപദേശം

അബുസ്സബാഹ് അഹ്മദലി

റൗസത്തിന്റെ സന്തതികളെ,

നിങ്ങൾ ഇന്നു വിവിധ സ്ഥലങ്ങളിൽ വ്യത്യസ്ത മണ്ഡലങ്ങളിൽ പ്രവർത്തിക്കുകയാണല്ലോ. റൗസത്തിൽ നിങ്ങളെ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ നിങ്ങളുമായുണ്ടായിരുന്ന ആത്മീയ ബന്ധം നിങ്ങളുടെ ഈ സോവനീർ മുഖേന ഞാൻ പുതുക്കുകയാണ്.

നിങ്ങൾ ഇവിടെ അഞ്ചാറുകൊല്ലം ഖുർആൻ, ഹദീസു മുതലായ പ്രധാന വിഷയങ്ങൾ പഠിച്ചതും, പരിശീലനം നേടിയതും ഖുർആനും സുന്നത്തും (നബിചര്യ) ആധാരമാക്കി ജീവിക്കുവാനും അവ പ്രചരിപ്പിക്കുവാനും ഉദ്ദേശിച്ചുകൊണ്ടാണല്ലോ. വിവിധ തഫ്സീറുകളുടെ വ്യാഖ്യാനത്തോടുകൂടി ഖുർആനും, ഹദീസിന്റെ പ്രധാന കിതാബുകളും, മറ്റു ഇസ്ലാമിക വിജ്ഞാന ഗ്രന്ഥങ്ങളും മറ്റും മറ്റും... നിങ്ങൾ ആവർത്തിച്ചാവർത്തിച്ചു, വിസ്തരിച്ചു, പഠിച്ചും പരിശീലിച്ചും കൊണ്ടാണല്ലോ ഇവിടെ നിന്നുവിട്ടുപോയത്. മുമ്പ് നിങ്ങൾ ഇവിടെനിന്നു പഠിച്ച നബി (സ:അ) ന്റെ ചര്യകളിൽ നിന്നു ചില മാതൃകകൾ നിങ്ങളെ വീണ്ടും ഓർമ്മപ്പെടുത്തുവാൻ വേണ്ടിയാണ് ഞാൻ ഈ കുറിപ്പെഴുതുന്നത്.

ജീവികളിൽ ഏറ്റവും ശ്രേഷ്ഠനായ മനുഷ്യൻ ബുദ്ധിയിലും, ചിന്തയിലും, പ്രവൃത്തിയിലും വളർന്നു കൊണ്ടേ ഇരിക്കുകയാണല്ലോ. അവന്റെ ഈ വളർച്ചയിൽ അനുകരണത്തിനു അതിപ്രധാനമായ ഒരു പങ്കുണ്ടെന്നതിൽ സന്ദേഹമില്ല. ജനനം മുതൽ അവൻ ഭാഷാ ശൈലിയിലും, വേഷ ഭൂഷാദികളിലും, സ്വഭാവ രൂപീകരണത്തിലും, പ്രവർത്തന രംഗങ്ങളിലും മാതാപിതാക്കൾ, ഗുരുനാഥന്മാർ പോലുള്ളവരെയാണല്ലൊ അനുകരിക്കുന്നത്. അനുകരിക്കപ്പെടുന്ന ആളുടെ ഗുണവിശേഷങ്ങൾ അനുകരിക്കുന്നവരിലും രൂപം കൊള്ളും. മനുഷ്യനെ വിവിധ തരത്തിലുള്ള ഇച്ഛകളും ആകർഷണ പ്രേരണകളും വലയം ചെയ്തിരിക്കുന്നതുകൊണ്ടു അവൻ വേഗം തിന്മക്കു വശംവദനായി അസാന്മാർഗ്ഗിക വഴി പിന്തുടരുവാൻ സാദ്ധ്യതയുള്ളവനാണ്. അതുകൊണ്ടാണ് അല്ലാഹു മനുഷ്യവംശത്തിന്റെ ശൈശവം മുതൽ വളർച്ചയുടെ ഓരോ ഘട്ടങ്ങളിലും അനുയോജ്യമായ ഉപദേശങ്ങൾ

നൽകി നന്മയിലേക്കു നയിക്കുവാനും തിന്മയുടെ വാസനകളിൽ നിന്നു വിരമിപ്പിക്കുവാനും നബിമാരെ (ദൈവ ദൂതന്മാരെ) നിയോഗിച്ചയച്ചു കൊണ്ടിരുന്നത്. അവർ നന്മയുടെ മാർഗ്ഗങ്ങളും അനുകരണത്തിന്റെ ഉത്തമ മാതൃകകളും കാണിച്ചുകൊണ്ടേ തുടർന്നു വന്നു. അവസാനം മനുഷ്യവംശം പ്രായപൂർത്തി പ്രാപിച്ചു യൗവ്വന ദശയിൽ കാലുകുത്തിയപ്പോഴാണ്, ദിവ്യ സന്ദേശ പരമ്പരയുടെ സമാപനമെന്നോണം മനുഷ്യരാശിയുടെ നാനാ വിധേനയുള്ള നേട്ടങ്ങൾക്കും, ഉയർച്ചക്കും, ഇഹപര സൗഭാഗ്യത്തിനും, പരിപൂർണ്ണ വിജ്ഞാനങ്ങൾക്കുമുള്ള അത്യുത്തമ മാർഗ്ഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു സമ്പൂർണ്ണ സംഹിതയോടെ മുഹമ്മദുനബി (സ:അ) നിയോഗിച്ചയക്കപ്പെട്ടത്. അദ്ദേഹം വാചാ കർമ്മണാ ഏറ്റവും ഉത്തമമായ മാതൃക ജനങ്ങൾക്ക് കാണിച്ചുകൊടുക്കുകയും ചെയ്തു. അതിലേക്ക് ചൂണ്ടിക്കൊണ്ടാണ് പരിശുദ്ധ ഖുർആൻ പറയുന്നത്: "(വിശ്വാസികളെ, നിങ്ങൾ ഇഹത്തിലും പരത്തിലും വിജയവും സൗഭാഗ്യവും ആഗ്രഹിക്കുന്നുണ്ടെങ്കിൽ) അതിന് ദൈവദൂതന്റെ ചര്യയിൽ നിങ്ങൾക്ക് ഏറ്റവും ഉത്തമമായ മാതൃകകൾ ഉണ്ട്; തീർച്ച. (അവയെ പിൻപറ്റുക.)"

ക്രി: ഏഴാം നൂറ്റാണ്ടിൽ ഭൂമിയുടെ ഏതു ഭാഗത്തും ജനങ്ങൾ വിവിധ തരത്തിലുള്ള ബിംബാരാധനകളിലും തെറ്റായ വിശ്വാസാചാരങ്ങളുടെ അന്ധകാരത്തിലും തപ്പിത്തടയുകയായിരുന്നു. അക്രമങ്ങളും അനാചാരങ്ങളും മതപരമായ കരിഞ്ചന്തയും സർവ്വത്ര നടമാടിയിരുന്നു. യഹൂദലോകം വിവിധ ദുർനടപടികളിൽ മുഴുകിയിരുന്നുവെങ്കിൽ ക്രിസ്തീയലോകം പ്രപഞ്ച കർത്താവിന് ഒരു പുത്രൻ പിറന്നുവെന്ന് സങ്കൽപിച്ചു ആ ദൈവപുത്രൻ മനുഷ്യരുടെ മുഴുവൻ പാപങ്ങളും ഏറ്റെടുത്തതായി വിശ്വസിച്ചും വന്നിരുന്നു. മാത്രമല്ല, ക്രിസ്തുവിന്റെ പ്രതിമയുണ്ടാക്കി അതിനെ ആരാധിക്കുക കൂടി ചെയ്തിരുന്നു അവർ. മറ്റു ചിലർ അഗ്നിക്കും സൂര്യനക്ഷത്രാദികൾക്കും പല സങ്കല്പങ്ങളും നൽകി അവയെയാണ് ആരാധിച്ചിരുന്നത്. അറബികളും വേറെ പല സമുദായങ്ങളുമാവട്ടെ, പലതരം കല്ലുകൾ, മരം, ലോഹം മുതലായവയിൽ നിന്ന് വേർപെടുത്തി രൂപം സൃഷ്ടിച്ച വിഗ്രഹങ്ങളെ ആരാധ്യവസ്തുക്കളായി സ്വീകരിക്കുകയും അവയ്ക്ക് പല കഴിവുകളുമുണ്ടെന്ന വിശ്വാസത്തോടെ അവയെ പ്രപഞ്ച കർത്താവായ ദൈവത്തിങ്കൽ ശുപാർശ ചെയ്യുന്ന മദ്ധ്യവർത്തികളായി സങ്കല്പിക്കുകയും ചെയ്തിരുന്നു. ഈ സന്ദർഭത്തിലാണ് മുഹമ്മദ് നബി (സ.അ) ക്ക് ദിവ്യസന്ദേശം ലഭിച്ചതും അദ്ദേഹം മതപ്രബോധനമാരംഭിച്ചതും. ഈ രൂപപ്പെടുത്തപ്പെട്ട വിഗ്രഹങ്ങൾ (കല്ലുകൾ) തുടങ്ങിയവക്ക് ഒന്നിനും കഴിവില്ല; അവയ്ക്കു വന്ന് ചേരുന്ന ഉപദ്രവങ്ങളെ തടുക്കുവാനോ, അവയെ മലിനപ്പെടുത്തി അലങ്കോലപ്പെടുത്തുന്നതു തടയുവാൻ പോലുമോ ശക്തിയില്ല; ഈ പ്രപഞ്ചത്തേയും അതിലെ സർവ്വചരാചരങ്ങളേയും സൃഷ്ടിച്ച് പരിപാലിക്കുന്നവനായ അല്ലാഹു മാത്രമാണ് യഥാർത്ഥത്തിൽ ആരാധനക്കർഹൻ. അവൻ എല്ലാം

കേൾക്കുന്നവനും കാണുന്നവനുമാണ്; രഹസ്യവും പരസ്യവും ഒരുപോലെ അറിയുന്നവനാണ്; അതുകൊണ്ട് മദ്ധ്യവർത്തിയുടെ യാതൊരാവശ്യവുമില്ല; അല്ലാഹു ഒഴികെ മറ്റൊന്നും തന്നെ ആരാധനക്കർഹമല്ല- ഈ സന്ദേശവും കൊണ്ടാണ് നബി (സ:) പ്രബോധനം ആരംഭിക്കുന്നത്.

മക്കാ നിവാസികൾക്കും മറ്റും ഊഹിക്കാൻപോലും കഴിയാത്തതും പൂർവ്വീകന്മാരാൽ ആചരിച്ചുവരുന്നതും ജനമദ്ധ്യേ ഉറച്ചു വേരൂന്നിയതുമായ വിശ്വാസാചാരങ്ങൾക്കു കടകവിരുദ്ധവുമായ ഈ സന്ദേശം അവരിൽ എന്തൊന്നില്ലാത്ത നടുക്കവും കിടിലവും സൃഷ്ടിച്ചു. അവർ ഒന്നടങ്കം അതിനെതിരായി അണിനിരക്കുകയും ദിനംപ്രതി എതിർപ്പുകൾ ശക്തിപ്പെടുത്തികൊണ്ടിരിക്കുകയും ചെയ്തു. നാല്പതാം വയസ്സിൽ ദിവ്യസന്ദേശം ലഭിച്ചു പ്രബോധനം ആരംഭിക്കുന്നതു വരെ എല്ലാവരുടേയും കണ്ണിലുണ്ണിയും വിശ്വസ്തനുമായിരുന്നു മുഹമ്മദ്. അഗതികളേയും അശരണരേയും രോഗികളേയും സഹായിക്കുന്ന സാധു സംരക്ഷകനായിരുന്നു അദ്ദേഹം. ആഡംബരങ്ങളിലും വിനോദങ്ങളിലും അനാചാരങ്ങളിലും ഒരിക്കലും പങ്കു കൊണ്ടിരുന്നില്ല. ഉടമ്പടികളും വാഗ്ദാനങ്ങളും കൃത്യമായി നിർവ്വഹിച്ചിരുന്നു. ഒരിക്കലും കള്ളം പറയുകയോ അനാമത്തുകൾ സൂക്ഷിക്കുന്നതിൽ കൃത്യവിലോപം കാണിക്കുകയോ ചെയ്തിരുന്നില്ല. ആരുടേയും ഹൃദയങ്ങളെ വേദനിപ്പിക്കാതെ സൗമ്യതയോടെ സ്നേഹപൂർവ്വമാണ് അദ്ദേഹം ജനങ്ങളോടു പെരുമാറുക. ഈ ഗുണവിശേഷങ്ങളെല്ലാമടങ്ങിയ സുസമ്മതനായ മുഹമ്മദ് ഇപ്പോഴിതാ, ദിവ്യസന്ദേശ പ്രബോധനത്തിന്റെ ഫലമായി ഖുറൈശി വംശജരുടെ മാത്രമല്ല, അറബികളുടെ മുഴുവൻ തന്നെ ബദ്ധ വൈരിയായി മാറിയിരിക്കുന്നു! ഭ്രാന്തൻ, കള്ളൻ, മതഭ്രഷ്ടൻ, ആഭിചാരികൻ എന്നെല്ലാം മുദ്ര കുത്തപ്പെടുന്നു! മുഹമ്മദിനെ ഈ പ്രസ്ഥാനത്തിൽ നിന്നു തീരെ വിരമിപ്പിക്കാൻ തന്ത്രപരമായ നടപടികളും അക്രമ പ്രവർത്തന മാർഗ്ഗങ്ങളും കൈക്കൊള്ളുന്നു. പക്ഷെ, തന്റെ എല്ലാ രഹസ്യ പരസ്യ സ്വഭാവങ്ങളും സൂക്ഷ്മമായി അറിയുന്ന പ്രിയ പത്നി ഖദീജയും, മാന്യനും സത്യസന്ധനുമായ അബൂബക്കറും, ധീരയുവാവായ അലിയും, അധമരായി ഗണിക്കപ്പെടുന്ന ചില അടിമകളും അപ്പോഴേക്കും അദ്ദേഹത്തിന്റെ സന്ദേശം ആദ്യമായി സ്വീകരിച്ചു കഴിഞ്ഞു. തുടർന്നു സഹൃദയരായ വേറെ ചില വ്യക്തികളും ഇസ്ലാം ആശ്ലേഷിക്കാൻ തുടങ്ങി. ഇതോടെ ഖുറൈശികളുടെ മർദ്ദനമുറകൾ പൂർവ്വാധികം ശക്തിപ്പെടുന്നു. റസൂൽ കരീമാകട്ടെ ഈ പ്രകോപനങ്ങളുടെയെല്ലാം നേരെ അചഞ്ചലമനസ്കനായി നിലകൊള്ളുകയാണ്. എല്ലാ സദസ്സുകളെയും, വ്യക്തികളെയും, കഅബയിലേക്കു തീർത്ഥാടനത്തിനു വരുന്ന അന്യദേശങ്ങളിലെ പ്രമുഖരേയും സമീപിച്ചു പ്രബോധനം നടത്തിക്കൊണ്ടേയിരിക്കുന്നു. നിത്യേന സൂര്യൻ അതിന്റെ പ്രഭ ലോകത്തു വിതറിക്കൊണ്ടിരുന്നപോലെ മുഹമ്മദും രാപ്പകൽ ഭേദമന്യേ ഇസ്ലാമിന്റെ പ്രഭ ഹൃദയങ്ങളിലേക്കു ചെലുത്തിക്കൊണ്ടിരിക്കുന്നു. ഖുറൈശികളാണെങ്കിൽ

എതിർപ്പിനു തീവ്രത കൂട്ടുകയാണ്. പരിഹാസശരങ്ങളെയ്യുകയും, കുതന്ത്രവും, കുയുക്തിയും പ്രയോഗിക്കയും ചെയ്യുന്നു. (പതിനഞ്ചു നൂറ്റാണ്ടിനു മുമ്പു ജീവിച്ച അനവധി ശതാബ്ദങ്ങളായി ബിംബാരാധനയിൽ അടിയുറച്ചു കഴിഞ്ഞിരുന്ന ഈ ജനവിഭാഗത്തിന്റെ പ്രവൃത്തിയിൽ നാം എന്തിനു അത്ഭുതപ്പെടണം? ഈ ഇരുപതാം നൂറ്റാണ്ടിൽ സഹിഷ്ണുതയുടേയും സംസ്കാരത്തിന്റെയും ഉച്ചകോടിയിലാണെന്നു അവകാശപ്പെടുന്ന ഇന്ത്യയിൽ ചിലർ ആരാധിക്കുന്ന കല്ലുദൈവങ്ങളെ ആരെങ്കിലും എതിർക്കുകയാണെങ്കിൽ ഉണ്ടാകുന്ന പ്രത്യാഘാതം ഊഹിക്കാമല്ലോ)

പക്ഷെ, ഖുർആന്റെ മധുരമായ ആകർഷണശക്തിക്കു മുമ്പിൽ എതിർപ്പുകൾ പരാജയപ്പെടുകയാണ്. അപ്പോൾ അറബി സാഹിത്യത്തിൽ ഉച്ചകോടിയിലെത്തിയിരുന്ന ഖുറൈശികൾ-കവികൾ സാഹിത്യപരമായിത്തന്നെ അതിനെ നേരിടുവാൻ ശ്രമിച്ചു നോക്കുന്നു. വാക്കു മാധുര്യം കൊണ്ടു ജനങ്ങളെ മാരണം ചെയ്യുന്ന 'സാഹിർ' ആണ് നബി എന്നു പറഞ്ഞു അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കരുതെന്നു ജനങ്ങളെ വിലക്കുന്നു. പക്ഷെ ഈ നിരോധാജ്ഞ ഭേദിച്ചു അവരുടെ തന്നെ നേതാക്കൾ അർദ്ധരാത്രിക്കുശേഷം നബിപ്രാർത്ഥനയിൽ പാരായണം ചെയ്യുന്ന ഖുർആൻ പതിയിരുന്നു കേൾക്കാൻ ഹൃദയപ്രേരണനിമിത്തം വശംവദരാകുന്നു. കർണ്ണാനന്ദകരവും ഹൃദയവർജ്ജകവുമായ ഈ അമാനുഷികസന്ദേശത്തിന്റെ വാഹകൻ ഒരു സാഹിത്യകാരനല്ല. എഴുത്തും വായനയും അദ്ദേഹത്തിനു അറിഞ്ഞുകൂടാ. അറബികൾ വർഷം തോറും സാഹിത്യസദസ്സുകൾ നടത്തി മികച്ച കവികൾക്കും സാഹിത്യകാരന്മാർക്കും ബഹുമതികൾ നൽകുമ്പോൾ നബി അതിലൊന്നും അധികം പങ്കെടുത്തിട്ടില്ല. ഇദ്ദേഹത്തിന്റെ മുമ്പിലാണ് സാഹിത്യപരമായ എതിർപ്പുകൾ പരാജയപെടുന്നത്. അപ്പോൾ ധനപരമായ വഴികളെക്കൊണ്ടു നബിയെ വശീകരിക്കാൻ ഒരു ശ്രമം നടത്തിനോക്കുകയാണ്. അതിലും വിജയം കാണാതിരുന്നപ്പോൾ ക്രൂരമായ മർദ്ദന മുറകളും. കടുത്ത പരിഹാസങ്ങളും കൊണ്ടു അമർത്തിക്കളയാൻ തീരുമാനിക്കുന്നു.

"കുബേരന്മാരും, മഹാന്മാരും, നേതാക്കളും, കവിശ്രേഷ്ഠന്മാരും എത്രയോ സമുദായത്തിൽ ഉണ്ടായിട്ടും അനാഥനും ദരിദ്രനുമായ നിന്നെയല്ലാതെ ദൈവത്തിനു കാണാൻ കഴിഞ്ഞില്ലേ?" അവരുടെ പുച്ഛത്തിന്റെ മാത്യകയായിരുന്നു ഇത്. നബി നടന്നു പോകുന്ന വഴിയിൽ പെട്ടെന്നു മുള്ളുകളും മലിനവസ്തുക്കളും എറിയുക. എന്നിട്ടു മറ്റുള്ളവർക്ക് ഉപദ്രവമേൽക്കാതിരിക്കാൻ നബി അതു വഴിയിൽ നിന്നു നീക്കം ചെയ്യുക. മൃഗങ്ങളുടെ ഭാരമേറിയ അഴുക്കു കുടലുകൾ അദ്ദേഹത്തിന്റെ തലയിലും കഴുത്തിലും വലിച്ചിടുന്നു. അതു എടുത്തുമാറ്റാൻ ഓടിവന്ന ഓമന മകൾ അവരെ അപലപിച്ചപ്പോൾ അവിടുന്നു പറയുന്നു. "മകളെ അവരെ ആക്ഷേപിക്കരുത്. ദൈവം അവരെ നന്നാക്കട്ടെ!" അഴുക്കു കുണ്ഡങ്ങൾ കൊണ്ടു ഏറുകിട്ടി മലിനമായ മുഖത്തോടെ വീട്ടിൽ ചെല്ലുമ്പോൾ മാതാവായ ഖദീജയുടെ വിയോഗ

ത്തിൽ ആകുല ചിത്തരായ കുട്ടികൾ അതു കണ്ടു കരയുന്നു. നബിയോ, 'അല്ലാഹു അവരെ സന്മാർഗ്ഗത്തിലാക്കട്ടെ' എന്നു പ്രാർത്ഥിച്ചു കൊണ്ടു കുട്ടികളെ സാന്ത്വനപ്പെടുത്തുകയും ചെയ്യുന്നു.

ഗോത്രത്തിലെ ഒരു വ്യക്തി എത്ര വെറുക്കപ്പെട്ടവനും വിരുദ്ധാഭിപ്രായക്കാരനുമാണെങ്കിലും അവനെ പുറംതള്ളുന്നതു അപമാനമാണെന്ന അറബികളുടെ ആചാര നിയമ പ്രകാരം ഹാശിമികൾ നബിക്കു സംരക്ഷണം നൽകുവാൻ ചുമതലപ്പെട്ടവരാണ്. അതിനാൽ മുഹമ്മദിനും, കുടുംബത്തിനും, മുസ്ലിംകൾക്കുമൊപ്പം ഹാശിമിഗോത്രത്തെ മുഴുവനും ബഹിഷ്കരിക്കുവാൻ ഖുറൈശികൾ തീരുമാനമെടുക്കുന്നു. വിവാഹം, സംസാരം മുതലായ എല്ലാ ബന്ധങ്ങളും അവർക്കു നിരോധിക്കുകയും ഭക്ഷണ പാനീയങ്ങളും കൊള്ളക്കൊടുക്കലും മുടക്കി അവരെ പട്ടിണിയിലാഴ്ത്തുകയും ചെയ്യുന്നു. നബിയും കുടുംബവും മുപ്പതു മാസത്തോളം കഷ്ടപ്പാടിൽ കഴിഞ്ഞു വിശപ്പു സഹിക്കവയ്യാതെ ചിലർ തോൽക്കഷ്ണങ്ങൾ വെള്ളത്തിൽ കുതിർത്തി കഴിക്കേണ്ടി വരുന്നു. നബിയുടെ ചില അനുയായികളെ കൈകാൽ വരിഞ്ഞുകെട്ടി ചുട്ടു പഴുത്ത മണലിൽ കിടത്തി മർദ്ദിക്കുന്നു. വേറെ ചിലരെ കെട്ടി വലിച്ചു നരകയാതന അനുഭവിപ്പിക്കുന്നു. ഗത്യന്തരമില്ലാതെ ചില മുസ്ലിംകൾ നാടും, വീടും, കുടുംബവും എന്നു വേണ്ട സർവ്വസ്വവും ത്യജിച്ചു ദൂരദേശങ്ങളിൽ രക്ഷ തേടുന്നു. വിശ്വാസികളുടെ എണ്ണം വർദ്ധിക്കും തോറും ശത്രുക്കളുടെ മർദ്ദനവും തീവ്രമാവുകയാണ്. അതിനിടക്കു ഏറ്റവും വലിയ സഹായമായിരുന്ന സഹപത്നിയുടെ മരണം പോലുള്ള ദശക്കണക്കിൽ നാശനഷ്ടങ്ങളും ഒന്നിനു പിറകെ മറ്റൊന്നായി നബിക്കു അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. പക്ഷെ അദ്ദേഹം യാതൊരു ചാഞ്ചല്യവും കാണിക്കാതെ രാപ്പകൽ ഭേദമന്യേ പ്രബോധനം തുടർന്നുകൊണ്ടേയിരിക്കുന്നു.

എല്ലാ കുതന്ത്രങ്ങളും എതിർപ്പുകളും പരാജയപ്പെട്ടപ്പോൾ ഖുറൈശി നേതാക്കളും ഗോത്രത്തലവന്മാരും നബിയുടെ സംരക്ഷകനും പിതൃവ്യനുമായ അബൂതാലിബിന്റെ അടുക്കൽ ഒരു നിവേദക സംഘമായി വന്നു പറയുന്നു. "നമ്മുടെ ബഹുമാനപ്പെട്ട പൂർവ്വപിതാക്കളും മഹാന്മാരും ശതാബ്ദങ്ങളായി സ്വീകരിച്ചു വന്നിരുന്ന വിശ്വാസാചാരങ്ങളെ ആക്ഷേപിക്കുകയും അവരെയും നമ്മെയും വിഡ്ഢികളാക്കുകയും, ജനങ്ങളെ അവരുടെ മാർഗ്ഗത്തിൽ നിന്നു തെറ്റിച്ചു ഒരു പുതിയ പ്രസ്ഥാനത്തിലേക്കു നയിക്കുകയും ഭിന്നിപ്പിക്കുകയും ചെയ്യുന്ന മുഹമ്മദിന്റെ പ്രവൃത്തികൾ സഹിക്കവയ്യാതായിരിക്കുന്നു. അതുകൊണ്ട് ഒന്നുകിൽ അവനെ ഈ പ്രസ്ഥാനത്തിൽ നിന്നു വിരമിപ്പിക്കുക: അല്ലെങ്കിൽ ഞങ്ങൾക്കു അവനെ വിട്ടുതരിക. അല്ലെങ്കിൽ ഉന്മൂലനാശത്തിനു തയ്യാറെടുക്കുക" അറബികൾ ഒന്നായിസംഘടിച്ചു നൽകിയ ഈ അന്ത്യ ശാസനത്തിന്റെ ഭവിഷ്യത്തു ഭയാനകമായിരിക്കുമെന്നു കണ്ട് അബൂതാലിബ് തന്റെ ജ്യേഷ്ഠപുത്രനെ വിളിച്ചു പറയുന്നു: "ഖുറൈ

ശിനേതാക്കളും ഗോത്രത്തലവന്മാരും എന്റെ അടുക്കൽ വന്നു ഒരന്ത്യശാസനം നൽകിയിരിക്കുകയാണ്. ഒന്നുകിൽ നീ ഈ പുതിയ പ്രസ്ഥാനത്തിൽ നിന്നു പിന്തിരിയുക; എന്നാൽ അവർ നിന്നെ രാജാവായി സ്വീകരിക്കാൻ കൂടി തയ്യാറാണ്. അല്ലെങ്കിൽ എന്റെ സംരക്ഷണത്തിൽ നിന്ന് നിന്നെ ഒഴിവാക്കുക; ഇതിൽ ഏതെങ്കിലുമൊന്നു സ്വീകരിച്ചില്ലെങ്കിൽ അവർ ഏകോപിച്ചു നമ്മെ എതിർക്കുമെന്നു ഭീതിപ്പെടുത്തുന്നു; എനിക്കാണെങ്കിൽ ഈ പൊതുശത്രുവിനെ തടുക്കാൻ കഴിവുമില്ല. അതുകൊണ്ട് നീ എന്തു വിചാരിക്കുന്നു?" തന്റെ ഏക സംരക്ഷകനായിരുന്ന പിതൃവ്യനും തന്നെ കൈവെടിയുകയാണെന്നു ധരിച്ചുപോയ മുഹമ്മദ് അൽപനേരം ചിന്താമഗ്നനായിനിന്നു പറയുകയാണ്. "എന്റെ വന്ദ്യപിതാവെ, വലതുകയ്യിൽ സൂര്യനേയും ഇടതുകയ്യിൽ ചന്ദ്രനേയും വെച്ചു തരികയാണെങ്കിൽ കൂടി ഞാൻ ഈ ദൈവിക പ്രസ്ഥാനത്തിൽ നിന്നു ഒരിക്കലും അണുവോളവും വിരമിക്കില്ല എന്നു പ്രപഞ്ചകർത്താവായ അല്ലാഹുവിന്റെ പേരിൽ ഞാൻ സത്യം ചെയ്തു പറയുന്നു. ഒന്നുകിൽ ഈ പ്രസ്ഥാനം വിജയിക്കുക; അല്ലെങ്കിൽ ഞാൻ നശിക്കുക." ഇതും പറഞ്ഞു സങ്കടപ്പെട്ടു പിന്തിരിഞ്ഞു പോകുന്ന നബിയെ മടക്കിവിളിച്ചു അബൂതാലിബ് പറയുന്നു. "ഇഷ്ടാനുസരണം പ്രബോധനം നടത്തിക്കൊള്ളുക. ഞാൻ പൂർണ്ണ സംരക്ഷണം നൽകുന്നതാണ്" ഹാശിമി ഗോത്രത്തിലെ പ്രധാനികളെ വിളിച്ചു മുഹമ്മദിനു എല്ലാവിധ സംരക്ഷണവും നൽകേണമെന്നു അദ്ദേഹം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

വളരെ മൈൽ അകലെ സ്ഥിതി ചെയ്യുന്ന താഇഫിലേക്കു നബി ഏകാന്തനായി നടന്നു ചെന്നു അവിടുത്തെ നിവാസികളെ ഇസ്ലാമിലേക്കു ക്ഷണിക്കുകയാണ്. അവർ നബിയെ പരിഹസിക്കുന്നു; തെമ്മാടികളെ കൂക്കിവിളിക്കാൻ ഇളക്കിവിടുന്നു; കല്ലെറിഞ്ഞു അദ്ദേഹത്തിന്റെ കാലിൽ മുറിവേൽപ്പിക്കുന്നു. ചുട്ടുപഴുത്ത മണലിലൂടെ അദ്ദേഹത്തെ നടത്തിക്കുന്നു. ഒരു തണലിൽ വിശ്രമിക്കാൻ പോലും അനുവദിക്കുന്നില്ല. അവസാനം പരവശനായ നബി ഒരാളുടെ മതിലിന്റെ തണലിൽ അഭയം തേടുന്നു അതിന്റെ ഉടമ ഈ ദയനീയാവസ്ഥ കണ്ടു ഒരു അടിമയുടെ വശം കുറച്ചു മുന്തിരിപ്പഴങ്ങൾ നബിക്കു കൊടുത്തയക്കുന്നു. അദ്ദേഹമോ നന്ദിപൂർവ്വം അതു സ്വീകരിച്ചു കുറച്ചുഭാഗം തന്നെ ഉപദ്രവിച്ച തെമ്മാടിപ്പിള്ളർക്കു നൽകുകയും ചെയ്യുന്നു. നബിയുടെ ആ സമയത്തെ പ്രാർത്ഥനയും ഈ ഔദാര്യവും കണ്ട അടിമ ആശ്ചര്യഭരിതനാകുന്നു. നബിയുമായി സംഭാഷണം നടത്തി ഇസ്ലാം ആശ്ലേഷിക്കുന്നു.

ഈ മർദ്ദനങ്ങളുടേയും പ്രകോപന പ്രവർത്തനങ്ങളുടേയും മുമ്പിൽ നിരാശയോ മടുപ്പോ തീണ്ടാതെ നബി പ്രബോധനവുമായി മുന്നേറുക തന്നെയാണ്. സത്യം ഒരു കാലത്തും പരാജയപ്പെടുകയില്ല; സത്യത്തിനുമീതെ വന്നു കൂടുന്ന മേഘപടലങ്ങൾ എത്ര ശക്തിയുള്ളതായാലും നീങ്ങിപ്പോകാതിരിക്കയില്ല എന്നു അദ്ദേഹത്തിനു ദൃഢവിശ്വാസമുണ്ട്. തങ്ങളുടെ ഒരു പ്ര

വ്യത്തിയും നബിയുടെ മുന്നോട്ടുള്ള ഗമനം തടയുവാൻ പര്യാപ്തമാകുന്നില്ലെന്നു കണ്ടു ശത്രുക്കൾ അവസാനം ഐക്യകണ്ഠേനയുള്ള ഒരു തീരുമാനമെടുക്കുന്നു: ഹാശിമികൾ ഒഴികെയുള്ള മറ്റെല്ലാ അറബു ഗോത്രങ്ങളിൽ നിന്നും കരുത്തും ധീരതയും ചുറുചുറുക്കുമുള്ള ഓരോ യുവാവിനെ വീതം തെരഞ്ഞെടുക്കുക. അവർ മൂർച്ചയുള്ള ഓരോ ഖണ്ഡവുമായി ഒന്നിച്ചുകൂടി ഒറ്റ വെട്ടുകൊണ്ടു മുഹമ്മദിനെയങ്ങു വധിക്കുക. എന്നാൽ അവന്റെ പ്രസ്ഥാനം അതോടുകൂടി നശിക്കും. മാത്രമല്ല, രക്തത്തിൽ എല്ലാ ഗോത്രങ്ങൾക്കും പങ്കുള്ളതുകൊണ്ടു, എല്ലാവരോടും യുദ്ധം ചെയ്യാൻ കഴിയാതെ ഹാശിമികൾ 'ഫിദ്യാ' (പ്രായശ്ചിത്തം) വാങ്ങി തൃപ്തിപ്പെടാൻ നിർബ്ബന്ധിതരാവുകയും ചെയ്യും ഈ തീരുമാനം പ്രയോഗത്തിൽ വരുത്താൻ തയ്യാറെടുത്തു നബി ഉറക്കമുണരുന്നതും പ്രതീക്ഷിച്ചു അദ്ദേഹത്തിന്റെ വസതിക്കു ചുറ്റും അർദ്ധരാത്രി മുതൽ പ്രഭാതം വരെ കാത്തിരുന്ന ശത്രുക്കൾ പ്രഭാതത്തിൽ കണ്ടതു നബിയെയായിരുന്നില്ല. തന്റെ സഹോദരപുത്രനായ അലിയെയായിരുന്നു. അവർക്കു വമ്പിച്ച പരാജയവും അമളിയുമാണ് പറ്റിയത്. നബിയാകട്ടെ, അല്ലാഹുവിന്റെ കല്പനയനുസരിച്ചു സ്ഥലം വിട്ടു കഴിഞ്ഞിരുന്നു: അതു മദീനായാത്രയ്ക്കുള്ള തുടക്കവുമായിരുന്നു. യഥാർത്ഥത്തിൽ ആ യാത്ര മക്കാ പട്ടണത്തിൽ നിന്നു മദീനായിലേക്കുള്ള 200- 300 മൈൽ ദൂരത്തേക്കുള്ള ഒരു യാത്രയിൽ പരിമിതമായതല്ല; മറിച്ചു ലോകത്തിന്റെ ഒരറ്റം മുതൽ മറ്റെ അറ്റം വരേയുള്ള ഇസ്ലാമിന്റെ ജൈത്രയാത്രയായിരുന്നു.

മക്കയിലെ പതിമൂന്നുകൊല്ലത്തെ പ്രബോധനകാലത്ത് നബിക്ക് സഹിക്കേണ്ടി വന്ന മർദ്ദനങ്ങളുടെയും അദ്ദേഹം വരിച്ച ത്യാഗങ്ങളുടെയും ഒരു സംക്ഷിപ്തമാണ് ഇതുവരെ വിവരിച്ചത്. എന്നാൽ മദീനായിൽ എത്തിയശേഷവും അദ്ദേഹത്തിനു ധാരാളം കഷ്ടതകൾ നേരിടേണ്ടി വന്നിട്ടുണ്ട്. ഇസ്ലാമിനെയും അതിന്റെ പ്രവാചകനായ നബിയെയും നശിപ്പിക്കുവാൻ ശത്രുക്കൾ പല യുദ്ധങ്ങളും നയിച്ചു. ഉഹ്ദ്യുദ്ധത്തിൽ വളരെ അധികം വിഷമങ്ങൾ നബിക്കു സഹിക്കേണ്ടി വന്നു. ശത്രുക്കൾ പെട്ടെന്നു നബിയെ ആക്രമിച്ചു. അദ്ദേഹത്തിന്റെ മുഖത്തെറിഞ്ഞ കുന്തമുന കവിളിൽ ശക്തിയായി തറച്ചുകയറി. രക്തം വാർന്നൊലിച്ചു അസഹ്യമായ വേദന അനുഭവപ്പെട്ട ആ സന്ദർഭത്തിൽ നബി പ്രാർത്ഥിക്കുകയാണ്. "കരുണാനിധിയായ അല്ലാഹുവേ, എന്റെ സമുദായത്തിനു അറിവില്ലാത്തു കൊണ്ടാണ് അവർ ഇങ്ങിനെ ചെയ്യുന്നത്. അവർക്കു നീ മാപ്പു നൽകേണമേ!" നബിയുടെ ഈ പ്രാർത്ഥനയിൽ മനുഷ്യസമുദായത്തോടുള്ള-ശത്രുക്കൾ തന്നെയാണെങ്കിലും ശരി-സ്നേഹ വാത്സല്യങ്ങളുടെയും കരുണയുടെയും അങ്ങേഅറ്റത്തെ മാതൃകയില്ലേ? മക്കാപട്ടണം കീഴടങ്ങിയപ്പോൾ അതുവരെ നബിയെയും അനുചരന്മാരെയും കഠിനമായി ഉപദ്രവിച്ചിരുന്ന ശത്രുക്കളോടു അദ്ദേഹം അങ്ങിനെയാണ് പ്രതികാരനടപടിയെടുത്തത്. എല്ലാവർക്കും മാപ്പുകൊടുത്തു ഉദാരമായ സംഭാവനകളും സഹായങ്ങളും നൽകി അവരുടെ ക്ലേശങ്ങൾ

അകറ്റിക്കൊടുത്തു സന്തുഷ്ടരാക്കുകയാണുണ്ടായത്.

നബിയുടെ ജീവിതം മുഴുവനും നമുക്കു മാതൃകയാണ്. അദ്ദേഹം എല്ലാ രാത്രിയുടെയും അധികഭാഗവും പ്രാർത്ഥനയിൽ വിനിയോഗിക്കുകയാണ് ചെയ്തിരുന്നത്. ദീർഘനേരം നിന്നു നമസ്കരിക്കുന്നതുകൊണ്ട് കാലിൽ നീരു കെട്ടിയിരുന്നു പ്രഭാതനമസ്കാരത്തിനു മുമ്പു രണ്ടു റക്ക അത്ത് നമസ്കരിച്ചു അല്പം കിടന്നു വിശ്രമിച്ചശേഷം ദീർഘിച്ച സൂറകൾ ഓതി പ്രഭാത നമസ്കാരം നിർവ്വഹിക്കും. ചിലപ്പോൾ "സുഹാ" സമയത്തും അദ്ദേഹം പ്രാർത്ഥിക്കാറുണ്ടായിരുന്നു. അഞ്ചു നേരത്തെ നമസ്കാരവും അവയുടെ ആദ്യ സമയത്തു തന്നെ ജമാഅത്തായി നിർവ്വഹിക്കുകയും, അവക്കു മുമ്പും പിമ്പുമുള്ള സുന്നത്തു നമസ്കാരങ്ങൾ നിഷ്ഠയോടെ നിർവ്വഹിക്കുകയും ചെയ്തിരുന്നു.

മനുഷ്യസ്നേഹത്തിനും, നീതിക്കും, ഔദാര്യത്തിനും ഇത്രയും ഉത്തമമായ ഒരു മാതൃക വേറെ കാണുകയില്ല. ചെറുപ്പകാലം മുതൽക്കെ അനാഥരെയും അഗതികളെയും അദ്ദേഹം അങ്ങേയറ്റം സ്നേഹിക്കുകയും അവർക്കു ഭക്ഷണവസ്ത്രാദികൾ നൽകുകയും ചെയ്തിരുന്നു. രോഗികളെ ശുശ്രൂഷിക്കുന്നതിലും അടിമകളെ സംരക്ഷിക്കുന്നതിലും അദ്ദേഹം പ്രത്യേക താൽപര്യം കാണിക്കും. ആവശ്യക്കാരുടെ ആഗ്രഹങ്ങൾ കഴിയും വിധം പൂർത്തിയാക്കാതെ അദ്ദേഹം വിടില്ല. തന്റെയും കുടുംബത്തിന്റെയും ആവശ്യങ്ങൾക്കു കരുതിവെച്ചത് മറ്റുള്ളവരുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനാണ് അദ്ദേഹം വിനിയോഗിച്ചിരുന്നത്.

ഭാര്യമാരോടു എപ്പോഴും സ്നേഹത്തോടു കൂടി പെരുമാറും. അവരെ ഒരിക്കലും ആക്ഷേപിക്കുകയോ തെറ്റുകൾക്കു കുറ്റപ്പെടുത്തുകയോ ചെയ്യില്ല. അടിമകളോടും വേലക്കാരോടും സൗമ്യതയോടെ സ്നേഹപൂർവ്വം വർത്തിക്കും. എന്തിനു ചെയ്തു? എന്തുകൊണ്ടു ചെയ്തില്ല? എന്നു പോലും ചോദിക്കില്ല. തമാശയായിട്ടു പോലും ഒരിക്കലും കളവു പറഞ്ഞിട്ടില്ല. ആരെയും ശകാരിക്കാറില്ല ഭക്ഷണം പിടിച്ചിട്ടില്ലെങ്കിൽ അതു കഴിക്കാതിരിക്കുകയെന്നല്ലാതെ അതിനെ ദുഷിക്കില്ല. വാഗ്ദത്തങ്ങൾ എന്തു വിഷമങ്ങൾ സഹിക്കേണ്ടി വന്നാലും നിറവേറ്റിയിരുന്നു. അറബു ലോകം മുഴുവനും, പേർഷ്യാ റോമൻ സാമ്രാജ്യങ്ങളുടെ ഏതാനും ഭാഗങ്ങളും ഇസ്ലാമിനധീനമാവുകയും ഐശ്വര്യം വർദ്ധിക്കുകയും ചെയ്തിട്ടും ആദ്യകാലത്ത് ദരിദ്രാവസ്ഥയിലായിരുന്നപ്പോൾ ഉപയോഗിച്ചിരുന്ന ഭക്ഷണവും വസ്ത്രവും തന്നെയാണ് അദ്ദേഹം ഉപയോഗിച്ചിരുന്നത്. വസ്ത്രങ്ങൾ സ്വന്തം തന്നെ കഴുകി വൃത്തിയാക്കും. കീറിയവ സ്വന്തം തുന്നി നന്നാക്കും. കേടുവന്ന ചെരിപ്പുകളും സ്വന്തമായി ശരിപ്പെടുത്തും. ശരീരം വൃത്തിയാക്കുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വിയർപ്പു മൂലമോ മറ്റോ ദേഹത്തിൽ നിന്നു ദുർഗ്ഗന്ധം വമിക്കാറുണ്ടായിരുന്നില്ല. മറിച്ചു, എപ്പോഴും അദ്ദേഹത്തിൽ നിന്നു പരിമളം അടിച്ചുവീശിയിരുന്നു. നബി സാധാരണ സുഗന്ധ വസ്തുക്കൾ ഉപയോഗിക്കും.

വായ എപ്പോഴും ശുദ്ധിയാക്കി വെക്കും. എല്ലാ ആഴ്ചയും നഖം മുറിക്കുന്നതു കൊണ്ടു അതിന്നടിയിൽ അഴുക്കു പറ്റിപ്പിടിക്കാറില്ല. താടി എപ്പോഴും ഭംഗിയാക്കിവെക്കും. അങ്ങിനെ ചെയ്യാൻ ഉപദേശിക്കുകയും ചെയ്യും. ഒരിക്കലും താടിവടിച്ചിട്ടില്ല. അഴുക്കു വസ്ത്രങ്ങൾ തീരെ ധരിക്കാറില്ല. ചിലപ്പോൾ കീറിയതും കഷ്ണം വെച്ചതുമായ വസ്ത്രങ്ങളും ധരിച്ചിരുന്നു. ഈത്തപ്പനയോലകൊണ്ടു നെയ്ത പായയിലാണ് അധികവും കിടന്നിരുന്നത്. പൊതുവെ വഴികളിൽ കാണുന്ന മുള്ളും മലിന വസ്തുക്കളും സ്വന്തം കൈകൊണ്ടു നീക്കുകയും അങ്ങിനെ ചെയ്യാൻ മറ്റുള്ളവരോടു കൽപിക്കുകയും ചെയ്തിരുന്നു. പള്ളി നിർമ്മാണം, കിടങ്ങു കീറൽ മുതലായ പൊതുപ്രവർത്തനങ്ങളിൽ മറ്റുള്ളവരോടൊപ്പം സമമായ പങ്ക് അദ്ദേഹവും നിർവ്വഹിക്കും. ധനിക-ദരിദ്ര വ്യത്യാസം കൂടാതെ അതിഥികളെ ബഹുമാനപുരസ്സരം സൽക്കരിച്ചു സ്വീകരിച്ചിരുന്നു. അപ്രകാരം തന്നെ ജൂതർക്കും ക്രിസ്ത്യാനികൾക്കും, ബഹുദൈവവിശ്വാസികൾക്കും അദ്ദേഹം സൽക്കാരം നൽകുകയും പള്ളിയിൽ പ്രവേശിക്കാനും വിശ്രമിക്കാനും അവർക്കു സൗകര്യം ചെയ്തു കൊടുക്കുകയും ചെയ്തിരുന്നു. ഇതിൽനിന്നെല്ലാം നാം ധരിക്കേണ്ടത് ഇസ്ലാം വെറും വിശ്വാസം, നമസ്കാരം, വ്രതം, നിർബ്ബന്ധദാനം (സക്കാത്ത്), ഹജ്ജ്പോലുള്ള അനുഷ്ഠാനങ്ങൾ മാത്രമല്ലെന്നാണ്. മറിച്ച് ഇവ മുമ്പു വിവരിച്ചവയെല്ലാം കൂടിയ ഒരു ശൃംഖലയുടെ കണ്ണികൾ മാത്രമാണ്. ഇവയുടെ കൃത്യമായ നിർവ്വഹണം മറ്റുള്ളവയിലേക്കു വഴി തെളിയിക്കുകയും പ്രേരണ നൽകുകയും ചെയ്യുന്നു.

നബി(സ.അ) എല്ലാതരത്തിലുള്ള നന്മയിലേക്കും ഉൽബോധനം നൽകുകയും എല്ലാ പുരോഗമന പ്രവർത്തനങ്ങളെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. അപ്രകാരം തന്നെ എല്ലാ തരം തിന്മകളെയും വിലക്കുകയും ദുർമാർഗ്ഗങ്ങളെ തടയുകയും അധോഗതിയെ നിരുത്സാഹപ്പെടുത്തുകയും ചെയ്തിരുന്നു. അദ്ദേഹം ചിന്തയെ തട്ടിയുണർത്തി, ബുദ്ധിയെ വളർത്തി, എല്ലാതരം വിജ്ഞാനങ്ങളും കരസ്ഥമാക്കാൻ മനുഷ്യരെ നിർബന്ധിച്ചു, നബി (സ:അ) എല്ലാ സൽസ്വഭാവങ്ങളുടെയും പൂർത്തീകരണമായിരുന്നു.

ലോകത്തിൽ പുച്ഛിച്ചു പുറന്തള്ളപ്പെട്ടു അവഗണനയിൽ കിടന്നിരുന്ന സ്ത്രീ വർഗ്ഗത്തെ ഉന്നതപദവിയിലേക്കും പുരുഷന്മാരുടെ സമനിലയിലേക്കും ഉയർത്തിയ ഇസ്ലാമിന്റെ സന്ദേശങ്ങളും നബിയുടെ അനുകരണീയ മാതൃകകളും സ്ത്രീകൾക്കിടയിൽ പ്രചരിപ്പിക്കുവാനായിരുന്നു അദ്ദേഹം ഒന്നിലധികം ഭാര്യമാരെ വിവാഹം കഴിച്ചത്. സാധാരണ സ്ത്രീപുരുഷബന്ധം മാത്രമായിരുന്നില്ല നബിയുടെ ബഹുഭാര്യത്വത്തിന്റെ ഉദ്ദേശം. കാരണം, യൗവ്വനകാലത്തു മുഴുവനും 23 വയസ്സു മുതൽ 51-ാം അല്ലെങ്കിൽ 53-ാം വയസ്സുവരെ അദ്ദേഹത്തിനു ഏകപത്നി ഖദീജബീവി മാത്രമാണുണ്ടായിരുന്നത്. അവരുടെ മരണത്തിനു ശേഷം മാത്രമാണ് വേറെ സ്ത്രീകളെ വിവാ

ഹം കഴിച്ചത്. അന്നു അറബികൾക്കിടയിൽ ഒരു പുരുഷൻ ധാരാളം സ്ത്രീകളെ വിവാഹം കഴിക്കുന്നതു പതിവുമായിരുന്നു.

നബിയുടെ മാതൃകകൾ സഹാബികളും പിൻപറ്റിയിരുന്നതുകൊണ്ടാണ് ലോകത്തിലെ ഏറ്റവും വലിയ സാമ്രാജ്യങ്ങളായ റോമും പേർഷ്യയും നീതിയുടെയും സത്യത്തിന്റെയും മാർഗ്ഗത്തിൽ ഇസ്ലാമിന്നധീനപ്പെട്ടത്. മനുഷ്യസമുദായത്തെ സൗഭാഗ്യത്തിലേക്കും ഉന്നതിയിലേക്കും നയിക്കുന്ന ഇസ്ലാമിക സന്ദേശങ്ങൾ ലോകത്തു ഇത്രയും വേഗത്തിൽ പ്രചരിച്ചതു മുമ്പു വിവരിച്ച തരത്തിലുള്ള ത്യാഗങ്ങളുടെയും, കഷ്ടപ്പാടുകളുടെയും, കഠിനാദ്ധ്വാനത്തിന്റെയും ഫലമായാണ്. ഈ കഷ്ട നഷ്ടങ്ങളുടെയെല്ലാം അനന്തരഫലമായ ആനന്ദ ധ്വനിയാണല്ലോ ലോകത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ കോടിക്കണക്കിൽ പള്ളി മുനാരങ്ങളുടെ മുകളിൽ നിന്നു ദിവസവും അഞ്ചു പ്രാവശ്യം ആവർത്തിച്ചാവർത്തിച്ചു മുഴക്കപ്പെടുന്ന "അല്ലാഹു അക്ബർ..." എന്നു തുടങ്ങുന്ന ബാങ്കു വിളി (അല്ലാഹു സർവ്വചരാചരങ്ങൾക്കും ഉപരിയാണ്. അവനല്ലാതെ വേറെ ദൈവമില്ലെന്നു ഞാൻ തീർത്തു പറയുകയും സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. മുഹമ്മദ് ദൈവദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. പ്രാർത്ഥനക്കു വേഗം വരിക! വിജയവും നന്മയും കരസ്ഥമാക്കാൻ വേഗം വരിക! സർവ്വ ചരാചരങ്ങളും അല്ലാഹുവിന്റെ അധീനതയിലാണ്.)

നബിയുടെയും സഹാബികളുടെയും ജീവിതത്തിലെ ചില മാതൃകകളാണ് മുമ്പു വിവരിച്ചവ. ആ മാതൃകകളനുസരിച്ചു ജീവിക്കുവാൻ ബാദ്ധ്യസ്ഥരായ നാം അങ്ങിനെ ചെയ്യുന്നുണ്ടോ എന്നു ഒരാത്മ പരിശോധന നടത്തുവാനാണ് ഇവ നിങ്ങളെ വീണ്ടും ഓർമ്മപ്പെടുത്തിയത്. ഈ സന്ദർഭത്തിൽ നിങ്ങൾ ഇവിടെ റൗസത്തിൽ ചേർന്നപ്പോൾ അല്ലാഹുവിന്റെ പേരിൽ ചെയ്ത പ്രതിജ്ഞകളിൽ ചിലത് ഞാൻ ഇവിടെ അനുസ്മരിക്കട്ടെ!

1. അല്ലാഹുവിന്റെ വഴിയിൽ എന്റെ സർവ്വവിധ കഴിവുകളും വിനിയോഗിക്കുന്നതിൽ ഞാൻ ലവലേശവും വിഘ്നം വരുത്തുകയില്ലെന്നും അവന്റെ കൽപനകൾ ഇന്നുമുതൽ ശരിയായി പാലിക്കുന്നതാണെന്നും അല്ലാഹുവിന്റെ പേരിൽ ഞാൻ ശപഥം ചെയ്യുന്നു.

2. അല്ലാഹുവിന്റെയും റസൂലിന്റെയും തൃപ്തിക്കും ആജ്ഞക്കും വിപരീതമായി ഞാൻ ഒന്നും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുകയില്ലെന്നും, ലൗകികോദ്ദേശ്യത്തിനായി ജനങ്ങളെ സേവിക്കുകയോ ഭയപ്പെടുകയോ ചെയ്യുകയില്ലെന്നും അല്ലാഹുവിന്റെ പേരിൽ ഞാൻ ശപഥം ചെയ്യുന്നു.

3. ഞാൻ എന്റെ ജീവിതം ഫലപ്രദമാക്കിത്തീർക്കുവാൻ ശ്രമിക്കുന്നതോടൊപ്പം മുസ്ലിം സമുദായത്തിന്റെ അഭിവൃദ്ധിക്കും, ഇസ്ലാമിക തേജസ്സിന്റെ പ്രബോധനത്തിനും, സ്വരാജ്യത്തിന്റെ ഗുണത്തിനും എന്നെകൊണ്ടു ആവുന്നതെല്ലാം ചെയ്യുമെന്നു പ്രതിജ്ഞ ചെയ്തു കൊള്ളുന്നു.

നിങ്ങൾ ഇവിടെ താമസിച്ചു കൊണ്ടിരുന്നപ്പോൾ താടിവടിക്കരുത്, തൊ

പ്പിധരിക്കണം തുടങ്ങിയ പല ചിട്ടകളും പാലിച്ച് ജീവിച്ചിരുന്നതാണല്ലോ. ഇതിനു വിപരീതം പ്രവർത്തിച്ചവർ ശിക്ഷാർഹരായിരുന്നതും നിങ്ങൾക്കറിയാമല്ലോ. നിങ്ങളോടു ഞാൻ പരുഷമായി പെരുമാറിയിട്ടുണ്ടെന്നും, നിങ്ങളെ കഠിനമായി ആക്ഷേപിക്കുകയും ശുണ്ഠിയെടുക്കുകയും കോപിക്കുകയും മറ്റും ചെയ്തിട്ടുണ്ടെന്നും എനിക്കു തന്നെ അറിയാം. അവയെല്ലാം എന്റെ വൈകല്യങ്ങളും, ദൗർബ്ബല്യങ്ങളും, തെറ്റുകളുമായിരിക്കാം. ഇവയൊക്കെ നിങ്ങൾ എനിക്കു മാപ്പു ചെയ്തു തരുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ സ്വഭാവങ്ങളെല്ലാം എന്നിൽ ഉണ്ടെങ്കിലും ഞാൻ നിങ്ങളെ വളരെയധികം സ്നേഹിക്കുന്നുവെന്നതാണ് പരമാർത്ഥം. എന്റെ ഏറ്റവും വലിയ അഭിലാഷവും എപ്പോഴുമുള്ള പ്രാർത്ഥനയും നിങ്ങൾ ഇസ്ലാമിന്റെ ഏറ്റവും നല്ല മാതൃകകളായി ഖുർആൻ വരച്ചു കാണിക്കുകയും റസൂൽ പഠിപ്പിക്കുകയും ചെയ്ത യഥാർത്ഥ പാന്ഥാവിൽ ജീവിച്ചു ജനങ്ങളെ സേവിക്കണമെന്നതാണ്. നിങ്ങളെ അങ്ങിനെ കാണുന്നതിലാണ് എന്റെ ഏറ്റവും വലിയ ആനന്ദവും. നിങ്ങളുടെ മാതൃസ്ഥാപനമായ റൗസത്തിനു നിങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനവും അതായിരിക്കും. റൗസത്തിന്റെ അഭിമാനവും അന്തസ്സും ഉയർച്ചയും നിങ്ങളുടെ ഉത്തമ ജീവിതത്തിലാണ്. നിങ്ങൾ ഇതിൽ നിന്നു വ്യതിചലിച്ചു കാണുമ്പോൾ എന്റെ ഹൃദയം വേദനിക്കുകയാണ്. മാത്രമല്ല, അതു നിങ്ങളുടെ മാതൃസ്ഥാപനമായ റൗസത്തിനു ഏറ്റവും വലിയ ദ്രോഷവും ദ്രോഹവുമായി പരിണമിക്കുകയും ചെയ്യുന്നു. താടി വടിച്ചു, കേപ്പോ മറ്റോ ധരിക്കാതെ തല തുറന്നിട്ടു അമുസ്ലിംകളെപ്പോലെ നടക്കുന്നതും, വസ്ത്രം നിലത്ത് വലിച്ചിഴയുന്ന രീതിയിൽ ധരിക്കുന്നതും നിങ്ങൾക്കനുയോജ്യമായതല്ല. മനുഷ്യസമുദായത്തിന്റെ വിശിഷ്യാ മുസ്ലിംകളുടെ അഭ്യുന്നതിക്കും അവരുടെ അഭിലാഷസാഫല്യത്തിനും വേണ്ടി നാം എന്തു ചെയ്തുവെന്നു നമ്മോടു തന്നെ ഒന്നു ചോദിക്കേണ്ടതുണ്ട്. നിങ്ങൾ ഇവിടെ നിന്നു മതപരമായ വിജ്ഞാനത്തിന്റെയും ഇസ്ലാമിക സംസ്കാരത്തിന്റെയും ദീപശിഖ കൊളുത്തിക്കൊണ്ടാണല്ലോ പുറത്തു പോയിട്ടുള്ളത്. ആ ദീപശിഖക്കു നിങ്ങൾ തന്നെ ഒരു നിർമ്മല സ്ഫടികമായിത്തീരുകയാണെങ്കിൽ അതു കൂടുതൽ ജാജ്വല്യമാനമാവുകയും മറ്റുള്ളവർക്കു വെളിച്ചവും ഉപകാരവുമായിത്തീരുകയും ചെയ്യും, തീർച്ച. നിങ്ങൾ അതിനു ശ്രമിക്കാത്തതുകൊണ്ടായിരിക്കാം ചിലർ അറബിക്കോളേജുകളെ ആക്ഷേപിക്കുന്നത്.

ഇയ്യിടെ ചില മാന്യന്മാർ ഒരു സ്ഥാപനത്തിന്റെ റിപ്പോർട്ട് എന്റെ ശ്രദ്ധയിൽ പെടുത്തുകയുണ്ടായി. അതിലെ ചില വാചകങ്ങൾ ഇങ്ങിനെയാണ്. "കേരളത്തിലെ നിലവിലുള്ള അംഗീകൃത അറബിക്കോളേജുകളിൽ നിന്നു പുറത്തു വരുന്ന വിദ്യാർത്ഥികൾക്കു അറബി ഭാഷയിൽ കുറെയൊക്കെ പരിചയം സിദ്ധിക്കുന്നുണ്ടെങ്കിലും ദീനി വിജ്ഞാന തുറകളിലും വിവിധ ഇസ്ലാമിക ശാസ്ത്രങ്ങളിലുമുള്ള അറിവു ഉപരിസൂചിതമായ നിലയിൽ ലഭ്യ

മാകുവാനുള്ള അവസരം ഉണ്ടാകുന്നില്ലെന്ന വസ്തുത അനുഭവം കൊണ്ടു തന്നെ വ്യക്തമാണ്."

'അറബി ഭാഷയിൽ കുറേയൊക്കെ പരിചയം സിദ്ധിക്കുന്നുവെങ്കിലും ദീനി വിജ്ഞാന തുറകളിൽ' എന്ന വാക്കു തന്നെ എന്താണ് സൂചിപ്പിക്കുന്നതെന്നു എന്നോടവർ ചോദിച്ചു. ആ റിപ്പോർട്ടിന്റെ ഭാരവാഹികളായ ബഹുമാനപ്പെട്ട പണ്ഡിതന്മാർ എന്താണ് അതുകൊണ്ടുദ്ദേശിച്ചതെന്നു എനിക്കറിഞ്ഞു കൂടാ. എന്തുകൊണ്ടെന്നാൽ, നമ്മുടെ റൗസത്തുൽ ഉലൂമിൽ നിന്നും, മറ്റു സ്ഥാപനങ്ങളിൽ നിന്നും പഠിച്ചു പുറത്തുപോയ പലരും ഈ പണ്ഡിതന്മാരോടൊപ്പം മതപരമായ പല രംഗങ്ങളിലും ഒന്നിച്ചു പ്രവർത്തിക്കുന്നവരാണ്. അവരാകട്ടെ, ദീനി വിജ്ഞാന തുറകളിലും വിവിധ ഇസ്ലാമിക ശാസ്ത്രങ്ങളിലും ഇവരെക്കാൾ ഒട്ടും കുറവല്ലെന്നും ഈ പണ്ഡിതന്മാർക്കറിയാം. ഒരു ഉയർന്ന ഷാപ്പ് ഒരാൾ തുറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ മറ്റു നിലവിലുള്ള ഷാപ്പുകളിൽ നല്ല ചരക്കുകളൊന്നും ഇല്ലെന്നു പറഞ്ഞു യാഥാർത്ഥ്യങ്ങളെ മൂടിവെച്ച് തന്റെ ഷാപ്പിനെ പുകഴ്ത്തുന്നതു ഉത്തമമാണോ എന്നു അവരിലൊരാൾ ചോദിക്കുകയുണ്ടായി. മറ്റൊരാളുടെ പ്രവൃത്തിയെപ്പറ്റി എനിക്കൊന്നും പറയാൻ കഴിയില്ലെന്നാണ് ഞാൻ അവരോട് പറഞ്ഞ മറുപടി. അറബിക്കോളേജിൽ നിന്നും മറ്റും പഠിച്ചു പുറത്തു പോകുന്ന വിദ്യാർത്ഥികൾ ഇരുപതിനും ഇരുപത്തഞ്ചിനും മദ്ധ്യേ പ്രായമുള്ള യുവാക്കളാണ്. ആ പ്രായത്തിൽ തങ്ങളും വിജ്ഞാനത്തിൽ എങ്ങിനെയായിരുന്നു; എന്തായിരുന്നു; അറബിക്കോളേജുകളിൽ നിന്നു വിദ്യാർത്ഥികൾ കഴിച്ചതിൽ കൂടുതൽ വിളമ്പിക്കൊടുക്കുവാൻ തങ്ങളുടെ പാത്രത്തിലുണ്ടോ; അഥവാ അവരുടെ സ്ഥാപനങ്ങളിൽ ഇത്ര വിളമ്പുന്നുണ്ടോ എന്നൊന്നും ചിന്തിക്കാതെയായിരിക്കാം ആ ഭാരവാഹികൾ ഇതു പറഞ്ഞത്.

പശു, ആട് മുതലായ മൃഗങ്ങൾ കൂടി അതിന്റെ ഉപജീവനത്തിനുവേണ്ടി പരിശ്രമിച്ചു കൊണ്ടിരിക്കുകയും, അവയുടെ കുഞ്ഞുങ്ങളെ സ്നേഹിക്കുകയും, ഒരതിർത്തിവരെ അവയുടെ സംരക്ഷണത്തിന് ആവശ്യമായതു പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടല്ലോ. നമ്മുടെ ജീവിതവും അദ്ധ്വാനവും നമുക്കും കുടുംബങ്ങൾക്കും വേണ്ടി മാത്രം പരിമിതമാവുകയാണെങ്കിൽ മനുഷ്യരായ നാമും മൃഗങ്ങളും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്നു പറയാവതല്ല. നാം മരങ്ങളുടെ നിഴലിൽ ആശ്വസിക്കുന്നു; അവയുടെ ഇല, കൊമ്പ്, തടി മുതലായവ കൊണ്ടു ഉപകാരം അനുഭവിക്കുകയും ചെയ്യുന്നു. നാം കല്ലും വടിയും കൊണ്ടു അവയെ എറിഞ്ഞാലും നമുക്കവ പഴങ്ങളാണ് തരുന്നത്. സൃഷ്ടികളിൽവെച്ചു ഏറ്റവും ശ്രേഷ്ഠനായ മനുഷ്യൻ മരത്തേക്കാൾ നല്ലവനും മറ്റുള്ളവർക്കു ഉപകാരപ്പെട്ടവനുമാകേണ്ടതല്ലേ? തന്റെ ജീവിതം കൊണ്ടു മറ്റുള്ളവർക്കു ഒരു പ്രയോജനവുമില്ലെങ്കിൽ പിന്നെ എന്തു ശ്രേഷ്ഠതയാണ് അവനുള്ളത്. മനുഷ്യജീവിതത്തിന്റെ വിലമതിക്കാനുള്ള മാനദണ്ഡം ധനത്തിന്റെ മികവോ, ഉദ്യോഗത്തിന്റെ വലുപ്പമോ, വർഗ്ഗത്തിന്റെ മേ

ന്മയോ, കുടുംബത്തിന്റെ പൂർവ്വ മഹിമയോ ഒന്നുമല്ല. പിന്നെയോ, ഉപകാര പ്രദമായി നിലകൊള്ളുന്ന അവശേഷിക്കുന്നതുമായ പ്രവൃത്തികളാണ്. മരണപ്പെട്ടവന്റെ ശരീരത്തിൽ തൂക്കത്തിലോ, വലുപ്പത്തിലോ, ആകൃതിയിലോ, ഒന്നിലും ഒരു കുറവും വന്നിട്ടില്ല. ആ അമൂല്യമായ ആത്മാവ് വേർപ്പെട്ടു പോയതുകൊണ്ട് ആ ജഡത്തെ കുബേരനെന്നോ, കുചേലനെന്നോ, പണ്ഡിതനെന്നോ, പാമരനെന്നോ പറയാവതല്ല. മുമ്പു ചെയ്തിട്ടുള്ള പ്രവൃത്തികളുടെ ആകത്തുക നോക്കിയാണ് അവൻ ബഹുമാനിക്കപ്പെടുന്നത്. ഇതാണ് അല്ലാഹുവിന്റെ ഈ ആയത്ത് സൂചിപ്പിക്കുന്നത്. "അല്ലാഹുവിങ്കൽ നിങ്ങളിൽ ഏറ്റവും ബഹുമാനിക്കപ്പെടുന്നവർ നിങ്ങളിൽ ഏറ്റവും നല്ല പ്രവൃത്തിചെയ്തവരാണ്."

നിങ്ങളിൽ പലരും സ്കൂളുകളിലോ, മറ്റു സ്ഥാപനങ്ങളിലോ, ഓരോ ജോലിയിൽ ഏർപ്പെട്ടവരായിരിക്കാം. ഈ ജോലിയിൽ ഇരുന്നുകൊണ്ടു തന്നെ നിങ്ങളിൽ പലർക്കും പല നല്ല കാര്യങ്ങളും ചെയ്യാൻ കഴിയും. അഗതികളും, പരവശരും, സാധുക്കളുമായ പിഞ്ചുപൈതങ്ങൾക്കു പുസ്തകം, സ്ലേറ്റ്, പെൻസിൽ മുതലായ ഉപകരണങ്ങൾ ശേഖരിച്ചു കൊടുക്കാൻ കഴിയുന്നതാണ്. മറ്റുള്ളവരിൽ നിന്നു ഈ രണ്ടു പൈസ വീതം പിരിച്ചുണ്ടാക്കി അതു നിർവ്വഹിക്കാൻ കഴിയും. നിങ്ങളുടെ താമസസ്ഥലത്തിനടുത്തുള്ള മേയാത്ത പുരകൾ സാധുക്കളുടെ തന്നെ സഹായത്തോടെ സഹകരണാടിസ്ഥാനത്തിൽ കെട്ടി മേഞ്ഞു ശരിപ്പെടുത്തിക്കൊടുക്കാൻ ശ്രമിക്കാവുന്നതാണ്. തക്ക ചികിത്സക്കൊരുങ്ങാതെ മന്ത്രവും നേർച്ചയും, പൂജയും നടത്തി രോഗശാന്തി തേടുകയും അതുവഴി രോഗം മൂർച്ഛിക്കാൻ ഇടവരികയും ചെയ്യുന്ന അശരണരായ രോഗികളെ യഥാവിധി ചികിത്സിക്കാനും ആശുപത്രിയിലേയ്ക്കു അയക്കാനും നിങ്ങൾക്കു കഴിയും.

നബിയുടെ പ്രബോധനം കൊണ്ട് ആദ്യഘട്ടത്തിൽ മൂന്നു പേരാണല്ലോ പ്രഥമമായി വിശ്വസിച്ചത്. എവിടെയായിരുന്നാലും നിങ്ങളും മൂന്നു സ്നേഹിതന്മാരെ സമ്പാദിക്കാൻ ശ്രമിക്കണം. ഇങ്ങിനെ പന്ത്രണ്ടോളം പേരെങ്കിലും പൂർത്തിയാകുമ്പോൾ അവർ ഒരു സംഘം രൂപീകരിക്കണം. കഴിയുന്ന സമയങ്ങളിലെല്ലാം ഒത്തു ചേർന്നു ആ സ്ഥലത്തിന്റെ ചുറ്റുപാടുമുള്ളവരുടെ നന്മക്കും സമുദായത്തിന്റെ ഉന്നമനത്തിനും, അഭിലാഷസാഫല്യത്തിനും വേണ്ടി ആവുന്നതെല്ലാം ചെയ്യാൻ ശ്രമിക്കണം. സ്വാർത്ഥ താല്പര്യമോ, ശ്രുതിക്കും, സ്തുതിപാലനത്തിനുമുള്ള മോഹമോ ഒന്നും നിങ്ങളെ തീണ്ടരുത്. കാരണം യഥാർത്ഥവിജയത്തിന്റെ മാനദണ്ഡം ആത്മാർത്ഥതയാണ്. യഥാർത്ഥ പുഷ്പങ്ങളിൽ നിന്നു മാത്രമേ പരിമളം അടിച്ചു വീശുകയുള്ളു. കടലാസ്സു പുഷ്പങ്ങൾ, അവ എത്ര മനോഹരങ്ങളാകട്ടെ, ഒരിക്കലും പരിമളം വിതറുകയില്ല. മതപരമായ തർക്കവിഷയങ്ങളിൽ നിന്നും വിട്ടുമാറണം. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ മാനിക്കണം. തന്റെ അഭിപ്രായങ്ങൾ സൗമ്യതയോടെ, സ്നേഹപൂർവ്വം നയത്തിൽ എതിരഭിപ്രായക്കാരെ കേൾപ്പിക്കണം.

അന്യോന്യം സത്യം ഗ്രഹിപ്പിക്കുക എന്നതായിരിക്കണം ഉദ്ദേശം. മറിച്ചു താൻ ഏതെങ്കിലും നിലയിൽ വിജയിക്കണമെന്നതാവരുത്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമുക്കു റൗസത്തുൽ ഉലൂം അറബിക്കോളേജും, ഫാറൂഖ് കോളേജും, ഫാറൂഖ് ഹൈസ്കൂളും മറ്റും കൈ വന്നിട്ടുണ്ട്. ഇനിയും നമുക്കു, സഹോദരികൾക്കുവേണ്ട പ്രത്യേക സ്ഥാപനങ്ങൾ, എഞ്ചിനീയറിംഗ് കോളേജ്, മെഡിക്കൽ കോളേജ്, എല്ലാതരം വിജ്ഞാനങ്ങളും ഉൾക്കൊള്ളുന്ന ഉയർന്ന വിദ്യാഭ്യാസത്തിനുള്ള സ്ഥാപനം, അതിനു വിദൂര രാജ്യങ്ങളിലേക്ക് പ്രാപ്തന്മാരെ അയക്കാനുള്ള ഏർപ്പാടുകൾ, ഇസ്ലാമിക പ്രസിദ്ധീകരണത്തിനുള്ള ഏർപ്പാടുകൾ തുടങ്ങിയ പലതും വളരെ അത്യാവശ്യമാണ്. ഇവ നേടിക്കഴിഞ്ഞാൽ മാത്രമേ നാം അന്തസ്സുള്ള ഒരു ജീവൽ സമുദായയമായിത്തീരുകയുള്ളൂ.


നിങ്ങളുടെ മാതൃസ്ഥാപനമായ റൗസത്തിന്റെ സഹോദരിയായ ഫാറൂഖ് കോളേജിന്റെ ഉത്തമസന്താനങ്ങളെ നല്ലവരും, വിജ്ഞാനികളും, സംസ്കാരസമ്പന്നരും, സമുദായോന്നമനത്തിൽ അതീവ താല്പര്യമുള്ളവരുമായ ആ സഹോദരന്മാരെ നിങ്ങൾ ഇവിടെ അവരുമായി സഹകരിച്ചു പ്രവർത്തിച്ചിരുന്ന പോലെ കൂട്ടുപിടിച്ചു ഒത്തു ശ്രമിക്കുന്നതായാൽ ഈ പറഞ്ഞവയെല്ലാം അനതിവിദൂരമായ ഭാവിയിൽ കൈവന്നേക്കാം. ആദ്യം നിങ്ങളുടെ ഹൃദയങ്ങളിൽ ഈ വക കാര്യങ്ങൾ മുളച്ചു തളിർക്കട്ടെ! ഹൃദയത്തിൽ വേരുറച്ചാൽ അതിന്റെ മുള പുറത്തുവന്നു കൊള്ളും.

ഞങ്ങൾ ചെറിയവരാണ്; നിസ്സാരന്മാരാണ്; ഇത്രയും വലിയ കാര്യങ്ങൾ എങ്ങിനെ കൈവരുവാനാണ് എന്നീ അധമ മനഃസ്ഥിതിയും ഭീരുത്വവും നിങ്ങളെ തീണ്ടരുത്.


അവസാനമായി ഞാൻ നിങ്ങളോടു പലപ്പോഴും ഉദാഹരണ സഹിതം പറഞ്ഞിട്ടുള്ള ഗഹനമായ ഒരു കാര്യം ഒന്നുകൂടി ഉണർത്തിക്കൊണ്ടു ഈ കുറിപ്പു അവസാനിപ്പിക്കട്ടെ. നിങ്ങൾ ഒരു ടൗണിൽ നടക്കുമ്പോൾ "ഇരുമ്പു ഷാപ്പ്, തുണിഷാപ്പ്, സ്റ്റേഷനറിപ്പീടിക..." തുടങ്ങിയ പലവിധ ബോർഡുകളും കാണും. എന്നാൽ ഇവക്കുള്ളിൽ കടന്നു ഓരോന്നും പരിശോധിച്ചാലെ അവയുടെ തരങ്ങളും വിഭാഗങ്ങളും ഗുണദോഷങ്ങളും വ്യക്തമായിതിരിയുകയുള്ളു. ഇതുപോലെ നിങ്ങൾ ഇവിടെ നിന്നു മൊത്തത്തിൽ ഓരോ വിഷയത്തെപ്പറ്റിയും പരിമിതമായ നിലക്കു പഠിച്ചിട്ടുണ്ടായിരിക്കാം. എന്നാൽ നിങ്ങൾ പഠിച്ച ദീനിയായ വിഷയങ്ങളോരോന്നിന്റെയും ഉള്ളിലോട്ടു കടന്നു അതിന്റെ വിഭാഗങ്ങളും ശാഖകളും മനസ്സിലാക്കാൻ ശ്രമിക്കുകയും, ഗാഢമായി ചിന്തിക്കുകയും ചെയ്താൽ മാത്രമേ നിങ്ങൾക്കു മതവിഷയങ്ങളിൽ കൂടുതൽ കഴിവു നേടാൻ കഴിയുകയുള്ളൂ.

അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ!

റൗസത്തുൽ ഉലൂം അറബിക്കോളേജും ഫാറൂഖുകോളേജും ഉത്തരോത്തരം വളരുകയും നീണാൾ വാഴ്കയും ചെയ്യട്ടെ!



അബുസ്സബാഹ് മൗലാനാ മുഹമ്മദലിയോടൊപ്പം
(ഈജിപ്തിൽ വിദ്യാർത്ഥിയായിരുന്നപ്പോൾ)



റൗസത്തുൽ ഉലും അറബിക്കോളേജ് അധ്യാപകരോടൊപ്പം
(വലത്തു നിന്ന് നാലാമത്തേത്)



സേവന പ്രവർത്തനത്തിൽ ഏർപ്പെട്ട അറബിക്കോളേജ് വിദ്യാർത്ഥികളോടൊപ്പം




ഈജിപ്തൻ സാംസ്കാരിക സംഘം നേതാവ് അബ്ദുൽ മുൻ ഇം നമിറിന് കോളേജിൽ സ്വീകരണം നൽകിയപ്പോൾ. വലത്ത് നിന്ന് രണ്ടാമത്തേത് സി.എച്ച്.



മദ്രാസ് ന്യൂ കോളേജ് പ്രിൻസിപ്പാൾ അബ്ദുൽ വഹാബ് ബുഖാരിയോടൊപ്പം



മദ്രാസ് സർവ്വകലാശാല വൈസ് ചാൻസലറായിരുന്ന എ.ലക്ഷ്മണ സ്വാമി മുതലിയാർക്ക് കോളേജിൽ സ്വീകരണം നൽകിയപ്പോൾ. കെ.എം.സീതിസാഹിബ്, ഡോ.അബ്ദുൽ ഹഖ് എന്നിവരെയും കാണാം.



മദ്രാസ് മുഖ്യമന്ത്രി, വിദ്യാഭ്യാസ മന്ത്രി എന്നിവരോടൊപ്പം. (ഇടത്ത് നിന്ന് ഒന്നാമത്തേത് അബുസ്സബാഹ്, രണ്ടാമത്തേത് സീതി സാഹിബ്)



മസ്ജിദുൽ അസ്ഹർ



രാജാഗേറ്റ് (കാമ്പസിലേക്കുള്ള പ്രവേശന കവാടം)



അറബിക്കോളേജ് കെട്ടിടം

നേത്യസ്മൃതി

1.	**സർ സയ്യിദ് അഹ്മദ് ഖാൻ** എം.ഐ. തങ്ങൾ	₹ 100
2	**കോട്ടാൽ ഉപ്പിസാഹിബ്** കെ.പി. കുഞ്ഞിമ്മൂസ	₹ 40
3.	**ബി. പോക്കർ സാഹിബ്** കെ.പി. കുഞ്ഞിമ്മൂസ	₹ 70
4.	**കെ.എം.സീതിസാഹിബ്** പി. ഖാലിദ്	₹ 250
5.	**സയ്യിദ് അബ്ദുറഹിമാൻ ബാഫഖി തങ്ങൾ** എം.സി. വടകര	₹ 170
6.	**ടി. ഉബൈദ്** കെ. അബൂബക്കർ	₹ 80
7.	**മൗലാനാ അബുസ്സബാഹ് അഹ്മദ് അലി** പ്രൊഫ. മുഹമ്മദ് കുട്ടശ്ശേരി	₹ 60
8.	**ഒ. ആബു** ഇബ്രാഹിം ബേവിഞ്ച, സി.ടി.ബഷീർ	₹ 75
9.	**വക്കം അബ്ദുൽ ഖാദർ** എ.കെ. അബ്ദുൽ മജീദ്	₹ 60
10.	**പി.എ. സെയ്തു മുഹമ്മദ്** ജമാൽ കൊച്ചങ്ങാടി	₹ 75
11.	**കെ.കെ. അബുസാഹിബ്** ടി.പി.എം. ബഷീർ	₹ 80

Grace Educational Association
Camp Sayyid, P.B.No.3, Malappuram (Dt). 676317
Mob: 9895114673, 9633902944

മൗലവി കാടേരി മുഹമ്മദ് അബുൽ കമാൽ

ഡോ. കെ.എം. ബഹാഉദ്ദീൻ ഹുദവി

ഇസ്‌ലാം മതവിജ്ഞാന സാഗരത്തിന്റെ ആഴം കണ്ട പണ്ഡിതപ്രമുഖരിലൊരാളാണ് കാടേരി ഉസ്താദ്. തെളിമയാർന്ന ചിന്തകൊണ്ടും പ്രതിഭയാർന്ന പാണ്ഡിത്യം കൊണ്ടും കർമ്മശാസ്ത്ര വ്യവഹാരങ്ങളിലെ കുരുക്കഴിക്കാൻ പ്രാവീണ്യം നേടി. സ്വതന്ത്രമായ നരീക്ഷണങ്ങളും സുചിന്തിതമായ നിലപാടുകളും കർമ്മവീഥിയിൽ കരുത്തായി. ആത്മീയ ചൈതന്യത്തിന്റെ പ്രഭചൊരിഞ്ഞ ആ ജീവിതം തലമുറകൾക്ക് മാർഗ്ഗദർശനമായി.

ജീവ ചരിത്രം

ISBN 978-81-928952-6-4



വില: 150.00